പായിപ്പാട്

ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

# സമഗ്രവികസനരേഖ



ഒമ്പതാം പദ്ധതി

ജനകീയ പദ്ധതി

1997

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി
# പായിപ്പാട് ഗ്രാമപഞ്ചായത്ത്
# വികസന സെമിനാർ
# സമഗ്രവികസനരേഖ





*"ആസൂത്രണത്തിൻെറയും വികസന പദ്ധതികൾ നടപ്പിൽ വരുത്തുന്നതിൻെറയും ഉത്തരവാദിത്വം ജനങ്ങളിൽ നിക്ഷിപ്തമാക്കേണ്ടുന്ന സമയം വന്നുചേർന്നിരിക്കുന്നു. ആയതിനാൽ വിശ്വാസത്തോടും ധൈര്യത്തോടും അമ്മാതിരി ചുമതലകൾ ഏറ്റെടുക്കുവാൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു."*

——— *ജവഹർലാൽ നെഹ്റു*

*"ഒരു രാജ്യം അഭിവൃദ്ധിപ്പെടണമെങ്കിൽ അവിടുത്തെ സ്ത്രീകൾ അഭ്യസ്തവിദ്യകളും സ്വതന്ത്രകളും ആകണം. പുരുഷൻ അവൻെറ താൽപര്യങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടു രൂപപ്പെടുത്തിയ ആചാരങ്ങളും നിയന്ത്രണങ്ങളും ഭാരത സ്ത്രീകളെ യാതനകളിൽ കൊണ്ടെത്തിച്ചു."*

——— *ജവഹർലാൽ നെഹ്റു*

*"കേന്ദ്രത്തിലിരുന്ന് ഇരുപതാളുകളാൽ നിയന്ത്രിക്കപ്പെടാവുന്നതല്ല ശരിയായ ജനായത്തം. അത് ഓരോ ഗ്രാമത്തിലേയും ജനങ്ങളാൽ താഴെനിന്ന് നിർവ്വഹിക്കപ്പെടണം."*

——— *യംഗ് ഇൻഡ്യ (18-1-1948)*

*"എൻെറ ഭാവനയിലുള്ള ഗ്രാമത്തിൽ ഒന്നാമനും രണ്ടാമനും ഇല്ല. എല്ലാവരും സമന്മാരാണ്. അവസാനക്കാരനും അവിടെയില്ല."*

——— *ഗാന്ധിജി*

കോട്ടയം
പാർലമെൻറ് നിയോജകമണ്ഡലം



രമേശ് ചെന്നിത്തല എം. പി.

ചങ്ങനാശേരി
നിയോജകമണ്ഡലം



സി.എഫ്. തോമസ് എം.എൽ.എ

ജില്ലാ പഞ്ചായത്ത് മെമ്പർ



ലീലാമ്മ വറുഗീസ്

ബ്ലോക്ക് മെമ്പർ



സി.എസ്. വാസുദേവപ്പണിക്കർ

-മഹാത്മാഗാന്ധി



ഇന്ത്യയെ ഇരുപത്തി ഒന്നാം നൂറ്റാണ്ടിലേക്ക്
നയിക്കുന്നതിന് ജനകീയ നവോത്ഥാനം ലക്ഷ്യമാക്കി
പഞ്ചായത്ത് രാജ് നിയമം ഇന്ത്യൻ പാർലമെൻറിൽ അവതരിപ്പിച്ച
ധീരനായ നേതാവ്



## പഞ്ചായത്ത് സ്റ്റാഫ്

| | | | |
|---|---|---|---|
| 1. | കെ.കെ. കുര്യൻ | - | സെക്രട്ടറി |
| 2. | സി. രഘുപതി | - | ഹെഡ്ക്ലാർക്ക് |
| 3. | പി.എം. മുഹമ്മദ് ഇസ്മയിൽ | - | യു.ഡി. ക്ലാർക്ക് |
| 4. | സി.എസ്. രാജമ്മ | - | ,, |
| 5. | എ.എ. ത്രേസ്യാമ്മ | - | ,, |
| 6. | വി.എസ്. നടേശൻ | - | എൽ.ഡി. ക്ലാർക്ക് |
| 7. | കെ.ജി. സുമതി | - | ,, |
| 8. | എ.കെ. കുട്ടിയമ്മ | - | സ്വീപ്പർ |
| 9. | എൻ.കെ. രാജേഷ്കുമാർ | - | ലൈബ്രേറിയൻ |

–മഹാത്മാഗാന്ധി

# ഭരണസമിതി



വെൺപാല ഗോപാലൻ
പ്രസിഡൻറ്



എം. ഗോപാലകൃഷ്ണപിള്ള
വൈസ് പ്രസിഡൻറ്



കെ.എ. ഔസേപ്പ്
ചെർമാൻ (സ്റ്റാൻറിംഗ് കമ്മറ്റി)



ഏലമ്മ ജോസഫ്
പഞ്ചായത്തു മെമ്പർ



അന്നമ്മ ജോസഫ്
പഞ്ചായത്തു മെമ്പർ



ജിമ്മി കളത്തിപ്പറമ്പിൽ
പഞ്ചായത്തു മെമ്പർ



തങ്കമണി മോഹനൻ
പഞ്ചായത്തു മെമ്പർ



ജോസഫ് തോമസ്
പഞ്ചായത്തു മെമ്പർ



സരോജിനി വിശ്വംഭരൻ
പഞ്ചായത്തു മെമ്പർ



പി.എം. മുഹമ്മദ് ഇസ്മായേൽ
പഞ്ചായത്തു മെമ്പർ



കെ. കെ. കുര്യൻ
(സെക്രട്ടറി)



ബേബൻ വെട്ടിക്കാടൻ
ചീഫ് എഡിറ്റർ



പായിപ്പാട് ഭാസ്ക്കരൻ
എക്സിക്യൂട്ടീവ് എഡിറ്റർ

–മഹാത്മാഗാന്ധി

# ഇതളുകളിൽ


അവതരണക്കുറിപ്പ്

1. ആമുഖം

2. പഞ്ചായത്ത് പൊതു വിവരണം,
ഭരണ ചരിത്രം

3. സാമൂഹിക - സാംസ്ക്കാരിക ചരിത്രം

4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

5. സാമൂഹിക - സാമ്പത്തിക മേഖലകൾ

5-1 കൃഷിയും ജലസേചനവും

5-2 മൃഗസംരക്ഷണവും മത്സ്യബന്ധനവും

5-3 വ്യവസായം

5-4 വിദ്യാഭ്യാസം

5-5 കുടിവെള്ളവും പൊതുജനാരോഗ്യവും

5-6 ഗതാഗതം - ഊർജ്ജം

5-7 പാർപ്പിടവും സാമൂഹികക്ഷേമവും

5-8 സംസ്ക്കാരം

5-9 വനിത

5-10 സഹകരണം

5-11 പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

5-12 വിഭവസമാഹരണം

6. ഉപസംഹാരം

# അവതരണക്കുറിപ്പ്

ചിന്തിക്കാൻ തുടങ്ങിയ കാലം മുതലേ മനുഷ്യൻ മനുഷ്യന്റെ അന്വേഷകനാണ്. അവന്റെ ഉത്ഭവം, വളർച്ച, പരിണാമം, വംശം, നാട്, സംസ്ക്കാരം ഇവയെയൊക്കെപ്പറ്റി അവൻ അന്വേഷണം ആരംഭിക്കുന്നു. ഈ പ്രയാണത്തിൽ ഒരു വിശ്വനിയന്താവിനെ കണ്ടെത്താനും ചിലർക്കൊരാദിപരാശക്തിയെ തള്ളിപ്പറയാനും കൗതുകം തോന്നി. ഇന്നും നാളെയും 'ഇന്നലെ'കളായും പിന്നെ 'മായ'യായും മറയുന്ന ലോകത്തിൽ ഇത്തരം ചിന്തകൾക്കെന്തു പ്രസക്തിയെന്നു നിരീക്ഷിക്കുന്നവരുണ്ടായേക്കാം.

മനുഷ്യൻ ഈ ഭൂമുഖം അധിവാസ കേന്ദ്രമാക്കിയിട്ട് വർഷങ്ങൾകുറഞ്ഞത് അഞ്ചുലക്ഷമെങ്കിലും കടന്നുകാണുമെന്നാണ് ശാസ്ത്രമതം. പക്ഷെ ചരിത്രത്തിന്റെ ഗതിയോ? ഒരു ചരിത്രപഠിതാവിന് കഷ്ടിച്ച് ഒരാറായിരം വർഷത്തെ ചരിത്രത്തിന്റെ ദിങ്മയ ചിത്രമുൾക്കൊള്ളുന്ന പതിനാറോ പതിനേഴോ നാഗരീകതകളിലൂടെയേ പിന്നോട്ടു തുഴയാനാവുന്നുള്ളൂ. എന്നാലും ചരിത്രം ഒരു ശക്തി ധാരയാണ്. ടോയിൻബിയുടെയും ടോൾസ്റ്റോയിയുടെയും ചരിത്ര ദർശനം അജയ്യമായ ശക്തിയുടേതാണല്ലോ. അതുകൊണ്ടാണ് സ്വഭാവേനജിജ്ഞാസുവായ മനുഷ്യൻ ചരിത്രമന്വേഷിക്കുന്നത്. പുറകോട്ടുനോക്കി പഠിച്ച് മുന്നോട്ടു നോക്കി ആസൂത്രണത്തിന് വ്യഗ്രത കൂട്ടുന്നത്.

പായിപ്പാടിനെ തൊട്ടു പറയുമ്പോൾ നൂറ്റാണ്ടുകളിലൂടെ സമകാലസംസ്ക്കാരത്തെ സ്വാംശീകരിച്ച് പരസ്പരംകൊണ്ടും കൊടുത്തും സാമൂഹിക പരിണാമത്തിന്റെ വിവിധ ദശകളിലൂടെ കടന്നുവന്ന ഒരു ഗ്രാമം. ദേശീയോദ്ഗ്രഥനത്തിനും വൈകാരിക സമന്വയത്തിനും കേളികേട്ടൊരു നാട്. ഉച്ചനീചത്വങ്ങളേതുമില്ലാതെ ജാതി വൈകൃതങ്ങളുടെ ഒളിയമ്പുകൾ എല്ക്കാത്ത നാട്, സർവ്വമത സൗഹൃദത്തിന്റെ ശാദ്വലഭൂമി, ശാസ്ത്ര സാങ്കേതിക ജ്ഞാനവും

ആത്മ വിദ്യയും കൈപ്പിടിയിലൊതുക്കി ധന്യ മായ ഒരു സാംസ്ക്കാരിക പൈതൃകം കാത്തു സൂക്ഷിച്ച ജനതയുടെ നാട് എന്നു നമുക്ക് അഭി മാനിക്കാം.

എട്ടു പഞ്ചവത്സര പദ്ധതികൾ പിന്നിട്ട സ്വതന്ത്രഭാരതം ഒമ്പതാം പദ്ധതിയുടെ ആസൂ ത്രണതലത്തിലെത്തിനില്ക്കുകയാണിപ്പോൾ. 'അധികാരം ജനങ്ങൾക്ക്'' എന്ന മുദ്രാവാക്യ ത്തോടെ പ്രഖ്യാപിതമായ ഈ പദ്ധതിയെ ലക്ഷ്യം വച്ച് പായിപ്പാട് പഞ്ചായത്തിന്റെ ഗ്രാ മതല ജനകീയാസൂത്രണമാണിവിടെ രേഖാ രൂപം പ്രാപിച്ചിരിക്കുന്നത്. പായിപ്പാടെന്ന ശാലീ ന ഗ്രാമത്തിന്റെപ്രാകൃതിക, സാമൂഹിക, സാം സ്ക്കാരിക, സാമ്പത്തിക ഭാവവും സത്തയും ഭാവിയുടെ കർമ്മരൂപവും ഇവിടെ ദർശിക്കാം. നിസ്വാർത്ഥമതികളായ ഒരു കൂട്ടം സഹകാരി കളുടെ നിസ്തന്ദ്രമായ ശ്രമവും കൂട്ടായചിന്തയിൽ ഉയിർകൊണ്ട ആശയങ്ങളുടെ സമാഹരണവും നാടിന്റെ അഭിലാഷങ്ങളുമൊക്കെയാണിവിടെ സ്പന്ദിക്കുന്നത്. വൈവിദ്ധ്യമാർന്ന സങ്കേതങ്ങൾ അതത് വിഷയങ്ങളിൽ ജില്ലാതലത്തിൽ പ്രാവീ ണ്യം നേടിയവരും ഉറവിടങ്ങൾ തേടിയവരുമായ മഹത്ഭവ്യക്തികൾ (ഡിസ്ട്രിക്ട് റിസോർഴ്സ് പേഴ്സൺസ്) അവരവരുടെ ഉത്തരവാദി ത്വത്തിൽ വസ്തുതകളായി ഇവിടെ അവതരിപ്പി ച്ചിരിക്കുന്നു. ആ ചിന്തകൾക്കും കാഴ്ചപ്പാടുകൾ ക്കും ആദരപൂർവ്വം അല്പം അവതരണ സൗകു മാര്യത നല്കുകമാത്രമേ എഡിറ്റോറിയൽ ബോർഡ് ചെയ്തിട്ടുള്ളൂ. കർശനമായ സമയ പരിമിതിയും അനിയന്ത്രിത സാഹചര്യങ്ങളും മൂലം പഠനങ്ങൾ പലതും അപൂർണ്ണമെന്നു ഞങ്ങൾ തുറന്നു സമ്മതിക്കുന്നു. അത് അക്ഷ ന്തവ്യമായ ഒരപരാധമെന്നു കരുതരുതെന്നു വിനീതമായി അപേക്ഷിക്കുന്നു. തെറ്റുകളും കുറവുകളും ആധികാരികമായി ചൂണ്ടിക്കാട്ടി യാൽ തിരുത്താൻ സർവ്വാത്മനാ തയ്യാറാണെന്നു കൂടി സൂചിപ്പിച്ചുകൊള്ളട്ടെ.

കാലത്തിന്റെ വെള്ളിത്തിരയിൽ കടന്നുവന്ന് ഈ മണ്ണിൽ കാല്പാടുകൾ പതിപ്പി ച്ചിട്ട് കടന്നുപോയ യശോമാത്രരായ ഏവരേയും സ്മരിച്ചും, ശ്രമസാദ്ധ്യമായ ഈ സംരംഭത്തിനു അരങ്ങിലും അണിയറയിലും ഒരു പുത്തൻ വെളി പാടിന്റെ ചൈതന്യശക്തിയോടെയും ഉത്സാ ഹപ്രകർഷത്തോടെയും തോൾചേർന്ന് കഴി വിറക്കിയ ഏവരേയും നമിച്ചുകൊണ്ട് ഈ ജനകീ യാസൂത്രണരേഖ നിങ്ങളുടെ അനുവാദത്തോ ടെയും ആശീർവാദത്തോടെയും ഗ്രാമസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ബേബൻ വെട്ടിക്കാടൻ
ചീഫ് എഡിറ്റർ

# ആമുഖം

ഗ്രാമസ്വരാജിലൂടെ ജനങ്ങളുടെ സർഗ്ഗാത്മകശക്തി അനർഗ്ഗളം പ്രവഹിക്കുകയും രാഷ്ട്ര പുനർ നിർമ്മാണ പ്രക്രിയയിൽ അവരുടെ പങ്കാളിത്തവും ഉത്തരവാദിത്വവും വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് വികസനോന്മുഖമായ ഒരു സമൂഹത്തെ വാർത്തെടുക്കണമെന്ന് രാഷ്ട്രപിതാവായ മഹാത്മാഗാന്ധി അദമ്യമായി ആഗ്രഹിച്ചിരുന്നു. എന്നാൽ 1951 - ൽ ആരംഭിച്ച നമ്മുടെ ആസൂത്രണപ്രക്രിയ കേന്ദ്രീകൃതമായി മുന്നോട്ടു നീങ്ങി ആരംഭകാലത്തെ ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ട് കേന്ദ്ര ആസൂത്രണ കമ്മീഷൻ പദ്ധതി പ്രവർത്തനത്തിൻെറ പൊതു സമീപനവും ലക്ഷ്യവും ആവിഷ്ക്കരിക്കുന്നതിന് പകരം ഓരോ ഗ്രാമത്തിലും നടത്തേണ്ട വികസന പ്രവർത്തനത്തിൻെറ വിശദാംശങ്ങൾ നിശ്ചയിക്കുന്നതിലേയ്ക്കുവരെ കാര്യങ്ങൾ ചെന്നെത്തി. കേന്ദ്രത്തിൽ ഇതായിരുന്നു പ്രവണത എന്നതു കൊണ്ടുതന്നെ സ്വാഭാവികമായു, സംസ്ഥാനങ്ങളും അതേ പാത പിന്തുടർന്നു. ഓരോ ഗ്രാമത്തിലേയും ഓരോ കൊച്ചു കൊച്ചു വികസന പ്രവർത്തനവും ഇത്തരത്തിൽ കേന്ദ്രീകരിക്കപ്പെട്ടു. ഗ്രാമങ്ങളുടെ പൊതുസ്ഥിതിയോ അവിടുത്തെ ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളോ കണക്കിലെടുക്കുന്നതിനുപകരം ദേശീയ സംസ്ഥാനതല തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം വികസന പ്രവർത്തനം നടത്തുക എന്നതായിരുന്നു അന്നത്തെ കാഴ്ചപ്പാട്. സ്വാഭാവികമായും ഇത് ജനങ്ങളിൽ നിന്ന് അന്യമായ ഒരു വികസനപരിപാടിയായി മാറി.

''ഇൻഡ്യ ഏതാനും നാഗരങ്ങളിലല്ല പ്രത്യുത ഏഴുലക്ഷം ഗ്രാമങ്ങളിലാണ് പടുത്തുയർത്തപ്പെടേണ്ടത്'' എന്ന ഗാന്ധിജിയുടെ വചനം വിസ്മരിക്കപ്പെട്ടു. ഈ പശ്ചാത്തല

ത്തിൽ സാമൂഹ്യവികസനരംഗത്ത് കൂടുതൽ ജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുവേണ്ടി ത്രിതല പഞ്ചായത്തു ഭരണസംവിധാനം ഉണ്ടാകണമെന്നും ആസൂത്രിത വികസനം ഗ്രാമതലത്തിൽ ത്വരിതപ്പെടുത്തുന്നതിനും അധികാര വികേന്ദ്രീകരണം പ്രാവർത്തികമാക്കുന്നതിനും സഹായകമാകും വിധം സംസ്ഥാന സർക്കാരുകൾ പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം നൽകിക്കൊണ്ട് നിയമ നിർമ്മാണം നടത്തണമെന്നും ബൽവന്ത്റായിമേത്താക മ്മറ്റി 1957 ൽ ശുപാർശ ചെയ്തിരുന്നു. എന്നാൽ പല സംസ്ഥാന സർക്കാരുകളും ഇതു വേണ്ടവിധം നടപ്പിലാക്കുകയുണ്ടായില്ല. അതിനാലാണ് 73-ാം ഭരണഘടനാഭേദഗതിയിലൂടെ ത്രിതല പഞ്ചായത്തു ഭരണം നടപ്പിലാക്കാൻ സംസ്ഥാന സർക്കാരുകൾ നിർബന്ധിതമായത്. ഇതിന്റെ അടിസ്ഥാനത്തിലാണ് അധികാര വികേന്ദ്രീകരണം അതിന്റെ പൂർണ്ണമായ അർത്ഥത്തിലും വ്യാപ്തിയിലും നടപ്പിലാക്കാൻ കേരളാ ഗവൺമെന്റ് തീരുമാനമെടുക്കുകയും ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിക്കുകയും ചെയ്തത്. ഇത് വികസന ചരിത്രത്തിന്റെ ഒരു നാഴിക കല്ലാണ്.

കേരളത്തിന്റെ ഒമ്പതാം പദ്ധതി ജനപങ്കാളിത്തത്തോടുകൂടി ആവിഷ്ക്കരിക്കുന്നതിനുവേണ്ടിയാണ് സംസ്ഥാന സർക്കാരും ആസൂത്രണ ബോർഡും ചേർന്നു ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം കൊടുത്തിട്ടുള്ളത്. ഇതിന്റെ ഉദ്ഘാടനം 1996 ആഗസ്റ്റ് 17 (ചിങ്ങം ഒന്ന്) ന് തിരുവനന്തപുരത്ത് നടന്നു. ഒമ്പതാം പദ്ധതിയുടെ 30-40 ശതമാനത്തിന്റെ ആസൂത്രണവും നടത്തിപ്പും പഞ്ചായത്തുകളേയും നഗരസഭകളേയും ഏൽപ്പിക്കുകയും മനുഷ്യവിഭവമടക്കം വൻതോതിൽ വിഭവ സമാഹരണം നടത്തി പ്രാദേശികതലത്തിൽ സന്തുലിത വികസനം ഉറപ്പാക്കുകയുമാണ് ഇതിന്റെ ലക്ഷ്യം.

ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി സെപ്റ്റംബർ ആദ്യവാരത്തിൽ അയൽക്കൂട്ടം നടത്തപ്പെട്ടു. പത്തു വാർഡുകളിലും നടത്തിയ അയൽക്കൂട്ടങ്ങളിൽ നിന്ന് ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ പ്രശ്നങ്ങൾ ശരിക്കും മനസ്സിലാക്കാൻ കഴിഞ്ഞു. ഈ പരിപാടിക്ക് ജനങ്ങളുടെ പങ്കാളിത്തം നല്ല നിലയിൽ ലഭിച്ചു. ഈ അയൽക്കൂട്ടങ്ങളിലൂടെ ഗ്രാമസഭയുടെ ആവശ്യകത ജനങ്ങൾക്കു ബോധ്യമായി. ചില കുടുംബ പ്രശ്നങ്ങളും മറ്റും ചില തർക്ക പ്രശ്നങ്ങളും അയൽക്കൂട്ടത്തിൽ വെച്ചുതന്നെ പരിഹരിക്കാൻ കഴിഞ്ഞു. അയൽക്കൂട്ടം അവസാനിച്ച മുറയ്ക്ക് ഗ്രാമസഭയുടെ ആരംഭം കുറിച്ചു.

27-9-96 ലാണ് ഗ്രാമസഭ ആരംഭിച്ചത്. പത്തു ഗ്രാമസഭകളിലുംകൂടി 1139 പേർ പങ്കെടുത്തു. വാർഡുകളുടെ വികസനത്തിനാവശ്യമായ എല്ലാ നിർദ്ദേശങ്ങളും പരാതികളും ആവശ്യങ്ങളും ഗ്രാമസഭ ചർച്ച ചെയ്തു റിപ്പോർട്ടാക്കി കൺവീനറെ ഏൽപ്പിച്ചു.

അടിയന്തിരമായി ചെയ്യേണ്ടിയിരുന്ന കാര്യങ്ങൾക്ക് അപ്പോൾതന്നെ തീരുമാനം ഉണ്ടായി. ഇതിലൊന്ന് കൊതുകുനിവാരണത്തിനുള്ള മരുന്നുതളി ആയിരുന്നു.

1996 മാർച്ച് ഏപ്രിൽ മാസങ്ങളിലെ രൂക്ഷമായ ജല ദൗർലഭ്യത പരിഹരിക്കുന്നതിനായി ടാങ്കർ ലോറികളിൽ കുടിവെള്ളം വാർഡുകൾ തോറും എത്തിച്ചുകൊടുത്തു. ജാപ്പനീസ്

പനിക്കും, കോളറയ്ക്കും എതിരേ പ്രതിരോധ മരുന്നുതളിയ്ക്കലും നടത്തി. ബോധവൽക്കരണ പരിപാടിയെന്ന നിലയ്ക്ക് ഗവ. യു. പി. സ്കൂളിൽ സെമിനാർ നടത്തി. ഹോമിയോ, അലോപ്പതി ഡോക്ടറന്മാർ ഈ സെമിനാറിൽ ക്ലാസെടുത്തു. ഗാന്ധിജയന്തിദിനമായ 96 ഒക്ടോബർ 2ന് പൊതു ശുചീകരണവാരം ആരംഭിച്ചു. വാർഡ് കൺവീനർമാരുടെ നേതൃത്വത്തിൽ അവരവരുടെ വാർഡുകളിൽ പരിപാടികൾ നടത്തപ്പെട്ടു. പുനരർപ്പണദിനത്തിൽ ഏതാനും റോഡുകളുടെ അറ്റകുറ്റപ്പണിയും, പുതിയ പാതനിർമ്മാണവും ജനപങ്കാളിത്തത്തോടെ നടത്താൻ കഴിഞ്ഞു. ഐക്യ ദാർഢ്യ പക്ഷാചരണദിനത്തിൽ മാന്താനം ചേരമർ സംഘത്തിൻെറ ഹാളിൽ പട്ടികജാതി പട്ടികവർഗ്ഗ സെമിനാർ നടത്തി. നവംബർ ഒന്നിന് കാർഷിക സെമിനാറും ശ്രേഷ്ഠകർഷകരെ പൊന്നാട അണിയിച്ച് ആദരിക്കലും നടന്നു.

താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങൾ 1996 - ൽ ഗ്രാമപഞ്ചായത്തിൽ നടന്നു. അൺടൈഡ് ഫണ്ടുപയോഗിച്ച് മാർക്കറ്റ് - പാലക്കോട്ടാൽ റോഡ്, കോൺവൻറ് - കുഴിമണ്ണിൽപ്പടി റോഡ്, മാന്താനം സെറ്റിൽ മെൻറ് കോളനി റോഡ്, കോതുചിറ സെറ്റിൽ മെൻറ് കോളനി റോഡ്, ഇവ ടാർ ചെയ്തു.

വി. റ്റി. സി.ഗ്രാൻറ് ഉപയോഗിച്ച് ഹൈസ്ക്കൂൾപ്പടി - മൂലേപ്പടി റോഡ് ടാർ ചെയ്തു. ഇല്ലത്തു പറമ്പ് - വേഷ്ണാൽ റോഡിൽ റിട്ടെയ്നിംഗ് വാൾ കെട്ടി മണ്ണിട്ടുയർത്തി. ഓമണ്ണ് - വള്ളവൻ ചിറ റോഡ് ടാർ ചെയ്തു. സി. കെ. റോഡ് അലോപ്പതി ആശുപത്രി റോഡ് സൈഡു കെട്ടി മണ്ണിട്ടുയർത്തി. മരങ്ങാട്ടുപടി - ചെമ്പും തുരുത്ത് റോഡ് അറ്റകുറ്റപ്പണി നടത്തി. ജെ. ആർ. വൈ. ഗ്രാൻറ് ഉപയോഗിച്ച് മാർക്കറ്റ് പാലക്കോട്ടാൽ റോഡ് ടാറിംഗ്, മുക്കാഞ്ഞിരം കുളിക്കടവ്, അമ്മത്താൻചിറ കലുങ്ക് തുടങ്ങിയവയുടെ നിർമ്മാണ വേലകൾ ചെയ്തു.

95-96 ലെ ജെ. ആർ. വൈ. സ്കീം അനുസരിച്ച് ബ്ലോക്ക് തലത്തിൽ നിന്ന് 5 വീടും പഞ്ചായത്തു തലത്തിൽ നിന്ന് 12 വീടും പട്ടികജാതിക്കാർക്ക് നൽകി.

പുരകെട്ടി മേയുന്നതിന് 50 വീടുകൾക്ക് പഞ്ചായത്തു ഫണ്ടിൽ നിന്നും ധന സഹായം നൽകി.

പായിപ്പാട് ഗ്രാമപഞ്ചായത്തിൻെറ ജനകീയാസൂത്രണ പരിപാടികളിൽ ജനപങ്കാളിത്തം വളരെ നല്ല രീതിയിൽ ഉണ്ടായിരുന്നു. അതുകൊണ്ട് തന്നെയാണ് ഇങ്ങനെയൊരു വികസന റിപ്പോർട്ട് തയ്യാറാക്കാനുള്ള സാദ്ധ്യത ഉണ്ടായതും. ത്യാഗോജ്വലമായ ജീവിതം നയിച്ച മുൻകാല ജനസേവകരുടെ നിസ്തുലമായ സംഭാവനകളിൽ നിന്ന് ഊർജ്ജവും പ്രചോദനവും ഉൾക്കൊണ്ട് ജനകീയാസൂത്രണവും നിർവ്വഹണവും യാഥാർത്ഥ്യമാക്കാൻ പായിപ്പാട് ഗ്രാമപഞ്ചായത്തിൻെറ സമഗ്ര വികസന രേഖ നമുക്ക് സഹർഷം സ്വീകരിക്കാം.

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | - | പായിപ്പാട് ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | പായിപ്പാട്, ചങ്ങനാശേരി |
| ബ്ലോക്ക് പഞ്ചായത്ത് | - | മാടപ്പള്ളി |
| താലൂക്ക് | - | ചങ്ങനാശേരി |
| അസംബ്ളി മണ്ഡലം | - | ചങ്ങനാശേരി |
| വിസ്തീർണ്ണം | - | 22.88 ച: കി: മീറ്റർ |
| അതിരുകൾ | - | വടക്ക് തൃക്കൊടിത്താനം പഞ്ചായത്ത്<br>കിഴക്ക് കവിയൂർ പഞ്ചായത്ത്, കുന്നന്താനം പഞ്ചായത്ത്<br>തെക്ക് തിരുവല്ലാ മുൻസിപ്പൽ പ്രദേശവും പെരിങ്ങര പഞ്ചായത്തും<br>പടിഞ്ഞാറ് മണിമലയാറ്, മുട്ടാർ പഞ്ചായത്ത് |
| ജനസംഖ്യ | - | 21781 |
| പുരുഷന്മാർ | - | 10792 |
| സ്ത്രീകൾ | - | 10989 |
| ജനസാന്ദ്രത | - | 1043.1 |
| അക്ഷരാഭ്യാസം ഉള്ളവർ | - | 18935 |
| വാർഡുകൾ | - | 10 |
| പ്രസിഡൻറിൻെറ പേര് | - | വെൺപാല ഗോപാലൻ |
| വൈസ് പ്രസിഡൻറിൻെറ പേര് | - | എം. ഗോപാലകൃഷ്ണപിള്ള |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ | - | കെ.എ. ഔസേപ്പ് |

# പഞ്ചായത്ത് രൂപീകരണവും ഭരണ ചരിത്രവും

**ലോ**ക ചിന്തകരെന്ന് സവിശേഷമായി ആദരിക്കപ്പെട്ട തത്വചിന്തകത്രയങ്ങളിൽ റസ്സൽ, രാധാകൃഷ്ണൻ ഇവരുടെ ദർശനങ്ങളിൽ നിന്ന് വ്യത്യസ്തമായ മാർഗ്ഗം സ്വീകരിച്ച രാഹുൽ സംകൃത്യായൻ പ്രാചീന സിന്ധു നദീതട സംസ്ക്കാരത്തിനും 1400 വർഷങ്ങൾക്ക് മുമ്പ് ഭാരതത്തിൽ നില നിന്ന നർമ്മദാ നദീതട സംസ്ക്കാരത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ഇവിടെ ഗ്രീസിലെപ്പോലെ നഗര രാഷ്ട്രങ്ങളും ജനാധിപത്യഭരണ സമ്പ്രദായവും നിലനിന്നിരുന്നതായി അർത്ഥ ശങ്കയ്ക്കിടയില്ലാതെ വ്യക്തമാക്കുകയുണ്ടായി. പിന്നീട് അതിപ്രാചീനമായ ജനാധിപത്യ ഭരണ ക്രമത്തിൽ നിന്നും വ്യക്തി പൂജക്കും റൊമാൻറിക് കല്പനകൾക്കും പ്രാധാന്യം ലഭിച്ച രാജ ഭരണത്തിലേയ്ക്ക് ഭാരതം വഴുതി വീഴുകയും ഐക്യവും സ്നേഹവും ഭരണകർത്താക്കളിൽ നിന്നും വിട്ടകലുകയും ചെയ്തതോടെ നാട്ടുരാജാക്കന്മാർ പരസ്പരം കലഹിച്ച് ഭാരതത്തിൻെറ അഖണ്ഡത നഷ്ടപ്പെടുത്തി. ഈ അവസരത്തിൽ വണിഗീശരായി കടന്നു വന്ന വിദേശികൾ ഭരണത്തിൻെറ അലകും പിടിയും കൈയ്യടക്കുകയും പോർട്ടുഗീസ് ഡച്ച്, ഫ്രഞ്ച്, ക്രമം പിന്നിട്ട് ബ്രിട്ടീഷുകാർ ഭാരതത്തിൽ കോളോണിയൽ ഭരണ വ്യവസ്ഥ അടിച്ചേൽപ്പിക്കുകയും ചെയ്തു. അവരുടെ കൈകളിൽ നിന്നും മോചനം കൊതിച്ച ധീര ദേശാഭിമാനികളായ നേതാക്കൾ തുളസീദളം ഹോമഹനിയിലെന്ന പോലെ ജീവിതം സമർപ്പിക്കുകയും ഭാരതത്തിൽ ദേശീയ പ്രസ്ഥാനങ്ങൾ രൂപം കൊള്ളുകയും ചെയ്തു. തുടർന്ന് സഹന സമരത്തിലൂടെ ജനതയുടെ ഇച്ഛാശക്തിയുടെ കരുത്ത് കാട്ടി രാഷ്ട്രപിതാവായ മഹാത്മ

ഗാന്ധിജിയും മറ്റുള്ള ത്യാഗ ധനരായ നേതാക്കളും രംഗത്തെത്തി. അവർ 1931ൽ ചരിത്ര പ്രസിദ്ധമായ വാർദ്ധായിൽ ഒന്നിച്ചുകൂടി. മഹാത്മാഗാന്ധിജി,ജവഹർലാൽ നെഹ്റു, ഡോ. രാജേന്ദ്രപ്രസാദ്,തുടങ്ങിയവർ പങ്കെടുത്ത ആ കോൺഫ്രൻസിൽ സ്വാതന്ത്ര്യാനന്തര ഭാരതത്തിൻെറ ഭാവി എങ്ങനെയായിരിക്കണമെന്ന് തീരുമാനിക്കുകയും ഗ്രാമസ്വരാജ് അടിസ്ഥാന വിദ്യാഭ്യാസം എന്നീ രണ്ട് പ്രധാന ആശയങ്ങൾ സ്വീകരിക്കുകയും ചെയ്തു. കർഷക രാജ്യമായ ഭാരതത്തിൽ രൂപം കൊള്ളേണ്ട സ്വാതന്ത്ര്യാനന്തര ഭരണത്തിൽ കർഷകർക്ക് പരമ പ്രധാനമായ സ്ഥാനം നല്കണമെന്നും തീരുമാനിച്ചു. 1947 -ൽ സ്വതന്ത്രയായ ഭാരതത്തിൽ ഈ ലക്ഷ്യം കൈവരിക്കുവാൻ ദ്വിതല ഭരണ പദ്ധതി നടപ്പിലാക്കുന്നതിൻെറ ഭാഗമായി പഞ്ചായത്തുകൾ ആരംഭിക്കുവാൻ തീരുമാനമാവുകയും1953 - ൽ പഞ്ചായത്തു ഭരണ സമ്പ്രദായം നിലവിൽ വരുകയും ചെയ്തു.

ചങ്ങനാശേരി താലൂക്കിലെ മാടപ്പള്ളി പ്പകുതിയിൽ (വില്ലേജിൽ) ഉൾപ്പെട്ടിരിരുന്ന തൃക്കൊടിത്താനം, പായിപ്പാട് എന്നീ കരകൾ ചേർത്ത് പായിപ്പാട് എന്ന നാമധേയത്തിൽ ഒരു പഞ്ചായത്ത് ഉണ്ടാക്കുവാൻ തീരുമാനമാവുകയും. പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്ക് ശേഷം 1953 ആഗസ്റ്റ് 7-ാം തീയതി നടന്ന ആലോചനകളനുസരിച്ച് പായിപ്പാട് പഞ്ചായത്തിൻെറ ഉൽഘാടനം 1953 ആഗസ്റ്റ് 15-ാം തീയതി നിർവഹിക്കപ്പെടുകയും ചെയ്തു. ആദ്യത്തെ പഞ്ചായത്ത് കൌൺസിലിൽ താഴെ പേര് ചേർത്തിട്ടുള്ളവർ അംഗങ്ങൾ ആയിരുന്നു.

1. പ്രൊഫ.എം.ഗോപിനാഥൻനായർ, മേച്ചേട്ട്, തൃക്കൊടിത്താനം, പ്രസിഡൻറ്
2. ശ്രീ.കെ.എം.ഫിലിപ്പ് കുഴിയടിയിൽ
3 " ജോസഫ് വറുഗീസ് കളപ്പുരയ്ക്കൽ
4 ശ്രീ എം.ജെ.കുര്യാക്കോസ് മതുപ്പുറത്ത്.
5. " ഉലഹന്നാൻ കുര്യാക്കോസ് കണിയാമ്പറമ്പിൽ
6. " സി.കെ.വേലു. സി.കെ.സദനം.
7. " പി.റ്റി.അബ്ദുൾ റഹിമാൻ റാവുത്തർ പാറയ്ക്കൽ
8. " കെ.എം.ജനാർദ്ദനൻ കട്ടത്തറ.

പഞ്ചായത്തിന് സ്വന്തമായി ആസ്ഥാനമില്ലാതിരുന്നതിനാൽ പായിപ്പാടിനും തൃക്കൊടിത്താനത്തിനും മധ്യത്തിൽ കിളിമലയ്ക്കടുത്ത് ഒരു കെട്ടിടത്തിലാണ് പ്രാരംഭ പ്രർത്തനം തുടങ്ങിയത്. മെമ്പറന്മാരുടെ ഭവനങ്ങളിലും സ്കൂൾ ഹാളുകളിലും യോഗങ്ങൾ ചേർന്നിരുന്നു.

1953 സെപ്റ്റംബർ 25-ാം തീയതി മാന്താനം ചേരമർ കരയോഗം വക ഓഫീസിൽ ചേർന്ന യോഗത്തിൽ തൃക്കൊടിത്താനം പായിപ്പാട് കരകളെ മാടപ്പള്ളിപ്പകുതിയിൽ നിന്നും വേർതിരിച്ച് ഈ രണ്ടു കരകൾക്കുംകൂടി തൃക്കൊടിത്താനം എന്ന പേരിൽ ഒരു വില്ലേജ് അനുവദിച്ചു തരണമെന്ന് സർക്കാരിനോട് അപേക്ഷിക്കുന്ന ഒരു പ്രമേയം അംഗീകരിക്കുകയും ക്രമേണ തൃക്കൊടിത്താനം വില്ലേജ് നിലവിൽ വരുകയുംചെയ്തു. ഈ യോഗത്തിൽ നാലുകോടിയിൽ ഒരു പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടെങ്കിലും 43 വർഷങ്ങൾ പിന്നിട്ടിട്ടും ഈ സ്വപ്നം സാക്ഷാൽക്കരിക്കപ്പെട്ടിട്ടില്ല. 1-11-53 ൽ കൂടിയ കമ്മറ്റിൽ പഞ്ചായത്ത് പുറമ്പോക്ക് ഭൂമി പഞ്ചായത്തിന് വിട്ടുകിട്ടണമെന്ന പ്രമേയം പാസ്സാക്കുകയുണ്ടായി.

ചങ്ങനാശ്ശേരി - കവിയൂർ റോഡിൽ വാഹനഗതാഗതം സുഗമമാക്കുവാൻ തുരുത്തിക്കടവിൽ പാലം പണിത് കിട്ടുവാനുള്ള തീരുമാനം 6.12.1953 ലെ കമ്മറ്റി യോഗം അംഗീകരിച്ച് അധികൃതസ്ഥാനങ്ങളിൽ നിവേദനം നടത്തിയതിൻെറ ഫലമായി പാലം അനുവദിച്ചുകിട്ടി.

പ്രൊഫ.തൃക്കൊടിത്താനം എം.ഗോപിനാഥൻ നായരെത്തുടർന്ന് ശ്രീ കെ.എം. ഫിലിപ്പ് കുഴിയടിയിൽ പഞ്ചായത്ത് പ്രസിഡൻറായി ഭരണം ഏറ്റു.പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ റോഡുകൾ വീതികൂട്ടി സഞ്ചാര യോഗ്യമാക്കിയതും പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ ആദ്യമായി വൈദ്യുതിഎത്തിച്ചതുംതോട്ടായിക്കടവിലേക്കുള്ള ജലമാർഗ്ഗം വികസിപ്പിച്ചതും അദ്ദേഹത്തിൻെറ കാലത്താണ്.

കമ്മറ്റി തെരഞ്ഞെടുപ്പിനു ശേഷം ശ്രീ.സി.എ.സ്ക്കറിയാ ചങ്ങങ്കരിയുടെ നേതൃത്വത്തിൽ പുതിയ ഭരണസമിതി അധികാരത്തിൽ വന്നു. ഈ ഭരണ സമിതിയുടെ കാലത്ത് പായിപ്പാട് പഞ്ചായത്തിനെ തൃക്കൊടിത്താനമെന്നും പായിപ്പാടെന്നും രണ്ട് പഞ്ചായത്തുകളാക്കി വിഭജിക്കാൻ തീരുമാനിക്കുകയും അതിനുള്ള പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 1956ൽ അതുവരെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന പഞ്ചായത്ത് ആഫീസിന് സ്വന്തമായി ഒരു ഓഫീസ് കെട്ടിടം നിർമ്മിക്കുവാൻ നാലുകോടി ജങ്ഷനിൽ സ്ഥലം സംഭാവനയായി ലഭിക്കുകയും ആ സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തു. പുതിയ കെട്ടിടത്തിൽ ആർഭാടപൂർവം ഓഫീസ് പ്രവർത്തനം തുടങ്ങിയതോടൊപ്പം മേൽത്തട്ട് വാർന്നൊലിക്കുവാനാരംഭിക്കുകയും അറ്റകുറ്റപ്പണികൾക്ക് ഒരു വിലയ തുക ചെലവിടേണ്ട സ്ഥിതിയുണ്ടാകുകയും ചെയ്തു.

ജനാഭിലാഷം അനുസരിച്ച് സർക്കാരിൽ നിന്നും തൃക്കൊടിത്താനം, അമര, മാന്താനം പ്രദേശങ്ങൾ ചേർത്ത് തൃക്കൊടിത്താനം പഞ്ചായത്തും, പായിപ്പാട് , പൂവം, ളായിക്കാട് ഇവ ചേത്ത് പായിപ്പാട് പഞ്ചായത്തും അനുവദിച്ചുത്തരവായി. തൃക്കൊടിത്താനത്തെ ഒഴിവാക്കി രൂപവൽക്കരിച്ച പായിപ്പാട് പഞ്ചായത്ത് 15-1-1964 ൽ നിലവിൽ വരുകയും ശ്രീ. കെ. പി. ജോസഫ് വെട്ടിക്കാടൻ പഞ്ചായത്ത് പ്രസിഡൻറായിത്തീരുകയും ചെയ്തു. തുടർന്നു നടന്ന തെരഞ്ഞെടുപ്പിനുശേഷവും അദ്ദേഹം തന്നെ പ്രസിഡൻറായിത്തീർന്നു. പഞ്ചായത്തിൻെറ ഗ്രേഡ് ഉയർത്തിയതും, കോൺവെൻറ് ജങ്ഷൻ - ഒട്ടത്തിൽ കടവ് റോഡിൻെറ ആദ്യത്തെ പുതുക്കിപ്പണിയും അദ്ദേഹത്തിൻെറ കാലത്തെ നേട്ടങ്ങളാണ്. ഈ പഞ്ചായത്തിലെ ഏക വ്യവസായ കോംപ്ലക്സ് ആയ 'നാലുകോടി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് വേണ്ടി ഒരേക്കർ സ്ഥലം വാങ്ങി നാട്ടിലെ വ്യവസായ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചതിൽ അദ്ദേഹം നിസ്തുലമായ പങ്ക് വഹിച്ചു. മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട വിധത്തിൽ ലക്ഷം കോളനി വീടുകൾ സ്ഥാപിക്കുവാൻ മുൻകൈയ്യെടുത്തതും ശ്രീ കെ.പി.ജോസഫ് വെട്ടിക്കാടനാണ്. ഇതിന് ശേഷം വടക്കേപ്പറമ്പിൽ ശ്രീ ശ്രീധരൻ പിള്ള പ്രസിഡൻറായി ഒരു നോമിനേറ്റഡ് കമ്മറ്റി അധികാരമേറ്റു.വിപുലമായ തോതിൽ പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളെയും ഉൾപ്പെടുത്തി വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അധികാരസ്ഥാനങ്ങളിൽ എത്തിച്ച് സമർദ്ദം നടത്തിയതും, കുറ്റമറ്റ തരത്തിൽ ഭവനസന്ദർശനം നടത്തി വീട്ടുകരം അസസ്സ് ചെയ്തതും ഇദ്ദേഹത്തിൻെറ കാലത്താണ്.

തുടർന്ന് നടന്ന തെരഞ്ഞെടുപ്പിലൂടെ പുന്നവേലിൽ ശ്രീ സി. എസ്. വാസുദേവപ്പണിക്കരുടെ നേതൃത്വത്തിലുള്ള പഞ്ചായത്ത് കമ്മറ്റി അധികാരത്തിലെത്തി.പായിപ്പാട്ട് ഗവ., എൽ. പി. സ്കൂൾ യു. പി. സ്കൂളാക്കി ഉയർത്തിയതും പായിപ്പാട് വില്ലേജ് ഓഫീസിനുവേണ്ടി പരിശ്രമിച്ച് നാലുകോടിയിൽ വില്ലേജാഫീസ് സ്ഥാപിച്ചതും പ്രധാനപ്പെട്ട പലറോഡുകളും നന്നാക്കിയതും പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വിവിധ

വാർഡുകളിൽകുടിവെള്ളം എത്തിച്ചതും ഹോമിയോ ആശുപത്രി സ്ഥാപിച്ചതും അദ്ദേഹത്തിൻെറ കാലത്തായിരുന്നു. തുടർന്ന് തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയ കമ്മറ്റിയുടെ അദ്ധ്യക്ഷൻ ശ്രീ ജീമ്മി കളത്തിപ്പറമ്പിലായിരുന്നു. ഈ കാലത്ത് പായിപ്പാട് സെൻററ് തോമസ് പള്ളി ഇടവകയിൽ നിന്നും സംഭാവന ചെയ്ത സ്ഥലത്ത് പുതിയ വില്ലേജാഫീസ് സ്ഥാപിച്ചു. പ്രൈമറി ഹെൽത്ത് സെൻററിൻെറ പ്രവർത്തനം ആരംഭിക്കുവാനും അതിനുള്ള സ്ഥലം വാങ്ങി കെട്ടിടം തീർക്കാൻ എം. പി. ക്വോട്ടായിൽ നിന്നും വിഹിതം നേടുവാനും. കോൺവെൻറ് ജംഗ്ഷൻ - ഒട്ടത്തികടവ് റോഡ് പുതുക്കി ടാർ ഇടുവാനും , ഉഴത്തിൽ പടി റോഡ്, കോൺവെൻറ് ജംഗ്ഷൻ- യു. പി. എസ്. റോഡ്, എഴുവന്താനം - മാളികപ്പടി റോഡ്, തെക്കേപ്പുള്ളി -മന്നാട്ടു പടി റോഡ് എന്നിവ ടാർ ചെയ്യിക്കുവാനും ഇക്കാലത്ത് സാധിച്ചു.കൂടാതെ പല പുതിയ റോഡുകളുടേയും നിർമ്മാണംആരംഭിക്കുവാനും സർവോപരി ശ്രീ. കെ.പി.ജോസഫ്, വെട്ടിക്കാടൻെറ ശാശ്വത സ്മരണ നിലനിർത്തുന്ന സാംസ്ക്കാരിക കേന്ദ്രം പഞ്ചായത്ത് ഓഫീസിനോടു ചേർത്ത് പണികഴിപ്പിക്കുവാനും ഇക്കാലത്ത് കഴിഞ്ഞു. ഗ്രാമത്തിൻെറ പ്രധാന ഭാഗങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിച്ചതും ഈ കാലയളവിലാണ്.

ഗ്രാമപഞ്ചായത്ത് നഗര പാലികാ ബില്ലിൻെറ അടിസ്ഥാനത്തിൽ ത്രിതല ഭരണ സമ്പ്രദായം നിലവിൽ വന്നതിനെ തുടർന്ന് അധികാരത്തിൽ വന്ന ഗ്രാമപഞ്ചായത്തിൻെറ പ്രസിഡൻറായി ശ്രീ വെൺപാല ഗോപാലൻ അവരോധിക്കപ്പെട്ടു. ക്രിയാത്മകമായപ്രവർത്തനങ്ങളിലൂടെ പഞ്ചായത്തിൻെറ പ്രവർത്തനം കാര്യക്ഷമമായി പുരോഗമിച്ചാൽ ആസൂത്രണ പ്രക്രിയകളിലൂടെ ഈ പഞ്ചായത്ത് ക്രമേണ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തായി മാറുകതന്നെ ചെയ്യും.

## നാളിതുവരെ പഞ്ചായത്തിൻെറ സാരഥ്യം വഹിച്ചവർ.

1 പ്രൊഫ. എം. ഗോപിനാഥൻ നായർ തൃക്കൊടിത്താനം
2. കെ. എം. ഫിലിപ്പ് കുഴിയടിയിൽ.
3. സി. എ. സ്കറിയ, ചങ്ങങ്കരി
4. കെ. പി. ജോസഫ് ,വെട്ടിക്കാടൻ
5. ശ്രീ .വടക്കേപ്പറമ്പിൽ ശ്രീധരൻ പിള്ള.
6. ശ്രീ. സി.എസ്സ്. വാസുദേവപ്പണിക്കർ, പുന്നവേലിൽ
7. ജിമ്മി കളത്തിപ്പറമ്പിൽ
8 വെൺപാല ഗോപാലൻ

ഇന്നുള്ള പഞ്ചായത്ത് ആഫീസ് കെട്ടിടം പ്രവർത്തനത്തിന് തികച്ചും അപര്യാപ്തവും ദുർബലവുമാണ്. ഈ കെട്ടിടത്തിൻെറ സ്ഥാനത്ത് മറ്റൊരു കമനീയ സൗധം പടുത്തുയർത്തേണ്ടതാണ്.

ഈ പഞ്ചായത്തിൻെറ നാളിതുവരെയുള്ള ക്രീയാത്മക പ്രവർത്തനങ്ങളുടെ ഈ ലഘു രൂപം ഇവിടെ ഉപസംഹരിപ്പിക്കുന്നു.

# സാമൂഹിക സാംസ്കാരിക ചരിത്രം

മദ്ധ്യകേരളത്തിലെ വിദ്യാഭ്യാസ-സാംസ്കാരിക കേന്ദ്രങ്ങളായ ചങ്ങനാശേരി തിരുവല്ലാ എന്നീ പട്ടണങ്ങളുടെ നടുവിൽ, ചങ്ങനാശ്ശേരി താലൂക്കിന്റെ തെക്കേക്കോണിൽ ഏതാണ്ട് 22.88 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ സ്ഥിതിചെയ്യുന്ന ഒരു ഗ്രാമമാണ് പായിപ്പാട്. കവിയൂർ പഞ്ചായത്തിനു പടിഞ്ഞാറ് തൃക്കൊടിത്താനത്തിനു തെക്ക് മുത്തൂറിനു വടക്ക് മുട്ടാർ പഞ്ചായത്തിനു കിഴക്കാണ് പായിപ്പാടിന്റെ സ്ഥാനം.

## നാമോല്പത്തി

ചരിത്രാതീതകാലത്ത് ചങ്ങനാശേരിയും പരിസര പ്രദേശങ്ങളും കടലിനടിയിലായിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്നു. അടുത്തകാലത്ത് പെരുന്ന, വാഴപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ കുഴിച്ചപ്പോൾ കിട്ടിയ കടൽ ജീവികളുടെ അവശിഷ്ടങ്ങൾ ഈ വിശ്വാസത്തിനുന്നൽ നൽകുന്നു. പെരും നൈതൽ (വലിയ കടൽത്തീരം) കാലാന്തരത്തിൽ പെരുന്നയായി തീർന്നെന്നും കടലിനടുത്ത ചേരി (ചെങ്ങ = വെള്ളം) ചങ്ങനാശേരിയായി തീർന്നെന്നും കടലിനടത്തുള്ള പായൽ പറ്റിയ പായൽപ്പാട് പായിപ്പാടായി മാറിയെന്നുമാണ് സ്ഥലനാമ ഗവേഷകരായ പണ്ഡിതന്മാരുടെ മതം. കരഭൂമിയെ പയറ്റുപാടെന്നും വിളിച്ചിരുന്നതിനാൽ പാതിപ്പാടം ക്രമേണ പായിപ്പാടായി മാറിയതാകാനുള്ള സാധ്യതയേറെയാണ്. വിസ്തൃതിയുടെ ഏതാണ്ട് പകുതി പാടവും പകുതി കരയുമായി സ്ഥിതി ചെയ്യുന്ന 'പാതിപ്പാടം' ലോപിച്ചാണ് പായിപ്പാടായതെന്നും, അതല്ല പ്രകൃതിസൗകുമാര്യംകൊണ്ട് സർവ്വരേയും മാടി വിളിക്കുന്ന 'വാ' ഇപ്പാടാണ് കാലാന്തരത്തിൽ പായിപ്പാടായതെന്നും പറയപ്പെടുന്നു.

## ആദിമവാസികൾ

കേരളത്തിന്റെ ഇതര ഭാഗങ്ങളിലെന്നതുപോലെ ഇന്നാട്ടിലെയും ആദിമവാസികൾ പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട ചേരമർ,



-മഹാത്മാഗാന്ധി

സാംബവർ, വർണ്ണവർ തുടങ്ങിയവർ തന്നെയായിരുന്നു. അവരുടെ ആരാധനാമൂർത്തികളായ മൂർത്തികൾ, യക്ഷികൾ, ശക്തിസ്വരൂപിണിയായ ശ്രീ ഇവയുടെ പ്രതിഷ്ഠാസ്ഥാനങ്ങൾ ഗ്രാമത്തിന്റെ പലഭാഗങ്ങളിലും കാണുന്നുണ്ട്. ഇവിടുത്തെ പാടങ്ങളിൽ ഒരു പത്തടി താഴ്ചയിൽ എവിടെയും സുലഭമായി കണ്ടിരുന്ന കാണ്ടാമരങ്ങളും അവിടവിടെയായി ഇതേനിരപ്പിൽ കാണുന്ന കൂറ്റൻ വൃക്ഷങ്ങളുടെ കുറ്റിച്ചോടുകളും തടിച്ച വേരുകളും ഒരു കാലത്ത് ഇവിടം നിബിഡ വനമായിരുന്നുവെന്നു സൂചിപ്പിക്കുന്നു. പായിപ്പാട് ഒരറ്റം മുതൽ മറ്റേ അറ്റംവരെ ഓരോ കിലോമീറ്റർ ഇടവിട്ട് കല്ലുവെട്ടിത്താഴ്ത്തി കല്പടവുകളോടുകൂടിയ വിസ്തൃതമായ കുളങ്ങൾ കാണപ്പെടുന്നു. പുറമെ പഴയ കെട്ടിടങ്ങൾ, തെരുവുകൾ, മൺകോട്ടകൾ മുതലായവയുടെ നഷ്ടശിഷ്ടങ്ങളും കാണപ്പെടുന്നുണ്ട്. മിക്ക പുരയിടങ്ങളിലും കിണർ കുഴിക്കുമ്പോൾ ഭൂമിക്കടിയിൽ ആറെട്ടടി താഴ്ചയിൽ മൺകലങ്ങളും കല്ഭരണികളും ധാരാളമായി കണ്ടുകിട്ടാറുണ്ട്. ഇതിൽനിന്നെല്ലാം അതിപൗരാണിക കാലത്തുതന്നെ ഈ വന പ്രദേശങ്ങൾ ജനനിബിഡമായ ഒരു വികസിത പ്രദേശമായി മാറിയെന്നു സിദ്ധിക്കുന്നു.

പിന്നോക്കക്കാരായ ആദിമവാസികളെത്തുടർന്ന് കേരളത്തിനു വെളിയിലുള്ള തമിഴ്നാട്, കർണ്ണാടകം തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിന്റെ വടക്കൻ മേഖലയിലെ പൊന്നാനി, മലബാർ പ്രദേശങ്ങളിലും, കേരള തലസ്ഥാനമായ തിരുവനന്തപുരത്തിനു തെക്കുള്ള പ്രദേശങ്ങളിലും, മദ്ധ്യകേരളത്തിലെ തിരുവല്ലായ്ക്കു തെക്കും വടക്കും ഭാഗങ്ങളിലും ജൈനമത വിശ്വാസികളും ബുദ്ധമത വിശ്വാസികളും കടുന്നുവന്നപ്പോൾ ഇവിടെയും അവർ അധിവാസം ഉറപ്പിച്ചതായി കരുതാവുന്നതാണ്.

## ചെട്ടികളുടെ കുടികയറ്റം

പായിപ്പാട്ടെ കുടികയറ്റത്തെ പരാമർശിക്കുമ്പോൾ സുപ്രസിദ്ധമായ ഒരൈതിഹ്യമാണ് ഈടുറ്റൊരു സാക്ഷ്യമായിക്കാണുക.

"നാപൂച്ചകടികൂടി നഗരത്തിൽ
ചെട്ടികുടിവാങ്ങി
കൊല്ലാപുരം മുടിഞ്ഞു
കൊല്ലം തെളിഞ്ഞു."

നാലുകോടി മുതൽ തെക്കോട്ട് കല്ലുകടവുപാലം വരെയുള്ള റോഡാണ് പൗരാണിക കാലത്തെ കൊല്ലാപുരം സ്ട്രീറ്റ്. അതിന്റെ മദ്ധ്യഭാഗത്തുവരുന്ന ഇന്നത്തെ കോവൻറ് ജംഗ്ഷൻ കേന്ദ്രീകരിച്ച് ചെട്ടികൾക്ക് ഇന്നാട്ടിൽ നൂറ്റാണ്ടുകൾ നീണ്ട വ്യവസായപ്രധാനമായ ഒരു സംസ്കൃതി വളർത്തിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടാവണം. ശക്തിയായിരുന്നു അവരുടെ മൂർത്തി. ശൈവാരാധകരായ അവർക്ക് ക്ഷേത്രങ്ങളും ക്ഷേത്രക്കുളങ്ങളുമുണ്ടായിരുന്നു. കോൺവൻറ് ജംഗ്ഷനു കിഴക്കുവശം വലിയകുളം എന്നപേരിൽ വിസ്തൃതമായ ഒരു കുളം ഉണ്ട്. രണ്ടേക്കർ വിസ്താരമുണ്ടായിരുന്ന ഈ കുളത്തിനുചുറ്റും പഴക്കമേറിയ കല്ക്കെട്ടുകളും നഗരത്തിന്റെ നഷ്ടശിഷ്ടങ്ങളും ഉണ്ടായിരുന്നു. ഗതകാലത്തുണ്ടായ ഏതോ ഭൂവ്യതിയാനമോ, രാഷ്ട്രീയ അട്ടിമറിയോ, ശക്തിവിന്യാസമോ നാടുവിടാനവരെ നിർബന്ധിച്ചപ്പോൾ പിന്നൊരുകാലം തിരിച്ചെത്താമെന്ന പ്രതീക്ഷയിൽ തങ്ങളുടെ നാണയ ശേഖരങ്ങളും സ്വർണ്ണപണ്ടങ്ങളും അങ്ങിങ്ങു കുഴിച്ചിട്ടിട്ടാണവർ കുടിപുറപ്പെട്ടതെന്നാണ് ഐതിഹ്യം. അതിന്റെ തഥ്യാമിഥ്യകൾ എങ്ങനെയിരുന്നാലും ചിലചെട്ടികളുടെ കൈവശമുള്ള ചെപ്പേടുകളിലെ പായിപ്പാടിന്റെ ഭൂലക്ഷ്യങ്ങളടങ്ങുന്ന ദേശീയാലേഖ്യങ്ങളും, പായിപ്പാട് തൃക്കൊടിത്താനം ക്ഷേത്രങ്ങളിൽ കാണി

യ്ക്കകളുമായി ചെട്ടിനാട്ടിൽനിന്നും കൊല്ലം തോറും ചെട്ടികൾ വന്നുകൊണ്ടിരിക്കുന്നതും ഈ സംസ്കൃതിക്ക് സാക്ഷ്യമാണ്. കൊല്ലം പട്ടണത്തി ന് ആ പേരുണ്ടായതുതന്നെ കൊല്ലാപുരം എന്ന പേരിൽ നിന്നായിക്കൂടായ്കയില്ല. ഇന്നാകട്ടെ അവരുടെ സുവർണ്ണ കാലത്തിന്റെ സ്മരണകൾ ഉണർത്തിക്കൊണ്ട് പ്രസ്തുതനാമം ഏതാനും പു രയിടങ്ങളെയും ഭവനങ്ങളെയും മാത്രം പരിരം ഭണം ചെയ്തു ശുഷ്ക്കിച്ചുപോയിരിക്കുന്നു. അന്നത്തെ അധിവാസമേറെയും അടുത്തടുത്തു നിരനിരയായി പണിത ഭവനങ്ങളിലായിരുന്നിരി ക്കണം. ചെട്ടികൾ താമസിച്ചിരുന്ന പ്രദേശം ചെട്ടി ച്ചേരിയും പാണ്ടികൾ താമസിച്ചിരുന്ന പ്രദേശം പാണ്ടിച്ചേരിയുമായി. ഇന്നും ഈ പേരുകളിലു ള്ള പുരയിടങ്ങൾ പായിപ്പാട്ട് അവശേഷിക്കുന്നു.

## ബ്രാഹ്മണ-ഹൈന്ദവ അധിവേശം

ചെട്ടികളുടെ പിൻവാങ്ങലിനെ തു ടർന്നാവണം പായിപ്പാട്ട് ബ്രാഹ്മണ-ഹൈന്ദവ അധിവേശം പൂർണ്ണമായത്. ഭൂമി അധികപങ്കും നമ്പൂരിമാർക്കധീനമായി. തുടർന്ന് നായരീഴവാ ദി സമുദായക്കാർ ഭരണാധികാരികളും തൊഴിൽ പ്രമുഖരുമായി. അവരുടെ പ്രഭാവം വളരെക്കാലം സ്വാധീനശക്തമായിരുന്നു.

ഇല്ലത്തെപ്പറമ്പ് ഇല്ലത്തുപറമ്പും ഇല്ല ത്തെകുളം ഇല്ലത്തുകുളവും മനയ്ക്കലെ ചേരി കൾ മനേച്ചരിയും (മനയത്തുശേരിയും) പടിയ്ക്ക ലേ (ഇല്ലത്തേ) വസ്തു പടിക്കലേപറമ്പും അമ്പലം ഇരുന്ന പുരയിടം അമ്പലപ്പറമ്പും ദേവ ന്റെ കുളം കുര്യാൻകുളവും ഒക്കെയായി പരി ണമിച്ചത് ഈ ആധിപത്യത്തിന്റെ സൂചനയാ ണ്. ഈ കരയിൽ അങ്ങിങ്ങോളം ഉണ്ടായി രുന്നതും ഏതാണ്ട് നാമാവശേഷമായിക്കൊണ്ടി രുന്നതുമായ ഹൈന്ദവക്ഷേത്രങ്ങളും കുളങ്ങളും, സർപ്പക്കാവുകൾ, കുരുതിത്തറകൾ, ആൽത്തി ട്ടകൾ, കുര്യാലകൾ മുതലായവയും ഹൈന്ദവാ ധിവാസത്തെ വീണ്ടും ഉറപ്പിക്കുന്നു. പുഞ്ചപ്പാ ടങ്ങളുടെ നടുവിൽപ്പോലും ആൽത്തറകളും, കല്തിട്ടകളും തറകളും വിഗ്രഹങ്ങളും കാ ണുന്നുണ്ട്. കൃഷിയുടെ അഭിവൃദ്ധിക്കായി ഇത്തരം തറകളിൽ കാളിപൂജ നടത്തിയിരുന്നതാ യി പറയപ്പെടുന്നു. ഭദ്രകാളിയാണ് അക്കാലത്ത് ഈഴവരുടെ പ്രധാന ദേവത എന്ന് എഡ്ഗാർഡ് തേഴ്സ്റ്റൺ എന്ന ഗ്രന്ഥകാരൻ രേഖ പ്പെടുത്തുന്നു. ജനസംഖ്യകൊണ്ട് ഇന്ന് കേരളത്തിലെ ഏറ്റം പ്രബല സമുദായമാണല്ലോ ഈഴവർ.

## ചരിത്രപ്രസിദ്ധമായ നാലുകോടി

കവികൾക്കും സാഹിത്യ പ്രേമികൾക്കു മെന്നല്ല, സഹൃദയർക്കൊന്നടങ്കം പ്രിയങ്കരമായ ചരിത്ര പ്രസിദ്ധമായ ഒരു സ്ഥലമാണ് നാലു കോടിക്കവല. അറിയപ്പെട്ടിട്ടുള്ള മണിപ്രവാള കാ വ്യങ്ങളിലേയ്ക്കും പുരാതനമായ ഉണ്ണിനീലിസ ന്ദേശത്തിൽ നാലുകോടിയെപ്പറ്റി പറയുന്നത് നോക്കുക.

''മുത്തൂറ്റം ചേർന്നണിമുല

പിരിഞ്ഞുള്ള മാരാതിരേകം

മുത്തൂറ്റിൻറും മമ പുനരതങ്ങു-

ണ്ണുനീലിക്കു ചൊൽവാൻ

മുത്തൂറ്റിച്ചേർന്നിനിയപുഴയും

പിന്നിലിട്ടന്ധഗംഗാ-

മുത്തീർയത്വം വിരവൊടുസഖെ!

നാലുകോടിക്കു ചെൽക''

വിരഹാർത്തനായ തന്റെ തപ്താ വസ്ഥ ഉണ്ണുനീലിയെ അറിയിക്കുവാൻ തിരു

നന്തപുരത്തുനിന്നും കടുത്തുത്തിയിലേയ്ക്കു റപ്പെടുന്ന സന്ദേശവാഹകനായ ആദിത്യവർമാവിന് കൊടുക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ, മുത്തൂറ്റിച്ചേർന്നിനിയപുഴ-മുത്തൂറ്റുപുഴയും ടന്ന് അല്ലയോ തോഴരേ അങ്ങുവേഗം നാലുകോടിയെന്ന സ്ഥലത്തെത്തുക എന്ന് ഉണ്ണുനീലിസന്ദേശം പൂർവ്വഭാഗം 125 -ാം പദ്യത്തിൽ കാണുന്നതിൽനിന്നും സന്ദേശവാഹകൻ കുറ്റപ്പുഴയിൽനിന്നും മത്തൂറ്റുതോടും ഇപ്പുറത്തെ നദിയും കടന്ന് നാലുകോടിയിൽ എത്തിയിട്ടാണ് തൃക്കൊടിത്താനത്തിനു നീങ്ങിയതെന്നു വ്യക്തമാകുന്നു. ഇപ്പോഴത്തെ കല്ലുകടവുതോട് അക്കാലത്തൊരു നദി ആയിരുന്നിരിക്കാം.

തുടർന്നുള്ള ഭാഗങ്ങൾ പായിപ്പാട്ടെയും പരിസരപ്രദേശങ്ങളിലെയും അക്കാലത്തെ ഭൂപ്രകൃതി വെളിവാക്കാൻ പോരുന്നതാണ്. നാലുകോടിയിൽ നിന്നും വടക്കോട്ടു ചെന്ന് മുന്നു പൂജാവേളകളിലും ദേവന്മാർ നിരന്നു വന്ദിക്കുന്ന തൃക്കൊടിത്താനം ക്ഷേത്രത്തിലെ കാർവർണ്ണന്റെ പാദം വണങ്ങി നേരെ വടക്കോട്ടു നീങ്ങിയാൽ തെക്കിൻകൂറാണെന്നു തുടർന്നുപറയുന്നു. അന്ന തെക്കുംകൂർ കഴിയുവോളം നടക്കാവിന്റെ ഇരുവശവും കാടുകളാണ്.

ഉണ്ണുനീലിയുടെ രചനാകാലം എ.ഡി 1373-1374 ആയതിൽനിന്നും (കൊല്ലവർഷം 549 മേടം 23 -ാം തീയതി ഉദയാൽപ്പരം ഏഴരനാഴികയും അശ്വതി നക്ഷത്രവും പഞ്ചമീതിഥിയും വ്യാഴാഴ്ചയും മേടം രാശിയും കർക്കടകത്തിൽ വ്യാഴവും യോജിച്ചുവന്ന മുഹൂർത്തം) നാലുകോടി 14 -ാം നൂറ്റാണ്ടിനു മുൻപേതന്നെ പ്രസിദ്ധിപെറ്റ സ്ഥലമായിരുന്നുവെന്ന് വ്യക്തമാണല്ലോ.

രാജധാനിയായ തിരുവനന്തപുരം തൊട്ടാവേലിക്കര ഏറ്റുമാനൂർ കൊട്ടാരങ്ങളെ ബന്ധപ്പെടുത്തി കൊച്ചി തലസ്ഥാനമായ തൃപ്പൂണിത്തറ കൊട്ടാരം വരെ നീണ്ടുകിടക്കുന്ന രാജവീഥി പായിപ്പാട് നാലുകോടി കവലയിലുടെയാണ് കടന്നുപോകുന്നത്. ശ്രീവല്ലഭക്ഷേത്രം, തൃക്കൊടിത്താനം മഹാക്ഷേത്രം ഇവയെ ബന്ധിച്ചിരുന്നതും ഈ പാതയാണ്. ഈ രാജപാതയെ വെട്ടിമുറിച്ചുകൊണ്ട് പായിപ്പാട്ടു കവല മുതൽ ചങ്ങനാശേരി പട്ടണത്തിലേയ്ക്കൊരു വീതിയേറിയ റോഡും പൗരാണികമായി തന്നെയുണ്ടായിരുന്നു.

## ചുമടുതാങ്ങികൾ

അശോകഭരണത്തിൽ പറയുന്ന ചോലമരങ്ങളും ചുമടുതാങ്ങികളും ഇന്നും ചിലയിടങ്ങളിൽ അവശേഷിക്കുന്നുണ്ട്. കൊല്ലവർഷം 947 -ാമാണ്ട് തുലാമാസം 25 -ാം തീയതി (എ.ഡി 1772) 2251/4 കലിപ്പണം ചെലവുചെയ്ത് കോഴിക്കുന്നത്ത് ഗോവിന്ദൻ കേശവൻ ഇപ്പോൾ നാലുകോടി കവലയിൽ ഉൾപ്പെടെ മുക്കാഞ്ഞിരം, ഗവൺമെൻറ് ഹൈസ്കൂൾ, പുത്തൻകാവ് ക്ഷേത്രം, കൊല്ലാപുരം എന്നീ സ്ഥലങ്ങളിൽ ചുമടുതാങ്ങികൾ (ഇളപ്പുകൾ) സ്ഥാപിച്ചതായി ഓങ്ങല്ലൂരില്ലത്തെ ഒരു താളിയോല ഗ്രന്ഥത്തിൽ കാണുന്നു.

## ക്രിസ്ത്യൻ-മുസ്ലീം കുടികയറ്റങ്ങൾ

എ.ഡി. 1500 -നും 1600 -നും ഇടയിലാണ് പായിപ്പാട്ടു പ്രദേശങ്ങളിൽ ക്രിസ്ത്യാനികൾ കുടികയറിയതെന്നു കണക്കാക്കപ്പെടുന്നു. ക്രിസ്ത്യാനികളുടെ പ്രവേശനകാലത്ത് പായിപ്പാട്ടു മൊത്തം നാനാജാതി മതസ്ഥരായ എഴുപത്തിയഞ്ച് വീട്ടുകാർ ഉണ്ടായിരുന്നതായി പറയപ്പെടുന്നു. 'പായിപ്പാട്ടെഴുപത്തഞ്ച്' എന്നൊരൈതിഹ്യമുണ്ട്.

പത്തില്ലത്തിൽ പോറ്റിമാരുടെ

ഗണത്തിൽപെട്ട ഓങ്ങല്ലൂർ ഇല്ലം, കൊന്നോലി ഇല്ലം തുടങ്ങി നിരവധി നമ്പൂതിരി കുടുംബങ്ങളും വാഴപ്പാടം, പവ്വത്തി, വിരുത്തി, പാലമറ്റം, മമ്പള്ളി, കണ്ണാട്, കോഴികുന്നത്ത്, പനയപ്പള്ളി, ചെങ്കിലാത്ത് തുടങ്ങിയ നായർ കുടുംബങ്ങളും ചെമ്പൻകുളവൻ തുടങ്ങിയ ഈഴവ കുടുംബക്കാരും പുരാതനകാലം മുതലേ ഇവിടെയുണ്ടായിരുന്നു. പള്ളിക്കച്ചിറ കവലയ്ക്കുസമീപമുള്ള ചുങ്കത്തിൽ, പാറയ്ക്കൽ തുടങ്ങിയവരാണ് ഇവിടുത്തെ പഴക്കമുള്ള മുസ്ലീം കുടുംബക്കാർ. ഇവരുടെയൊക്കെ ആഗമചരിത്രം രേഖാങ്കിതമല്ലാത്തതിനാൽ ചരിത്രാന്വേഷികളുടെ പഠനത്തിനായി വിടുന്നു.

ക്രിസ്ത്യൻ കുടികയറ്റത്തെത്തുടർന്ന് പായിപ്പാടിന്റെ കിഴക്കൻ മേഖലകളിൽ ഇസ്ലാം മത വിശ്വാസികൾ ധാരാളമായി വാസമുറപ്പിക്കുകയുണ്ടായി.

മാത്രപ്രയോഗംകൊണ്ട് നിമിഷങ്ങൾക്കകം രോഗം നിയന്ത്രിക്കാൻ പോരുന്ന പ്രശസ്തമായ വൈദ്യപാരമ്പര്യമുള്ള ഗണകർ, വിവിധ തരത്തിലുള്ള ശില്പിവേലകളിൽ വൈദഗ്ധ്യം നേടിയ എല്ലാ വിഭാഗങ്ങളിലുംപെട്ട വിശ്വകർമ്മജർ തുടങ്ങിയവർ ഇക്കാലയളവിൽ ഇവിടെ വന്നെത്തി. പ്രശസ്തമായ നിരണം പള്ളിയും ചങ്ങനാശേരി അരമനയും ഇന്നാട്ടുകാരായ വാസ്തുശില്പികൾ പണിതീർത്തിട്ടുള്ളതാണ്.

അങ്കമാലിയിൽനിന്നും പെരുന്നയിൽ വന്നെത്തിയ കുഴിമണ്ണിൽ കുടുംബക്കാർ 1725 -ാമാണ്ടോടുകൂടി പായിപ്പാട്ട് സ്ഥിരതാമസമാക്കിയതായിട്ടാണ് ഗണന. നാലുകോടിക്കു പടിഞ്ഞാറുവശമായാണവർ ആദ്യം വാസമുറിപ്പിച്ചത്. കുഴിമണ്ണിൽ തറവാട് ഇന്നും അവിടെത്തന്നെ കാണാം. അവർക്ക് തെക്കുംകൂർ രാജാവിൽനിന്നും പെരുമാൾസ്ഥാനം ലഭിക്കുകയുണ്ടായി. തെക്കുംകൂർ ഭരണത്തിന്റെ അന്ത്യപാദമായിരുന്നു അത്. തിരുവിതാംകൂർ രാജാവ് മാർത്താണ്ഡവർമ്മ (കുലശേഖര പെരുമാൾ) യ്ക്കുവേണ്ടി ദളവാ രാമയ്യനും ക്യാപ്റ്റൻ ഡിലനോയിയും ചേർന്ന് 1750 സെപ്റ്റംബർ 11 -ാം തീയതി ആണല്ലോ തെക്കുംകൂറിന്റെ ആസ്ഥാനമായ ചങ്ങനാശേരി കീഴ്പ്പെടുത്തി തിരുവിതാംകൂറിനോടു ചേർത്തത്.

പായിപ്പാടിന്റെ വടക്കും കിഴക്കും ഭാഗങ്ങളിലായിരുന്നു കൂടുതൽ ജനാധിവാസം. തോട്ടായിൽ എന്നറിയപ്പെടുന്ന കിഴക്കൻ പ്രദേശം അന്നത്തെ മുഖ്യഗതാഗതമാർഗ്ഗമായ തോടിന്റെ സൗകര്യത്താൽ ക്രമേണ ഒരു വാണിജ്യകേന്ദ്രമായി വളർന്നു. അവിടെ പായിപ്പാട് കവലയും ചന്തയും രൂപംകൊണ്ടു. അവിടം ഇന്നൊരു ചെറിയ പട്ടണത്തിന്റെ പൗഡിയിലെത്തിക്കഴിഞ്ഞു.

കത്തോലിക്കർ ഏറെ പാർത്തുവന്ന പായിപ്പാടിന്റെ പടിഞ്ഞാറെ മേഖലയായ നാലുകോടി കേന്ദ്രീകരിച്ച് പൊതു സ്ഥാപനങ്ങളും സാംസ്കാരിക നീക്കങ്ങളും പ്രബലപ്പെട്ടു. നാലുകോടിക്കു തെക്കുഭാഗം കാടുകയറി കിടന്നിരുന്നു. ഈ ഭാഗം വെട്ടിത്തെളിച്ചാണ് വെട്ടികാട് കുടുംബസ്ഥാപകനായ തോട്ടയ്ക്കാട്ട് കൊണ്ടോടിക്കൽ പോത്തച്ചൻ 1780 -ൽ വീടുവച്ചത്. വെട്ടിത്തെളിച്ചകാട് വെട്ടികാടായി. അതോടെ നാലുകോടിയുടെ തെക്കു ഭാഗത്തിനൊരു നവോദയവും കൈവന്നു.

## അല്ഫോൻസ് അച്ചനും പള്ളിക്കുന്നുപള്ളിയും

പായിപ്പാട്ടെ പ്രഥമ വൈദികനായ വെട്ടികാട് അല്ഫോൻസച്ചൻ 1837 -ൽ ജനിച്ച് അതിപ്രഗത്ഭന്മാർക്കുമാത്രം ചെന്നെത്താനാവുന്ന സിലോണിലെ കാണ്ടിപേപ്പൽ സെമിനാരിയിൽ പഠിച്ച് 1865 -ൽ വൈദികാഭിഷിക്തനായ വ്യക്തിയാ

ണ്. തന്റെ ആവാസസ്ഥാനമായ പള്ളിക്കുന്നിൽ 1870 -ൽ ഒരു ചെറിയ പള്ളിയും ഇരുനിലമാളികയും അദ്ദേഹം പണികഴിപ്പിച്ചു. പായിപ്പാടിന്റെ പുരോഗതിയുടെ പ്രോദ്ഘാടകൻ എന്നു വിശേഷിപ്പിക്കപ്പെടുന്ന ഇദ്ദേഹം കേരളക്കരയിലെ ഉജ്ജ്വലനായ ഒരു വാഗ്മിയും സഭാ നേതാവുമായിരുന്നു.

സുറിയാനിക്കാർക്കു സ്വന്തം റീത്തിൽപ്പെട്ട മെത്രാനെ കിട്ടാനുള്ള സമരം തുടർന്നുകൊണ്ടിരിക്കെ ബാബേൽ പാത്രീയർക്കീസ് മാർ ഔദോ 1874 -ൽ അയച്ച മേലൂസ് ഏലിയാസ് മെത്രാനെ ചുറ്റിപ്പറ്റി കൊടുങ്ങല്ലൂർ ഭരണത്തിലിരുന്ന മുപ്പതും വരാപ്പുഴ വികാരിയാത്തിൽപെട്ട രണ്ടും ഉൾപ്പെടെ മുപ്പത്തിരണ്ടു ഇടവകകൾ പിടിച്ചെടുത്തു കൊണ്ട് തൃശൂർ കേന്ദ്രമാക്കി തൊണ്ടനാട് അന്തോനി കത്തനാരുടെയും പാലാക്കുന്നേൽ മത്തായിമറിയം കത്തനാരുടെയും നേതൃത്വത്തിൽ കേരളക്കരയിൽ ആഞ്ഞടിച്ച മേലൂസ് ശീശ്മയെ പ്രാരംഭത്തിൽ അല്പം അനുകൂലിച്ചെങ്കിലും ആബദ്ധ്യം മനസിലാക്കിയ വെട്ടിക്കാട്ടച്ചൻ ഭാവചരിതരായ നിധിയിരിക്കൽ മാണിക്കത്തനാർ, പോരുക്കര കുര്യാക്കോസച്ചൻ തുടങ്ങിയ മുന്നണി പടയാളികളോടൊപ്പം ശിശ്മയ്ക്കെതിരെ ശക്തിയുക്തം അടരാടുകയുണ്ടായി. പാവപ്പെട്ടവരേയും പണക്കാരേയും ഒരുപോലെ കാണുകയും സ്നേഹിക്കുകയും ചെയ്ത ഈ മനുഷ്യസ്നേഹി 1923 ജൂലൈ 23 -ാം തീയതി 86 -ാം വയസിൽ പരലോകപ്രാപ്തനായി.

അല്ഫോൻസച്ചൻ സംഭാവനചെയ്ത പള്ളിയും ഇരുനിലമാളികയും സ്ഥിതിചെയ്യുന്ന ഒരേക്കർ പത്തൊൻപതു സെൻറ് സ്ഥലത്താണ് 1938 ജനുവരി 31 -ാംതീയതി ഉദ്ഘാടിതമായ സെൻറ് ജോസഫ്സ് കോൺവൻറ് പണികഴിപ്പിച്ചിരിക്കുന്നത്. അവിടുത്തെ സെൻറ് ജോസഫ്സ് എൽ.പി. സ്കൂൾ, ഗേൾസ് ഹൈസ്കൂൾ, മംഗളാനഴ്സറി, ജ്യോതി വെൽഫെയർ സെൻറർ, ഡോൺ ബോസ്കോ പൂവർ ഹോം, ക്രഷ് തുടങ്ങിയ മതസാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിലെ വൈവിധ്യമാർന്ന സേവനസരണികൾ പായിപ്പാടിന്റെ ഹൃദയത്തിൽ ധന്യമുദ്രകൾ സൃഷ്ടിക്കുന്നതാണ്.

## ക്രൈസ്തവ ദേവാലയങ്ങൾ

ജ്ഞാന ധർമ്മങ്ങളുടെ അക്ഷയകോവിലാണല്ലോ ദേവാലയങ്ങൾ. 1886 ഒക്ടോബർ 17 -ാം തീയതി നങ്ങേലി ചിരുതയിൽനിന്നും കർമ്മം കഴിക്കുന്നതിനുവേണ്ടി എട്ടര ബ്രിട്ടീഷ് രൂപായ്ക്ക് തീറുവാങ്ങിയ മലയിൽ പുരയിടത്തിലാണ് 1887 ഫെബ്രുവരി നാലാം തീയതി വരാപ്പുഴയിൽ സുറിയാനിക്കാർക്കായുള്ള വന്ദ്യ മർസലിനോസ് മെത്രാന്റെ കല്പനപ്രകാരം പായിപ്പാട് സെൻറ് തോമസ് പള്ളിക്ക് അടിസ്ഥാനമിട്ടത്. 1895 -ൽ ഈ ഇടവകയിലെ കത്തോലിക്കാ കുടുംബങ്ങളുടെ എണ്ണം മൊത്തം 126 ആയിരുന്നു. വടക്കേഭാഗം കേന്ദ്രീകരിച്ച് കുഴിമണ്ണിൽ 32 വീട്ടുകാർ, അയ്യർകുളവൻ, പാറക്കടവൻ (പുത്തൻപുരയ്ക്കൽ), പുതുക്കുളം, വേഷ്ണാൽ തുടങ്ങി 14 വീട്ടുകാർ, തെക്കുഭാഗം കേന്ദ്രീകരിച്ച് വെട്ടിക്കാട് 22 വീട്ടുകാർ, പാണ്ടിച്ചേരി, പാറക്കുന്നേൽ, വലിയപറമ്പ് തുടങ്ങി 10 വീട്ടുകാർ, കിഴക്കും ഭാഗത്ത് തോട്ടായിക്കടവിൽ, കണിയാഞ്ഞാലിൽ, കിഴക്കേക്കടവിൽ, പാറയ്ക്കൽ തുടങ്ങി 48 വീട്ടുകാർ ഇങ്ങനെയായിരുന്നു അവ എന്ന് പായിപ്പാട് ഇടവക യോഗനടപടി പുസ്തകത്തിൽ കാണുന്നു.

1978 ആയപ്പോഴേയ്ക്കും കുടുംബങ്ങളുടെ എണ്ണം 850 ആയി ഉയർന്നു. അനേകം വീടുകൾ പണിത് സാധുക്കളായവർക്ക് വിതരണം ചെയ്തുകൊണ്ട് ഭവനനിർമ്മാണ രംഗത്തും നിരവധി സാധുക്കൾക്ക് വിവാഹസഹായം നൽ

കി അവരുടെ വിവാഹം നടത്തിക്കൊടുത്തു കൊണ്ട് വിവാഹസഹായരംഗത്തും ഇടവക ഒരു സാമൂഹിക വിപ്ലവം തന്നെ സൃഷ്ടിക്കുകയുണ്ടായി. 1929 ലാണ് ഇവിടുത്തെ ബൃഹത്തായ ഇരുനില വൈദിക വസതി ഉയർന്നത്. 1948 -ൽ നിർമ്മിക്കപ്പെട്ട ക്രിസ്തുരാജ പ്രതിമ ചൂടിയ, ഉയരമേറിയ മണിമാളിക അതീവം ശില്പസുന്ദരമാണ്. 1958 -ൽ ഇവിടെ നിർമ്മിതമായ ആർച്ചുബിഷപ് കാവുകാട് പൗരോഹിത്യ രജതജൂബിലി മെമ്മോറിയൽ പാരീഷ്ഹാൾ നാട്ടുകാർക്കൊരനുഗ്രഹമായി. സെൻറ് തോമസ് പള്ളിവകയായി 1925 -ൽ നാലുകോടി കവലയിൽ സ്ഥാപിതമായ വിശുദ്ധ അന്തോനീസിൻെറ കപ്പേളയും, കോൺവൻറ് ജംഗ്ഷനിൽ റോസാമിസ്റ്റിക്കായുടെ കപ്പേളയും സ്ഥിതിചെയ്യുന്നു. ഇവിടുത്തെ സെൻറ് തോമസിൻെറയും, സെൻറ് ആൻറണിയുടെയും, സെൻറ് സെബാസ്റ്റ്യൻെറയും തിരുനാളുകൾ ജാതിമതഭേദമെന്യെ ഇന്നാട്ടുകാർക്കെല്ലാം ആഹ്ലാദമാർന്ന അനുഗ്രഹവേളകളാണ്. പള്ളിയിൽനിന്നും നാലുകോടി കപ്പേളയിലേയ്ക്കും കോൺവൻറ് ജംഗ്ഷൻ കപ്പേളയിലേയ്ക്കുമുള്ള പ്രദക്ഷിണം അത്യാഘോഷപൂർണ്ണവും അതീവ ഭക്തിനിർഭരവുമാണ്. അസാദ്ധ്യകാര്യങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥനായ വിശുദ്ധ യൂദാസിൻെറ തിരുനാളിൽ വിദൂരസ്ഥലങ്ങളിൽ നിന്നുപോലും അനുഗ്രഹംതേടി ആയിരങ്ങളെത്തുന്നു.

നാലുകോടിയിലെ ആദ്യ സബ് പോസ്റ്റാഫീസിന് സൗജന്യമായി പ്രവർത്തന സൗകര്യമൊരുക്കിയത് ഈ പള്ളിമേടയിലാണ്. 1994 ഡിസംബർ 15 -ാം തീയതി അന്നത്തെ ധനകാര്യ മന്ത്രി ശ്രീ. കെ.എം. മാണി ഉദ്ഘാടനം ചെയ്ത പായിപ്പാട് വില്ലേജാഫീസ് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന കെട്ടിടം ഇരിക്കുന്ന സ്ഥലവും പള്ളിയിൽനിന്നും സൗജന്യമായി നല്കിയിട്ടുള്ളതാണ്. പള്ളിയുടെ ശതാബ്ദി സ്മാരകമായി പണിയുന്ന ഓഡിറ്റോറിയത്തിൻെറ നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചുതുടങ്ങി. പള്ളി മുറ്റത്ത് കാണുന്ന വചനോത്സവനിലയം ഓപ്പൺ എയർ ഓഡിറ്റോറിയം ശ്രീ കെ.പി. ജോസഫ് വെട്ടിക്കാടൻെറ സ്മരണ ഉയർത്തുന്നു.

ഇടവകയുടെ കിഴക്കൻ മേഖലയിൽ 1959 ഫെബ്രുവരി 11 -ന് ചാപ്പലായിട്ടാരംഭിച്ച് 1970 മെയ് 4 -ന് വൈദികർ താമസമുള്ള കുരിശുപള്ളിയായി ഉയർന്ന ലൂർദ്മാതാ ദേവാലയം 1978 -ൽ മാതൃദേവാലയമായ സെൻറ് തോമസിൽനിന്നും പിരിഞ്ഞ് സ്വതന്ത്ര ഇടവകയായിത്തീർന്നു. മുന്നൂറോളം കുടുംബങ്ങൾ ഇപ്പോഴാ ഇടവകയിലുണ്ട്. പള്ളിവകയായി ഒരു പാരീഷ്ഹാളും നിർമ്മിതമായിക്കഴിഞ്ഞിരിക്കുന്നു. ഇവിടുത്തെ മാതാവിൻെറ തിരുനാൾ വളരെ പ്രശസ്തവും ആകർഷകവുമാണ്. ഈ ഇടവക സാമൂഹ്യപ്രവർത്തനങ്ങൾ കാര്യക്ഷമമായി സംഘടിപ്പിച്ചുവരുന്നു. ഇതിനു സമീപമുള്ള എസ്.എച്ച്. സഭവക മഠം ഒരു നഴ്സറിസ്കൂളും ഇംഗ്ലീഷ് മീഡിയം സ്കൂളും നടത്തിവരുന്നു.

ഇവിടെനിന്നും അല്പം കിഴക്കോട്ടുമാറി കവലയ്ക്കു പടിഞ്ഞാറായി സീറോ മലങ്കര റീത്തിൽപെട്ട സെൻറ് ജോർജ് ചർച്ച് സ്ഥിതിചെയ്യുന്നു. 1971 ഡിസംബർ 27 -ന് സ്ഥാപിതമായ ഈ ഇടവകയിൽ ഇപ്പോൾ 60 കുടുംബങ്ങളാണുള്ളത്. തികച്ചും പൗരസ്ത്യമായ ആരാധനക്രമമാണിവരുടേത്.

ഈ പഞ്ചായത്തിൽപെട്ട ളായിക്കാടുഭാഗത്ത് എം.സി റോഡിനഭിമുഖമായി നിൽക്കുന്ന ഒരു പള്ളിയാണ് സെൻറ് ജോസഫ്സ്. 1920 -ൽ വണക്കമാസപ്പുരകെട്ടി വണക്കമാസവും സൺഡേസ്കൂളും നടത്തിത്തുടങ്ങി. 1921 -ൽ അവിടെ ഒരു പള്ളിക്കും കുരിശടിക്കും വേണ്ടിയുള്ള



-മഹാത്മാഗാന്ധി

ശിലാസ്ഥാപനം ചങ്ങനാശേരി രൂപതാ മെത്രാനായിരുന്ന അഭിവന്ദ്യ മാർ തോമസ് കുര്യാളശേരി നിർവ്വഹിച്ചു. നിർമ്മാണം പൂർത്തിയായ കുരിശടിയുടെയും പള്ളിയുടെയും കൂദാശ തൻെറ പിൻഗാമിയായ അഭിവന്ദ്യ മാർ ജെയിംസ് കാളാശേരിയാണ് 1929 -ൽ നിർവ്വഹിച്ചത്. പ്രാരംഭത്തിൽ ഇവിടുത്തെ വിശ്വാസികൾ ചങ്ങനാശേരി ഇടവകക്കാരായിരുന്നു. 1964 -ൽ വൈദികർ താമസമുള്ള ഒരു കുരിശുപള്ളിയായി അത് ഉയർത്തപ്പെട്ടു. അനുദിനം പുരോഗമിച്ചുവന്ന ഇടവക 1966 -ൽ ഒരു എൽ.പി സ്കൂൾ ആരംഭിച്ചു. 1972 -ൽ ആരാധനാ സന്യാസിനി സഭയുടെ ഒരു ശാഖാഭവനം അവിടെ സ്ഥാപിതമായി. ളായിക്കാട്ട് ഇപ്പോൾ കാണുന്ന ദേവാലയം 1977 ജനുവരി 26 -ാം തീയതിയാണ് ആർച്ചുബിഷപ്പ് മാർ ആൻറണി പടിയറ കൂദാശ ചെയ്തത്. 1980 മാർച്ച് 1 -ന് ഇതൊരു സ്വതന്ത്ര ഇടവകയായി പ്രഖ്യാപിക്കപ്പെട്ടു. 1948 -ൽ പണിതീർന്ന പള്ളിമുറി പൊളിച്ചുമാറ്റി 1982 -ൽ വൈദികഭവനം നിർമ്മിക്കപ്പെട്ടു. സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി സംഘടിപ്പിക്കപ്പെട്ടുവരുന്ന ഇടവകയിൽ ഇപ്പോൾ 253 കുടുംബങ്ങളുണ്ട്. വിശുദ്ധ യൗസേപ്പ് പിതാവിൻേറതാണിവിടുത്തെ പ്രധാന തിരുനാൾ. ആരാധനാ മഠത്തോടനുബന്ധിച്ച് ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളും ആരംഭിച്ചിട്ടുണ്ട്. പള്ളിയ്ക്കല്പം വടക്കോട്ടുമാറി എം.സി റോഡിൽ ബ്രിട്ടീഷ് ഭരണകാലത്ത് 1874 -ൽ വെട്ടുകല്ലിൽ ആർക്കുകളോടെ നിർമ്മിക്കപ്പെട്ട ളാപ്പാലം ആധുനിക സാങ്കേതി വിദ്യയെ വെല്ലുവിളിച്ചുകൊണ്ട് യാതൊരു കുലുക്കവും കൂടാതെ നിൽക്കുന്നത് കാണാൻ കൗതുകമുണ്ട്. വളരെക്കാലം അവിടെ നിലനിന്നിരുന്ന കേവ് വള്ളക്കടവ് ഇന്നൊരു ഗതകാല സ്മൃതിയായി മാറിയിരിക്കുന്നു.

ഒന്നാംവാർഡിൽ പൂവം പ്രദേശത്ത് വിജയപുരം രൂപതയിൽപെട്ട ഒരു ലത്തീൻ കത്തോലിക്കാ പള്ളിയുണ്ട്. ഏതാണ്ട് ഒന്നര നൂറ്റാണ്ടു മുമ്പ് കായംകുളത്തുനിന്നും ഒരു ലത്തീൻ കത്തോലിക്കാ കുടുംബം ഇവിടെ താമസമാക്കി. പിന്നീട് കൊല്ലംജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നും മത്സ്യബന്ധനം ഉപജീവനമാക്കിയിരുന്ന നിരവധി കുടുംബങ്ങൾ ഇവിടെ കുടിയേറി പാർത്തുതുടങ്ങി. അങ്ങനെ അവരുടെ ജനസംഖ്യ വർദ്ധിച്ചു. ഇപ്പോൾ ഏതാണ്ട് മുന്നൂറോളം കുടുംബങ്ങൾ ഇവിടെ ഉണ്ട്. ഇവരിൽ പലരും പരമ്പരാഗത തൊഴിൽവിട്ട് മറ്റ് ജീവിതതുറകളിലേയ്ക്ക് തിരിഞ്ഞുകഴിഞ്ഞിരിക്കുന്നു. നാലുകോടിക്കു തെക്കും പടിഞ്ഞാറുമായി നാല്പതോളം ലത്തീൻ കത്തോലിക്കാ കുടുംബങ്ങളുണ്ട്. അവർക്കായി പ്രത്യേകം പള്ളിയില്ല. ചങ്ങനാശേരി മേരിമൗണ്ടാണ് അവരുടെ ഇടവകദേവാലയം.

പഞ്ചായത്തിൻെറ അഞ്ചാം വാർഡിലുള്ള സി.എം.എസ് കാരുടെ സെൻറ് തോമസ് പള്ളി 1910 ലാണ് ആരംഭിച്ചത്. പിന്നെ ഇവർ സി.എം.എസ്., സി.എസ്.ഐ. എന്നു രണ്ടായി പിരിഞ്ഞു. മുപ്പതു കുടുംബങ്ങളുള്ള സി.എസ്.ഐ. വിഭാഗക്കാരുടെ കൈവശമാണ് പള്ളി. സി.എസ്.ഐ. ആംഗ്ലിക്കൻ സഭയുടെ രണ്ടാമത്തെ മെത്രാൻ സ്ഥാനമലങ്കരിച്ചത് ഈ നാട്ടുകാരനായ റൈറ്റ്. റവ. ഇ.ജെ. മത്തായി ആണെന്നവസ്തുത അഭിമാനകരമാണ്. 1965 -ൽ പിരിഞ്ഞ സി.എം.എസ്. വിഭാഗത്തിനിപ്പോൾ പ്രത്യേകം പള്ളി ഇല്ല. ആറ് കുടുംബങ്ങൾ മാത്രമേ ഈ വിഭാഗത്തിലുള്ളൂ.

1908 -ൽ പി.ആർ.ഡി.എസ്. എന്ന സഭാവിഭാഗവും ഇവിടെനിലവിൽ വന്നു. പതിനൊന്ന് കുടുംബങ്ങളാണ് ഈ വിഭാഗത്തിലുള്ളത്.

## ക്ഷേത്രങ്ങൾ

ഗ്രാമത്തിലെ ഏറ്റവും പൗരാണികമായ

ഒന്നാണ് തുരുത്തീക്കടവിനടുത്തു കാണുന്ന പായിപ്പാട് ശ്രീ മഹാദേവർക്ഷേത്രം. ഏതാണ്ട് രണ്ടായിരം വർഷത്തെ പഴക്കം തോന്നുന്ന ലിപി വിന്യാസം ക്ഷേത്ര ശ്രീകോവിലിന്റെ തറ നിർമ്മിച്ചിട്ടുള്ള ശിലകളിൽ തെളിയുന്നു. കൊല്ലവർഷാരംഭത്തിൽതന്നെ ഈ ക്ഷേത്രം പാട്ടമ്പലം, ബലിക്കൽ പുര, മണ്ഡപം, ബലിക്കല്ല്, ശ്രീകോവിൽ, ഗർഭഗൃഹം തുടങ്ങി എല്ലാ മഹാക്ഷേത്രാംശങ്ങളും ചേർന്ന ഒന്നായിരുന്നു. കൊല്ലവർഷം 752 മകരം തിരുവാതിര ഞാറ്റി കൊടികയറി അത്തം നക്ഷത്രത്തിൽ ആറോട്ടോടുകൂടി ഈ ക്ഷേത്രത്തിലെ ഉത്സവച്ചടങ്ങ് അവസാനിച്ചതായും കുഴിക്കാട്ട് ഭട്ടതിരിക്ക് തന്ത്രം ലഭിച്ചതായും താളിയോലകളിൽ കാണുന്നുണ്ട്. കൊല്ലവർഷം 1023 മേടമാസം അത്തം ദ്വാദശിയും ചേർന്ന ദിവസം ഈ ക്ഷേത്രത്തിൽ ഉപദേവനായി മഹാവിഷ്ണുവിനെ പ്രതിഷ്ഠിച്ചു. ഓങ്ങല്ലൂരില്ലം വകയായിരുന്ന ഈ ക്ഷേത്രം 25 വർഷങ്ങൾക്കു മുമ്പ് അഖില ഭാരത അയ്യപ്പസേവാ സംഘം 410 -ാം നമ്പർ പായിപ്പാട് ശാഖയ്ക്ക് എഴുതിക്കൊടുത്തിട്ടുള്ളതും ഈ ശാഖയുടെ നേതൃത്വത്തിൽ ക്ഷേത്ര ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നതുമാകുന്നു. ക്ഷേത്രക്കിണറ്, തിടപ്പള്ളി, സേവപ്പന്തൽ, ചുറ്റുമതിൽ, രക്ഷസിന്റെ കോവിൽ, അയ്യപ്പനും ഗണപതിക്കും പ്രത്യേക കോവിലുകൾ, ശിവക്ഷേത്ര മണ്ഡപം ,കമനീയമായ അലങ്കാരഗോപുരം ഇവയുടെ നിർമ്മാണം സംഘശാഖാ നേതൃത്വത്തിൽ നടത്തിക്കഴിഞ്ഞിരിക്കുന്നു. മൂന്നരലക്ഷം രൂപാ മുടക്കിയുള്ള ശ്രീകോവിലിന്റെ പണി ഭാഗികമായി തീർന്നുകഴിഞ്ഞിട്ടുണ്ട്. പാട്ടമ്പലവും, ബലിക്കൽപുരയും നവഗ്രഹ പ്രതിഷ്ഠയും പൂർണ്ണമാക്കി ക്ഷേത്ര ധ്വജപ്രതിഷ്ഠയോടുകൂടി ശ്രീ മഹാദേവർ ക്ഷേത്രം പഴയ പൗരാണികതയിലെത്തിച്ചരുന്നു കാലം വിദൂരമല്ല.

അഞ്ഞൂറിൽപരം വർഷങ്ങൾക്ക് മുൻപ് ചെറുവള്ളിക്കാവ് ക്ഷേത്രത്തിലെ പൗരോഹിത്യ നിത്യകർമ്മം അനുഷ്ഠിച്ചിരുന്ന പരമ്പരയിൽ പെട്ടയാളും പാമ്പാടി ചെങ്ങഴശ്ശേരിയില്ലത്ത് നിന്നും ഈ ഗ്രാമത്തിലെത്തി പിന്നീട് ഓങ്ങല്ലൂരില്ലത്ത് കുടിയിരുന്നതുമായ നമ്പൂതിരി ശ്രേഷ്ഠൻ കൊല്ലാപുരം ചെട്ടിമാരുടെ വകയായിരുന്ന കാവുംനീരൊഴുക്കും ചേർന്ന കടലോട്ടാമണ്ണിൽ തന്റെ അധിദേവതയായ ഭദ്രയെ പ്രതിഷ്ഠിക്കുകയും പ്രതിഷ്ഠാസ്ഥാനം പിന്നീട് പുത്തൻകാവ് ഭഗവതിക്ഷേത്രമായി പ്രശസ്തമാവുകയും ചെയ്തു. ചെമ്പഴന്തിയിലെ 'മണക്കൽ' ക്ഷേത്രം പോലെ ഗ്രാമീണർക്ക് തുല്യാവകാശം ഉണ്ടായിരുന്ന ഈ ക്ഷേത്രത്തിൽ നായന്മാർക്കും ഈഴവർക്കും കാര്യവിചാരം ചെയ്യുവാൻ പ്രത്യേകം കളിത്തട്ടുകളും മറ്റ് പിന്നോക്ക വർഗ്ഗങ്ങൾക്ക് ക്ഷേത്ര പുരോഭൂവിൽ പടിഞ്ഞാട്ടുമാറി പ്രത്യേകം നേർച്ചകാഴ്ചകൾ വയ്ക്കുവാൻ തറയുമുണ്ടായിരുന്നു. ക്ഷേത്രത്തിലെ 'പടയണി' മഹോത്സവത്തിൽ ഹിന്ദു മുസ്ലീം ക്രൈസ്തവ സമുദായങ്ങൾക്കെല്ലാം പങ്കാളിത്തമുണ്ടായിരുന്നു. അരക്കുതിര, കോലം തുള്ളൽ, കളമെഴുത്ത്, പാട്ട്, അടവി, പുപ്പട, ഗുരുസി തുടങ്ങിയ പ്രാചീനോത്സവ ചടങ്ങുകളും ദേവ്യാരാധനയും ഇവിടെ നിലനിന്നിരുന്നു. പ്രാചീനകാലംമുതൽ ഈ ക്ഷേത്രത്തിൽ കലംകരിക്കലും കളമെഴുത്തുപാട്ടും നടത്തിയിരുന്നു. ദേവ പ്രശ്നവിധിപ്രകാരം ഈ ക്ഷേത്രം മകര ഭരണി പൊങ്കാല മഹോത്സവത്തിന് തയ്യാറെടുക്കുകയാണ്. ഈ ക്ഷേത്രം സമീപകാലത്ത് പുതുക്കിപണിത് പുരോഭാഗത്ത് കമനീയമായ ആനക്കൊട്ടിൽ നിർമ്മിച്ചിട്ടുള്ളതാണ്. 1977 മാർച്ച് -ഏപ്രിലിൽ വെങ്കല ധ്വജപ്രതിഷ്ഠ നടത്തപ്പെടുന്ന ഈ ക്ഷേത്രം ക്ഷേത്രങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്തെത്തിയിരുക്കുന്നു. യക്ഷി, മൂർത്തി, രക്ഷസ്സ്, നാ

ഗയക്ഷി ഇവയ്ക്ക് പ്രത്യേകം ആരാധനാസ്ഥാനങ്ങളും, പരമശിവൻ, ഗണപതി ഈ ആരാധനാമൂർത്തികൾക്ക് പ്രത്യേക ക്ഷേത്രങ്ങളും നിർമ്മിച്ച് കഴിഞ്ഞിരിക്കുന്നു. ഈ ക്ഷേത്രത്തിന്റെ ഭരണം ഇപ്പോൾ നടത്തുന്നത് കിഴക്കും പടിഞ്ഞാറും എൻ.എസ്.എസ്. കരയോഗങ്ങളുടെ പ്രതി നിധികൾ അടങ്ങുന്ന ദേവസ്വം കമ്മറ്റിയാണ്.

ബ്രാഹ്മണരുടെ പ്രാഗത്ഭ്യം നിറഞ്ഞ കാലഘട്ടത്തിനു മുൻപ് പിന്നോക്ക വർഗ്ഗങ്ങളുടെ ആരാധനാ മൂർത്തികളെ ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രതിഷ്ഠിച്ചും ആവാഹിച്ചും ഗുരുസിയുൾപ്പെടെയുള്ള അനുഷ്ഠാനങ്ങൾ നടത്തിയും പൂജിച്ചിരുന്നതായിക്കാണാം. പായിപ്പാട് ഗവൺമെന്റ് ഹൈസ്കൂളിനടുത്തുള്ള യക്ഷിത്തറ, പതിനെട്ടിൽ തറവാട്ടുകാരുടേതെന്നു കരുതുന്ന യക്ഷിത്തറ, പാട്ടുകളം, വേഷ്ണാൽ ഭാഗത്തുള്ള തറ, പുത്തൻകാവിലെ പണിക്കർ വീടൻ വക യക്ഷിത്തറ തുടങ്ങിയവ ഈ കൂട്ടത്തിൽ പെടുന്നു. കൂടാതെ പത്തില്ലത്തിൽ പോറ്റിമാരുടെ കാലത്ത് ഓരോ ഇല്ലത്തിനും തനതായ ഉപ ക്ഷേത്രങ്ങൾ ഉണ്ടായിരുന്നതായി കാണുന്നു. ഇതിൽ പ്രസിദ്ധമായ കൊന്നോലി ഇല്ലം വകയായുണ്ടായിരുന്ന ചെങ്ങൻ കുളങ്ങര മഹാവിഷ്ണു ക്ഷേത്രം പുനരുദ്ധാരണ പ്രക്രിയകൾക്ക് വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്. ഈ ക്ഷേത്രത്തിന്റെ യശോധാവള്യം പരന്നിരുന്ന കാലങ്ങളിൽ അതിപ്രസിദ്ധമായ 'നന്ദാ' വിളക്കെടുപ്പ് നടത്തിയിരുന്നതായും ആ വരവേല്പിൽ ക്രൈസ്തവ സഹോദരങ്ങൾ സൗമനസ്യത്തോടെ സഹകരിച്ചിരുന്നതായും അവരുടെ അനുമതിയോടെമാത്രം ക്ഷേത്രത്തിലേയ്ക്ക് വിളക്കെടുപ്പ് മടങ്ങിയിരുന്നതുമായ പാരമ്പര്യം നിലനിന്നിരുന്നു.

മൂന്ന് ഭജനമഠങ്ങളും ഒരു സ്വാമിമന്ദിരവും സാംബവ ചേരമർ സഭകളും പായിപ്പാട് സചേതനമാണ്. കൂടാതെ എൻ.എസ്.എസ് കരയോഗങ്ങളും, എസ്.എൻ.ഡി.പി ശാഖകളും വിശ്വകർമ്മ സമുദായസംഘടനകളും വിവിധ വാർഡുകളിൽ പ്രവർത്തിച്ചുവരുന്നു.

## മോസ്ക്കുകൾ

പായിപ്പാട് മാർക്കറ്റിനു സമീപം സ്ഥിതിചെയ്യുന്ന മുസ്ലീംപള്ളിയാണ് ഇവിടുത്തെ പഴക്കമേറിയ മോസ്ക്ക്. 125 വർഷങ്ങൾക്ക് മുമ്പ് സ്ഥാപിക്കപ്പെട്ടതാണിത്. ഈ പള്ളി നടപടികളിൽ ചേർന്ന് നടന്നുവരുന്ന മുസ്ലീം ജനവിഭാഗത്തെ പുത്തൻപള്ളി ജമാഅത്ത് എന്നു വിളിക്കുന്നു. ഈ ജമാഅത്ത് 1972 -ൽ 708 -ാം നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. 540 ഓളം കുടുംബങ്ങൾ ഈ ജമാഅത്തിൽ വരും. ജമാ അത്ത് വകയായി നടത്തിക്കൊണ്ടിരുന്ന എൽ.പി. സ്കൂൾ ഗവൺമെന്റിലേക്ക് വിട്ടുകൊടുക്കുകയുണ്ടായി. 700 ഓളം കുട്ടികൾ അറബി പഠനം നടത്തുന്ന മദ്രസാ സ്വന്തമായി സ്ഥാപിച്ചു പ്രവർത്തിച്ചുവരുന്നു. ഇസ്ലാമിക് കൾച്ചറൽ അസോസിയേഷൻ, മുസ്ലീം യഗ്മെൻസ് അസോസിയേഷൻ, എന്നീ സേവക സന്നദ്ധസംഘങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. പാവപ്പെട്ടവരുടെ ഭവനനിർമ്മാണത്തെ സഹായിക്കുക, സാധുക്കൾക്ക് വിവാഹ സഹായം നൽകി വിവാഹം കഴിപ്പിക്കുക, വിദ്യാഭ്യാസ സഹായം ചെയ്യുക തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങൾ ഇവിടെ സംഘടിപ്പിക്കുന്നുണ്ട്. നാടിന്റെ മുഖ്യധാരയിൽ ചേർന്ന് എല്ലാവിധ വിദ്യാസാസ്കാരിക പ്രവർത്തനങ്ങളിലും ഇവിടുത്തെ മുസ്ലീം സമുദായം പങ്കുകൊള്ളുന്നു. ഇവിടുത്തെ മുസ്ലീം സഹോദരന്മാരിൽ 45%വും ഗർഫ് രാജ്യങ്ങളിൽ ജോലിക്കാരത്രെ. ഇവരുടെ റംസാൻ, ബക്രിദ്, നബിദിനം തുടങ്ങിയ പെരുന്നാളുകളും ആഘോ

ഷങ്ങളും നാട്ടുകാർക്കൊരുപോലെ ആനന്ദ വേളയാണ്.

## കളപ്പുരയ്ക്കൽ ത്രേസ്യാമ്മയും റീത്താസ് ആശുപത്രിയും

1896 -ൽ ജനിച്ച് 1912 -ൽ സുറിയാനി കത്തോലിക്കാ വനിതകളിൽ പ്രഥമ ബിരുദധാരിണിയെന്ന സ്ഥാനം നേടിയ കളപ്പുരയ്ക്കൽ ത്രേസ്യാമ്മ കത്തോലിക്കാ വനിതാ വിദ്യാഭ്യാസ രംഗത്തെ മുന്നോടികളിൽ ഒരാളാണ്. ഈ സാധ്വിരത്നം വിദ്യാഭ്യാസവകുപ്പിൽ സ്കൂൾ ഇൻസ്പെക്ട്രസായി റിട്ടയർ ചെയ്തു. അവിവാഹിതയായ ഇവർ ശിഷ്ടകാലം പായിപ്പാട്ടു കോൺവൻറിൽ കഴിച്ചുകൂട്ടി. അല്ഫോൻസച്ചൻെറ ബംഗ്ലാവിനോടനുബന്ധിച്ച് സന്യാസിനികളുടെ താമസത്തിനാവശ്യമായ കെട്ടിടങ്ങളും മനോഹരമായ ചാപ്പലും നിർമ്മിച്ചുകൊടുത്തു. പൂവർ ഹോമിനായി ഒരേക്കർ സ്ഥലവും സമ്പാദിച്ചു നൽകി. സമർപ്പിത ചേതസായിരുന്ന ത്രേസ്യാമ്മ 1971 ജൂൺ 17 -ന് അന്ത്യശ്വാസം വലിച്ചു. ഈ നാടിനെ പെറ്റമ്മയെപ്പോലെ സ്നേഹിച്ചുകൊണ്ട് തനിക്കുള്ള സമ്പത്തെല്ലാം മുടക്കി അവർ നാലുകോടിയിൽ എട്ടേക്കർ വരുന്ന സ്ഥലത്ത് റീത്താസ് ഹോസ്പിറ്റൽ സ്ഥാപിക്കുകയുണ്ടായി. നെടുമങ്ങാട്ടെ തൻെറ റബർ എസ്റ്റേറ്റും ആശുപത്രിക്കു വിട്ടുകൊടുത്തു. 1965 ഏപ്രിൽ 4 -ന് പുണ്യശ്ലോകനായ കാവുകാട്ടു മെത്രാപ്പോലീത്തയാണ് ഈ സ്ഥാപനം ആശീർവ്വദിച്ചുൽഘാടനം ചെയ്തത്. 1971 മുതൽ സി.എം.സി. സഭക്കാരുടെ മാനേജ്മെൻറിൽ വികസിതരൂപം പൂണ്ട് എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടെയും വർദ്ധിതശക്തിയോടെയും നടത്തപ്പെടുന്ന ഈ മേജർ ഹോസ്പിറ്റലാണ് ഈ നാടിൻെറ മുഖ്യ ചികിത്സാകേന്ദ്രം.

കവലയിലെ അർപ്പിതാ ഹോസ്പിറ്റൽ, ഗവൺമെൻറ് ഹോമിയോ ആശുപത്രി, ഗവൺമെൻറ് ആയുർവ്വേദാശുപത്രി തുടങ്ങി അരഡസൻ ചികിത്സാലയങ്ങളും പ്രൈമറി ഹെൽത്ത് സെൻററുകളും നാടിനനുഗ്രഹമായി വർത്തിക്കുന്നു.

## മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

ശക്തമായ വ്യവസായ സംരംഭങ്ങളൊന്നും പായിപ്പാട്ടില്ല. എങ്കിലും പായിപ്പാടിൻെറ തുടിപ്പുകൾക്ക് കരുത്തേകാൻ നാലുകോടിയിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനു കഴിയുന്നു. ളായിക്കാട്ടെ എൻ.എസ്.എസ് വക ഐ.റ്റി.സിയും ഒരു വാഗ്ദാനമാണ്. മൂന്നാലു സ്വകാര്യ സ്റ്റീൽ ഇൻഡസ്ട്രികളുമുണ്ടിവിടെ. കുറെ സ്വകാര്യ ടിമ്പർ വ്യവസായികളും സോമില്ലുകാരും രംഗത്തുണ്ട്. ഫർണിച്ചർ നിർമ്മാണം വളരുന്നൊരു വ്യവസായമായി മാറിയിരിക്കുന്നു. രണ്ടു തീപ്പെട്ടി കമ്പനികളും ഇവിടെ പ്രവർത്തിച്ചുവരുന്നു.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

സമുദായാചാര്യൻ ശ്രീ മന്നത്തു പത്മനാഭൻെറ അദ്ധ്യാപന മർമ്മജ്ഞതയാൽ സമ്പന്നമായി കോൺവൻറ് ജംഗ്ഷനു കിഴക്കുവശം സ്ഥിതിചെയ്യുന്ന ഗവൺമെൻറ് യു.പി. സ്കൂളാണ് പായിപ്പാട്ടെ ഏറ്റവും പഴക്കമുള്ള വിദ്യാഭ്യാസ സ്ഥാപനം. 1938 -ൽ ആരംഭിച്ച കോൺവൻറ് പ്രൈമറി സ്കൂൾ, തുടർച്ചയായി എസ്.എസ്.എൽ.സി യ്ക്ക് നൂറുശതമാനം വിജയം കരസ്ഥമാക്കിക്കൊണ്ടിരിക്കുന്ന കോൺവെൻറ് ഗേൾസ് ഹൈസ്കൂൾ, തുരുത്തിക്കടവിനും തോട്ടായിക്കടവിനും മദ്ധ്യേ നിലകൊള്ളുന്ന ഗവൺമെൻറ് ഹൈസ്കൂൾ, അവിടെ തന്നെയുള്ള മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ബി.എഡ്. സെൻറർ, കവലയിൽ സ്ഥിതിചെയ്യുന്നതും മുസ്ലീം സമുദായത്തിൽനിന്നും സർക്കാരിലേയ്ക്ക് വിട്ടുകൊടുത്തതുമായ

എൽ.പി. സ്കൂൾ, ലൂർദ്പള്ളിക്കു സമീപമുള്ള എസ്.എച്ച് സഭക്കാരുടെ വക എസ്.എച്ച് ഇംഗ്ലീഷ് മീഡിയം സ്കൂളും നഴ്സറി സ്കൂളും എസ്.എച്ച് ടെയ്ലറിംഗ് സ്കൂളും, ളായിക്കാട് എൽ.പി സ്കൂൾ, ളായിക്കാട് അഡോറേഷൻ കോൺവൻറ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ഇവ കൂടാതെ രണ്ടു മൂന്നു നേഴ്സറി സ്കൂളുകളും ഏതാനും പാരലൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും ചേർന്ന് ഇവിടെയൊരു വിജ്ഞാനവ്യാപനം തന്നെ സാധിച്ചിരിക്കുന്നു. ഏതാനും കമ്പ്യൂട്ടർ, ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങളും ഇല്ലാതില്ല.

## പൊതുജന സേവനവേദികൾ

നല്ലനിലയിൽ പ്രവർത്തിക്കുന്ന പഞ്ചായത്താണിവിടുത്തെ മുഖ്യ പ്രാദേശിക സ്വയം ഭരണവേദി. പായിപ്പാട് വില്ലേജാഫീസ്, നാലുകോടിയിലും പള്ളിക്കച്ചിറയിലുമായി രണ്ട് പോസ്റ്റാഫീസുകൾ തുടങ്ങിയവയും കർമ്മനിരതമാണ്. സ്റ്റേറ്റ് ബാങ്ക്, കാത്തലിക്ക് സിറിയൻബാങ്ക്, സർവ്വീസ് സഹകരണബാങ്ക്, സെൻട്രൽ സർവ്വീസ് സഹകരണബാങ്ക്, മിൽക്ക് സൊസൈറ്റി, ലാറ്റക്സ് സൊസൈറ്റി ഡയറിഫാമുകൾ ഇവയും പ്രവർത്തിക്കുന്നു. കർഷക സംഘടനകൾ, നാനാവിധ തൊഴിൽ സംഘടനകൾ എല്ലാം സമരസത്തോടെ മുന്നേറുന്നുണ്ടിവിടെ. മത്സ്യബന്ധനം, അലക്ക്, മരക്കയറ്റം ചുമട്ടുതൊഴിലാളി സംഘടനകളും നന്നായി പ്രവർത്തിക്കുന്നു.

## വിജയ ശ്രീലാളിതർ!

സസ്യശ്യാമള കോമള കേരളത്തിൻെറ വശ്യകതയാകെ ധന്യരൂപം പൂണ്ട് നാഗരികതയുടെ വർണ്ണപ്പൊലിമ ഒപ്പി എടുത്ത സംസ്കാരസമ്പന്നമായ പായിപ്പാട്ടെ സാക്ഷരത നൂറു ശതമാനത്തിലേയ്ക്കെത്തുന്നു. 1991 -ലെ സെൻസസുപ്രകാരം 21781 ആണ് ഈ പഞ്ചായത്തിലെ ജനസംഖ്യ. മൊത്തത്തിൽ ഒരു കാർഷിക മേഖലയായി വ്യാഖ്യാനിക്കപ്പെടാമെങ്കിലും ജീവിതത്തിൻെറ നാനാതുറകളിലും സധീരം കാലൂന്നി ബുദ്ധിയും സിദ്ധിയും ഉപയോഗിച്ച് ശുഭാപ്തിവിശ്വാസത്തോടെ അടരാടി വിജയശ്രീലാളിതരായ കർമ്മോത്സുകരുടെ ഒരു നീണ്ട നിരതന്നെ ഇവിടെ ദർശിക്കാം.

1891 ജനുവരി 1 -ാം തീയതി സഭാനേതാവായ നിധിയിരിക്കൽ മാണിക്കത്തനാരുടെയും മദ്രാസ് ഹൈക്കോടതി വക്കീൽ കെ.പി. ശങ്കര മേനോൻെറയും നേതൃത്വത്തിൽ 10037 പേർ ഒപ്പിട്ട് മഹാരാജാവിനു സമർപ്പിച്ച മലയാളി മെമ്മോറിയൽ, 1921 -ലെ മലബാർ കലാപം, 1931 -ൽ കേളപ്പജി നയിച്ച വൈക്കം സത്യാഗ്രഹം, 1932 -ൽ മഹാരാജാവിൻെറ പരിഷ്ക്കാരങ്ങൾക്കെതിരായി ഈഴവ ക്രിസ്ത്യൻ മുസ്ലീം സമൂദായങ്ങൾ ചേർന്നു നടത്തിയ നിവർത്തന പ്രസ്ഥാനം. ഈഴവ ക്രിസ്ത്യൻ മെമ്മോറിയലുകൾ, പുന്നപ്ര വയലാർ സംഘട്ടനം, ഉദയംപേരൂർ സൂനഹദോസ്, കൂനൻ കുരിശു സത്യം, ജാതൈക്യ സംഘനീക്കങ്ങൾ, നാട്ടു മെത്രാൻ പ്രക്ഷോഭണം, നായരീഴവ സമൂദായങ്ങൾ സട കുടഞ്ഞെഴുന്നേറ്റ സംഘടിത യത്നങ്ങൾ, സ്വാതന്ത്ര്യ സമരങ്ങൾ, വിമോചനസമരം തുടങ്ങിയവയിലെല്ലാം ഈ നാടിൻെറ മക്കൾ ഉണർവ്വുറ്റ ആഭിമുഖ്യവും സചേതനമായ ഭാഗഭാഗിത്വവും വഹിക്കുകയുണ്ടായി.

ജാതിയുടെയും അയിത്താചാരത്തിൻെറയും സങ്കീർണ്ണതകൊണ്ട് പത്തൊമ്പതാം നൂറ്റാണ്ടിൻെറ അന്ത്യത്തിൽ ഒരു ഭ്രാന്താലയമെന്ന് വിവേകാനന്ദ സ്വാമികൾ വിശേഷിപ്പിച്ച കേരളത്തിൽ ചട്ടമ്പി സ്വാമികളും ശ്രീനാരായണ ഗുരുവും അയ്യങ്കാളിയും സമുദായാചാര്യൻ മന്നത്ത് പത്മനാഭനും വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസച്ചനുമൊക്കെ ഉയർത്തിയ വിപ്ലവജ്വാലകളും ഈ നാടിനെ ത്രസിപ്പിക്കുകയുണ്ടായി.

ജാതിമത ചിന്തകൾക്കും സാമ്പത്തികമായ ഉച്ചനീചത്വത്തിനും എതിരായി പിന്നോക്ക സമുദായങ്ങളെ അണിനിരത്തി സമരങ്ങൾ സംഘടിപ്പിക്കുകയും അവർക്ക് ആരാധനാ സ്വാതന്ത്ര്യം നേടിയെടുക്കാൻ അനവരതം ശ്രമിക്കുകയും ചെയ്ത വ്യക്തികളാണ് ശ്രീ കളത്തിൽ എം.ആർ. ഗോവിന്ദനും ശ്രീ മാന്താനം കേശവനും. ചേർത്തലയ്ക്കു തെക്കുള്ള പ്രദേശങ്ങൾ ഒക്കെ ഉൾപ്പെട്ടിരുന്ന തിരുവല്ലാ ബാറിലെ പ്രഗത്ഭ നിയമജ്ഞരായ ചെങ്ങന്നൂർ കൊട്ടാരത്തിൽ കെ.റ്റി. തോമസ്, മല്ലപ്പള്ളി മുരണിയിൽ ഗോവിന്ദപ്പിള്ള തുടങ്ങിയവരുടെ സമകാലിനനായിയിരുന്ന നിയമപണ്ഡിതൻ വെട്ടിക്കാട്ടു കളപ്പുരയ്ക്കൽ ജോസഫ് വക്കീൽ ഇവിടെ സ്മരണീയനാണ്. സമശീർഷനായി കുഴിമണ്ണിൽ ജോബ് വക്കീലുമുണ്ട്. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ഊർജ്ജതന്ത്ര പ്രൊഫസറായിരുന്ന ശ്രീ പി.കെ. കൃഷ്ണപിള്ള ഇന്നാട്ടുകാരനായിരുന്നു. ഔദ്യോഗിക പദവികളുടെ ഔന്ന്യത്യത്തിലെത്തിയവർ ഇന്നാട്ടിൽ വളരെയേറെയാണ്. കൃഷി, വാണിജ്യം, ബാങ്കിംഗ്, സിവിൾരംഗം, മിലിട്ടറി, എയർ ഫോഴ്സ്, നേവി ഈ രംഗങ്ങളിലെല്ലാം ഉന്നതസ്ഥാനം പേറിയവർ അനേകർ. അവാർഡുകൾ വാരിക്കൂട്ടിയ അനുഗ്രഹീത സാഹിത്യകാരന്മാരും കലാകാരന്മാരും ദേശീയ തലത്തോളമെത്തിയ സ്പോർട്സ് താരങ്ങളും ഇന്നാട്ടിലുണ്ട്. ഇരിക്കൂർ എം.എൽ.എ. ശ്രീ കെ.സി. ജോസഫ് കരുവേലിത്തറ ഈ പഞ്ചായത്തിൽപെട്ട പൂവം സ്വദേശിയാണെന്ന വസ്തുത അനുസ്മരിച്ചുകൊള്ളട്ടെ.

ഇവിടുത്തെ നൂറുശതമാനമാളുകളും ദിനപത്രം പാരായണം ചെയ്യുന്നു. സർവ്വസാധാരണമായിരിക്കുന്നു റേഡിയോ. നാൽപ്പതു ശതമാനമാളുകൾ ടി.വി. സെറ്റുകൾ സ്വന്തമാക്കിയിട്ടുണ്ട്.

രണ്ടു പതിറ്റാണ്ടുകൊണ്ട് വിദേശങ്ങളിൽ ജോലി തരപ്പെട്ട ഇന്നാട്ടുകാരുടെ ബാങ്ക് അക്കൗണ്ടുകളിലൂടെ അടുത്ത കാലത്തൊഴുകിവന്ന പണം ഈ നാടിന്റെ സമ്പദ്വ്യവസ്ഥയിലും സാമൂഹിക സ്ഥിതിയിലും അമ്പരപ്പുളവാക്കുന്ന മാറ്റമാണ് വരുത്തിയിട്ടുള്ളത്. ഒരു പതിറ്റാണ്ടിനിടെ നിരവധി ബഹുനില ഭവനങ്ങൾ ഇവിടെയുയർന്നത് നാടിന്റെ മുഖഛായ തന്നെ മാറ്റിമറിച്ചു. സ്വന്തമായി വാഹനങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു. ജാതിയും ഭൂസ്വത്തും നൽകിയിരുന്ന അന്തസിന് ഇന്നാരും വലിയ വില കല്പിക്കുന്നില്ല. എല്ലാവരും വിദ്യാസമ്പന്നർ, എല്ലാവർക്കും ആശയങ്ങളുമുണ്ട്. പുതിയ ബോധ്യങ്ങളുണ്ട്. ഇവയ്ക്കെല്ലാമുപരി വിദ്യാ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ രംഗങ്ങളിലെല്ലാം തികഞ്ഞ അവബോധവും ചൂഴ്ന്ന ഉൾക്കാഴ്ചയും ഈ നാട് എക്കാലവും പുലർത്തിയിരുന്നു. അമ്പലവും പള്ളിയും മോസ്ക്കും ഭജനമഠവും കൈകോർത്തുനിന്ന് സർവ്വമത സൗഹൃദത്തിന്റെയും ക്രിസ്ത്യൻ ഹൈന്ദവ മുസ്ലീം മൈത്രിയുടെയും മോഹനഗാനം ഈ നാട് എന്നും ആലപിക്കുകയാണ്.

(ശ്രീ ബേബൻ വെട്ടിക്കാടന്റെ "ഗ്രാമദർശനം" എന്ന ഗ്രന്ഥത്തിൽനിന്ന്)




# ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

## ഭൂപ്രകൃതി

**കോ**ട്ടയം ജില്ലയുടെ തെക്കെ അതൃത്തിയിൽ സ്ഥിതിചെയ്യുന്ന ഒരു ഗ്രാമപഞ്ചായത്താണ് പായിപ്പാട് ഗ്രാമപഞ്ചായത്ത്.

### അതിരുകൾ

കിഴക്ക് കവിയൂർ പഞ്ചായത്തും പടിഞ്ഞാറ് മുട്ടാർ പഞ്ചായത്തും വടക്ക് തൃക്കൊടിത്താനം പഞ്ചായത്തും തെക്ക് തിരുവല്ലാ താലൂക്കുമാണ് അതിരുകൾ.

### വിസ്തീർണ്ണം

22.88 ചതുരശ്രകിലോമീറ്റർ

ഭൂപ്രകൃതി അനുസരിച്ച് പായിപ്പാട് ഗ്രാമപഞ്ചായത്തിനെ 4 ആയി തിരിക്കാം.

1 ഉയർന്നതലം
2 ചരിവു പ്രദേശങ്ങൾ
3 താഴ്‌വരകൾ
4 ചതുപ്പു ചേർന്ന നിലങ്ങൾ

1. ഉയർന്ന സമതലം - സമുദ്ര നിരപ്പിൽ നിന്നും 30 മുതൽ 40 മീറ്റർ വരെ ഉയരമുണ്ട്. ചെങ്കല്ലു ചേർന്ന മണ്ണാണ് അധികവും. മുഖ്യമായ കൃഷി റബറാണ്. 152 ഹെക്ടർ സ്ഥലം ഇപ്രകാരം ഉണ്ട്. റബറില്ലാത്ത ഭാഗത്ത് വീടിനാവശ്യമായ ചെങ്കല്ല് വെട്ടിയെടുക്കുന്ന തൊഴിൽ ഇവിടെ നിലവിലുണ്ട്. ചെമ്മണ്ണും ചെങ്കല്ലും ചേർന്ന ആൾപ്പാർപ്പ് ഇല്ലാത്ത ഭാഗങ്ങൾ വൻതോതിൽ മണ്ണു നീക്കം ചെയ്തു കൊണ്ടിരിക്കുന്നു.ഈ മണ്ണ് കൃഷി ഭൂമി നികത്തുന്നതിനു വേണ്ടിയാണ്. അധികവും ഉപയോഗിക്കുന്നത്. ഇത് തടയേണ്ടത് ആവശ്യമായിരിക്കുകയാണ്.

2. ചരിവു പ്രദേശം - കുത്തനെയുള്ള ചരിവു പ്രദേശം ഇവിടെ ഇല്ല. തട്ടുകളായി റബർ തോട്ടങ്ങളും , തെങ്ങുകളുമാണ് ഇവിടെയുള്ള കൃഷികൾ, താഴ്‌വാരത്തിനു മുകളിലായി തെങ്ങ്, മരച്ചീനി, വാഴ, കുരുമുളക് തുടങ്ങിയ കൃഷിക്ക് ഉപയുക്തമായ മണ്ണാണുള്ളത്.

3. താഴ്വരകൾ - പ്രധാനമായി 4 താഴ്വരകളാണുള്ളത്. നെൽകൃഷിക്കും, പച്ചക്കറി കൃഷിക്കും യോജിച്ച മണ്ണാണിവിടെയുള്ളത്. പഞ്ചായത്തിലെ പ്രധാനപ്പെട്ട അഞ്ചു കുളങ്ങളും ഈ താഴ്വരയിൽ സ്ഥിതി ചെയ്യുന്നു. ഇതിന്റെ വശങ്ങൾ നികത്തി വീടുവയ്ക്കുന്ന പ്രവണത വളർന്നു വരുന്നു.

## താഴ്വരയിലെ കുളങ്ങൾ

| പേര് | വാർഡ് | വില്ലേജ് |
|---|---|---|
| ചായക്കാരൻ കുളം | 5 | പായിപ്പാട് |
| അമ്മത്താൻചിറകുളം | 8 | ,, |
| കണ്ണനാട്ടുകുളം | 10 | ,, |
| വള്ളവൻചിറകുളം | 8 | ,, |
| മുളക്കുടി കുളം | 9 | ,, |
| പള്ളിക്കച്ചിറകുളം | 10 | ,, |

ഭൂ വിനിയോഗ വിസ്തൃതി (2) ഭൂവിനിയോഗം കൃഷി

| ഇനം ഹെക്ടർ | ഹെക്ടർ | ഇനം | |
|---|---|---|---|
| നിലം | 1323 | നെല്ല് | |
| | | 1-ാംകൃഷി | 20 |
| തരിശ് | 50 | 2-ാംകൃഷി | 20 |
| ചതുപ്പ്തരിശ് | 10 | 3-ാംകൃഷി | 1100 |
| പുരയിടം | 516 | പച്ചക്കറി | 14 |
| പുറമ്പോക്ക് | 30 | തെങ്ങ് | 342 |
| | | വാഴ | 37 |
| | | മരച്ചീനി | 30 |
| | | കുരുമുളക് | 53 |
| | | റബർ | 152 |
| ആകെ | | 1768ഹെക്ടർ | |

# ജനപ്രകൃതി

1991 ലെ സെൻസസ് കണക്കുകൾ പ്രകാരം പായിപ്പാട് ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 21781 ആണ്. 10792 പുരുഷന്മാരും 10989 സ്ത്രീകളുമുണ്ട്. പുരുഷന്മാരെ അപേക്ഷിച്ച് 187 സ്ത്രീകൾ കൂടുതലാണ് 6 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 2546 ഉം ഇതിൽ ആൺകുട്ടികൾ 1008 ഉം പെൺകുട്ടികൾ 1243 ഉം ആണ്. പട്ടിക ജാതിക്കാർ 2085 ഉം ഇവരിൽ പുരുഷന്മാർ 1545 ഉം സ്ത്രീകൾ 1540 ഉം, പട്ടിക വർഗ്ഗക്കാർ 4 പുരുഷനും 3 സ്ത്രീയും ആണ്. ആകെ ജനസംഖ്യയിൽ 18935 സാക്ഷരരും 2846 നിരക്ഷരരുമാണുണ്ടായിരുന്നത്. 1990 ൽ ആരംഭിച്ച സാക്ഷരതാ പ്രവർത്തനത്തിലൂടെ നിരക്ഷരരുടെ 65% ഇപ്പോൾ സാക്ഷരരാണ്. വിദ്യാഭ്യാസ രംഗത്ത് മറ്റു പ്രദേശത്തെ അപേക്ഷിച്ച് മുന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ തൊഴിലില്ലാത്ത അഭ്യസ്ഥവിദ്യരുടെ എണ്ണം വളരെ കൂടുതലാണ്.

1990 മുതൽ ആരംഭിച്ച സാക്ഷരതാ പ്രവർത്തനം മൂലം 65 % നിരക്ഷരർ കൂടി സാക്ഷരരായി.

ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗമായിരുന്ന കാർഷിക രംഗം ഇന്ന് വളരെ മോശമായിരിക്കുന്നു. വിഷം, വളം, പണിക്കൂലി, എന്നിവയുടെ തോതു വർദ്ധനവ്, ജലദൗർലഭ്യം, നിലത്തിലുണ്ടാകുന്ന പുളിരസം എന്നിവ കർഷകന്റെ മനോവീര്യം കെടുത്തുന്നു.

മത്സ്യബന്ധനം പരമ്പരാഗത തൊഴിലായി നടത്തിപ്പോന്ന മത്സ്യത്തൊഴിലാളികളും മത്സ്യരോഗം വ്യാപകമായി പടർന്നു പിടിച്ചതു മൂലം സ്വന്തം തൊഴിൽ വിട്ട് മറ്റു തൊഴിലിലേക്കു മാറിക്കൊണ്ടിരിക്കുന്നു. കർഷകത്തൊഴിലാളികളും കാർഷികമേഖലയിൽ നിന്ന് അകന്ന മട്ടാണു കാണുന്നത്.

സ്വയം തൊഴിലെന്ന പേരിൽ ലഭിക്കുന്ന ഐ. ആർ. ഡി. പി. ലോൺ ലഭിച്ചവർ മെച്ചമല്ലാത്ത അവസ്ഥയിലേക്ക് തള്ളപ്പെട്ടുകൊണ്ടിരിക്കുന്നു.

പകുതിയോളം പാടശേഖരമുള്ള പായിപ്പാടു പഞ്ചായത്തിന്റെ കൃഷി വികസനം കൊണ്ടു മാത്രമേ ഈ ഗ്രാമത്തിലെ ജനങ്ങളെ രക്ഷിക്കാൻ കഴിയുകയുള്ളൂ. അതിനായി ശാസ്ത്രീയമായിത്തന്നെ കൃഷിവികസനത്തിനാവശ്യമായ ധനസഹായവും സാങ്കേതിക നിർദ്ദേശങ്ങളും കർഷകനു നൽകി പായിപ്പാടിനെ രക്ഷിക്കുക.

പതിനേഴ് സെറ്റിൽ മെൻറു കോളനികളിലും 5 ലക്ഷം വീട് കോളനികളിലുമായി അധി

**1991 ലെ സെൻസസ് പ്രകാരം**

| ആകെ ജനസംഖ്യ | | കുട്ടികൾ | പട്ടികജാതി | പട്ടികവർഗ്ഗം | സാക്ഷരർ | നിരക്ഷരർ |
|---|---|---|---|---|---|---|
| | 21781 | 2554 | 3085 | 07 | 18935 | |
| പുരു | 10792 | 1303 | 1545 | 04 | 9407 | |
| സ്ത്രീ | 10989 | 1251 | 1540 | 03 | 9528 | 2846 |

വസിക്കുന്ന പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ വിശദമായ സർവ്വേ നടത്തി പ്രോജക്റ്റുകൾ തയ്യാറാക്കി വികസനം എത്രയും വേഗം സാദ്ധ്യമാക്കണം. ചതുപ്പുനിലമായ അംബേദ്കർ കോളനിയിലെ പട്ടികജാതിക്കാരുടെ ദുരവസ്ഥ പുറം ലോകം അറിയുന്നില്ല. കുടിക്കാൻ നല്ല വെള്ളമില്ല. ഉള്ള വീടുകൾ പൊട്ടിപ്പൊളിഞ്ഞു താറുമാറായി നിൽക്കുന്നു. തൊഴിലിൻെറ അപര്യാപ്തത പട്ടിണിക്കും രോഗത്തിനും കാരണമായിത്തീരുന്നു. ഇതിനെല്ലാം അത്യാവശ്യപരിഹാരം കണ്ടേതീരൂ.

ഇവിടുത്തെ ജനസമൂഹം എന്നും മത സൗഹാർദ്ദപരമായ ജീവിത നിഷ്ഠ വെച്ചു പുലർത്തിയിട്ടുള്ളവരാണ് പറയത്തക്ക തരത്തിലുള്ള സാമൂഹ്യ ഉച്ചനീചത്വങ്ങൾ ഇപ്പോൾ ഇവിടെയില്ല.

# ജല പ്രകൃതി

ഈ ഗ്രാമപഞ്ചായത്തിൻെറ തെക്കും പടിഞ്ഞാറും പാടശേഖരങ്ങളാണ്. ഇത് പഞ്ചായത്തിൻെറ പകുതിയോളം വരും. ഈ ഗ്രാമപഞ്ചായത്തിൻെറ പടിഞ്ഞാറേ അതിരിലൂടെ മണിമലയാറിൻെറ ഒരു കൈവഴി കടന്നുപോകുന്നു. ഏതാണ്ട് ആറോളം തോടുകൾ ഈ നിലങ്ങളിൽ കൂടി നെടുകയും കുറുകയും കടന്നുപോകുന്നു. ഇതിൽ ഏറ്റവും വലിയ തോട് തോട്ടായിക്കടവ് ളാപ്പാലം പെരുമ്പുഴക്കടവ് തോടാണ് ഇതിന് 8 കിലോ മീറ്ററോളം നീളം വരും. വേനൽ ക്കാലമാവുമ്പോഴേയ്ക്കും ഈ തോടുകളിലെ വെള്ളം മലീമസമാകും. ഈ മേഖലയിലെ കൃഷിക്കും, അധിവസിക്കുന്ന ജനങ്ങൾക്കും ശുദ്ധജല ലഭ്യത വളരെ അത്യാവശ്യവുമാണ്.

വർഷത്തിൽ ശരാശരി 2500 മി. മീ. നും 3000 മി. മീ. മിടയിൽ മഴ ലഭിക്കുന്നു. ജൂൺ, ജൂലായ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ഏറ്റവും കുറവ് മഴ ലഭിക്കുന്നത് ജനു, ഫ്രെബ്രു, മാർച്ച്, സെപ്റ്റംബർ എന്നീ മാസങ്ങളിലാണ്.

## ജല ദൗർലഭ്യതയുള്ള സ്ഥലങ്ങൾ

ഒന്നും രണ്ടും വാർഡ്

നാലുകോടി ഭാഗം പവണൂർ ലക്ഷം വീട് പ്രദേശം മച്ചിപ്പള്ളി എഴുവന്താനം, അടവിച്ചിറ, കൊച്ചുപള്ളി, ഭാഗം, അമ്മത്താൻ ചിറ, കോതച്ചിറ, മുക്കാഞ്ഞിരം ഭാഗം, മേൽക്കാണിച്ച ഭാഗങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ളം എത്തിക്കാറുണ്ട്. ഇവർക്ക് ജലം ലഭിക്കാനുള്ള സ്ഥിര സംവിധാന ഉണ്ടാകണം.

ഒരിക്കലും വെള്ളം വറ്റാത്ത അഞ്ചുകുളങ്ങളുണ്ട്. ഇത് കുടിവെള്ളത്തിനും ജലസേചനത്തിനുമായി വിനിയോഗിച്ചാൽ കുറേയൊക്കെ ജലക്ഷാമം പരിഹരിക്കാം. മേൽക്കാണിച്ച പ്രദേശങ്ങളിൽ ജലവിതരണത്തിനുള്ള വാട്ടർ ലൈനുകൾ വന്നാൽ ജല ദൗർലഭ്യം മാറിക്കിട്ടും.

# 5 (1)
# കൃഷിയും ജലസേചനവും

പായിപ്പാട് ഗ്രാമപഞ്ചായത്ത് തികച്ചും ഒരു കാർഷികഗ്രാമമാണ്. പായിപ്പാട് എന്ന പേരുണ്ടായതുതന്നെ പാതിപ്പാടം എന്നത് ലോപിച്ച് പായിപ്പാടായതായിരിക്കാം എന്നാണ് പഴമക്കാർ പറയുന്നത്. ഇതിൻെറ പടിഞ്ഞാറേ അതിരിൽ മണിമലയാറും മുട്ടാർ പഞ്ചായത്തുമാണ്. തെക്ക് തിരുവല്ലാതാലൂക്കും കിഴക്ക് കവിയൂർ പഞ്ചായത്തും വടക്ക് തൃക്കൊടിത്താനം പഞ്ചായത്തും ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റിയുമാണ് അതിരുകൾ . ഉയർന്ന സമതലങ്ങൾ,ചരിവുപ്രദേശങ്ങൾ ബണ്ടുചിറകൾ ,തുരുത്തുകൾ, നിലങ്ങൾ,തോടുകൾ എന്നീ നിലയിലാണ് ഭൂപ്രകൃതി.

രണ്ടുതരത്തിലുള്ള പാടശേഖരങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇവയ്ക്ക് ഉയർച്ചതാഴ്ച്ച വ്യത്യാസവും ഉണ്ട് . ഒന്നും രണ്ടും വാർഡുകളിലെ നിലങ്ങൾ സമുദ്രനിരപ്പിൽ നിന്നും രണ്ടു മുതൽ മൂന്നര അടിവരെ താണ പ്രദേശമാണ്. എന്നാൽ മറ്റു പാടശേഖരങ്ങളെല്ലാം സമുദ്ര നിരപ്പിൽ നിന്നും രണ്ടടി ഉയർന്നാണ് സ്ഥിതിചെയ്യുന്നത്. ഈ രണ്ടു ഭാഗങ്ങളെ കരിപ്പാടമെന്നും മുണ്ടകപ്പാടമെന്നും പറയുന്നു.

രാജകീയ ഭരണ സമ്പ്രദായ കാലത്ത് നിലം പുരയിടങ്ങളെല്ലാം ബ്രഹ്മസ്വം, ദേവസ്വം, ശ്രീകാര്യം വകകളായിരുന്നു, തൃക്കൊടിത്താനം ദേവസ്വം, പായിപ്പാട് മഹാദേവ ദേവസ്വം , ചങ്ങനാശേരി ലക്ഷ്മിപുരം കൊട്ടാരം , മേച്ചേരില്ലം,

കൈപ്പുഴ ഇല്ലം, വഞ്ഞിപ്പുഴ,പൂഞ്ഞാർ തുടങ്ങിയ കൊട്ടാരങ്ങൾ ഇവരുടെയെല്ലാം ഉടമസ്ഥാവകാശത്തിലായിരുന്നു പായിപ്പാട്ടേ നിലം പുരയിടങ്ങളെല്ലാമെന്ന് പ്രായമുള്ളവർ പറയുന്നു. അക്കാലത്ത് ജന്മികുടിയാൻ വ്യവസ്ഥയാണ് നിലനിന്നിരുന്നത്.

അന്നത്തെ പുഞ്ചപ്പാടങ്ങളിൽ (കരിപ്പാടം) ചിലത് രണ്ടു കൃഷിചെയ്തിരുന്നു. ഒന്നാം വിളയായി ചെന്നെല്ലും കുളപ്പാലയും രണ്ടാം വിളയ്ക്ക്, കറുത്ത ചുട്ടിയാര്യൻ , ചെറിയ ചുട്ടിയാര്യൻ, കൊച്ചുവിത്ത് മുന്നായകൻ എന്നിവിത്തിനങ്ങളാണ് ഉപയോഗിച്ചരുന്നത്.

എന്നാൽ ഉയർന്ന നിലങ്ങളിൽ വടക്കനാര്യൻ, പൊന്നാര്യൻ തുടങ്ങിയവ ഒന്നാം വിളയ്ക്കും കുഞ്ഞതിക്കിര, വല്യതിക്കിര തുടങ്ങിയ നെൽവിത്തുകൾ രണ്ടാവിളയ്ക്കും ഉപയോഗിച്ചിരുന്നു. ഈ പാടശേഖരങ്ങളെ മുണ്ടകപ്പാടം എന്നാണ് പറയുന്നത്.

മേൽപ്പറഞ്ഞ കൃഷികൾ രണ്ടും കാലവർഷത്തെയും തുലാവർഷത്തെയും ആശ്രയിച്ചാണ് നടന്നിരുന്നത്. യന്ത്രവൽകൃത ജലസേചന സൗകര്യങ്ങൾ അന്നുണ്ടായിരുന്നില്ല. 8 ഇലച്ചക്രം, 12 ഇലച്ചക്രം, 24 ഇലച്ചക്രം, തുടങ്ങിയ ചക്രങ്ങളുപയോഗിച്ചാണ് നെൽകൃഷിക്കുള്ള ജലസേചനം നടത്തിയിരുന്നത്.

മേൽക്കാണിച്ച വിത്തിനങ്ങൾ മേടം 10നും 20നും ഇടയിൽ വിതച്ചാൽ 90 മുതൽ 120 ദിവസത്തിനകം, (കർക്കിടകം അവസാനം ചിങ്ങം ആദ്യം) വിളവെടുക്കാം. 10 മേനി മുതൽ 15 മേനി വരെ വിളവുലഭിച്ചിരുന്നു. മുണ്ടകപ്പാടങ്ങളിലെ കൃഷികൾ കുളങ്ങളെ ആശ്രയിച്ചും നടത്തിപ്പോന്നു.

ഏറിയ പങ്കം കാടായിക്കിടന്നിരുന്ന കരപ്രദേശവും, അരളിയും, ആമ്പലും, കെതിരയുമായിക്കിടന്നിരുന്ന നിലങ്ങളും പണ്ടാരപ്പാട്ടം , മിച്ചവാരപ്പാട്ടം തുടങ്ങിയ അന്നത്തെ വ്യവസ്ഥ പ്രകാരം കുടികിടപ്പിനും കൃഷിക്കുമായി വെട്ടിത്തെളിച്ചും, പാടം തെളിച്ചുമാണ് അദ്ധ്വാനികളായ മനുഷ്യർ കൈവശക്കാരായത്. മേൽക്കാണിച്ച പാട്ടങ്ങൾ നൽകി ക്കഴിഞ്ഞാൽ അന്നത്തെ കൃഷിക്കാരന് അണ്ടോടാണ്ട് പട്ടിണിയും പരിവട്ടവുമായി കഴിയേണ്ട അവസ്ഥയായിരുന്നു. അന്നത്തെ കൃഷിത്തൊഴിലാളികൾക്ക് ഒരു സ്ഥലവും സ്ഥിരതാമസത്തിനായി ലഭിച്ചിരുന്നില്ല. . ഏതു നിലമാണ് ഓരോ വർഷവും കൃഷിയിറക്കുന്നത് ആ കൃഷിഭൂമിയുടെ പരിസരത്ത് കുടിൽ കെട്ടിതാമസിക്കേണ്ടുന്ന അവസ്ഥയായിരുന്നു ജന്മിമാരിൽ നിന്നും അവർക്ക് ലഭിച്ചിരുന്നത്.

എന്നാൽ ഇൻഡ്യൻ സ്വാതന്ത്ര സമരത്തോടൊപ്പം നടന്ന നിവർത്തന പ്രസ്ഥാനങ്ങളുടേയും പുരോഗമനപ്രസ്ഥാനങ്ങളുടേയും ത്യാഗോജ്ജ്വലമായ ചെറുത്തുനിൽപ്പും സമരവും മേൽക്കാണി

ച്ച ജന്മികുടിയാൻ സമ്പ്രദായത്തിന് 1957ൽ ഇവിടെ പരിസമാപ്തി കുറിച്ചു. ഇതോടെ കൈവശക്കാരന് ഭൂമി സ്വന്തമായി. ഈ മാറ്റം ഇന്നും ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും ഉണ്ടായിട്ടില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്.

1991 ലെ സെൻസസ് പ്രകാരം പായിപ്പാട് ഗ്രാമപഞ്ചായത്തിൽ 626 കർഷകർ ഉള്ളതായി കാണുന്നു. ഇവരിൽ 15 പേർ സ്ത്രീകർഷകരാണ്. വൻ ജന്മിമാരുടെ പേരിൽ കിടന്നിരുന്ന ഭുമി കൃഷി ചെയ്തിരുന്നവർക്കായി വീതിച്ചു നൽകപ്പെട്ടപ്പോൾ 1996 കൃഷിഭവൻ കണക്ക് സുചിപ്പിക്കുന്നത് താഴെ പ്പറയും പ്രകാരമാണ് 2 ഹെക്റ്ററിൽ താഴെ ഭൂമിയുള്ള ചെറുകർഷകൻ 533 ഉം 2 ഹെക്റ്ററിൽ മുകളിൽ ഭൂമിയുള്ള വൻകിടകർഷകൻ 228ഉം ഒരു ഹെക്റ്ററിൽ താഴേയുള്ള നാമമാത്ര കർഷകൻ 3481 ഉം ആകുന്നു.

നെൽകൃഷി ഒന്നാം വിള രണ്ടാം വിള 20 ഹെക്റ്റാർ വീതവും, മൂന്നാം വിള 1100 ഹെക്റ്റ

## തോടുകൾ, കുളങ്ങൾ

| വാർഡ് നമ്പർ | തോടുകൾ (പേര്) |
|---|---|
| 1 | പുത്തനാറ് |
| 2 | പൂവത്താറ് |
| 3 | പെരുമ്പുഴക്കടവ് പാറയ്ക്കൽ ബോട്ടുകനാൽ |
| 4 | മണിമല.യാറ് |
| 5 | പനയാറ് |
| 6 | ചേലയാറ് |
| 7 | ളാപ്പാലം തോട്ടയിക്കടവ് |
| 8 | ളാപ്പാലം പെരുമ്പുഴക്കടവ് |
| 9 | തോട്ടായിക്കടവ് അമ്മത്താൻചിറ |

| കുളങ്ങൾ | |
|---|---|
| വാർഡ് നമ്പർ | കുളങ്ങളുടെ പേര് |
| 5 | ചായക്കാരൻ കുളം |
| 8 | അമ്മത്താൻചിറക്കുളം |
| 10 | കണ്ണനാട്ടുകുളം |
| 8 | വള്ളവൻ ചിറകുളം |
| 9 | മുളക്കുടിക്കളം |
| 10 | പള്ളിക്കച്ചിക്കുളം |

റുമാണ് നടന്നു കൊണ്ടിരിക്കുന്നത്. ഏറ്റവും പ്രാധാന്യ മർഹിക്കുന്ന മറ്റു കാർഷിക വിളകൾ തെങ്ങും റബറുമാണ്. 342 ഹെക്ടർ സ്ഥലത്ത് തെങ്ങും 152 ഹെക്ടർ സ്ഥലത്ത് റബറും കൃഷി ചെയ്യുന്നു.

പച്ചക്കറികൃഷിക്ക് പ്രസിദ്ധിയാർജ്ജിച്ച സ്ഥലമാണ് പായിപ്പാട്. 50-ഓളം ഹെക്ടാർ സ്ഥലത്ത് പച്ചക്കറ്കൃഷി നടത്തുന്നു. കുരുമുളക് 53 ഹെക്ടറിലും 37 ഹെക്ടറിൽ വാഴകൃഷിയും 30 ഹെക്ടർ സ്ഥലത്ത് മരച്ചീനികൃഷിയും നടക്കുന്നു. ജലസേചന സൗകര്യകുറവുമൂലം ഈ കൃഷിക്കാർ വേണ്ടത്ര രീതിയിൽ വികസിപ്പിക്കാൻ കഴിയുന്നില്ല.

## ജലസേചനം

പണ്ടുകാലത്ത് ചക്രങ്ങൾ ഉപയോഗിച്ച് കൃഷിക്കുള്ള ജലസേചനം നടത്തിയിരുന്ന സ്ഥാനത്ത് മോട്ടർ പമ്പുസെറ്റുകൾ സ്ഥാനം പിടിച്ചു. എന്നാൽ പായിപ്പാട് പഞ്ചായത്തിൽ അഭികാമ്യമായ രീതിയിൽ അത്യവശ്യമുള്ളിടത്ത് ഇപ്പോഴും മോർട്ടോർ തറകൾ ഉണ്ടായിട്ടില്ല.

മേൽക്കാണിച്ച തൊടികളും കുളങ്ങളുമാണ് പായിപ്പാട് പഞ്ചായത്തിലെ ജലസേചന ഉപാധികൾ. ഇവയുടെ നിലയും പരിതാപകരമാണ്, മണ്ണുവീണ് നികന്നും കർഷകർ ബണ്ടിറക്കിപ്പിടിച്ചും തോടുകളുടേയും കുളങ്ങളുടെ വിസ്തൃതി

കുറച്ചിരിക്കുന്നു. ഇവയുടെ വികസനം പരമപ്രധാനമായി കണക്കിലെടുക്കേണ്ടതാണ്.

തിരുവല്ല , മണിമലയാറ്റിൽ കറ്റോട്ട് എന്ന സ്ഥലത്തുനിന്നും ജലവിതരണ പദ്ധതി പ്രകാരം ലഭിക്കുന്ന വാട്ടർ ലൈനുകളാണ് പായിപ്പാട് പഞ്ചായത്തിനും വെള്ളം ലഭിക്കുന്ന ഒരുമാർഗ്ഗം. ഇതും വളരെ പരിമിതമായ തോതിലേ ലഭിക്കുന്നുള്ളു. കല്ലിശ്ശേരി പദ്ധതികൂടി എത്രയും വേഗം കമ്മീഷൻ ചെയ്താൽ പായിപ്പാട് ഗ്രാമ പഞ്ചായത്തിൻെറ കുടിവെള്ളപ്രശ്നവും ഒട്ടാക്കെ ജലസേചന പ്രശ്നവും പരിഹരിക്കാനാവും. ലഭ്യമായ വളം, കീടനാശിനികൾ ഇവയുടെ വിലവർദ്ധനവ് ഇവിടുത്തെ കർഷകന് താങ്ങാനാവുന്നതല്ല. ഈ പഞ്ചായത്തിൽ 1 ഏക്കറിൽ താഴെ കൃഷിയുള്ള കർഷകരാണ് അധികവും പൊതു രംഗത്തെ വില വർദ്ധനവ് അനുസരിച്ച് കാർഷിക മേഖലയിലെ കൂലിയും കാലാകാലങ്ങളിൽ വദ്ധിക്കുന്നു. ഇതെല്ലാം കൃഷിയെ തളർത്തുന്ന പ്രശ്നങ്ങളിൽപ്പെടുന്നു.

## കൃഷി ഭവൻ

1987 ൽ ഏലാ വികസന കേന്ദ്രം നാലുകോടി കേന്ദ്രമായി സ്ഥാപിതമായി. ഇന്ന് ഈ സ്ഥാപനം കൃഷിഭവൻ എന്നപേരിൽ അറിയപ്പെടുന്നു. ഈ ഗ്രാമപഞ്ചായത്തിലും എല്ലാത്തരം കൃഷികൾക്കും അതിൻെറ നടത്തിപ്പിനാവശ്യമായ സാങ്കേതിക വിജ്ഞാനവും, അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളും, മണ്ണിൻെറ സ്വഭാവമനുസരിച്ച് വളപ്രയോഗങ്ങൾക്കുള്ള നിർദ്ദേശങ്ങളും ഈ കൃഷി ഭവനിൽ നിന്നും ലഭിക്കുന്നു. പഞ്ചായത്തു പ്രസിഡൻറ് അദ്ധ്യക്ഷനായുള്ള ഒരു കാർഷിക വികസന സമിതി ഈ സ്ഥാപനം കേന്ദ്രമായി പ്രവർത്തിക്കുന്നു.

ഓരോ പാടശേഖരത്തിനും ഓരോ നെല്ലുല്പാദക സമിതി ഇവിടെ പ്രവർത്തിക്കുണ്ട്. കൃഷി സംബന്ധമായ രണ്ടു നഴ്സറികൾ ഇവിടെ നിലവിലുണ്ട്.

മണ്ണു സംരക്ഷണം കാര്യക്ഷമമായതരത്തിൽ ഈ ഗ്രാമ പഞ്ചായത്തിലെ പാട ശേഖരങ്ങളിൽ ജ്യോതി, ത്രിവേണി, കൾച്ചർ അന്നപൂർണ്ണ, രോഹിണി തുടങ്ങിയ അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളാണ് ഇപ്പോൾ കൃഷിചെയ്യുന്നത്. ഇവയ്ക്കിവിടെ 30 മേനി വരെ വിളവും ലഭിക്കുന്നു.

റ്റി. X ഡി., കോമാടൻ, ലക്ഷദ്വീപ് തുടങ്ങിയ അത്യുൽപ്പാദനശേഷിയുള്ള തെങ്ങിനങ്ങളാണ് ഈ ഗ്രാമ പഞ്ചായത്തിൽ ഇപ്പോൾ കൃഷിചെയ്തു വരുന്നത്. ഈ വിത്തിനങ്ങൾ കൃഷി ഭവനിൽ നിന്നും സബ്സിഡി ഇനത്തിൽ കർഷകർക്ക് വിതരണം ചെയ്യുന്നു.

പൂവം ളായിക്കാട് ബണ്ടുചിറകളിലും മറ്റു പ്രദേശങ്ങളിലുമായി 342 ഹെക്റ്റർ സ്ഥലത്ത്

തെങ്ങുകൃഷി നടക്കുന്നു.

കൂടുതൽ ജലസേചനസൗകര്യവും സാങ്കേതിക വിജ്ഞാനവും ലഭിക്കുകയാണെങ്കിൽ ഈ ഗ്രാമത്തിൻെറ കാർഷിക മേഖല മറ്റേതിനേക്കാളും മെച്ചമാക്കാൻ കഴിയും.

# നെൽ കൃഷി

## നെൽ കൃഷി സംബന്ധിച്ച ഗുരുതരമായ പ്രശ്നങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ

ഈ പഞ്ചായത്തിലെ കാർഷിക മേഖലയിലുള്ള പുരോഗതി ഒരു തരത്തിലും ആശാവഹമല്ല. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത പഞ്ചായത്തിനെ ആകെ തളർത്തിയിരിക്കുന്നു.

1. കൃഷി നടത്തേണ്ട സമയങ്ങളിൽ വരണ്ടുണങ്ങി വിണ്ടുകീറുന്ന പാടങ്ങളും വെള്ളക്കുത്തൊഴുക്കിൻെറ മൺസൂൺ കാലങ്ങളിൽ മണ്ണൊലിപ്പുമൂലം വളക്കൂറ് നഷ്ടപ്പെടുന്ന പാടങ്ങളുമാണ് ഇവിടെയുള്ളത്. പാടങ്ങളുടെ നടുക്ക് കൂടിയൊഴുകുന്ന തോടുകളിൽ പലതും മണ്ണൊലിപ്പുകൊണ്ട് ആഴം കുറഞ്ഞ് ജല സംഭരണത്തിനുള്ള ശക്തി കുറഞ്ഞതിനാൽ പാടങ്ങളിലെ മണ്ണ് ഈർപ്പമില്ലാതായിത്തീർന്നിരിക്കുന്നു. ആകയാൽ 'ളാപ്പാല'ത്തിന് കിഴക്കുവശത്തുള്ള എല്ലാ തോടുകളും ഉടനടി ആഴമുള്ളതാക്കി മാറ്റേണ്ടതാണ്.

2. ഈ പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലയിലെ 'ളായിക്കാട്' 'പൂവം' വാർഡുകളിലെ പാടങ്ങൾ മീൻ സീ ലെവലിന് (MSL) താഴെയാണ് സ്ഥിതിചെയ്യുന്നത്. ഈ പ്രദേശങ്ങൾ മറ്റ് കുട്ടനാടൻ പ്രദേശങ്ങളിലേതു പോലെ 'സീ ലെവലിൽ' നിന്ന് രണ്ടോ മൂന്നോ അടി താഴ്ചയിലാണ് സ്ഥിതി ചെയ്യുന്നത്. ഇക്കാരണത്താൽ വർഷം മുഴുവനും ജല സമൃദ്ധിയുള്ളതിനാൽ ഈ പാടങ്ങളിൽ പാക്കേജ് സിസ്റ്റം അനുസരിച്ച് മൂന്ന് പ്രാവശ്യം കൃഷിചെയ്യാവുന്നതാണ്. എന്നാൽ ളാപ്പാലത്തിന് കിഴക്കു വശത്തുള്ള 3 മുതൽ 10 വരെയുള്ള വാർഡുകളെ ചുറ്റിക്കിടക്കുന്ന പാടശേഖരങ്ങളുടെ സ്ഥിതി നിരാശാജനകമാണ്. ഈ പാടശേഖരങ്ങളുടെ സ്ഥാനം ളാപ്പാലത്തിന് കിഴക്കും പായിപ്പാട് പഞ്ചായത്തിലും ചുമത്ര ഭാഗത്തിന് വടക്കു ഭാഗത്തും പെരിങ്ങര പഞ്ചായത്തിന് കിഴക്കും തൃക്കൊടിത്താനം പഞ്ചായത്ത്, ചങ്ങനാശേരി മുനിസിപ്പാലിറ്റി എന്നിവയുടെ അതിർത്തിയിലുമാണ്. ഈ വിശാലമായ പാടശേഖരങ്ങൾ മുഴുവനും (നന്നാകരി, തെറ്റിച്ചാൽ കോടി, ഏറ്റാണാകേരി, ചിറക്കര വേലി, ഓമല്ലിക്കരി, എളങ്ങോട്ടടി, കണ്ണങ്കേരി, നന്നാട്ടിറമ്പ് സൗത്ത്, കിഴടി, പാലക്കോട്ടാൽ, കോതചിറ, അമ്മത്താഞ്ചിറ, അയിത്തി മുണ്ടകം പോളച്ചിറ, വെട്ടിക്കാട്, തെക്കേക്കര, ഉപ്പിണി, വേഷ്ണാൽ, തെക്കുംചേരിക്കുഴി, നന്നാട്ടിറമ്പ് നോർത്ത്, പനങ്ങോട്ടടി, ചൂരവേലി) മീൻ സീ ലെവലിന് മുകളിലാണ്. ഇക്കാരണത്താൽ ഈ പാടശേഖരങ്ങളിലേയ്ക്ക് ജലം സ്വാഭാവികമായി ഒഴുകിയെത്തുകയില്ല. കൃഷിക്കാവശ്യമായ ജലം ലഭിക്കാത്തതിനാൽ ഈ

പ്രദേശങ്ങൾ അനേക വർഷങ്ങളായി തരുശു നിലമായി കൃഷിചെയ്യാതെ നീക്കിയിട്ടിരിക്കുകയാണ്. ഈ പാടശേഖരങ്ങളുടെ മൊത്തം വിസ്തീർണ്ണം 500 ഏക്കറാണ്. ഇത്രയും വിസ്തൃതിയുള്ള പാടങ്ങളിൽ ഒരു പ്രാവശ്യം ശാസ്ത്രീയമായി കൃഷിചെയ്ത് 30 മേനി വിളവെടുപ്പ് ഉൽപ്പാദിപ്പിക്കാവുന്നതാണ്. പാക്കേജ് സിസ്റ്റമനുസരിച്ച്. ഈ ഉൽപ്പാദനം പ്രതിവർഷം നാല് ലക്ഷത്തി അൻപതിനായിരം പറ നെല്ലാക്കി ഉയർത്താൻ കഴിയും. ഈ നെല്ലിന്റെ വില നിശ്ചയിച്ചാൽ ആ തുക ഒരു കോടി മുപ്പത്തഞ്ചു ലക്ഷം രൂപയിലെത്തിനല്ക്കുന്നു. ഇവിടെ കൃഷി നടക്കാത്തത് ഈ ഗ്രാമത്തിന് മാത്രമല്ല കേരളത്തിനൊട്ടാകെയുള്ള ഒരു ഭീമമായ ദേശീയ നഷ്ടമാണ്. നിത്യാഹാരം നഷ്ടപ്പെടുത്തുന്ന ദുഃസ്ഥിതി എങ്ങനെ പരിഹരിക്കാൻ കഴിയും?

## പരിഹാര നിർദ്ദേശം

'ളാപ്പാലത്തിന് കിഴക്കുഭാഗത്ത് ആനിക്കാപ്പാലം-ളാപ്പാലം തോട്ടിൽ ഇരുപ്പായിൽ നിന്നും കല്ലുകടവിൽ നിന്നും വരുന്ന തോടുകൾ യോജിക്കുന്ന നേരേകടവിന് പടിഞ്ഞാറ് മാറി സൗകര്യമായ സ്ഥാനത്ത് കുറുകെ ശക്തമായ ഒരു ബണ്ട് നിർമ്മിച്ച് ബണ്ടിനോട് ചേർന്ന് മോട്ടോർ തറയും ഷട്ടറും സ്ഥാപിക്കുക.

2. ഇതുപോലെ പാടശേഖരങ്ങളുമായി ബന്ധിപ്പിക്കുന്നതും എം.സി. റോഡിന് കുറുകെയുള്ളതുമായ എല്ലാ തോടുകൾക്കും ബണ്ടുകൾ നിർമ്മിക്കുക.

3. ഷട്ടറുകളുടെ സ്ഥാനങ്ങളിൽ ഉള്ള മോട്ടോറുകൾ സ്ഥിരമായി പ്രവർത്തിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കുക.

4. മൺസൂൺ കാലങ്ങളിൽ കുത്തിയൊഴുകിവരുന്ന അധികജലം പുറത്തുപോകുവാൻ ഷട്ടറുകൾ തുറന്നു കൊടുക്കുവാൻ സൗകര്യം ചെയ്യുക.

5. കൃഷിനടത്തുന്ന സമയങ്ങളിൽ കൃഷിക്കാവശ്യമായ ജലം ലഭിക്കുവാൻ ആനിക്കാപ്പാലം-ളാപ്പാലം തോട്ടിലുണ്ടാകുന്ന ബണ്ടിൽ സ്ഥാപിക്കുന്ന മോട്ടർ ഉപയോഗിച്ച് വെള്ളം മേല്പോട്ടു കയറ്റുക.

6. ഈ പദ്ധതികൊണ്ട് ഗുണഫലം ലഭിക്കുന്ന സമീപസ്ഥ പഞ്ചായത്തുകളെ ക്കൂടി ഇതിൽ സഹകരിപ്പിക്കുക.

7. പാടങ്ങളുടെ പുറം ബണ്ടുകൾ കൂടുതൽ ശക്തമാക്കുക.

8. ഒരു ഹെക്ടർ നിലത്തിന് 10000 രൂപാ നിരക്കിൽ ചെലവഴിച്ചാൽ ഈ പാടശേഖരങ്ങളെ കനകം വിളയുന്ന ഭൂമിയാക്കി മാറ്റാം.

3. നെൽകൃഷിയെ വിപരീതമായി ബാധിക്കുന്ന മറ്റൊന്ന് പാടശേഖരങ്ങൾ കെട്ടിട നിർമ്മിതിക്കായി മണ്ണിട്ട് ഉയർത്തുന്നതാണ്. ചെറിയ വിലയ്ക്ക് പാടങ്ങൾ സ്വന്തമാക്കി മണ്ണിട്ടുയർത്തി കെട്ടി

ടം നിർമ്മിച്ച് കോടികൾ നേടുന്ന പ്രവണത കർശനമായും അടിയന്തിരമായും നിരോധിക്കേണ്ടതാണ്.

4. നെല്ലുൽപാദക സമിതികൾ പുനരുജ്ജീവിച്ച് കർഷകർക്ക് വിത്തും വളവും കീടനാശിനികളും സൗജന്യമായി നല്കേണ്ടതാണ്.

5. കൂടുതൽ വിളവുൽപാദിപ്പിക്കുന്ന കർഷകർക്ക് മത്സരാടിസ്ഥാനത്തിൽ പാരിതോഷികങ്ങൾ നല്കേണ്ടതാണ്.

6. നെല്ലുൽപാദക കർഷകർക്ക് ആവശ്യമായ തുക വായ്പയായി നൽകേണ്ടതാണ്.

7. നെല്ലുൽപാദക സമിതികൾ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് നെല്ലിൻെറ സംഭരണവും വില്പനയും ഒരു പൊതു ഏജൻസിയുടെ കീഴിൽ കൊണ്ടുവരുക.

## റബ്ബർ കൃഷി

1. റബ്ബർ ബോർഡിൻെറ സഹായം തേടിയാണ് പഞ്ചായത്തിൻെറ ഏറിയ ഭാഗങ്ങളിലും റബ്ബർ കൃഷിനടത്തുന്നത്. 152 ഹെക്ടർ സ്ഥലത്ത് ഇവിടെ റബ്ബർ കൃഷിചെയ്യുന്നുണ്ട്. വ്യാവസായിക പ്രാധാന്യം കണക്കിലെടുത്ത് റബ്ബർ ഉല്പന്നങ്ങൾ നിർമ്മിക്കുവാനുള്ള പ്രയത്നങ്ങൾ ആവശ്യമായിരിക്കുന്നു. ഇതിലേയ്ക്ക് ലാട്ടക്സ് സംഭരിച്ച് ശുദ്ധീകരിക്കുവാനും ശുദ്ധീകരിച്ച ലാട്ടക്സ് ആവശ്യക്കാരായ വ്യവസായികൾക്ക് നൽകുവാനും ലാട്ടക്സ് ഉപയോഗിച്ച് റബ്ബർബാൻഡുകൾ കൈയ്യുറകൾ തുടങ്ങിയ ഉപകരണങ്ങൾ നിർമ്മിക്കുവാനും ഉതകുന്ന തരത്തിൽ റബ്ബർ കർഷക സഹകരണ സംഘങ്ങൾ സജ്ജമാക്കി പ്രവർത്തിപ്പിക്കേണ്ടതാണ്.

2. റബ്ബർ തോട്ടങ്ങളിൽ ഇടവിളകൾ ആദായകരമായി കൃഷി ചെയ്യാമെന്ന് ആധുനിക ശാസ്ത്രം കണ്ടെത്തിയിരിക്കുന്നു. ഔഷധി പോലെയുള്ള ആയുർവേദവ്യവസായ സ്ഥാപനങ്ങളുടെ സഹകരണം സർക്കാർ ഇക്കാര്യത്തിൽ വാഗ്ദാനം ചെയ്യുന്നു. ഇതിലേയ്ക്ക് ഒറ്റപ്പെട്ട റബ്ബർ കർഷകരെ സംഘടിപ്പിച്ച് സർക്കാരിൻെറ സാമ്പത്തിക സഹായം തേടി വിവിധയിനം ഔഷധ പ്രാധാന്യമുള്ള ചെടികൾ റബ്ബർ തോട്ടങ്ങളിൽ വച്ചു പിടിപ്പിച്ച് തോട്ടങ്ങളിലെ മേൽമണ്ണിൻെറ വരൾച്ച തടയാനും വൻതുക ആദായമുണ്ടാക്കുവാനും കഴിയുന്ന സംവിധാനം നിലവിൽ വരുത്തേണ്ടതാണ്.

3. റബ്ബർ തോട്ടങ്ങളിൽ ഇഞ്ചി, മഞ്ഞൾ, കാലിത്തീററയ്ക്കുള്ള പുല്ലിനങ്ങൾ തുടങ്ങിയവ നട്ടുവളർത്തി പണം സമ്പാദിക്കാൻ കഴിയും.

4. റബ്ബർ കർഷകർക്ക് ആധുനിക കൃഷി സമ്പ്രദായങ്ങളിൽ കൂടുതൽ പരിചയം നൽകേണ്ടതാണ്.

## കർഷകർ , കർഷകത്തൊഴിലാളികൾ ,സെൻസസ് പ്രകാരം.

| വാർഡ് | കർഷകർ | | ആകെ | കർഷകത്തൊഴിലാളികൾ | | ആകെ |
|---|---|---|---|---|---|---|
| | ആൺ | പെൺ | | ആൺ | പെൺ | |
| 1 | 36 | 2 | 38 | 383 | 431 | 814 |
| 2 | 35 | 1 | 36 | 184 | 134 | 318 |
| 3 | 122 | 9 | 131 | 114 | 49 | 163 |
| 4 | 50 | - | 50 | 178 | 73 | 251 |
| 5 | 48 | - | 48 | 107 | 33 | 140 |
| 6 | 56 | - | 56 | 173 | 65 | 238 |
| 7 | 77 | - | 77 | 115 | 14 | 129 |
| 8 | 75 | 1 | 76 | 157 | 38 | 195 |
| 9 | 71 | 2 | 73 | 113 | 28 | 141 |
| 10 | 41 | - | 41 | 126 | 39 | 165 |

ആകെ കർഷകർ 626.

ആകെ കർഷകത്തൊഴിലാളി 2554

## 3.7 തെങ്ങുകൃഷിസംബന്ധിച്ച വിവരങ്ങൾ.

| വാർഡ് | | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് | തെങ്ങ്കൃഷി വിസ്തിർണ്ണം | കായ്ക്കാത്ത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലിഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | .28 ഹെ | 1400 | 3500 | 4900 | 840 | 60 | 100 | 400 | 300 | 1400 |
| 2. | 32ഹെ | 1600 | 400 | 5600 | 960 | 40 | 200 | 150 | 250 | 1600 |
| 3 | . 34 ഹെ | 1200 | 4750 | 5950 | 700 | 60 | 140 | 50 | 250 | 1200 |
| 4 | . 37 ഹെ | 1475 | 5000 | 6475 | 900 | 75 | 200 | 75 | 225 | 1475 |
| 5 | . 37ഹെ | 1400 | 5075 | 6475 | 850 | 50 | 250 | 50 | 200 | 1400 |
| 6 | . 37ഹെ | 1450 | 5025 | 6475 | 950 | 50 | 300 | 25 | 125 | 1450 |
| 7 | .40ഹെ | 1500 | 5500 | 7000 | 900 | 100 | 250 | 50 | 200 | 1500 |
| .8. | 30 ഹെ | 1000 | 4250 | 5450 | 600 | 50 | 150 | 25 | 175 | 1000 |
| 9 | . 35 ഹെ | 1525 | 4600 | 6125 | 925 | 75 | 225 | 75 | 225 | 1525 |
| 10 | . 32 ഹെ | 1100 | 4500 | 5660 | 660 | 50 | 140 | 25 | 225 | 1100 |
| | 34 ഹെ | 13650 | 46200 | 59850 | 7445 | 510 | 1955 | 525 | 2175 | 13650 |

## പായിപ്പാട് ഗ്രാമപഞ്ചാ.ത്തിലെ പാടശേഖരങ്ങൾ

| നിലം | | | | വിരപ്പ്-മുണ്ടകം | | | |
|---|---|---|---|---|---|---|---|
| നമ്പർ | വാർഡ് | പേര് | വിസ്തീർണ്ണം | നമ്പർ | വാർഡ് | പേര് | വിസ്തീർണ്ണം |
| 1 | 1 | പൂവത്തുതൊള്ളായിരം കിഴക്ക് | 12.1 | 1 | 9 | കീഴടി | 14 |
| 2 | 1 | തേവൽകോരി | 19.2 | 2 | 9 | പാലക്കോട്ടാൽ | 3 |
| 3 | 1 | പൂവത്തറ് | 14.8 | 3 | 9 | കോതചിറ | 2.00 |
| 4 | 1 | പൂവം പാടം | 230. | 4 | 8 | അമ്മത്താൻ ചിറ | 15. |
| 5 | 2 | മൂന്നാം വേലിതാമരം ങ്കരി | 68.00 | 5 | 4-6 | അയിത്തിമുണ്ടകം | 26 |
| 6 | 2 | കോല്ലത്തുചാത്തങ്കരി | 40.2 | 6 | 5 | പോളാച്ചിറ | 1.2 |
| 7 | 2 | കരിഞ്ചെമ്പ് ഊത്തകാട് | 40.2 | 7 | 3 | വെട്ടികാട് | 1.2 |
| 8 | 2 | കാലോത്തപ്പുറം | 224 | 8 | 3 | തെക്കേക്കര | 1.2 |
| 9 | 2 | കപ്പഴാക്കൽ | 28.4 | 9 | 3 | ഉപ്പിണി | 2.00 |
| 10 | 2 | ഇട്ടിയാതരി | 62 | 10 | 3 | വേഷ്ണാൽ | 2.0 |
| 11 | 2 | മൂലത്തലഞ്ചേരിവാക്കൽ | 5. | | | | 67.6 |
| 12 | 2 | കരീപ്പാടം | 52. | | | | |
| 13 | 1 | പൂവത്തുതൊള്ളായിരംപടിഞ്ഞാറ് | 16. | | | | |
| 14 | 3 | ന ന്നാകരി | 12. | | | | |
| 15 | 3 | തെറ്റിച്ചാൽ കോടി | 12. | | | | |
| 16 | 3 | ഏറണാകേരി | 10 | | | | |
| 17 | 5 | ചിരക്കരവേലി, | 10 | | | | |
| 18 | 5 | ഓമല്ലക്കരി | 38 | | | | |
| 19 | 1 | കാവാലിക്കരി | 186. | | | | |
| 20 | 1 | അറുനൂറ് | 24. | | | | |
| 21 | 1 | കൊച്ചുഭാഗംള്ളായിരം | 8 | | | | |
| 22 | 5 | കടവുഭാഗം കാരിച്ചാൽ | 9.6 | | | | |
| 23 | 3 | എളങ്ങേആടഅടടങ്ങ | 10.4 | | | | |
| 24 | 3 | കണ്ണങ്കോരി | 4 | | | | |
| 25 | 3 | മാമ്മാട്ടുപറമ്പ് സൗത്ത് | 4 | | | | |
| 26 | 5 | തെക്കുംചേരിക്കഴി | 6 | | | | |
| 27 | 3 | നന്നാട്ടിറമ്പ് നോർത്ത് | 4 | | | | |
| 28. | 3 | പനങ്ങേട്ടടി | 10 | | | | |
| 29 | 5 | ചുരവേലി | 14 | | | | |
| | | | 1193.8 | | | | |

## പായിപ്പാട് ഗ്രാമപഞ്ചായത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതിൾ

| ക്രമനമ്പർ | പദ്ധതിയുടെ പേര് | ആയക്കെട്ട് വിസ്തീർണ്ണ് (ഹെ) | എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിൽ അടങ്കൽതുക | ലക്ഷ്യം |
|---|---|---|---|---|
| പൂർത്തികരിച്ചവ | | | | |
| 1 | മൈനർ ഇറിഗേഷൻ ക്ലാസ്സ് 2 വർക്ക് ളാപ്പാല തോട്ടിൽ നന്നാട്ടിറമ്പ് പാടത്തിൻെറ വരങ്ങളുടെ സംപക്ഷണം | 8 ഹെക്ടർ | 184565 | പാടത്തിൻെറ സംരക്ഷണം |
| 2 | കപ്പോണപ്പുറം പാടത്തിൻെറ ബണ്ടിൻെറ സംരക്ഷണത്തിനായി മണ്ണ് ബണ്ട്നിർമ്മിക്കുക. | 16 ഹെക്ടർ | 305025 | നെൽകൃഷി വികസനം. |
| 3 | പുവം പാടശേഖരത്തിൻെറ പുനരുദ്ധാനം പുർത്തിയായിക്കണ്ടിരിക്കുന്നു. | 50 ഹെക്ടർ | 65 ലക്ഷം | പാടത്തിൻെറ പുനരുദ്ധാരണം. |
| നടപ്പാക്കാൻ ഉദ്ദേശിക്കുന്നവ | | | | |
| 4 | പായിപ്പാട് കിഴക്ക് വനങ്ങോട്ടിടഭാഗത്ത് പാടത്തിൻെറ വശങ്ങ്ങളുടെ സംരക്ഷണം. | | | |
| 5 | പായിപ്പാട് പഞ്ചായത്ത് 600ൽ പുതുവൽപാടത്തഇൻെറ ടേൻ ടർ വിളിച്ചു പണി എല്പിച്ചു കൊടിക്കുന്നതിന് ജനുവരി 7ാം തീയതി നിശ്ചയിച്ചിരിക്കുന്നു. | 12 ഹെക്ടർ | 302100 | പാടത്തിൻെറ ബണ്ട് സംരക്ഷിച്ച നെൽകൃഷിവികസിപ്പിക്കുക എന്നതാണ് ലക്ഷ്യം |

## പായിപ്പാട് ഗ്രാമപഞ്ചായത്ത് 3.8 കാർഷികോപകരണങ്ങൾ

| വാർഡ് | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രെയർ | നാപ്സ്റ്റക്ക് സ്പ്രെയർ | മറ്റുള്ളവ | മെതി യന്ത്രം | തെങ്ങുകയറ്റ യന്ത്രം | ഷോർട്ട ബിൾ പമ്പുസെറ്റ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | - | - | 2 | 50 | 30 | 50 | 25 | 3 | .2 - |

## പായിപ്പാട് ഗ്രാമപഞ്ചായത്ത് 3.9 കൈവശഭൂമി വിസ്തീർണ്ണം

| വാർഡ് നമ്പർ | നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1-2 ഹെക്ടർ) | വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ) |
|---|---|---|---|
| 1 | 2 | 3 | 4 |
| 1-10 | 3481 | 533 | 228 |

# 5 (2)

# മത്സ്യബന്ധനം-മൃഗസംരക്ഷണം

## മത്സ്യബന്ധനം

പായിപ്പാട് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മത്സ്യബന്ധനം മുഖ്യതൊഴിലായി സ്വീകരിച്ചിരിക്കുന്ന അനേകം കുടുംബങ്ങൾ ഉണ്ട്. പൂവം വാർഡിൽ ആണ് ഏറ്റവും കൂടുതൽ മത്സ്യബന്ധന തൊഴിലാളികൾ ഉള്ളത്. ഇവരിൽ ഏറിയ പങ്കും പരമ്പരാഗതമായി മത്സ്യബന്ധനം നടത്തി വരുന്നവരാണ് പഞ്ചായത്തിന്റെ 1, 3, 5 ഈ വാർഡുകളിലാണ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ വസിക്കുന്നത് കൂടാതെ ളായിക്കാട്, നക്രാൽ, മൂലേൽ പുതുവൽ, കോമങ്കേരിച്ചിറ, എ.സി. കോളനികൾ, കാവാലിക്കരി എന്നിവിടങ്ങളിലും മത്സ്യബന്ധനം ഉപജീവനമാർഗ്ഗമാക്കിയിരിക്കുന്നവരും സീസൺ അനുസരിച്ച് ഈ തൊഴിൽ ചെയ്യുന്ന വരുമായി അനേകം പേരുണ്ട്. ജാതി മത ഭേദമന്യേ മത്സ്യബന്ധനം ഉപജീവന മാർഗ്ഗമാക്കിയവരും ഉണ്ട്. പെരുവല, കോരുവല, പൊടിവല, നീട്ടുവല, വാളവല മുതലായവയാണ് പ്രധാനമായി ഉപേയാഗിച്ചുവരുന്ന വലകൾ ഇതു കൂടാതെ വെള്ളവലിച്ച് കരിമീൻ പിടിക്കുന്നവരെയും കാണാവുന്നതാണ്. തണ്ണീർമുക്കം ബണ്ട് വന്നതോടുകൂടി ശുദ്ധജലത്തിൽ കൂടുതലായി കണ്ടു തുടങ്ങിയ വയമ്പ്, ചൂട തുടങ്ങിയ ചെറുമീനുകളെ ലക്ഷ്യമാക്കി ഉപയോഗിക്കുന്നതാണ്. പൊടിവല. ഏകദേശം 400 ഓളം കുടംബങ്ങൾ മത്സ്യബന്ധനം ഉപജീവനമാർഗ്ഗമാക്കിയിരിക്കുന്നു. ഏതാനും വർഷങ്ങൾക്കു മുമ്പ് സ്വന്തമായി കോട്ടൺ നൂലുകൾ വാങ്ങി 'തിരിങ്ങണ' എന്ന ഉപകരണം ഉപ

യോഗിച്ച് നൂലിഴകൾ ആവശ്യാനുസരണം പിരിച്ചു ചേർത്ത് സ്വന്തമായി നെയ്തെടുക്കുന്ന കോട്ടൺ വലകളാണ് ഉപയോഗിച്ചുവന്നിരുന്നത്. ഈ രംഗത്തു പണിയെടുക്കുന്ന സ്ത്രീകളെ പൂവം പോലെയുള്ള പ്രദേശങ്ങളിൽ അക്കാലത്ത് കാണുവാൻ കഴിയുമായിരുന്നു. ഈ വലകൾ ഈടുറ്റതായിരുന്നില്ല. എന്നാൽ നൈലോൺ നൂലുകളുടെയും, വലകളുടെയും ആവിർഭാവത്തോടുകൂടി കോട്ടൺ വലകൾ പിന്തള്ളപ്പെട്ടു. അതോടൊപ്പം ചെറുകിട തൊഴിൽ സംരംഭമായിരുന്ന നൂൽനൂൽക്കലും, വലകെട്ടും അപ്രത്യക്ഷമാകുകയും ചെയ്തു. ഈ തൊഴിൽ നഷ്ടപ്പെട്ട സ്ത്രീകൾ പാടശേഖരങ്ങളിൽ മറ്റ് പണികൾ ചെയ്യുവാൻ പ്രേരിതരായി ആദ്യം കൈ കൊണ്ടു നിർമ്മിക്കുന്ന നൈലോൺ വലകളും പിന്നീട് മെഷീൻ വലകളും രംഗത്തെത്തി ഇതോടുകൂടി പരമ്പരാഗതമായി ഉപയോഗിച്ചുവന്നിരുന്ന പല മത്സ്യബന്ധന രീതികൾക്കും മാറ്റം വന്നു.

പഞ്ചായത്ത് ഏരിയയിൽ മത്സ്യബന്ധനത്തിന് ഉതകുന്ന തോടുകളും കുളങ്ങളും കുറവാണ്. പാടശേഖരങ്ങളിൽ വെള്ളം കയറ്റുമ്പോൾ നീട്ടുവല, വീശുവല എന്നിവ ഉപയോഗിച്ച് മത്സ്യ ബന്ധനം നടത്താം. ചുരുക്കം സ്ഥലങ്ങളിൽ മറ്റു രീതികളും അവലംബിക്കാവുന്നതാണ്. എന്നാൽ ഏറിയ പങ്കും കുട്ടനാടൻ ജലാശയങ്ങളിലാണ് പഞ്ചായത്തിൽ ഉള്ളവർ പണിയെടുക്കുന്നത്. അടുത്ത കാലത്തായി കുട്ടനാടൻ മേഖലകളിൽ ക്രമാതീതമായി പുതിയ ഇനം മത്സ്യബന്ധന രീതികളും, തൊഴിലാളികളും വർദ്ധിച്ചതിനാൽ ഇവിടെ നിന്നു പോകുന്ന തൊഴിലാളികൾക്ക് വളരെയേറെ പ്രതിബന്ധങ്ങളെയും ഭീഷണികളെയും തരണം ചെയ്യേണ്ടി വരുന്നു. നിർബാധം ജോലി ചെയ്യാവുന്ന അവസ്ഥ അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നു. മത്സ്യരോഗം മത്സ്യബന്ധന രംഗത്തു വരുത്തി വച്ച വിന വളരെ വലുതാണ്. ഇതിന്റെ ഭീഷണി ഇപ്പോഴും നിലനിൽക്കുന്നു. ഉൾനാടൻ ജലാശയങ്ങളിൽ നിന്നും പ്രധാനമായും കരിമീൻ, വരാൽ, ചേറുമീൻ, കാരി, ചെമ്പല്ലി, കുറുവ, പരൽ, കോലാ, കല്ലടമുട്ടി, ചില്ലാൻ, കളിക്കൂരി, അറിഞ്ഞിൽ, വിളമീനുകൾ മറ്റുതരം പൊടിമീനുകൾ എന്നിവയാണ് ലഭ്യമാകുന്നത്. ചില കാലയളവുകളിൽ ആറ്റു ചെമ്മീനും ലഭിക്കുന്നു.

ഇത്രയേറെ മത്സ്യത്തൊഴിലാളികൾ ഉള്ള പ്രദേശമാണെങ്കിലും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ ഒന്നും തന്നെയില്ല. പഞ്ചായത്തിൽ ചില കാലഘട്ടങ്ങളിൽ ഇത്തരം സംഘങ്ങൾ ചിലയിടങ്ങളിൽ രൂപം കൊണ്ടെങ്കിലും ചൂഷണത്തിന്റെയോ അജ്ഞതയുടെയോ ഫലമായി ഇവയെല്ലാം പ്രവർത്തനക്ഷമങ്ങൾ അല്ലാതെയായിത്തീർന്നു. പായിപ്പാടു കവലയിൽ മാത്രമാണ് മേന്മയേറിയ ഒരു മത്സ്യവിപണന കേന്ദ്രം ഉള്ളത്. ഒട്ടത്തിൽ കടവിലും ചെറിയ രീതിയിൽ മത്സ്യക്കച്ചവടം നടന്നു വരുന്നു. പൂവം പ്രദേശത്ത് പള്ളിക്കടവിലും, പാറയ്ക്കൽകടവിലും പ്രവർത്തിച്ചിരുന്ന കച്ചവടകേന്ദ്രങ്ങൾ ഇപ്പോൾ

ഇല്ല. ചങ്ങനാശേരിയിൽ ആണ് മത്സ്യം ഏറ്റവും കൂടുതൽ എത്തിക്കുന്നത് തരകന്മാരിൽ നിന്നും പണം മുൻകൂറായി പറ്റിക്കൊണ്ട് മത്സ്യം അവിടെ എത്തിയ്ക്കുവാൻ തൊഴിലാളികൾ നിർബന്ധിതരാകുന്നു. പായിപ്പാട്ടും, ഒട്ടത്തിൽ കടവിലും ചെറിയ രീതിയിൽ ഇത് നിലവിലുണ്ട്. ഈ മേഖലയിൽ മേന്മയേറിയ രീതിയിൽ പ്രവർത്തിക്കുന്ന ഒരു സഹകരണ സംഘം ആവശ്യമാണ്. മത്സ്യകൃഷിക്കായി പഞ്ചായത്ത് ഏതാനും കുളങ്ങൾ ലേലം ചെയ്ത് കൊടുത്തെങ്കിലും ഈ ശ്രമം പരാജയപ്പെടുകയാണുണ്ടായത്. കുളങ്ങളുടെ സുരക്ഷിതത്വമില്ലായ്മയും വേനൽക്കാലങ്ങളിൽ കുളങ്ങളിലെ വെള്ളം ഭാഗികമായി കുറയുന്ന അവസ്ഥയും ഈ കൃഷിയെ പ്രതികൂലമായി ബാധിച്ചു.

മത്സ്യക്കച്ചവട ത്തൊഴിലാളികളിൽ ഏറിയ പങ്കും ക്ഷേമ നിധിയിൽ ചേർന്നിട്ടുണ്ടെങ്കിലും പുറത്ത് നിന്നും വരുന്ന മത്സ്യം കരാറുകാരിൽ നിന്നും വാങ്ങുന്നതിനാവശ്യമായ പണവും വിൽക്കാനാവശ്യമായ സംവിധാനവും വിരളമായത് കൊണ്ട് അവർ വളരെ ദുരിതത്തിലാണ് കഴിയുന്നത് മത്സ്യ ബന്ധനത്തിലോ മത്സ്യവിപണനത്തിനോ മുൻകൂറായി കൊടുക്കുവാനാവശ്യമായ തുക ലോണായി ലഭിക്കുവാനാവശ്യമായ സൗകര്യങ്ങൾ വേണ്ടുവോളമില്ല. ബാങ്കുകൾ ഇക്കാര്യത്തിൽ പ്രതിബന്ധങ്ങൾ സൃഷ്ടിച്ച് ലോണിനായി വരുന്നവരെ നിരുത്സാഹപ്പെടുത്തുകയാണ്.

കേരളത്തിലെ വ്യവസായിക മേഖലകളിലുള്ള പല പ്രസ്ഥാനങ്ങളും ആകർഷകമായ പദ്ധതികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് വേണ്ടി തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഇതിന്റെയൊന്നും ഗുണഫലങ്ങൾ ഈ പഞ്ചായത്തിൽ യഥാകാലം ലഭിക്കാറില്ല.

മത്സ്യ മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി ഇവിടെ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല. സംഭരിക്കപ്പെടുന്ന മത്സ്യം വാങ്ങി ഏജൻസികൾ വഴി വില്പന നടത്തുവാൻ സഹായിക്കുന്ന ഒരു സഹകരണ സംഘം ഇവിടെ ആവശ്യമാണ്. ഇതിലൂടെ മത്സ്യബന്ധനത്തിനാവശ്യമായ ലോൺ അവർക്ക് ലഭിക്കേണ്ടതാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്ന പലർക്കും പാർപ്പിട സൗകര്യങ്ങൾ കുറവാണ് പാർപ്പിടങ്ങൾ ഉണ്ടാക്കാനും ഉള്ളവ പുതുക്കുവാനും ആവശ്യമായ ലോൺ അവർക്ക് നൽകേണ്ടതാണ്. ലോണുകളുടെ ലഭ്യത, ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അറിവ്, സമ്പാദ്യ ശീലം ഇവയെക്കുറിച്ച് ബോധവൽക്കരണം നൽകാനുള്ള നടപടികൾ പഞ്ചായത്തിൽ നിന്നും ഗ്രാമ സഭവഴിയായി ചെയ്യേണ്ടതാണ്.

## മൃഗസംരക്ഷണം

പഞ്ചായത്തിൽ പ്രധാനമായും പശു, ആട്, എരുമ, പോത്ത് എന്നിവയാണ് വളർത്തുമൃഗങ്ങളായുള്ളത്. കോഴി, താറാവ് എന്നിവ വളർത്തു

പക്ഷികളുടെ കൂട്ടത്തിലും ഉൾപ്പെടും. പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ ധാരാളം നെൽപാടങ്ങൾ ഉള്ളതിനാൽ മുൻകാലങ്ങളിൽ ഉഴവ് നടത്താൻ മുഖ്യമായും പോത്തുകളെ ഉപയോഗിച്ചിരുന്നു. എന്നാൽ കാർഷിക രംഗത്ത് യന്ത്രവൽക്കരണം വന്നതോടുകൂടി പോത്തിനെ ഉപയോഗിച്ചുള്ള ഉഴവ് നന്നേ കുറഞ്ഞു. മുൻപ് കാളകളും, കാളവണ്ടികളും ധാരാളം ഉണ്ടായിരുന്നു എങ്കിലും ഇന്ന് നാമമാത്രമായി മാത്രമേ അവയുള്ളൂ. പശുക്കളും, ആടുകളുമാണ് പ്രധാന വളർത്തു മൃഗങ്ങൾ. ഉല്പാദിപ്പിക്കുന്ന പാൽ വിൽക്കുവാൻ വളരെയേറെ ബുദ്ധിമുട്ടുകൾ ചില വാർഡുകളിൽ അനുഭവപ്പെടുന്നുണ്ട്. നാലുകോടി, പൊടിപ്പാറ, വെള്ളാപ്പള്ളി, കൊല്ലാപുരം എന്നിവിടങ്ങളിൽ മാത്രമാണ് സഹകരണസംഘങ്ങൾ നിലവിലുള്ളത്. കാലിത്തീറ്റകളുടെ വിലവർദ്ധന, ചികിൽത്സാ സൗകര്യങ്ങളുടെ പോരായ്മ തുടങ്ങിയവ കാലി വളർത്തലിനെ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്. കാലികളെ വളർത്തുവാൻ യഥാകാലം വായ്പ ലഭിക്കാത്തതും കാലി വളർത്തൽ കുറയുവാൻ ഇടയാകുന്നു.

പഞ്ചായത്തിന്റെ ഒന്ന്, രണ്ട് വാർഡുകളിലായി ധാരാളം താറാവു കർഷകർ ഉണ്ട്. എന്നാൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന താറാവു രോഗം കർഷകരുടെ നട്ടെല്ലൊടിക്കുന്നു. എല്ലാ വീടുകളിലും ചെറിയരീതിയിൽ കോഴി വളർത്തൽ ഉണ്ട്. നാല് ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങളും ഇവിടെ ഉണ്ട്.

മൃഗചികിൽത്സാ സൗകര്യം പഞ്ചായത്തിൽ വളരെ കുറവാണ്. ചങ്ങനാശേരിയിലുള്ള മൃഗാശുപത്രിയാണ് ഏക ആശ്രയം. സമയത്തിന് ചികിത്സ ലഭിക്കാതെ കാലികൾ ചാകുന്ന അവസ്ഥ ഇപ്പോഴും നിലനിൽക്കുന്നു. കുളമ്പുരോഗം, അകിടു വീക്കം, ഉദര രോഗം, പനി മുതലായവയാണ് കാലികളിൽ കണ്ടു വരുന്ന രോഗങ്ങൾ. രോഗ പ്രതിരോധ നടപടികളെക്കുറിച്ചും പരിസര ശുചിത്വത്തെ സംബന്ധിച്ചുള്ള അജ്ഞത രോഗങ്ങൾ തുടക്കത്തിലെ ചികിത്സിച്ച് മാറ്റുവാൻ തടസ്സമായി നിൽക്കുന്നു. കീട നാശിനികൾ തളിച്ച പാടശേഖരങ്ങളിലെ പുല്ലു തിന്നുന്ന പശുക്കൾക്ക് രോഗങ്ങൾ കണ്ടുവരുന്നു. കൃഷിക്ക് ആവശ്യമായ ജൈവവളം ഉണ്ടാക്കുവാൻ കാലി വളർത്തൽ സഹായിക്കുമെങ്കിലും പലരും അത് ചെയ്യാറില്ല. ബയോഗ്യാസ് പ്ലാൻറുകൾ അങ്ങിങ്ങായി കാണപ്പെടുന്നുണ്ട്. കോഴി വസന്തമൂലം ആണ്ടു തോറും ധാരാളം കോഴികൾ ചത്തൊടുങ്ങുന്നു.

## നിർദ്ദേശങ്ങൾ

1. കാര്യമായി പ്രവർത്തിക്കുന്ന ഒരു മൃഗാശുപത്രി പഞ്ചായത്തിൽ അത്യാവശ്യമാണ്.

2. വിവിധ മേഖലകളിൽ നിന്നും ലോണുകളും മറ്റും അനുവദിക്കേണ്ട ക്രമീകരണങ്ങൾ നൽകി കാലി വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടത് ആവശ്യമാണ്.

## മൃഗസംരക്ഷണം

### ആവശ്യങ്ങൾ

1. കാലിത്തീറ്റ കുറഞ്ഞ ചിലവിൽ സഹകരണ സംഘങ്ങൾ വഴി എത്തിയ്ക്കുക.

2. എല്ലാ വാർഡിലും പാൽ ഉൽപ്പാദന സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയും, സംഘങ്ങൾ വഴി കന്നുകുട്ടികളെയും, കിടാങ്ങളെയും സൗജന്യനിരക്കിൽ ലഭ്യമാക്കുകയും ചെയ്യുക.

3. പഞ്ചായത്തു തലത്തിൽ എല്ലാ വാർഡിലും കാറ്റിൽ ഇംപ്രൂവ്മെൻറ് യൂണിറ്റുകൾ സ്ഥാപിക്കുക.

4. നിർദ്ധനരായ കുടുംബങ്ങൾക്ക് കാലികളെ വളർത്തുന്നതിനും, തൊഴുത്തുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ ധന സഹായം നൽകുക.

5. തീറ്റ കൃഷിയ്ക്കുവേണ്ടി പുറമ്പോക്കു സ്ഥലങ്ങൾ പാട്ട വ്യവസ്ഥയിൽ അനുവദിക്കുക.

6. ഓരോ ഇരുപത്തി അഞ്ച് കുടുംബങ്ങൾക്കും ഓരോ മുട്ടക്കോഴി യൂണിറ്റ് സ്ഥാപിക്കുകയും, കോഴികുഞ്ഞുങ്ങളെ സൗജന്യമായി നൽകുകയും ചെയ്യുക.

7. താറാവു കൃഷിക്കാവശ്യമായ ധനസഹായവും, സാങ്കേതിക സഹായവും നല്ലയിനം താറാവു കുഞ്ഞുങ്ങളെയും നൽകുക.

## മത്സ്യബന്ധനം

8. മത്സ്യ ത്തൊഴിലാളികൾക്ക് വള്ളവും വലയും സബ്സിഡിയായി അനുവദിക്കുക.

9. മത്സ്യ ബന്ധനത്തൊഴിലാളികൾക്ക് പാർപ്പിടവും മറ്റു അടിസ്ഥാന സൗകര്യങ്ങളും സൗജന്യമായി അനുവദിക്കുക.

10. മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധിയും പെൻഷനും അനുവദിക്കുക.

11. മത്സ്യത്തൊഴിലാളി സഹകരണ സംഘം രൂപീകരിച്ച് മത്സ്യ ബന്ധനത്തിനാവശ്യമായ ഉപകരണങ്ങൾ സംഘങ്ങൾ വഴി ലഭ്യമാക്കുക.

12. മത്സ്യ ബന്ധനത്തൊഴിലാളി കുടുംബങ്ങൾക്ക് ശീത സംഭരണികൾ നൽകുക.

13. മത്സ്യരോഗം സാർവ്വത്രികമായി ബാധിച്ചിരിക്കുന്നു ഇതിനെ പ്രതിരോധിക്കാനാവശ്യമായ നടപടി സ്വീകരിക്കുക.

14. തൊഴിൽ രഹിതരായ മത്സ്യബന്ധന ത്തൊഴിലാളികൾക്ക് മത്സ്യ വിപണനം നടത്തുന്നതിനാവശ്യമായ ധന സഹായം നൽകുക.

15. മത്സ്യ വിപണനലേലം നടത്തുന്ന ഒട്ടത്തിൽക്കടവിൽ പടവുകൾകെട്ടി കടവുകൾ നിർമ്മിക്കുക.

16. ഒരിക്കലും വെള്ളം വറ്റാത്ത പഞ്ചായത്തിലെ കൊല്ലാപുരത്തുള്ള വലിയ കുളം, അമ്മത്താൻ ചിറകുളം, കണ്ണനാടു കുളം, വള്ളുവൻ ചിറക്കുളം, മുളക്കുടിക്കുളം, പള്ളിക്കച്ചിറക്കുളം എന്നീവലിയകുളങ്ങൾ മത്സ്യം വളർത്തുന്നതിന് വിട്ടുകൊടുക്കുക.

17. വർഷങ്ങളോളമായി തരിശായികിടക്കുന്ന പായിപ്പാട് പഞ്ചായത്തിലെ നിലങ്ങൾ മത്സ്യം വർത്തുകേന്ദ്രങ്ങളാക്കാനുള്ള നടപടി സ്വീകരിക്കുക.

18. മത്സ്യം വിപണനം നടത്തുന്നതിനുള്ള മാർക്കറ്റ് നാലുകോടി ഭാഗത്ത് അനുവദിക്കുക.

19. മത്സ്യബന്ധനതൊഴിലാളികളുടെ ആരോഗ്യപരമായ കാര്യങ്ങൾക്ക് സൗജന്യവൈദ്യ സഹായം ലഭിക്കുന്നതിനായി മത്സ്യബന്ധനത്തൊഴിലാളി കേന്ദ്രങ്ങളിൽ ഹെൽത്തു സെൻററുകൾ അനുവദിക്കുക.

20. പൂവം പാറയ്ക്കൽ കലുങ്ക് കേന്ദ്രമാക്കി മത്സ്യവിപണനകേന്ദ്രം സ്ഥാപിക്കുക.

21. ഉൾ നാടൻ ജലാശയങ്ങളിൽ കൂടുതൽ മത്സ്യകുഞ്ഞുങ്ങളെ വിടുക. ജലാശയങ്ങളിലേയ്ക്ക് അമിതമായി കീടനാശിനി തളിച്ച ജലം ഒഴുകുന്നത് നിയന്ത്രിക്കുക.

## പരാതികൾ (പ്രശ്നങ്ങൾ)

1. കാലിത്തീറ്റ കുറഞ്ഞ ചിലവിൽ ലഭ്യമാകുന്നില്ല.

2. ഇവിടെ പരിമിതമായ പാലുൽപ്പാദന സഹകരണ സംഘങ്ങളേയുള്ളൂ. ഇതു പരിഹരിക്കുക.

3. മൃഗാശുപത്രി പഞ്ചായത്തിൽ ഇല്ല. ഇത് എത്രയും വേഗം പരിഹരിക്കുക.

4. തീറ്റപുൽകൃഷി ചെയ്യുന്നതിന് പുറമ്പോക്ക് സ്ഥലം കണ്ടെത്തി പാട്ടവ്യവസ്ഥയിൽ നൽകാൻ നടപടികൾ സ്വീകരിക്കുക.

5. താറാവു കൃഷി പരിപോഷിപ്പിക്കുന്നതിന് ഇവിടെ ഒരുമാർഗ്ഗവും ഇല്ല ഈ പ്രശ്നം പരിഹരിക്കുക. താറാവുകൃഷി മേഖലയിൽ ഉള്ളവർ വളരെയേറെ ദുരിതം അനുഭവിക്കുന്നു.

### മത്സ്യ ബന്ധനം

6. ആവശ്യമായ വിപണന സൗകര്യമില്ല. ഇതുപരിഹരിക്കണം.

7. ശരിയായ പാർപ്പിടവും പ്രാഥമിക സൗകര്യങ്ങളും മത്സ്യത്തൊഴിലാളികുടുംബങ്ങൾക്ക് ഇല്ല. ഇത് പരിഹരിക്കുക.

8. പഞ്ചായത്തിൽ മത്സ്യബന്ധനത്തൊഴിലാളി സഹകരണ സംഘങ്ങൾ ഒന്നുമില്ല. ഇത് പരിഹരിക്കുക.

9. മത്സ്യരോഗ നിവാരണ മാർഗ്ഗം ഒന്നും തന്നെ ഇവിടെ നടപ്പിലായിട്ടില്ല. ഇത് ഉടനടി നടപ്പിലാക്കണം.

10. മത്സ്യബന്ധന മേഖലകളിൽ പ്രാദേശിക വാദം ഉയർന്നിരിക്കുനനതിനാൽ ഈ പഞ്ചായത്തിലെ തൊഴിലാളികൾക്ക് കുട്ടനാട്ടിൽ പണിചെയ്യാൻ കഴിയുന്നില്ല. ഇതിനു പരിഹാരം ഉണ്ടാകണം.

## പായിപ്പാട് ഗ്രാമപഞ്ചായത്ത്

## 4.1 വളർത്തുമൃഗസംഖ്യ

| വാർഡ് നമ്പർ | കാളനാടൻ വംശവർദ്ധനവ് | കാളനാടൻ മറ്റുള്ളവ | കാളസങ്കരം വംശവർദ്ധനവ് | കാളസങ്കരം മറ്റുള്ളവ | പശുനാടൻ കറവ ഉള്ളത് | പശുനാടൻ കറവ ഇല്ലാത്തത് | പശുസങ്കരം കറവ ഉള്ളത് | പശുസങ്കരം കറവ ഇല്ലാത്തത് | എരുമ കറവ ഉള്ളത് | എരുമ കറവ ഇല്ലാത്തത് | കറവ | കറവപോത്ത് | ആട് പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 മുതൽ 10 വരെ | - | 29 | 2 | 32 | - | - | 1100 | 370 | 28 | 4 | 34 | 752695 | | 1 |

# പായിപ്പാട് ഗ്രാമപഞ്ചായത്ത്
# 4.3 രോഗവിവരങ്ങൾ

| നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹനസംബന്ധമായ | 15 | 60 | 12 | 6 | 12 | - | 32 | | | |
| 2 | ശ്വാസകോശസംബന്ധം | 864 | - | 510 | | 3 | | | | | |
| 3 | ഉപാപചയ സംബന്ധം | 72 | - | 10 | | - | | | | | |
| 4. | ത്വക് രോഗങ്ങൾ | 916 | - | 72 | | 30 | | | | | |
| 5 | ധാതുലവണങ്ങളുടെ അഭാവം | 26 | | 15 | | | | | | | |
| 6 | പാരാദരോഗങ്ങൾ | 610 | 5 | 98 | - | 42 | | | | | |
| 7 | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 154 | - | 27 | | | | | | | |
| 8 | വന്ധ്യത | 26 | | | | | | | | | |
| 9 | അകിടുവീക്കം | 458 | - | 214 | | | | | | | |
| 10 | മുടന്തൻ പനി | 368 | | | | | | | | | |
| 11 | പകർച്ച വ്യാധികൾ | 410 | - | 32 | - | | 1210 | 1500 | | | |

# പായിപ്പാട് ഗ്രാമപഞ്ചായത്ത്
# 4.. 4 കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തു മൃഗം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2- ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 1470 | 110 | 12 |
| കിടാരി | 312 | 25 | 10 |
| എരുമ | 22 | 2 | - |

## പായിപ്പാട് ഗ്രാമപഞ്ചായത്ത്
## 4.35 മത്സ്യബന്ധനം

| | കടൽ മത്സ്യം | | | ഉൾനാടൻ മത്സ്യം | | മത്സ്യബന്ധനോപകരണങ്ങൾ | | |
|---|---|---|---|---|---|---|---|---|
| വാർഡ് | മത്സ്യബന്ധനതൊഴിലാളികൾ | മറ്റ് തൊഴിലാളികൾ | | വിസ്തീർണ്ണം | കർഷകരുടെ എണ്ണം | യന്ത്രവത്കൃത ബോട്ടുകൾ | യന്ത്രം ഘടിപ്പിച്ച നാടൻ വള്ളങ്ങൾ | യന്ത്രം ഘടിപ്പിക്കാത്ത നാടൻ വള്ളങ്ങൾ |
| 1 | കൃഷി | സ്ത്രികൾ | 800 | 40 | 400 1200 | ഇല്ല | ഇല്ല | 180 |
| 2 | കച്ചവടം | 90 ഹെക്ടർ പുരുഷന്മാർ | | | | | | |
| 3 | 1200 കൈ തോഴിൽ | 75 | | | | | | |

## പായിപ്പാട് ഗ്രാമപഞ്ചായത്ത്
## 4..2 വളർത്തുപക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി മുട്ട ഇടുന്നത് | പിടക്കോഴി മുട്ട ഇടാത്തത് | താറാവ് ആൺ | താറാവ് പെൺ | മറ്റുള്ളവ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1മുതൽ 10 വരെ | 2234 | 15246 | 10946 | 4000 | 15000 | 165 |

# 5 (3)
# വ്യവസായം

ഈ ഗ്രാമത്തിന്റെ വ്യാവസായിക പൂർവ്വ ചരിത്രം പരിശോധിക്കാതെ ഈ രംഗത്തുണ്ടായ വളർച്ചയും, തളർച്ചയും കണക്കാക്കുവാൻ പ്രയാസമാണ്. മാറിക്കൊണ്ടിരിക്കുന്ന ജീവിത വീക്ഷണവും അധികൃതരുടെ അനാസ്ഥയും, സാങ്കേതിക തടസങ്ങളും, സാമൂഹിക ബോധത്തിന്റെ അപചയവും, പുതിയ തലമുറയുടെ കർമ്മ വൈമുഖ്യവും മൂലം പൊയ്പ്പോയ കാലത്തെ മഹോത്സവത്തിന്റെ സവിശേഷ പ്രതീതി ജനിപ്പിച്ച് ഈ ഗ്രാമത്തിലെ വ്യാപാര വ്യവസായ രംഗത്തെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചിരുന്ന ''തോട്ടായിൽക്കടവ്'' അജ്ഞാതമായ ഏതോ നിയോഗം പോലെ ഇന്ന് നിർജ്ജീവമായി, നിസ്സംഗമായിത്തീർന്നിരിക്കുന്നു.

1950- മുതലുള്ള കാലഘട്ടങ്ങളിൽ കൊച്ചി, ആലപ്പുഴ, എറണാകുളം തുടങ്ങിയ വ്യാവസായിക കേന്ദ്രങ്ങളിൽ നിന്ന് പായിപ്പാട്ടെ, അക്കാലത്തെ പ്രമുഖ വ്യവസായികളായിരുന്ന കൈലാത്ത്, ചെങ്കിലാത്ത് നെല്ലിത്താനത്ത് തുടങ്ങിയ പേരുകളിൽ പ്രഖ്യാതരായ ഔസേപ്പച്ചൻ, ഈശ്വരപിള്ള, സെയ്ദ് മീരാ റാവുത്തർ തുടങ്ങിയവരുടെ വ്യാപാര ശാലകളിലേയ്ക് പലചരക്കു വ്യഞ്ജനങ്ങൾ നിരന്തരം എത്തിക്കൊണ്ടിരുന്നത് ഈ കടവ് വഴിയായിരുന്നു. കൂടാതെ ചമ്പക്കുളം, കൈനകരി, പുളിങ്കുന്ന്, എടത്വാ, ചെക്കിടിക്കാട്, കിടങ്ങറ, പച്ച തുടങ്ങിയ കുട്ടനാടൻ മേഖലകളിൽ നിന്ന് വലിയ 'കേവ്' വള്ളങ്ങളിൽ ചാരം, ചാണകപ്പൊടി, തുടങ്ങിയ ജൈവവളങ്ങളും,

നെല്ല്, വൈക്കോൽ, കുമ്മായം എന്നിവയും കടപ്പുറത്തുനിന്ന് ധാരാളം വള്ളങ്ങളിൽ മത്സ്യവും തോട്ടായിൽക്കടവിൽ എത്തിയിരുന്നു. മരച്ചീനി, കായൽ വരമ്പുകൾ ബണ്ടുകൾ നിർമ്മിക്കുന്നതിനുവേണ്ടി പച്ചിലക്കൊമ്പുകൾ, വെട്ടുകല്ലുകൾ, മരഉരുപ്പടികൾ, കറവപ്പശുക്കൾ, അറവ്മാടുകൾ, തുടങ്ങിയവയും ഇവിടെ നിന്നും കുട്ടനാടൻ മേഖലകളിലേയ്ക്ക് കൊണ്ടുപോകുകയും ചെയ്തിരുന്നു.

ചങ്ങനാശേരി ബോട്ടുജട്ടിയുടെ പ്രതീതി ജനിപ്പിച്ചിരുന്ന തോട്ടായിക്കടവിൽ എത്തിക്കൊണ്ടിരുന്ന ചാരം, ചാണകപ്പൊടി, കുമ്മായം, പലചരക്ക്, കച്ചി, നെല്ല് തുടങ്ങിയ സാധനങ്ങൾ കിഴക്കൻ മേഖലകളായ മല്ലപ്പള്ളി, കുമ്പനാട്, കുന്നന്താനം, മുക്കൂർ, ചെങ്ങരൂർ, മുണ്ടിയപ്പള്ളി, കവിയൂർ തുടങ്ങിയ പ്രദേശങ്ങളിലേയ്ക്ക് കൊണ്ടുപോകുകസാധാരണമായിരുന്നു. തിങ്കൾ, വ്യാഴം എന്നീ ദിവസങ്ങളിൽ രാവും പകലും കയറ്റിയിറക്കും, കച്ചവട ബാഹുല്യവും മൂലം ഈ പ്രദേശം ഒട്ടാകെ ജന നിബിഡവും, ശബ്ദമുഖരിതവും ആയിരുന്നു. കുട്ടനാടൻ പാടശേഖരങ്ങളിലെ കൊയ്ത്തുകഴിഞ്ഞ് ''പതമായും'', ''തീർപ്പായും'' കിട്ടുന്ന നെല്ലുമായി വള്ളങ്ങളിൽ മണ്ണിന്റെ മക്കളായ കർഷകത്തൊഴിലാളികൾ തോട്ടായിൽ കടവിൽ എത്തുമായിരുന്നു. ഇവയൊക്കെക്കൊണ്ട് പള്ളിക്കച്ചിറ കവലയും, മാർക്കറ്റും പായിപ്പാട് ആകെത്തന്നയും സജീവമായിരുന്നു. കാളവണ്ടികളുടെ 'ഘട' ഘട' ശബ്ദം എവിടെയും കേൾക്കാമായിരുന്നു.

ഇന്ന് ആ ചിത്രം ആകെ മാറിയിരിക്കുന്നു. കാരണം വിഭവങ്ങൾ കേന്ദ്രീകരിക്കുന്നതിനോ, വികേന്ദ്രീകരിക്കുന്നതിനോ കഴിയാത്ത സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. ളാപ്പാലം പാലത്തിനു കീഴിലൂടെ കല്ലുകടവ് തോടുവഴി തോട്ടായിക്കടവിൽ ജലമാർഗ്ഗം എത്തുന്നതിന് കുട്ടങ്കേരിൽ ഉള്ള റെയിൽവേ ഓവർ ബ്രിഡ്ജ് തടസമായിരിക്കുന്നു. പാലത്തിനു കീഴിലൂടെ വലിയ വള്ളങ്ങൾക്ക് എത്തുവാൻ കഴിയാത്ത വിധം ഉയരം നന്നേകുറഞ്ഞുപോയി. മണ്ണൊലിപ്പ് ബാധിച്ച് തോടിന്റെ ആഴവും, വീതിയും കുറഞ്ഞു പോയിരിക്കുന്നു. ബണ്ടുകൾ കെട്ടി മണ്ണൊലിപ്പ് തടഞ്ഞും, അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്തും ഒരു അളവോളം ജലഗതാഗതതടസം ഒഴിവാക്കാവുന്നതാണ്.

ഇപ്പോൾ പായിപ്പാട്ട് പ്രവർത്തനം ആരംഭിച്ചിട്ടുള്ള ചില വ്യവസായ സ്ഥാപനങ്ങളെ കുറെക്കൂടി പ്രവർത്തനക്ഷമമാക്കുന്നതിനും, കൂടുതൽ വ്യവസായസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പഞ്ചായത്തിന്റെ ശ്രദ്ധ ഉണ്ടാകേണ്ടതാണ് പായിപ്പാട് ഗവഃഹൈസ്ക്കൂളിനു സമീപവും, ളായിക്കാട്ടും തീപ്പെട്ടി കമ്പനികൾ പ്രവർത്തിക്കുന്നു ഇത് ഏതാണ്ട് 60 ഓളം പേർക്ക് തൊഴിൽ നൽകുന്നു. ഭൂരിഭാഗവും സ്ത്രീതൊഴിലാളികളാണ്. നാലുകോടിയിൽ മിനി ഇൻഡസ്ട്രീസ് പ്രവർത്തിക്കുന്നു. അവിടെ ചെരുപ്പ്, വള്ളികൾ, പ്ലാസ്റ്റിക് കവറുകൾ, തടി ഫർണിച്ചറുകൾ തുടങ്ങിയവ

നിർമ്മിക്കുന്നു. 6 ഓളം കേന്ദ്രങ്ങളിൽ സ്റ്റീൽ ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ ഉണ്ട്. അതുപോലെ ചകിരികൊണ്ടുള്ള കയർ, കയറ്റുപായ് തുടങ്ങിയവയും ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. സിമിൻറ് ഇഷ്ടിക നിർമ്മാണം പലഭാഗങ്ങളിൽ നടക്കുന്നു. സോമില്ലുകൾ ധാരാളമായുണ്ട്. കൂടാതെ പായിപ്പാട് മാർക്കറ്റിലും, പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലും മത്സ്യക്കച്ചവടവും മറ്റും നടക്കുന്നു.

വിവിധ വ്യവസായങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ഒരു ശൃംഖലയുണ്ടാക്കി പ്രവർത്തിക്കുന്നത് വ്യാവസായിക വളർച്ചയ്ക്ക് സഹായകരമായിരിക്കും. അസംസ്കൃത സാധനങ്ങളുടെ ലഭ്യത കണ്ടെത്തി കൂടുതൽ വ്യാവസായിക സംരംഭകരെ ആകർഷിക്കേണ്ടത് കാലഘട്ടത്തിൻെറ ആവശ്യമാണ്. സ്വയം തൊഴിൽ കണ്ടെത്തുവാൻ യുവാക്കൾക്കും അഭ്യസ്ത വിദ്യർക്കും പരിശീലനവും സാമ്പത്തിക സഹായവും നൽകി വ്യവസായിക പുരോഗതി കൈവരിക്കേണ്ടതാണ്.

വ്യവസായപരമായി പഞ്ചായത്തിൻെറ സമസ്ത വികസനത്തിനു വേണ്ടി കക്ഷിഭേദമെന്യേ അർപ്പണ ബോധത്തോടെ ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ പണ്ടേ കൈമോശം വന്ന, ആഗതകാല സൗഭാഗ്യം നമുക്കു വീണ്ടും കൈവരിക്കുവാൻ കഴിയും.

## വ്യവസായം സംബന്ധിച്ച് ഓരോവാർഡും ആവശ്യപ്പെട്ടിരിക്കുന്ന വ്യവസായയൂണിറ്റുകൾ

| നമ്പർ | യൂണിറ്റിന്റെ ഇനം | വാർഡ് നമ്പർ | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | പശുവളർത്തൽ യൂണിറ്റുകൾ | * | * | * | | | | | | | |
| 2 | ഭക്ഷ്യസംഭരണ യൂണിറ്റ് | * | * | | | | | | | | |
| 3 | മത്സ്യസംഭരണ യൂണിറ്റ് | * | | | | | | | | | |
| 4 | ചാക്കുനിർമ്മാണം | * | | | | | | | | | |
| 5 | ചെരുപ്പുനിർമ്മാണം | * | * | | * | | | | | | |
| 6 | വ്യവസായ തൊഴിൽ പരിശീലനം | * | * | * | | | | | | | |
| 7 | കൈത്തറി വസ്ത്രനിർമ്മാണ കേന്ദ്രം | * | * | | | | | | | | |
| 8 | കുട്ടനിർമ്മാണം | * | | | | | | | | | |
| 9 | ബുക്കുബയിന്റിംഗ് | * | * | | | | | | | | |
| 10 | 15 എച്ച്. പി. ഉള്ള മോട്ടോർ ഉപയോഗിച്ചുള്ള വ്യവസായം | * | * | * | | | * | | | | |
| 11 | സഹകരണാടിസ്ഥാനത്തിൽ വനിത - വ്യവസായം | | | * | | | | | | | |
| 12 | സ്റ്റേൺ - ട്യഷൻ യൂണിറ്റ് | | * | | | * | | * | | * | |
| 13 | മെഴുകുതിരി നിർമ്മാണം | | | | | * | | * | | * | |
| 14 | പ്ലാസ്റ്റിക് നിർമ്മാണം | | * | | | | | * | | | |
| 15 | ഐസ്ക്രീം | | | | * | | | | | | |
| 16 | കെട്ടിടനിർമ്മാണ സാമഗ്രികൾ (ഷട്ടറുകൾ) | * | * | | * | | | | | | |
| 17 | ചുരൽ - ഉല്പന്നങ്ങൾ | | | | * | | | | | | |
| 18 | റബ്ബർ ബാന്റ് നർമ്മാണം | | | | | * | | | | | |
| 19 | ഡെക്കറേഷൻ ലാംബ് നിർമ്മാണം | | | | | * | | | | | |
| 20 | സ്പ്രേയിന്റിംഗ് ഉപകരണങ്ങൾ | | | | | * | | | | | |
| 21 | ഓലാമെഡച്ചിൽ | | | | | | * | | | | |
| 22 | സോപ്പ്, സോപ്പ് പൗഡർ യൂണിററ് | * | * | | | * | * | * | | | |
| 23. | കയർ നിർമ്മാണം | | | | | | * | | | | |
| 24 | കരകൗശയ യൂണിറ്റ് (തടി) | | | | | | * | | | | |
| 25 | അവൽ നിർമ്മാണം | | | | | | | | | | * |
| 26 | തീപ്പെട്ടി നിർമ്മാണം | | * | | | | | * | | | |
| 27 | തഴപ്പായ് നിർമ്മാണം | * | * | | * | | * | | * | | |
| 28 | കോഴി വർത്തൽ | * | * | * | | | | | | * | |
| 29 | കറിപൗഡർ നിർമ്മാണം | * | | | | | * | * | | | |
| 30 | റെഡിമെയ്ഡ് വസ്ത്രം/തയ്യൽ | * | * | * | | | | * | * | * | |
| 31 | സിമന്റ് ഇഷ്ടിക നിർമ്മാണം | * | | | * | | | | | | |
| 32 | കാർപ്പന്ററി യൂണിറ്റ്/ഫർണിച്ചർ | * | | | | | * | * | * | | |

# നിലവിലുള്ള വ്യവസായിക യൂണിറ്റുകൾ

| യൂണിറ്റ് വിവരം | വാർഡുകൾ | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 കോഴി വർത്തൽ | | | 1 | 1 | 1 | | | | | |
| 2 കറിപൗഡർ | | | | | | | | 1 | | |
| 3 ഇഷ്ടിക നിർമ്മാണം | | 4 | | | 1 | 1 | 2 | 1 | 1 | 1 |
| 4 ഫർണിച്ചർ | | 1 | 1 | 2 | 1 | | | | | |
| 5 ചെരുപ്പു നിർമ്മാണം | | | 2 | 1 | | | | | | |
| 6 കൈത്തറി | | | | | 1 | | | | | |
| 7 ബുക്ക്ബയൻറിംഗ് | | 3 | 1 | | | | | | | |
| 8 15 എച്ച്.പി. മോട്ടോർ വ്യവസായം | 3 | 2 | 1 | | 3 | | 1 | 1 | 1 | 2 |
| 9 തീപ്പെട്ടി | | 1 | | | | | 1 | | | |
| 10 വനിതാ വ്യവസായം | | 1 | | | | | | 1 | | |
| 11 മെഴുകുതിരി | | | | | 1 | | | | | |
| 12 ഐസ്ക്രീം | 2 | | | | | | | | | |
| 13 റബ്ബർ സ്പെയർ പാർട്സ് | 1 | | | | | | | | | |
| 14 സ്വിച്ച് ബോർഡ് | | | | | 1 | | | | | |
| 15 സ്റ്റീൽ ഇൻഡസ്ട്രീസ് | | | | 1 | 3 | | 1 | | | 1 |
| 16 കരകൗശലവസ്തു | | | | | | 1 | | | | |
| 17 തടിമില്ലുകൾ | 2 | | 1 | | | | | | | 2 |

# 5(4)
# വിദ്യാഭ്യാസം

കേരളത്തിൻെറ വിദ്യാഭ്യാസ നഭോമണ്ഡലത്തിൽ ഉയർന്നു നിൽക്കുന്ന അനേകം കലാലയങ്ങളുടെ ആസ്ഥാനമായ കോട്ടയം ജില്ലയുടെ തെക്കെഓരം ചേർന്നുള്ള ചങ്ങനാശേരി താലൂക്കിൻെറ തെക്ക്അതിർത്തിയിലുള്ള ഈ ഗ്രാമ പഞ്ചായത്ത് വിദ്യാഭ്യാസ രംഗത്ത് തനതായ വ്യക്തിത്വം പുലർത്തുന്ന ഒന്നാണ്. എസ്.ബി. കോളജ്, എൻ.എസ്.എസ്. കോളജ്, അസംപ്ഷൻ കോളജ്, ട്രെയിനിംഗ് കോളജ് തുടങ്ങിയ ഒന്നാം കിട സ്ഥാപനങ്ങൾ ഉള്ള ചങ്ങനാശേരിയിൽ കുട്ടികളെ അയച്ചു വിദ്യാഭ്യാസം ചെയ്യിക്കുവാനുള്ള അസുലഭ ഭാഗ്യം ഇന്നാട്ടിലെ രക്ഷാകർത്താക്കൾക്ക് പല ദശ വർഷങ്ങൾക്ക് മുൻപ് തന്നെ ലഭിച്ചു. ഇന്നാട്ടിൻെറ മുഖച്ഛായ മറ്റ് ഗ്രാമങ്ങളിൽ നിന്നും മാറ്റിക്കുറിക്കുവാൻ ഇത് സഹായിച്ചു.

കേരളത്തിൻെറ ഇതര ഭാഗങ്ങളിലെന്നപോലെ ഇവിടെയും ഗുരുകുല വിദ്യാഭ്യാസത്തിൻെറ അന്ത്യത്തിൽ നില നിന്നിരുന്ന ആശാൻ കളരികളും കുടിപ്പള്ളിക്കൂടങ്ങളും നിലനിന്നിരുന്നു. സംസ്കൃത മലയാള ഭാഷകൾക്ക് പ്രാമുഖ്യം നൽകി സംഖ്യാ ഗണിതത്തിൻെറ ബാല പാഠങ്ങൾ കൂട്ടി ചേർത്തുള്ള ഒരു തരം വിദ്യാഭ്യാസ സമ്പ്രദായമായിരുന്നു ഇവിടെയും നില നിന്നിരുന്നത്. തഴപ്പായും എഴുത്തോലയും, നാരായവും, ആശാൻെറ ഉഗ്ര ശാസനവും ചേർന്ന ആ വിദ്യാഭ്യാസത്തിൻെറ തുടർച്ചയായി പ്രൈമറി വിദ്യാലയ

..ങ്ങൾ ഈ ഗ്രാമത്തിലും രൂപം പ്രാപിച്ചു. ഗ്രാമ ..ത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിച്ച പ്രൈമ ..റി വിദ്യാലയങ്ങളിൽ ചിലത് അപ്പർ പ്രൈമറി വിദ്യാലയങ്ങളും ഹൈസ്ക്കൂളുകളുമായി പരിണമിച്ചു.

കൃഷിയിലും ഇതര കുലത്തൊഴിലിലും ഇ ..ടപെട്ട് കഴിഞ്ഞു കൂടിയ ജാനപദർ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസമെങ്കിലും നൽകാൻ യത്നിച്ചിരുന്നതിന്റെ ഫലമായി സാക്ഷരതാ പ്രവർത്തനങ്ങളുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ പ്രവർത്തകർക്ക് കേരളത്തിന്റെ ഇതര ഭാഗങ്ങളെ അപേക്ഷിച്ച് ബുദ്ധിമുട്ട് അധികം സഹിക്കേണ്ടി വന്നില്ല.

ഭാരത സ്വാതന്ത്ര്യ ലബ്ധിക്കു മുൻപുതന്നെ നാടിന്റെ ചിത്രം മാറിത്തുടങ്ങി സമീപ പ്രദേശങ്ങളിലെ സ്കൂളുകളിലും, കോളേജുകളിലും, ഈ ഗ്രാമത്തിലെ കുട്ടികൾ ശ്രദ്ധേയമായ സ്ഥാനം പിടിച്ചെടുത്തു. ഈ ഗ്രാമത്തിൽ നൂറുകണക്കിന് ബിരുദ-ബിരുദാനന്തര ബിരുദധാരികളുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യം മാത്രമാണ്. ഡോക്ടർമാർ, സാങ്കേതിക വിദഗ്ധൻമാർ, അഭിഭാഷകർ, നിയമപാലകർ, നീതിപീഠം അലങ്കരിക്കുന്നവർ തുടങ്ങി പ്രഗത്ഭ പ്രതിഭകൾക്ക് ഈ ഗ്രാമം ജന്മം നല്കിയിരുന്നു.

1940-50 കളിൽ തിരുവനന്തപുരം എം.ജി. കോളജിൽ സേവനം അനുഷ്ഠിച്ചിരുന്നതായും, ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ഊർജ്ജതന്ത്ര പ്രഫസറുമായിരുന്ന ശ്രീ. പി.കെ. കൃഷ്ണപിള്ള ഇന്നാട്ടുകാരായിരുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിലും ഈ ഗ്രാമ പഞ്ചായത്ത് പിന്നിലല്ല. ഒരു നഴ്സറി, 4 എൽ.പി. സ്ക്കൂളുകൾ, 2 യു.പി. സ്ക്കൂളുകൾ 2 ഹൈസ്ക്കൂളുകൾ എന്നിവയ്ക്ക് പുറമേ പ്രൈവറ്റ് മേഖലയിൽ ഒരു ഐ.ററി.സി യും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ ഒരു ബി.എഡ്. സെൻററും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

## ആവശ്യങ്ങൾ

1 പഞ്ചായത്തിലെ സർക്കാർ സ്ക്കൂളുകളിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുക.

2. സ്ക്കൂൾ കെട്ടിടങ്ങളുടെയും കോമ്പൗണ്ടിന്റെയും സംരക്ഷണം ഏർപ്പെടുത്തുക.

3. സർക്കാർ സ്ക്കൂളുകളിൽ ആവശ്യമായ കളിസ്ഥലങ്ങൾ നിർമ്മിക്കുക.

4. കുട്ടികൾക്ക് സ്ക്കൂളിൽ എത്തുന്നതിനാവശ്യമായ യാത്രാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

5. സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻ വാടികൾക്ക് അവ നിർമ്മിച്ചു കൊടുക്കുകയും പ്രാഥമിക ആവശ്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

6. പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് ഇപ്പോൾ നല്കുന്ന എല്ലാ വിധ ഗ്രാൻറ്റുകളും ജൂൺമാസം ആദ്യ ആഴ്ചയിൽ തന്നെ നല്കുക.

7. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുക.

8. നിർധനരായ വിദ്യാർത്ഥികൾക്ക് സൗജന്യമായി പുസ്തകവും വസ്ത്രവും നല്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

9. സാക്ഷരതയുമായി ബന്ധപ്പെട്ട തുടർ വിദ്യാഭ്യാസ പരിപാടി സജീവമാക്കുക.

10. കലാ, കായിക രംഗത്ത് അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി പഞ്ചായത്തിന്റെ നേതൃത്വത്തിൽ പരിശീലനം നല്കാൻ ഏർപ്പാടു ചെയ്യുക.

11. പായിപ്പാട് ഗവ. ഹൈസ്ക്കൂളിൽ പ്ലസ് ടൂ സൗകര്യം ഉടനടി ആരംഭിക്കുക.

12. അംഗൻവാടി ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വൈദ്യുതീകരിക്കുക.

## പരാതികൾ

1. സ്ക്കൂളുകളിൽ ആവശ്യമായ സ്റ്റാഫ് ഇല്ല.

2. സ്ക്കൂളുകൾക്ക് ആവശ്യമായ സംരക്ഷണം ഇല്ല. ചുറ്റുമതിലുകൾ കെട്ടുക.

3. സ്കൂളുകൾക്ക് മതിയായ കളിസ്ഥലം ഇല്ല.

4. സ്ക്കൂളുകളിൽ കുട്ടികൾക്ക് എത്തുവാൻ മതിയായ യാത്രാ സൗകര്യം ഇല്ല.

5. പല അംഗൻ വാടികൾക്കും സ്വന്തമായി കെട്ടിടമോ, പ്രാഥമിക സൗകര്യങ്ങളോ ഇല്ല.

6. പഞ്ചായത്തിൽ മതിയായ വായനാ സൗകര്യം ഇല്ല.

7. സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ കുറവാണ്.

8. കലാകായിക രംഗത്ത് ആവശ്യമായ പ്രോത്സാഹനമില്ല.

9. പഞ്ചായത്തിൽ +2 സൗകര്യമുള്ള ഹൈസ്ക്കൂളുകൾ ഇല്ല.

10. അംഗൻവാടികൾ ഉൾപ്പെടെ വൈദ്യുതീകരിക്കാത്ത വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ട്.

# നിർദ്ദേശങ്ങൾ

1. പി.ഡബ്ല്യു.ഡി. യിൽ നിന്നും യഥാകാലം വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തുക.

2. കളിസ്ഥസലം ആവശ്യമായ സ്ക്കൂളുകൾക്ക് സ്ഥലം അക്വയർ ചെയ്ത് നിരപ്പുവരുത്തി ഉപയോഗപ്രദമാക്കേണ്ടതാണ്.

3. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടുതൽ സ്ഥാപിക്കാവുന്നതാണ്.

4. പായിപ്പാട് ഗവ. ഹൈസ്ക്കൂളിൽ ഹയർ സെക്കൻററി ഏർപ്പെടുത്താനുള്ള സൗകര്യങ്ങൾ ഉണ്ട്.

# പായിപ്പാട് ഗ്രാമ പഞ്ചായത്ത്

## കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| സ്റ്റാൻഡേർഡ് | | ആകെ കുട്ടികൾ | | | SC/STകുട്ടികളുടെ എണ്ണം | | | തോറ്റുപഠിക്കുന്നവർ SC/STകുട്ടികളുടെ | | | തോറ്റുപഠിക്കുന്നവർ മറ്റുള്ളവർ | | | പഠനം നിർത്തിയവർ SC/STകുട്ടികളുടെ | | | പഠനം നിർത്തിയവർ മറ്റുള്ളവർ | | | പഠനം നിർത്തിയവരുടെ മൊത്തം എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| ഗവ. യു.പി.എസ്. പൂവം | 1 | 84 | 99 | 183 | 20 | 20 | 40 | 1 | - | 1 | 2 | 4 | 6 | 1 | 1 | 2 | - | - | - | 2 |
| സെൻറ് ജോസഫ് എൽ.പി.എസ്. | 2 | 52 | 51 | 103 | 4 | 2 | 1 | - | 1 | 1 | 2 | 3 | | | | | | | | |
| സെൻറ് ജോസഫ് ഹൈസ്കൂൾ | 3 | 212 | 918 | 1130 | 16 | 68 | 84 | 2 | 11 | 13 | 6 | 75 | 81 | | | | | | | |
| ഗവ. യു.പി.എസ്. പായിപ്പാട് | 4 | 180 | 79 | 259 | 24 | 16 | 40 | 5 | 4 | 9 | 13 | 12 | 23 | 1 | 5 | 6 | - | - | - | 6 |
| ബി.എഡ്. സെൻറർ | 5 | 55 | 210 | 265 | 2 | 5 | 7 | | | | | | | | | | | | | |
| എൻ.എം.എൽ.പി.എസ്. | 6 | 73 | 22 | 95 | 14 | 5 | 19 | --- | 4 | 2 | 6 | | | | | | | | | |
| സി.എം.എസ്.എൽ.പി.എസ്. | 7 | 45 | 37 | 82 | 1 | 6 | 7 | --- | 1 | 3 | 4 | | | | | | | | | |
| ഗവ. ഹൈസ്കൂൾ | 8 | 359 | 187 | 546 | 84 | 45 | 129 | 32 | 10 | 42 | 15 | 17 | 32 | 8 | 19 | 1 | 1 | 2 | 11 | |
| ഗവ. മുസ്ലീം എൽ.പി.എസ്. | 9 | 80 | 78 | 158 | 9 | 5 | 14 | 1 | -1 | 2 | 1 | 3 | 9 | 7 | 16 | 2 | 3 | 5 | 21 | |
| ആകെ | | 1140 | 1681 | 2821 | 174 | 172 | 346 | 42 | 25 | 67 | 44 | 116 | 160 | 19 | 14 | 33 | 3 | 4 | 7 | 40 |

## സ്ക്കൂളിൻെറ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്ക്കൂളിൻെറ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം: സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | മുറികളുടെ എണ്ണം: സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള ... / മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുരകൾ കുട്ടികൾക്ക് ഉപയോഗയോഗ്യമാണോ | ഇനി ആവശ്യമുള്ളതിൻെറ എണ്ണം | നിലവിലുള്ള കക്കൂസുകളുടെ എണ്ണം | ഉപയോഗ ശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ളസംവിധാനം ഉണ്ട്/ഇല്ല - കിണർ പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചകപ്പുര | സ്റ്റോർ റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ? മതി | 21 | 22 | 23 | 24 | ഓഫീസ് ഫർണിച്ചർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| ഗവ. യു.പി.എസ്. പൂവം | 7 | 1 | 2 | - | 12 | - | - | - | * | 2 | 12 | 1 | 1 | - | | ഉണ്ട് | ഇല്ല | - | 1 | പോരാ | - | - | - | - |
| സെൻറ് ജോസഫ് എൽ.പി.എസ്. | 2 | 1 | - | - | 2 | - | - | ഇല്ല | ഉണ്ട് | 2 | 8 | - | 2 | ഉണ്ട് | | ഉണ്ട് | - | മതി | | | | | | |
| സെൻറ് ജോസഫ് ഹൈസ്ക്കൂൾ | 1 | 1 | - | - | ഹാൾ | - - ഇല്ല | - 3 | 18 | - | 3 | - ഇല്ല ഉണ്ട് | - | 1 | പോരാ | | | | | | | | | | |
| ഗവ. യു.പി.എസ്. പായിപ്പാട് | 2 | 2 | - | - | 7 | - - ഇല്ല | ഉണ്ട് | 7 | 30 | - | 6 | -ഉണ്ട് | ഉണ്ട് | 1 | 1 | മതി | | | | | | | | |
| ബി.എഡ്. സെൻറർ | 24 | 3 | - | - | 12 | - | - | ഇല്ല | ഉണ്ട് | 3 | 15 | 3 | 3 | - | | ഉണ്ട് | ഉണ്ട് | 1 | 1 | പോര | | | | |
| എൻ.എം.എൽ.പി.എസ്. | 10 | 3 | - | - | 12 | - - | ഇല്ലഇല്ല | .1 | 12 | 2 | 1 | - | ഇല്ല | | | ഉണ്ട് | 1 | 1 | മതി | | | | | |
| സി.എം.എസ്.എൽ.പി.എസ്. | 17 | 6 | - | - | 35 | - | - | ഇല്ല | | ഉണ്ട് | 2 | 13 | 4 | - | | ഉണ്ട് | ഉണ്ട് | - | 2 | മതി | | | | |
| ഗവ. ഹൈസ്ക്കൂൾ | 7 | 3 | - | - | 10 | - | - | ഇല്ല | - | 2 | 7 | ഇല്ല | 10 | - | | ഉണ്ട് | ഉണ്ട് | - | 1 | മതി | | | | |
| ഗവ. മുസ്ലീം എൽ.പി.എസ്. | 5 | 25 | - | 1ഹാൾ | | - | - | ഇല്ല | ഉണ്ട് | 1 | 12 | 1 | 1 | 1 | | ഇല്ല | | ഉണ്ട് | 1 | 1 | മതി | | | |
| എസ്.എച്ച്.ഇ.എം. | 8 | 1 | - | - | 8 | - - | 1 | ഉണ്ട് | 2 | 12 | 1 | 2 | - | ഉണ്ട് | | ഉണ്ട് | - | 1 | മതി | | | | | |
| എൻ.എം.എൽ.പി.എസ് | 4 | 1 | - | - | ഹാൾ | - | - | ഇല്ല | - | 2 | 15 | 1 | ഇല്ല | - | | ഇല്ല | | ഇല്ല | | - | 1 മതി | | | |
| സി.എം.എസ്.എൽ.പി.എസ് | 4 | 2 | - | - | 4 | - | - - | - | ഇല്ല | | 2 | 10 | ഇല്ല | 1 | | 1 | ഇല്ല | | ഇല്ല | | - | 1പോരാ | | |
| എം.എസ്.എസ്.ഐ.റ്റി.സി. | 6 | 2 | - | - | 6 | - | - | ഇല്ല | | ഇല്ല | | - | - | ഇല്ല | | | 1 | - | ഇല്ല | | ഉണ്ട് | - | 6 മതി | |
| കോളജ് ഓഫ് കൊമേഴ്സ് | 1 | 1 | - | - | 1 | - | - | - | - | ഇല്ല | | - | - | ഇല്ല | | | - | ഇല്ല | | ഉണ്ട് | | | | |
| ചിപ് കമ്പ്യൂട്ടേഴ്സ് | 1 | 1 | - | - | 1 | - | - | 1 | - | - | - | - | ഇല്ല | | | - | - | ഇല്ല | | - | ഇല്ലഉണ്ട് | | | |

## പായിപ്പാട് ഗ്രാമ പഞ്ചായത്ത് സ്കൂളിന്റെ പൊതുവിവരം

| | | സ്കൂളിന്റെ ഉടമസ്ഥത | | | | | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്കൂളിന്റെ പേര് | ഹൈസ്കൂൾ യു.പി / എൽ.പി പ്രീ.പ്രൈമറി | സർക്കാർ | എയിഡഡ് | അൺ | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അദ്ധ്യാപകർ | പോസ്റ്റ് നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാലാവധിയിലുള്ളവർ | സ്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റ് കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപ്പണികൾ, പൂർത്തീകരണങ്ങളുടെ ആവശ്യം |
| 1 | 2 | 3 | 4 | | 5 | 6 | 7 | | 8 | 9 | 10 | | 11 | 12 | | 13 | 14 15 |
| ഗവ. യു.പി.എസ്. പൂവ | യു.പി | * | - | - | - | 84 | 99 | 183 | 8 | 8 | - | -50 സെൻ20 സെൻറ് - | | | | | ചുറ്റുമതിലില്ല |
| പ്രേഷിത റാണി | | - | - | * | * | 22 | 19 | 41 | - | - | - | - | - | - | - | | ചുറ്റുമതിലുണ്ട് |
| സെൻറ് ജോസഫ് എൽ.പി.എസ് | എൽ.പി. | - | * | - | - | 52 | | 51 | 103 | 4 | 4 | - | - | 50'20 സെൻറ് - | | | ചുറ്റുമതിലുണ്ട് |
| മേരി റാണി | പ്രീ.പ്രൈമറി | - | - | * | * | 114 | | 114 | 228 | | - | - | - | - അറിവില്ല-- | | | ചുറ്റുമതിലുണ്ട് |
| സെൻറ് ജോസഫ് ഹൈസ്ക്കൂൾ | എച്ച്. എസ് | - | * | - | * | 212 | | 918 | 1130 | 27 | 27 | - | 1 | -1 2 44 70 - | | | ചുറ്റുമതിലുണ്ട് |
| ഗവ. യു.പി.എസ്. പായിപ്പാട് | യു.പി. * | - | - | - | | 180 | 79 | 259 | 10 | 10 | - | -110 സെൻറ്30 സെൻറ് - | | | | | മതിലില്ല |
| ഗവ. ഹൈസ്ക്കൂൾ | എച്ച്.എസ്. - | * | - | - | - | 359 | | 187 | 546 | 26 | 26 | - | -രേഖയില്ല - | | | | മതിലുണ്ട്, |
| ബി.എഡ്. സെൻറർ | ബി.യഡ | * | - | - | - | 55 | 210 | 265 | 10 | 10 | - | - | " | - | | | മതിലുണ്ട് |
| ഗവ. മുസ്ലീം എൽ.പി.എസ്. | എൽ .പി. | * | - | - | - | 80 | 78 | 158 | 7 | 7 | -- 51 സെൻറ് | | | | ഇല്ല | - | മതിലുണ്ട് |
| എസ്.എച്ച്.ഇ.എം. | എൽ.പി. - | - | * | * | | 190 | | 1503 | 40 | - | - | - | - | | രേഖയില്ല- | | മതിലുണ്ട് |
| എൻ.എം.എൽ.പി.എസ്. | എൽ.പി. | - | * | - | - | 73 | 22 | 95 | 3 | 3 | - | - | | രേഖയില്ല | | - | മതിലുണ്ട് |
| സി.എം.എസ്.എൽ.പി.എസ്. | എൽ.പി. - | * | - | - | 45 | 37 | 82 | 3 | 3 | - | - | | അറിവില്ല- | | | | മതിലുണ്ട് |
| എം.എസ്.എസ്.ഐറ്റി.സി. | ഐ,ടി.സി. | - | - | - | * | 88 | 2 | 90 | - | - | | | | | | | |
| കോളജ് ഓഫ് കൊമേഴ്സ് | | - | - | - | - | 12 | 15 | 27 | | | | | | | | | |
| ചിപ് കംപ്യൂട്ടേഴ്സ് | | - | - | - | - | 16 | 14 | 30 | - | | | | | | | | |

# 5(5)
# കുടിവെള്ളവും പൊതുജനാരോഗ്യവും

## ആരോഗ്യം.

സാംസ്ക്കാരികമയി മുൻപന്തിയിൽ നിൽക്കുന്ന ഈ ഗ്രാമം കായികമായും മുൻപന്തിയിൽ തന്നെയായിരുന്നു. ഗ്രാമത്തിൻെറ പകുതിയിലേറെ ഭാഗം പാടമാണ്. പരമ്പരാഗതമായി ഭൂരിപക്ഷം ജനങ്ങളും കാർഷിക വൃത്തിയെ ആശ്രയിച്ചു കഴിഞ്ഞിരുന്നതുകൊണ്ട് അധ്വാനശീലരും ആരോഗ്യദൃഢ ഗാത്രരും ആയിരുന്നു. എന്നാൽ ജനസാന്ദ്രത വർദ്ധിച്ചതോടുകൂടി ഈ അവസ്ഥമാറി കാർഷിക വൃത്തിയിലൂടെ ആഹാര കാര്യത്തിൽ സ്വയം പര്യാപ്തത നേടാനാവാത്തസ്ഥിതിയും അധ്വാനത്തിനുള്ള അവസര നഷ്ടവും പോഷകാഹാരത്തിൻെറ ദൗർലഭ്യവും ജനങ്ങളുടെ ആരോഗ്യത്തെ ബാധിച്ചു.

ആരോഗ്യ സംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണം അപര്യാപ്തമാണ്. കായിക പുരോഗതിക്കാവശ്യമായ റിക്രിയേഷൻ സൗകര്യങ്ങൾ ഗ്രാമത്തിൽ വിരളമാണ്. കായിക മത്സരങ്ങളോ പ്രോത്സാഹനമോ ഒരു തലത്തിലും ഇന്ന് നിലവിലില്ല. ജീവകങ്ങൾ ലഭിക്കുന്ന ഫലവർഗ്ഗങ്ങളുടെ കൃഷി റബ്ബർ കൃഷിക്കു വഴിമാറിക്കൊടുത്തിരിക്കുന്നു. ഡി.ഡി.റ്റി. പോലുള്ള കീടനാശികനികളിൽ കുതിർത്തെടുത്ത പഴങ്ങളും മറ്റ് ഫലവർഗ്ഗങ്ങളും ഉപയോഗിക്കുന്നതിലൂടെ ജനങ്ങളുടെ ആരോഗ്യം നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. ഇത് കൂടാതെ മതിയായ ശുദ്ധജലവിതരണം ഗ്രാമ

ത്തിലില്ലാത്തതിനാൽ മലിനജലം ഉപയോഗിക്കാൻ ജനങ്ങൾ നിർബന്ധിതരായിത്തീരുന്നു. ശുദ്ധജലവിതരണമുള്ള ഭാഗങ്ങളിൽ വളരെ വിരളമായി മാത്രം ശുദ്ധജലം കിട്ടുന്നു. ഇതും ആരോഗ്യത്തെ വിപരീതമായി ബാധിക്കുന്നു. ജനസാന്ദ്രതയുള്ള ഗ്രാമഭാഗങ്ങളിൽ ശുചീകരണത്തിനുള്ള മതിയായ സംവിധാനവുമില്ല. പാടശേഖരങ്ങളുടെ സമീപത്ത് സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ കൊതുകു നശീകരണത്തിനുള്ള യാതൊരു പ്രവർത്തനവും വേണ്ടവണ്ണം നടക്കുന്നില്ല. കൊതുകുകളുടെയും മറ്റ് കീടങ്ങളുടെയും ഉപദ്രവം വിവരണാതീതമാണ്.

ജനസാന്ദ്രതയേറിയ ഈ ഗ്രാമത്തിൽ ഒരു പൊതുസ്മശാനമില്ലെന്നുള്ളത് വേദനകരമായ വസ്തുതയാണ്. 4 സെൻറ് വിസ്തീർണ്ണം മാത്രമുള്ള കോളനികളിൽ നിന്നുതിരിയാനിടം തികയാത്ത മുറ്റത്ത് മൃതശരീരങ്ങൾ കുഴിച്ചുമൂടുകയും തൊട്ടുചേർന്ന കിണറുകളിൽ നിന്നും ഊറി വരുന്ന വെള്ളം കുടിക്കുകയും ചെയ്യേണ്ട ഗതികേട് ഈ പഞ്ചായത്തിൻെറ മാത്രം ശാപമാണ്. ഈ കിണറുകൾക്കടുത്താണ് ബോർഹോൾ കക്കൂസുകളുടെ സ്ഥാനം. അഞ്ച് ലക്ഷം കോളനികളും 17 സെറ്റിൽ മെൻറ് കോളനികളും ഗ്രാമത്തിലുണ്ട്. ഈ കോളനികൾക്ക് പല ദശകങ്ങളുടെ പഴക്കമുണ്ട്. കോളനിയിലെ കെട്ടിടങ്ങളുടെ തൊണ്ണൂറ് ശതമാനവും വാർന്നൊലിക്കുന്നവയാണ്. ചില കോളനികൾ വൃത്തികേടിൻെറ കാര്യത്തിൽ എസ്റ്റേറ്റ് ലായങ്ങളെപ്പോലും നാണിപ്പിക്കുന്ന അവസ്ഥയിലാണ്. കഴിഞ്ഞ കാലയളവിൽ വേഷ്ണാൽ ഭാഗത്ത് ഒരാൾ മഞ്ഞപ്പനിമൂലം മരിച്ചതും ഏതാനും പേർ മഞ്ഞപ്പനി ബാധിച്ച് ഗുരുതരാവസ്ഥയിലെത്തിയതും ഗ്രാമത്തിൻെറ ആരോഗ്യ രമായ പിന്നോക്കാവസ്ഥയ്ക്ക് നേരെ വിരൽ ചൂണ്ടുന്നു.

കേരളത്തിൽ അനേകം സന്നദ്ധ സംഘടനകൾ നാട്ടിലെ ജനങ്ങളുടെ രക്ത ഗ്രൂപ്പ് നിർണ്ണയത്തിനും സൗജന്യാരോഗ്യ പരിശോധനയ്ക്കും തയ്യാറാകുന്നെങ്കിലും ഇന്നോളം അത്തരം ക്യാമ്പുകൾ ഇവിടെ നടത്തിയിട്ടില്ല. ജനങ്ങളുടെ രക്തഗ്രൂപ്പ് നിർണ്ണയത്തിനും സൗജന്യ നേത്ര ചികിത്സയ്ക്കും യുവദീപ്തി, വൈ.എം.എ, ഗ്രാമവികസന സമിതി, യൂത്ത് ക്ലബ് പോലുള്ള സംഘടനകൾക്ക് മതിയായ പ്രചാരണം നടത്തുവാനോ ജനങ്ങളെ പൂർണ്ണമായും സഹകരിപ്പിക്കുവാനോ വേണ്ട വണ്ണം കഴിഞ്ഞിട്ടില്ല. ഇതെല്ലാം അരോഗ്യത്തെ വളരെയേറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

കീടനാശിനികളുടെയും രാസവസ്തുക്കളുടെയും നിയന്തണമില്ലാത്ത ഉപയോഗം ജലമലിനീകരണത്തിന് ഇടയാക്കുമ്പോൾ വാഹനങ്ങളുടെ നിയന്ത്രണ മില്ലാത്ത ഗമനവും ശബ്ദധാരായന്ത്രങ്ങളുടെ (ഉച്ചഭാഷിണികളുടെ) കാതടപ്പിക്കുന്ന ഉപയോഗവും വായുമലിനീകരണത്തിനും ശബ്ദമലിനീകരണത്തിനും , അന്തരീക്ഷ മലിനീകരണത്തിനും ഇടയാക്കുന്നു. ടാറിട്ട റോഡുകളേ

ക്കാളേറെ പൊടി പടലങ്ങൾ ഉയർത്തുന്ന റോഡുകളാണധികവും. ഇത്തരത്തിൽ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന നൂറ് കണക്കിന് പ്രശ്നങ്ങൾ ഈ ഗ്രാമത്തിലുണ്ട്. പൂവം പ്രദേശത്തെ പെരുമ്പുഴക്കടവ് മുട്ട് ജലം കെട്ടിക്കിടക്കുന്നതിനും തോടുകൾ പായൽ കയറി മൂടുന്നതിനും ഇടവരുത്തി ഇത് ആരോഗ്യത്തെ മോശമായ രീതിയിൽ ബാധിക്കുന്നു.

## ആവശ്യങ്ങൾ

1. കായിക പരിശീലയനം യുവജനങ്ങൾക്ക് ലഭിക്കുന്നതിനാവശ്യമായ ക്ലബുകൾ സംഘടിപ്പിക്കുവാൻ പഞ്ചായത്ത് മുൻകൈയെടുക്കുക.

2. നിലവിലുള്ള റജിസ്ട്രേഷനുള്ള ക്ലബുകൾക്ക് കായിക പരിശീലനത്തിനാവശ്യമായ ഉപകരണവും സാമ്പത്തിക സഹായവും നൽകുക.

3. എല്ലാ വാർഡുകളിലും പച്ചക്കറിത്തോട്ടങ്ങൾ നിർമ്മിക്കാനും ആവശ്യമായ ഗ്രാൻറ് നൽകാനും കൂടുതൽ ഉൽപാദനം നടത്തുന്നവർക്ക് സമ്മാനങ്ങൾ നല്കാനും അടിയന്തിര നടപടികളെടുക്കുക.

4. ശുദ്ധ ജല വിതരണം പഞ്ചായത്തിൻെറ എല്ലാ ഭാഗത്തും നടപ്പിൽ വരുത്തുക.

5. കൊതുകു നിവാരണ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കുക.

6. പൊതു ശ്മശാനം എത്രയും വേഗം സ്ഥാപിക്കുക.

7. ചോർന്ന് ഒലിക്കുന്ന കോളനികൾ വീടുകൾ അടിയന്തിര സഹായം നൽകി ആവാസയോഗ്യമാക്കുക.

8. എല്ലാ വീട്ടുകാർക്കും ആരോഗ്യകരമായ രീതിയിൽ നിർമ്മിച്ച കക്കൂസുകൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക.

9. സന്നദ്ധ സംഘടനകൾ വഴിയായി സൗജന്യ ആരോഗ്യ ക്യാമ്പുകൾ നടത്തുക.

10. പഞ്ചായത്തിലുള്ള ഹെൽത്ത് സെൻററിലും, ഹോമിയോ ആശുപത്രിയിലും കെട്ടിടങ്ങൾ നിൽമ്മിച്ച് കൂടുതൽ സൗകര്യങ്ങളുണ്ടാക്കുക. പുതിയതായി ഒരു ആയുർവേദ ആശുപത്രി കൂടി തുടങ്ങുക.

11. അരോഗ്യ ബോധവൽക്കരണം ഊർജ്ജിതമായി നടത്തുക

12. പായിപ്പാട് കവലയിൽ ഒരു കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.

13. പേപ്പട്ടിശല്യം ഒഴിവാക്കാനുള്ള നടപടി ഉടനെ സ്വീകരിക്കുക.

## കുടിവെള്ളം

കുടിവെള്ളക്ഷാമം പഞ്ചായത്തിൽ രൂക്ഷമാണ്. ദാഹജലത്തിനുവേണ്ടി 'അള്ളബാ മൂറുവാ' എന്ന് ഉറക്കെ കരയുന്ന പണ്ടത്തെ അറബികളെയും വേഴാമ്പലിനെയും അനുസ്മരിപ്പിക്കുന്ന അവസ്ഥയാണ് ഈ പഞ്ചായത്തിലുള്ളത് ആകാശത്ത് നിന്നും 'മന്നാ' കാത്തിരുന്ന പൗരാണിക ജനത്തെപ്പോലെ കുടിവെള്ള ടാപ്പുകൾക്ക് മുൻപിൽ ദിവസങ്ങൾ ഒഴിഞ്ഞ കലങ്ങളുമായി കാത്തിരിക്കുന്ന ഗ്രാമീണപ്പെൺകുട്ടികളും അവരുടെ കുടിവെള്ളത്തിന് വേണ്ടിയുള്ള മത്സരങ്ങളും കലഹങ്ങളും വേനൽക്കാലത്ത് ഇന്നാട്ടിലെ വളരെ സാധാരണമായ കാഴ്ചകളാണ്.

ഒരു ദശകത്തിന് മുൻപ് പായിപ്പാട്, പുതുപ്പള്ളി, പനച്ചിക്കാട് എന്നീ പഞ്ചായത്തുകളിൽ ഒന്നേ മുക്കാൽ ലക്ഷം രൂപാ വീതം മുടക്കി നടത്തിയ ജല വിതരണ സംരഭത്തിന് ശേഷം ഇവിടെ ജലവിതരണത്തിനുള്ള പദ്ധതികൾ ഒന്നും കാര്യമായി നടത്തിയിട്ടില്ല.

പല വാർഡുകളിലും ഇപ്പോഴും കുടിവെള്ളം എത്തിക്കുവാൻ ഉള്ള ശ്രമങ്ങൾ നടത്തിയിട്ടില്ല. കുഴൽ കിണറുകൾ വിരലിലെണ്ണാൻ പോലും ഇന്നാട്ടിലില്ല. ഓരു വെള്ളം കയറുന്ന അവസരത്തിൽ തോടുകൾ വഴിയോ റോഡുകൾ വഴിയോ ശുദ്ധജലമെത്തിക്കുവാനുള്ള സംവിധാനവും അപൂർണ്ണമാണ്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ എല്ലാ വർഡുകളിലേയ്ക്കും കുടിവെള്ളമെത്തിക്കുവാൻ പൈപ്പുലൈനുകൾ നീട്ടേണ്ടതാണ്. കല്ലിശേരി പദ്ധതിയുമായി ബന്ധപ്പെട്ട ഓവർഹെഡ്ടാങ്കിൽ ജലം സംഭരിച്ച് ഉടനടി വിതരണം ചെയ്യുക.

2. സാനിട്ടേഷൻ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കേണ്ടതാണ്.

3. ജലമലിനീകരണം തടയുവാൻ ഫലപ്രദമായി ശ്രമിക്കേണ്ടതാണ്.

4. ജല വിതരണത്തിൽ പഞ്ചായത്തിന്റെ ഒന്നും രണ്ടും വാർഡുകളിൽ അനുഭവപ്പെടുന്ന രൂക്ഷമായ പ്രതിസന്ധി ഉടൻ തീർക്കുക.

പരിസര ശുചീകരണത്തിനുള്ള പ്രവർത്തനങ്ങൾ സാമ്പത്തിക പരാധീനതകൾ മൂലം പര്യാപ്തമായ വിധത്തിൽ നടത്താൻ സാധിക്കുന്നില്ല. നിരത്തുകൾ പരിതാപകരമായ നിലയിലുമാണ്. ലൈസൻസില്ലാതെ നടത്തുന്ന കശാപ്പുശാലകളെ നിയമാനുസൃതം തടയേണ്ടതാണ്. പരിസര മലിനീകരണ മുണ്ടാക്കുന്ന ഫാക്ടറികളെ നിയന്ത്രിക്കേണ്ടതാണ്.

## ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ

| ഏതുവിഭാഗം ചികിത്സാ സംവിധാനം | ആശുപത്രി സർക്കാർ | ആശുപത്രി സ്വകാര്യം | ഡിസ്പൻസറി സർക്കാർ | ഡിസ്പൻസറി സ്വകാര്യം | മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ സർക്കാർ | മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ സ്വകാര്യം | മൊത്തം ജീവനക്കാരുടെ എണ്ണം. |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| ശാസ്ത്രീയ ചികിത്സാ സമ്പ്രദായം | 1 | 3 | 1 | 3 | 2 | 1 | 27 |

## കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വിടുകളുടെ എണ്ണം | വിവിധ പദ്ധതികളാലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992 നുശേഷം) | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം. |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1-10 | 675 | 475 | മുഴുവൻ പൂർത്തീകരിച്ചു | 1750 |

## പൊതുജനാരോഗ്യം

| വാർഡ് നമ്പർ | ശുചീകരണാവശ്യത്തിനുള്ള ജീവനക്കാർ | മൂത്രപ്പുരകൾ | കക്കൂസുകൾ | പൊതു ടാപ്പുകൾ | പൈപ്പ് വെള്ളം: ഹൗസ് കണക്ഷനുകൾ | പൈപ്പ് വെള്ളം: പൊതു കുഴൽ കിണർ | പൊതുകിണർ | കുളിക്കടവുകൾ | ശ്മശാനങ്ങൾ | അറവുശാലകൾ | മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള സ്ഥലം |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1-10 | 100 | 375 | 450 | 17 | 675 | 7 | 5 | 3 | - | - | - |

## രോഗങ്ങൾ സംബന്ധിച്ച വിവരം

| വർഷം | ഇൻപേശ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | ത്വക്ക് രോഗം | വാതരോഗം | പകർച്ച വ്യാധികൾ | വിഷചികിത്സ | മറ്റുള്ള രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|---|
| 1995-96 | 1450 | 1450 | 230 | 125 | 75 | 15 | 75 | 540 |

## വാർഡ് ആസ്തികളുടെ എണ്ണം - അളവ്

| ക്രമ നമ്പർ | പരിപാടി നടപ്പിലാക്കിയ കാലയളവിൽ നിർമ്മാണം പൂർത്തിയാക്കിയ ആസ്തികൾ | ആകെ |
|---|---|---|
| 1. | കിണറുകൾ | 18 |
| 2. | കുളങ്ങൾ | 2 |
| 3. | വാട്ടർ ടാങ്കുകൾ | 1 |
| 4. | പമ്പ് ഹൗസുകൾ | 1 |
| 5. | പമ്പ് സെറ്റുകൾ | |
| | ജലസേചനം നടത്തിയ കൃഷിഭൂമിയുടെ അളവ് | 253 |

## ജലസേചന പദ്ധതികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക | ആയക്കെട്ട് വിസ്തീർണ്ണം | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | ഗ്രാമീണ ശുദ്ധജല പദ്ധതി പായിപ്പാട് | 1976 | 1979 | | 25cm | 0.6 mdടാപ്പ്- 99<br>കണക്ഷൻ 483<br>ഗുണഭോക്താക്കൾ 14000<br>ബാക്കി ഗുണഭോക്താക്കൾ 11400 (പ്രയോജനം ലഭിക്കണം) |
| 2 | ചങ്ങനാശേരിയിൽ നിന്നുള്ള തുടർച്ച | 1993 | 96ൽ കമ്മീഷൻ ചെയ്യാൻ ഉദേശം | 5ലക്ഷം ചിലവഴിച്ചു | | ഗുണഭോക്താക്കൾ 10000<br>2 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉപരിതല ടാങ്ക് ഒന്ന്<br>ഭൂതല ടാങ്ക് പൂർത്തീകരിച്ചു 3000 മീറ്റർ പൈപ്പ് ലൈൻ<br>6 '' പൈപ്പ് |

# 5(6)

# ഗതാഗതം, ഊർജ്ജം

പായിപ്പാട് എന്ന പേരിനെ അർത്ഥമാക്കുമാറ് പഞ്ചായത്തിൽ പകുതി പാടവും പകുതി കരയുമാണ് ഉള്ളത്. ജലമാർഗ്ഗമായ യാത്രയ്ക്കും, കരമാർഗ്ഗമായ യാത്രയ്ക്കും തുല്യപ്രാധാന്യം ഈ പഞ്ചായത്തിനുണ്ട്. എന്നാൽ ഇന്ന് തോടുകളും ചാലുകളും ആഫ്രിക്കൻ പായൽ വളർന്നു കിടക്കുന്നതിനാൽ ജലയാത്ര സുഗമമല്ലാതായിത്തീർന്നിരിക്കുന്നു. മുൻപൊക്കെ ചരക്കുകൾ കയറ്റിയയക്കുന്നതിനും യാത്ര ചെയ്യുന്നതിനും ഉപയോഗിച്ചിരുന്ന വള്ളങ്ങൾ ഇന്ന് പ്രയോജന രഹിതമായിത്തീർന്നിരിക്കുന്നു. അവയ്ക്ക് പകരക്കാരായി ഇന്ന് ബസ്സുകളും ലോറികളും കാറുകളും ടെമ്പോകളും ആണ് റോഡ് നിറയെ.

ഈ പഞ്ചായത്തിൽ തലങ്ങനെയും വിലങ്ങനെയും ഉള്ള റോഡുകൾ നാലുതരമാണ്. നാലുവ്യത്യസ്ഥ അധികാരികളുടെ നിയന്ത്രണത്തിലാണവ.

## എം.സി. റോഡ്

ഈ പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറതിർത്തിയിൽക്കൂടി കടന്നു പോകുന്നു. ഏകദേശം ഒരു കി.മീറ്റർ ഭാഗം പഞ്ചായത്തിലാണ്.

## പി.ഡബ്ല്യു. ഡി. റോഡ്

പി.ഡബ്ല്യു. ഡി. റോഡുകൾ ആണ് പിന്നീട് പ്രാധാന്യ മർഹിക്കുന്നത്. സംസ്ഥാന മരാമത്തു വകുപ്പാണ് ഇതിന്റെ മെയിൻറനൻസ് നട

ന്നുന്നത്. ഇതിൽ സുപ്രധാനവും പ്രാചീനവുമായത് പഞ്ചായത്താഫീസിന്റെ മുന്നിൽക്കൂടി കടന്നു പോകുന്ന ചങ്ങനാശേരി-കവിയൂർ റോഡാണ്. ചങ്ങനാശേരി ലക്ഷ്മിപുരം കൊട്ടാരത്തിൽ നിന്ന് കവിയൂർ മഹാദേവക്ഷേത്രനടയിലെത്തുവാൻ നാടുവാണിരുന്ന ഒരു നാടുവാഴി വെട്ടിക്കൊടുത്ത റോഡാണിത്. ഇതിന് 50 ലിങ്ക്സ് വീതിയുണ്ട്. മറ്റു രണ്ടു പി.ഡബ്ലു.ഡി. റോഡുകൾ പഞ്ചായത്തിൽ കൂടി കടന്നുപോകുന്നുണ്ട്. അവ തിരുവല്ലാ-മല്ലപ്പള്ളി റോഡും പെരുന്തുരുത്തി തെങ്ങണാ റോഡും ആണ്.

## പഞ്ചായത്തുറോഡുകൾ

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഉള്ള പഞ്ചായത്തുറോഡുകളാണ് മൂന്നാമതായിട്ടുള്ളത്. ഇവയിൽ ചുരുക്കം ചിലതു മാത്രമേ ടാർ ചെയ്തിട്ടുള്ളൂ. മിക്കതും മണ്ണ് ഉപരിതലത്തിൽ വിരിച്ച് ഉറപ്പിച്ചിട്ടുള്ള മൺറോഡുകളാണ്. ഈ റോഡുകളുടെ മെയിൻറനൻസ് നടത്തുന്നത് പഞ്ചായത്തിൽ നിന്നാണ്.

നാലാമതായി വിവിധ പഞ്ചവത്സര പദ്ധതി പ്രകാരം ബ്ലോക്കുകളുടെ ചുമതലയിൽ ജന പങ്കാളിത്തത്തോടെ നിർമ്മിച്ച റോഡുകളാണ്. ഇതു മിക്കതും ടാർ ചെയ്തിട്ടുള്ളതും നല്ലവീതിയും നിലവാരമുള്ളവയുമാണ്. ജവഹർ റോസ്ഗാർ യോജനാ സ്കീമിൽപ്പെട്ട റോഡുകളും ഇവയിൽപ്പെടുന്നു.

## റെയിൽവേ

സതേൺ റയിൽവേയുടെ കൊച്ചി-കന്യാകുമാരി ലൈൻ പഞ്ചായത്തിന്റെ മധ്യഭാഗത്തു കൂടി കടന്നു പോകുന്നു. ഒരു സ്റ്റേഷൻ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിച്ചിരുന്നു. ഇതിന്റെ പ്രവർത്തനം നിലച്ചുപോയി..

റോഡുകൾ പുരോഗതിയിലേയ്ക്കുള്ള രാജപാതകളായി വളർന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ വികസനത്തിന്റെ രാജപാതകളായി ഇതിനെ കാണുകയും, വികസിപ്പിക്കുകയും ചെയ്യേണ്ടത് രാഷ്ട്ര പുരോഗതിക്ക് അനിവാര്യമാണ്.

റോഡു പുറമ്പോക്കുകൾ രാഷ്ട്രീയപാർട്ടികളുടെയും, മത സ്ഥാപനങ്ങളുടെയും അനിയന്ത്രിതമായ കൈയ്യേറ്റ ഭീഷണിയെ നേരിടുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഈ പ്രവണതയെ ശക്തിയായി നേരിടുകയും ആവശ്യമെന്നു വന്നാൽ പഞ്ചായത്ത് നിയമങ്ങൾ ഭേദഗതി ചെയ്ത്, ശാശ്വത പരിഹാരം കാണുകയും ചെയ്യേണ്ടിയിരിക്കുന്നു.

## ഊർജ്ജം

പഞ്ചായത്തിലെ എല്ലാ വ്യവസായങ്ങളും ആശ്രയിക്കുന്ന ഊർജ്ജം വിദ്യുച്ഛക്തിയാണ്.

വിദ്യുച്ഛക്തി ദൗർലഭ്യം നേരിടുന്നതിന്, ചുരുക്കം ചില വ്യവസായ ശാലകൾ ജനറേറ്ററുകളെ ആശ്രയിക്കുന്നു. വിദ്യുച്ഛക്തിക്ഷാമം പഞ്ചായത്തിൽ വേണ്ടപോലെ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പ്രതിബന്ധമായിത്തീരുന്നു. ഈ പഞ്ചായത്തിൽ ഊർജ്ജസ്രോതസുകൾ ഒന്നും തന്നെ ഇല്ല. ഇനിയും വൈദ്യുതി കടന്നു ചെന്നിട്ടില്ലാത്ത പ്രദേശങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. വേൾട്ടേജ് ക്ഷാമം പടിഞ്ഞാറൻ പ്രദേശങ്ങളുടെ ശാപമായിതുടരുന്നു. പവ്വർകട്ടും മറ്റും നെൽകൃഷിയെ സാരമായി ബാധിക്കുന്നു.

**പൊതു ആവശ്യങ്ങൾ**

1. ഗ്രാമപഞ്ചായത്തിലെ വോൾട്ടേജു ക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിലുള്ള പാടശേഖരങ്ങളിലെ മോട്ടോർ തറകളിലും ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
2. ദുർബല വിഭാഗങ്ങൾക്ക് സൗജന്യമായി വൈദ്യുതി എത്തിക്കുക.
3. സ്വന്തമായി കെട്ടിടമുള്ള എല്ലാ അംഗൻവാടികൾക്കും അടിയന്തിരമായി വൈദ്യുതി എത്തിക്കുക.
4. റോഡു വികസനത്തിനു തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ്, ടെലിഫോൺ പോസ്റ്റ്, വാട്ടർടാപ്പ് എന്നിവ മാറ്റിസ്ഥാപിക്കുക.
5. നിലവിലുള്ള പ്രവർത്തിക്കാത്ത എല്ലാ ബൾബുകളും മാറ്റി പുതിയ ബൾബുകൾ ഇടുക.
6. വയറിംഗ് പൂർത്തിയാക്കിയ പട്ടികജാതി വീടുകൾക്ക് എത്രയും വേഗം കണക്ഷൻ നൽകുക.
7. 12-ാം ഫെയർസ്റ്റേജ് പൊടിപ്പാറയിൽ നിന്നും പായിപ്പാട് കവലയിലേയ്ക്ക് മാറ്റി ഐഡൻറ്റിറ്റി ഫെയർസ്റ്റേജാക്കിക്കിട്ടുക.
8. ഗതാഗതക്കുരുക്ക് മാറ്റുന്നതിനുവേണ്ടി ഓട്ടോ, ടാക്സി, ടെമ്പോ സ്റ്റാൻഡുകൾ സ്ഥാപിക്കുക.
9. പായിപ്പാടുകവലയിലും നാലുകോടിയിലും വെയിറ്റിംഗ്ഷെഡ്, കംഫർട്ട് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുക.
10. ഓടകൾക്ക് മുകളിൽ സ്ലാബ് നിരത്തുക.

തെരുവു വിളക്കുകൾ സംബന്ധിച്ച് വിവരങ്ങൾ

| സെക്ഷൻസ് | വിളക്കുകളുടെ എണ്ണം | | | | |
|---|---|---|---|---|---|
| | പേപ്പർ ലാമ്പ് | ഫ്ളൂറ്റൂബ് | ബൾബ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 |
| കിടങ്ങറ | - | 4 | 34 | - | 38 |
| തൃക്കൊടിത്താനം | 5 | - | 490 | 8 | 503 |
| ചങ്ങനാശേരി | - | 3 | 28 | - | 31 |
| തിരുവല്ല | 4 | 20 | 250 | 274 | |
| ആകെ | | | | | |

പഞ്ചായത്തിലെ ടാർറോഡുകൾ

| നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | ദൂരം കി.മീ. | വീതി.മീ. | ബസ് യാത്രാ |
|---|---|---|---|---|---|
| 1 | പെരുമ്പുഴക്കടവ്പാറയ്ക്കൽ റോഡ് | പഞ്ചായത്ത് | .5 | 8 | ഉണ്ട് |
| 2 | ളായിക്കാട് മരങ്ങാട്ടുപടി | ,, | .5 | 5 | ഇല്ല |
| 3 | തൈപ്പറമ്പിൽപടി പാലത്തറ | ,, | .5 | 8 | ഇല്ല |
| 4 | കോൺവെൻറ് ഒട്ടത്തിൽക്കടവ് | ,, | 1 | 8 | ഇല്ല |
| 5 | പഞ്ചായത്തുപടി റയിൽവേ ക്രോസ് | ,, | .200 | 5 | ഇല്ല |
| 6 | കൊല്ലാപുരം കുഴിമണ്ണിപ്പടി | ,, | .500 | 4 | ഇല്ല |
| 7 | ഒഴത്തിൽപ്പടി പാറയ്ക്കൽപടി | ,, | .500 | 4 | ഇല്ല |
| 8 | പഴയപഞ്ചായത്തുപടി യു.പി.സ്ക്കൂൾ | ,, | 200 | 4 | ഇല്ല |
| 9 | പാറാങ്കപ്പടി മുണ്ടുകോട്ടാൽ | ,, | .200 | 4 | ഇല്ല |
| 10 | പാലക്കോട്ടാൽ കീഴടി | ,, | .450 | 4 | ഇല്ല |
| 11 | തോട്ടായിക്കടവ് മുസ്ലീം സ്ക്കൂൾ | ,, | .190 | 4 | ഇല്ല |
| 12 | മാർക്കറ്റ് പാലക്കോട്ടാൽ | ,, | .125 | 4 | ഇല്ല |
| 13 | മുക്കാഞ്ഞിരം എസ്.സി. കോളനി | ,, | .500 | 12 | ഇല്ല |
| 14 | എ.സി. റോഡ് | പി.ഡബ്ല്യു.ഡി | 2 | 10 | ഉണ്ട് |
| 15 | എം.സി. റോഡ് | ,, | .500 | 12 | ഉണ്ട് |
| 16 | കിളിമല കല്ലുകടവുപാലം | ,, | 3 | 8 | ഉണ്ട് |
| 17 | ആലമല മുക്കാഞ്ഞിരം | ,, | 5 | 8 | ഉണ്ട് |
| 18 | ചാഞ്ഞോടി പായിപ്പാട് ചന്ത | ,, | 3 | 8 | ഉണ്ട് |
| 19 | വെള്ളംപ്പള്ളി കീഴടി | ,, | 500 | 8 | ഉണ്ട് |

# ആവശ്യമായ ഗതാഗത വികസനം

| ക്രമനമ്പർ | റോഡ്/പാലം/കലുങ്ക് പേര് | പുതിയ റോഡുകൾ | ടാർ ചെയ്യേണ്ടവ | അറ്റകുറ്റപ്പണി/പൂർത്തിയാക്കൽ/വീതികൂട്ടൽ | പാലം | കലുങ്ക്/ഓവ് |
|---|---|---|---|---|---|---|
| 1 | പൂവം പാറയ്ക്കൽ കടവ്-പള്ളിക്കടവ് റോഡ് | | * | | | |
| 2 | അംബദ്കർ റോഡ്-ദൈവത്തും പറമ്പ് റോഡ് | * | | | | |
| 3 | കാവാലിക്കര തുരുത്ത്-കിഴക്ക് ബണ്ട് റോഡ് | * | | | | |
| 4 | പൂവം-തറയം മുക്ക് റോഡ് | * | | | | |
| 5 | എ.സി. കോളനികൾ ബന്ധിപ്പിക്കുന്നത് | * | | | * | |
| 6 | പള്ളിക്കടവ്-പെരുമ്പുഴക്കടവ് (കിഴക്കുവശം) | * | | | | |
| 7 | പൂവം-എ.സി. കോളനി റോഡ് പടിഞ്ഞാറേയ്ക്ക് | * | | | | |
| 8 | എ.സി. കാളിപുരം റോഡ് രണ്ടാംഘട്ടം | | | * | * | |
| 9 | എ.സി. റോഡ്-600 ൽ പുതുവൻ അംബദ്കർ റോഡ് | | | * | | |
| 10 | നിലവിലുള്ള വഴിൽ ഗ്രാവൽ | | | * | | |
| 11 | കാവാലിക്കര-തോട്ടാശേരി റോഡ് | * | | | * | |
| 12 | പെരുമ്പുഴക്കടവ് | | | | * | |
| 13 | ഒന്നും, രണ്ടും വാർഡുകളെ ബന്ധിക്കുന്ന പാലങ്ങൾ | | | | * | |
| 14 | 600 ൽ പുതുവൽ നക്രാൻ ഭാഗങ്ങളിൽ | | | | * | |
| 15 | ളായിക്കാട്-മുലയിൽ പുതുവൽ-കോമങ്കേരിച്ചിറ | * | | | | |
| 16 | ളായിക്കാട്-ചെമ്പും തുരുത്ത് | | | * | | |
| 17 | ളായിക്കാട് മില്ലുപടി മുതൽ-വടക്ക് ബണ്ട് വരെ | | | * | | |
| 18 | മില്ലുപടി മുതൽ-തുപ്രം വരെ | | | | | |
| 19 | കോമങ്കേരിച്ചിറ-മുലൽ പുതുവൻ | | | * | | |
| 20 | മുലേൽപുതുവൻ-നക്രാൻ | | | * | | |
| 21 | മുണ്ടുചിറ-ആലഞ്ചേരി (സെറ്റിൽ മെൻറ് കോളനി) | | | * | | |
| 22 | ഇല്ലത്തുപറമ്പ്-വേഷ്ണാൻ-അയ്യരുകുളം | | * | | | |
| 23 | ഉഴത്തിൽപ്പടി-ഉരുള്ളേപ്പറമ്പ് | | * | | | |
| 24 | വില്ലേജ് ഓഫീസ്-കൊയ്ക്കാരംപടി | | * | | | |
| 25 | കാലായിപ്പടി റോഡ് | | * | | | |

| ക്രമനമ്പർ | റോഡ്/പാലം/കലുങ്ക് പേര് | പുതിയ റോഡുകൾ | ടാർ ചെയ്യേണ്ടവ | അറ്റകുറ്റപ്പണി/ പൂർത്തിയാക്കൽ/ വീതികൂട്ടൽ | പാലം | കലുങ്ക്/ഓട് |
|---|---|---|---|---|---|---|
| 26 | കൊല്ലാപുരം-ഒട്ടകത്തിൽ കടവ് | | * | | | |
| 27 | റെയിവേ-ഞാലിക്കടവ് | | * | | | |
| 28 | ഞാലിക്കടവ്-ചെമ്പുംതുരുത്തി | * | | | | |
| 29 | തെക്കേപ്പടി-മലയിൽ മറ്റം | * | | | | |
| 30 | പെരുന്തുരുത്തി-ഇല്ലത്തുപറമ്പ് (റെയിൽ വേ സമാന്തരം) | | | | | |
| 31 | വടക്കേക്കുറ്റ് മുണ്ടകം റോഡ് | * | | | | |
| 32 | ഉരുളേപ്പറമ്പ് റെയിൽവേ-തെക്കോട്ടും, പടിഞ്ഞാട്ടും | | | * | | |
| 33 | ഇല്ലത്ത്പറമ്പ്-ഉപ്പണി | | | * | | |
| 34 | നേരേകടവ് | | | | * | |
| 35 | നിലവിലുള്ള റോഡുകൾക്ക് | | | | | * |
| 36 | കിളിമല-ഐത്തു മുണ്ടകം | | | | * | |
| 37 | കാലായിപ്പടി-പുന്നൂച്ചിറ-പുളിയ്ക്കാപ്പറമ്പ് | | * | | | |
| 38 | പഴയ പഞ്ചായത്ത് -കൈലാത്തുപടി | | * | | | |
| 39 | അയ്യരുകുളം-മാന്താനം | | * | | | |
| 40 | നാലുകോടി-കൂടത്തേട്ട് | | * | | | |
| 41 | നല്ലുകുന്നുപുറം-അയ്യരുകുളം | | * | | | |
| 42 | കിളിമല-ആലമല | | * | | | |
| 43 | പുത്തൻകാവ് - അമ്പലപ്പടി-ഈഴേൽകടവ് | | * | | | |
| 44 | പഴയ പഞ്ചായത്തുപടി- യു.പി. സ്ക്കൂൾ | | * | | | |
| 45 | ഉഴത്തിൽപ്പടി-അടിക്കേരിൽ-മരത്തിനാൽ | | * | | | |
| 46 | പഴയ പഞ്ചായത്ത് യു.പി. സ്ക്കൂൾ-കൂടത്തേട്ട് കോളനി | | * | | | |
| 47 | മരത്തിനാൽ-വല്യാറ | * | | | | |
| 48 | കൊല്ലാവും, കുഴിമണ്ണിൽപ്പടി-ഈഴേൽകടവ് | | | * | | |
| 49 | ഉഴത്തിൽപടി-വള്ളിക്കുഴിയടി | | | * | | |
| 50 | അമ്പലപ്പടി യു.പി. സ്ക്കൂൾ-എസ്.എൻ.ഡി.പി. വരെ | | | * | | |
| 51 | പ്ലാക്കുളങ്ങര-കോളനി, ഭജനമഠം-ഐത്തുമുണ്ടകം | | * | | | |
| 52 | ഉറവയ്ക്കൽ-തുരുത്തിക്കടവ്-മംഗളാപകുന്ന് | | * | | | |

| ക്രമനമ്പർ | റോഡ്/പാലം/കലുങ്ക് പേര് | പുതിയ റോഡുകൾ | ടാർ ചെയ്ത് ബലപ്പെടുത്തൽ | അറ്റകുറ്റപ്പണി/ പൂർത്തിയാക്കൽ/ വീതികൂട്ടൽ | പാലം | കലുങ്ക്/ഓട് |
|---|---|---|---|---|---|---|
| 53 | അടവിച്ചിറ സെറ്റിൽമെൻറ് കോളനി-പ്രക്കാട്ട് ചിറ | | * | | | |
| 54 | വെളിയമ്പ്രം-ഉറവയ്ക്കൽ | * | | | | |
| 55 | പാണൂർ ലക്ഷംവീട് കോളനി-ഉറവയ്ക്കൽ | * | | | | |
| 56 | പാണൂർ കോളനി-അടവിച്ചിറ | * | | | | |
| 57 | അടവിച്ചിറ സെറ്റിൽമെൻറ് | | | * | | |
| 58 | പുത്തൻകാവ് അമ്പലം ഐത്തുമുണ്ടകം | | | * | | * |
| 59 | ഒട്ടത്തിപ്പടി-വാളംപറമ്പ് റോഡിൽ | | | | | * |
| 60 | എഴുവന്താനം-മാളികപ്പടി-വള്ളവംഞ്ചിറ | | * | | | |
| 61 | പൊടിപ്പാറ-മൂലേൽപ്പടി-കിങ്ങണംചിറ | | * | | | |
| 62 | കിങ്ങണംചിറ-വള്ളവംചിറ | | * | | | |
| 63 | മംഗലശേരിപ്പടി-തയ്യാട് കോളനി പൊടിപ്പാറപ്പടി | | * | | | |
| 64 | സി.കെ. റോഡ്-പനന്ത്രപ്പടി | | * | | | |
| 65 | പൊടിപ്പാറപ്പടി-കിങ്ങണംചിറ-ഒട്ടാലംന്തുപടി | | * | | | |
| 66 | കണ്ണംകോട്ടാൻ കലുങ്ക്-പൊടിപ്പാറപ്പടിയുമായി ബന്ധിപ്പിക്കുക. | * | | | | |
| 67 | തച്ചാട്ട് കോളനിയിൽ നിന്നും പാടത്തേയ്ക്കുള്ള റോഡുകൾ | | | * | | |
| 68 | മാളികപ്പടി-എഴുവന്താനം റോഡ് തിരുവല്ലയുമായി ബന്ധിപ്പിക്കുക | | * | | | |
| 69 | എഴുവന്താനം കോട്ടമുറി-ആഞ്ഞിലിമൂട് അമ്മത്താംഞ്ചിറ കോളനി | | | * | | |
| 70 | വള്ളവംഞ്ചിറ-നട്ടാറമ്പ് | | | * | | |
| 71 | അംബിയിൽപ്പടി-ചെറുവള്ളിപ്പടി | | | * | | * |
| 72 | മുട്ടത്തേട്ട്പടി-കാഞ്ഞിരന്താനംപടി | | | | | * |
| 73 | വെള്ളാപ്പള്ളി-ഓമണ്ണ് | | | * | | |
| 74 | മുണ്ടുകോട്ടൻ കുരിശ്-സെറ്റിൽമെൻറ് കോളനി | | | * | | |
| 75 | ബാബുസദനം-ചെറുവള്ളി | | | * | | |
| 76 | അമ്മത്താച്ചിറ സെറ്റിൽമെൻറ്-കുളിക്കടവ് | | | * | | |
| 77 | തോട്ടയികലുങ്ക്-അമ്മത്താഞ്ചിറ | * | | | | |
| 78 | പായിപ്പാട്-മച്ചിപ്പള്ളി വഴി-വെള്ളാപ്പള്ളി | * | | | | * |
| 79 | പായിപ്പാട്-മച്ചിപ്പള്ളി കോളനി | | | | * | |
| 80 | ഓമണ്ണിൽ-മറ്റത്തിലേയ്ക്കുള്ള വഴി | | | | * | |

| ക്രമനമ്പർ | റോഡ്/പാലം/കലുങ്ക് പേര് | പുതിയ റോഡുകൾ | ടാർ ചെയ്യേണ്ടവ | അറ്റകുറ്റപ്പണി/ പുനരുദ്ധാരണം/ വീതികൂട്ടൽ | പാലം | കലുങ്ക്/ഓട |
|---|---|---|---|---|---|---|
| 81 | ചേരിയ്ക്കമുല-പാറക്കുഴി | | | | * | |
| 82 | മുണ്ടുകോട്ടാൻ കടുത്താനം-എഴുവന്താനം | | | | | * |
| 83 | മുണ്ടുകോട്ടാൻ-പാറാങ്കൽ | | * | | | |
| 84 | ഓമണ്ണിൽ-പാറാങ്കാൽ | | * | | | |
| 85 | തിരുഹൃദയക്കുന്ന്-സി.എസ്.ഐ. പള്ളി റോഡ് | | * | | | |
| 86 | മുണ്ടുകോട്ടൻ-സി.എം.എസ്. എൽ.പി.എസ്. | | * | | | |
| 87 | കോതചിറ-ഹരിജൻ മന്ദിരം-കീഴടി-മുക്കാഞ്ഞിരം | | * | | | |
| 88 | കോതചിറ-അംഗൻവാടി-പാലക്കോട്ടാൻ | * | | * | | |
| 89 | ചാമക്കാല-കോതചിറ റോഡിൽ | | | | | * |
| 90 | പാലക്കോട്ടാൻ-കീഴടി റേഡിൽ-റിട്ടേണിംഗ്വോൾ | * | | | | |
| 91 | കോതചിറ-നടുവിലേമുറി | | | | | * |
| 92 | മാർക്കറ്റ്-പാലക്കോട്ടാൻ | | * | | | * |
| 93 | ചന്ദനപറമ്പ്-മുതിരപ്പറമ്പ് | | * | | | |
| 94 | മുക്കാഞ്ഞിരം-മാർത്തോമ്മാപള്ളി (ചേന്നനാട്) | | * | | | |
| 95 | കണ്ണനാട്ടുംകുളം-പള്ളിക്കച്ചിറ (പുതുവൻവഴി) | * | * | | | |
| 96 | മുസ്ലീംപള്ളി-കവിയൂർപുഞ്ച | | * | | | |
| 97 | തിരുവല്ല-മല്ലപ്പള്ളിറോഡ്-മാർക്കറ്റ് അതിർത്തി | | * | | | |
| 98 | മുസ്ലീംസ്ക്കൂൾ-മുൻസിപ്പൽ അതിർത്തി | | * | | | |
| 99 | ബൈബിൾ കോളജ്-കവിയൂർപുഞ്ച-പാലത്തിങ്കൽ | | * | | | |
| 100 | തോട്ടായിക്കടവ്-മാർക്കറ്റ് | | * | | | |
| 101 | തോട്ടായിക്കടവ്-തയ്യാട് | * | | | | |
| 102 | ചങ്ങനാശേരി-കവിയൂർ-തോട്ടായിക്കടവ്-ചുമത്ര | * | | | | |

## ഊർജ്ജം

| ക്രമനമ്പർ | സ്ഥലത്തിന്റെ പേര് | പുതിയ ലൈനുകൾ | വഴിവിളക്കുകൾ | ഫേ |
|---|---|---|---|---|
| 1 | ദൈവത്തും പറമ്പ് ദ്വീപുകൾ | * | | |
| 2 | എ.സി. കോളനി-600 ൽ പതുവൻ റോഡ് | * | | |
| 3 | പാറയ്ക്കൽ-പെരുമ്പുഴക്കടവ് പൂവം പാടംരണ്ടായിതിരിച്ച് കൃഷി ചെയ്യുന്നതിന് | * | * | |
| 4 | പൂവം അറുനൂറിൽ പുതുവൽ റോഡിൽ | * | * | |
| 5 | എ.സി. റോഡുപുറമ്പോക്കുകോളനിയിൽ | * | | |
| 6 | 1-ാം വാർഡിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് | | | |
| 7 | ളായിക്കാടു-ചെമ്പും തുരുത്തിയിൽ | * | | |
| 8 | ളായിക്കാട് വലിയവീട്ടിൽ ചിറയിൽ | * | | |
| 9 | മൂലേപ്പുതുവൽ, നാങ്കാൽപുതുവൽ, കോമങ്കേരിച്ചിറ | * | * | |
| 10 | മൂന്നാം വാർഡിൽ ആവശ്യമായ സ്ഥലങ്ങളിൽ | * | * | |
| 11 | തെക്കേക്കര കൊയ്ക്കാരം റോഡിൽ | | | |
| 12 | തെറ്റിയ്യാൽ കോടി, ചാത്തൻകരി, പനങ്ങോട്ടറി പാടശേഖരങ്ങളിലൂടെ വേഷ്ണാൽ സെറ്റിൽമെൻകോളനിയിലേയ്ക്ക് | * | * | |
| 13 | ചങ്ങംകുളങ്ങര ക്ഷേത്രത്തിനു മുൻവശം അവയ്യരുകുളം ജംഗ്ഷൻ,നാലുകോടി റയിൽവേ ക്രാസിലും | | | |
| 14 | ആഞ്ഞിലിമൂട് അമ്പിയിൽ റോഡ്, അമ്പിയിൽ താഴോട്ടുള്ള റോഡ് | | * | |
| 15 | ചെറുവള്ളി തകിടിയേൽ റോഡിൽ | * | * | |
| 16 | വള്ളവൻചിറ മൂലേപ്പടി റോഡ്, കുളത്തിലേയ്ക്ക് | | * | |
| 17 | കണ്ണൻകോട്ടാൽ കുളത്തിൽ നിന്നും കിഴക്കോട്ടു നിർമ്മിക്കുന്ന റോഡിൽ | * | * | |
| 18 | കൊച്ചുപള്ളി മാളികപ്പടി റോഡിൽ കുരുശുപള്ളി ജംഗ്ഷൻ മുതൽ നല്ലൂർപടി വരെ | * | * | |
| 19 | ബാബു സദനം ചെറുവള്ളിറോഡിൽ | * | * | |
| 20 | മ്ച്ചിപ്പള്ളി ഓമണ്ണ് റോഡിൽ | * | * | |
| 21 | ഓമണ്ണു മറ്റത്തിലേയ്ക്കുള്ള വഴി വൈദ്യുതീകരിക്കുക | * | * | |
| 22 | മുണ്ടുകോട്ടാൽ കടുത്താനം റോഡ് | * | * | |
| 23 | ഓമണ്ണു പാറാങ്കർ റോഡ്, മുക്കാഞ്ഞിരം മുളക്കുഴി പാലക്കോട്ടാൽ കീഴടി റോഡ് | * | * | |
| 24 | മുണ്ടുകോട്ടാൽ പാറാങ്കൽപ്പടി റോഡ് | * | * | |
| 25 | മുണ്ടുകോട്ടാൽ-സി.എസ്.ഐ. പള്ളി ജംഗ്ഷനുകളിൽ | | | |
| 26 | അമണ്ണു കണ്ണനാട്ടുപടിറോഡ് | * | | |
| 27 | തോട്ടയിക്കടവ് പായിപ്പാടു ജംഗ്ഷൻ, പായിപ്പാട് മാർക്കറ്റ് മുതൽ 10 -ാം വാർഡിൽ അതിർത്തിപ്പാലം മുതൽ മുക്കാഞ്ഞിരം വരെ | * | * | |
| 28 | ചേന്നനാട്ട് റോഡ് മന്നാടത്ത് റോഡ്, പലത്തിങ്കൽ കവിയൂർ പുഞ്ചറോഡ്, ചങ്ങനാശേരി കവിയൂർ റോഡിൽ നിന്നും കണ്ണനാട്ടുകുളം വരെയുള്ള ഭാഗം | * | * | |
| 29 | ബൈബിൾ കോളജ് റോഡ് | * | * | |
| 30 | തെക്കേപ്പുള്ളി റോഡിന് തെക്കേ അറ്റത്ത് | * | * | |

5(7)

# ഭവന നിർമ്മാണം സാമൂഹ്യക്ഷേമം

പായിപ്പാട് ഗ്രാമപഞ്ചായത്ത് ഭൂപ്രകൃതി അനുസരിച്ച് പടഞ്ഞാറുഭാഗം കൂടുതൽ വെള്ള ക്കെട്ടുള്ളതും കിഴക്കുഭാഗം ഉയർന്നുമാണ് സ്ഥിതിചെയ്യുന്നത്. ആയതിനാൽ ഭവന നിർമ്മാണത്തെ സംബന്ധിച്ച് വ്യത്യസ്ഥ സാഹചര്യങ്ങളാണ് ജനങ്ങൾ നേരിടുന്നത്. പഞ്ചായത്ത് ഇന്ന് നേരിടുന്ന പ്രധാനപ്പെട്ട വിഷയങ്ങളിൽ ഒന്നാണ് പാർപ്പിട ദാരിദ്ര്യം. ഒരു കാലഘട്ടത്തിൽ നാമമാത്രമായി മാത്രമേ ഓടുമേഞ്ഞ സാമന്യം വലിപ്പമുള്ള ഭവനങ്ങൾ പഞ്ചായത്തിൽ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഗൾഫ് പണത്തിൻെറ വരവ് പഞ്ചായത്തിൽ ബഹുനില ഭവനങ്ങൾ വരെ ഉണ്ടാകുവാനുള്ള സഹചര്യം ഒരുക്കി.

1957- ലെ ഭൂ പരിഷ്കരണ നിയമം നടപ്പിലാക്കിയ ശേഷമാണ്. താഴേക്കിടയിൽ ഉള്ളവർക്ക് സ്വന്തമായി ഒരു ഭവനം നിർമ്മിക്കുവാനുള്ള സ്വപ്നം സാക്ഷാത്ക്കരിച്ചത്. അക്കാലത്ത് മണ്ണ്, ഓല, പനമ്പ് മുതലായവ ഉപയോഗിച്ചുള്ള കുടിലുകളായിരുന്നു ഏറിയ പങ്കും. എന്നാൽ കാലാകാലങ്ങൾ ഉണ്ടായിട്ടുള്ള സർക്കാർ വക പദ്ധതികളും, വിവിധ സാമൂഹിക-സാംസ്കാരിക -സാമുദായിക സന്നദ്ധ സംഘടനകളുടെ കൂട്ടായ യത്നവും ഭവന നിർമ്മാണ രംഗത്ത് ആധുനികത കൈവരിപ്പിക്കുകയും-പുത്തൻ ഉണർവ് നൽകുകയും ചെയ്തു. ഇതിൻെറ ഫലമായി പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ഓടുമേഞ്ഞതും കോൺക്രീറ്റിൽ നിർമ്മിതവുമായ അനേകം വീടു

കൾ നിർമ്മിക്കപ്പെട്ടു. എങ്കിലും ഇനിയും ഈ രംഗത്ത് പഞ്ചായത്ത് വളരെയേറെ മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. ഇന്നും ഭവനമില്ലാത്തവർ ധാരാളം ഉണ്ട്. മാത്രമല്ല വിവിധ പദ്ധതികളിലൂടെ ലഭ്യമായ ഭവനങ്ങളും, സ്വന്തമായി നിർമ്മിച്ചവയും ജീർണ്ണാവസ്ഥയിലാണ്. ഇതിനു പ്രധാന കാരണം നിർമ്മാണത്തിലെ വൈകല്യവും, പദ്ധതി നടത്തിപ്പിലെ കെടുകാര്യസ്ഥതയുമാണ്. അനുവദിക്കുന്ന സഹായത്തിൻെറ പരിമിതി മറ്റൊരു കാരണമാണ്. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ നിർമ്മാണച്ചിലവ് കൂടുതൽ ആണ്. ഇതനുസരിച്ച് ഗ്രാൻറ് ഉയർത്തുന്നുമില്ല.

1991- ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 4274 കുടുംബങ്ങൾ ഉണ്ടായിരുന്നതായി ക്കാണുന്നു. ബഹു ഭൂരിപക്ഷം ജനങ്ങളും ഇടത്തരം വീടുകളിലാണ് വസിക്കുന്നത്. നിലവിൽ 5534 കുടുംബങ്ങൾ പഞ്ചായത്തിൽ ഉണ്ട്. അതു പോലെതന്നെ 5, ലക്ഷം വീട് കോളനികളും 17, പട്ടികജാതി, സെറ്റിൽമെൻറ് കോളനികളും ഉണ്ട്. ലക്ഷം വീട് കോളനികൾ ഒന്നൊഴികെ മറ്റെല്ലാം ഓരോ കുടുംബങ്ങൾ താമസിക്കുന്നവയാണ്. 21 വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച വീടുകളും ഇതിൽ ഉൾപ്പെടുന്നു. പല വീടുകളും അടിയന്തിരമായി റിപ്പയറിംഗ് നടത്തേണ്ടത് ആവശ്യമാണ്. കോളനി പ്രദേശങ്ങളിൽ കുടിവെള്ളം, കക്കൂസ്, പൊതു ശ്മശാനം, വൈദ്യുതി എന്നിവയുടെ അപര്യാപ്തത സാരമായി ബാധിക്കുന്നു.

# സാമൂഹ്യ ക്ഷേമം

സാമൂഹക്ഷേമ രംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് പായിപ്പാട്. കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ നടപ്പാക്കുന്ന ദാരിദ്ര്യ നിർമ്മാർജന പദ്ധതി, വിവിധ-ക്ഷേമനിധി ബോർഡുകൾ നടപ്പാക്കുന്ന പദ്ധതികൾ ചെറിയ രീതിയിൽ പഞ്ചായത്തു നടപ്പാക്കുന്ന പദ്ധതികൾ എന്നിവയാണ് നിലവിലുള്ളത്. പുറമേ വിവിധ സന്നദ്ധ സംഘടനകൾ വഴിയുള്ള ക്ഷേമ പ്രവർത്തനവും നടക്കുന്നു.

ചികിത്സാ രംഗത്ത് വളരെയേറെ പ്രശ്നങ്ങൾ ഈ പഞ്ചായത്ത് നേരിടുന്നു. ഒരു പ്രൈമറി ഹെൽത്തു സെൻറർ മാത്രമാണുള്ളത്. താഴ്ന്ന പ്രദേശങ്ങളിൽ ഇതിൻെറ പ്രവർത്തനം ശരിയായ രീതിയിൽ എത്തുന്നില്ല. 25 വർഷം മുമ്പ് 6- ാം വാർഡിൽ ഹോമിയോ ആശുപത്രിയ്ക്കു വേണ്ടി ഒരു വ്യക്തി സൗജന്യമായി സ്ഥലം സംഭാവന ചെയ്തെങ്കിലും നിർമ്മാണം തുടങ്ങിയ കെട്ടിടം ജീർണ്ണിച്ചു കൊണ്ടിരിക്കുകയാണ്. മാതൃശിശു സംരക്ഷണ കേന്ദ്രത്തിൻെറ പ്രവർത്തനവും അപര്യാപ്തമാണ്. ഈ ഗ്രാമത്തിൽ മൊത്തം 21 അംഗൻവാടികൾ പ്രവർത്തിക്കുന്നു. എന്നാൽ 8 എണ്ണത്തിന് മാത്രമേ സ്വന്തമായി കെട്ടിട മുള്ളൂ. ഇവയിൽ മിക്കയിടത്തും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുവാനുള്ള സൗകര്യങ്ങൾ ഇല്ല. ഇത് കുട്ടികൾക്കും പ്രവർത്തിക്കുന്ന വർക്കും വിവിധ രോഗങ്ങൾ ഉണ്ടാകുവാനുള്ള സാധ്യത വർദ്ധിപ്പി

## വീടുകളെ സംബന്ധിച്ചുള്ള വിവരം

| വാർഡ് | എണ്ണം | ഓട് | കുടിൽ | കോൺക്രീറ്റ് | ഷീറ്റ് |
|---|---|---|---|---|---|
| 1 | 638 | 300 | 140 | 192 | 6 |
| 2 | 529 | 293 | 110 | 121 | 5 |
| 3 | 473 | 200 | 78 | 191 | 4 |
| 4 | 603 | 290 | 100 | 207 | 6 |
| 5 | 582 | 290 | 96 | 191 | 5 |
| 6 | 547 | 306 | 108 | 128 | 5 |
| 7 | 522 | 291 | 99 | 129 | 3 |
| 8 | 602 | 334 | 110 | 156 | 2 |
| 9 | 458 | 184 | 96 | 178 | |
| 10 | 580 | 188 | 98 | 294 | |

ക്കുന്നു. പഞ്ചായത്തിൽ 17 ഹരിജൻ സെറ്റിൽ മെൻറ്കോളനികളും 5 ലക്ഷം വീട്കോളനികളും ഉണ്ട്. എന്നാൽ ഇവ കേന്ദ്രമാക്കിയുള്ള പ്രത്യേക ക്ഷേമ പദ്ധതികൾ ഇല്ല. വിവിധ പെൻഷനുകൾ, ഗ്രാൻറുകൾ, വിവിധ ക്ഷേമ നിധികൾ, ലഘുസ മ്പാദ്യ പദ്ധതികൾ മുതലായവയും പഞ്ചായ ത്തിൽ നിലവിലുണ്ട്. ഇവയൊന്നും കാര്യക്ഷമമാ യി പ്രവർത്തിക്കുന്നില്ല.

**ആവശ്യങ്ങൾ**

1. പഞ്ചായത്തിൽ ആയിരത്തോളം ഭവന

| ലക്ഷംവീട് കോളനികളെസംബന്ധിച്ച വിവരങ്ങൾ | | | |
|---|---|---|---|
| വാർഡ് | സ്ഥലം | വീടുകളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം |
| 3 | ഇല്ലത്തു പറമ്പ് | 20 | 20 |
| 4 | പുളിയ്ക്കപ്പറമ്പ് | 20 | 20 |
| 5 | കൂടത്തേട്ട് കോളനി | 20 | 20 |
| 6 | മമ്പള്ളി | 10 | 20 |
| 6 | പാണൂർ | 20 | 20 |

ങ്ങൾ ആവശ്യമാണ്.

2. നിലവിൽ പുറംപോക്കു സ്ഥലങ്ങളിൽ താമസിക്കുന്നവരെ സ്വന്തമായി സ്ഥലവും, വീടും കൊടുത്ത് മാറ്റി പാർപ്പിക്കേണ്ടതാണ്..

3. മുൻകാലങ്ങളിൽ സർക്കാർ പദ്ധതിപ്രകാരം നിർമ്മിച്ച വീടുകൾക്കും, പ്രകൃതി ക്ഷോഭം മൂലം നശിച്ച വീടുകൾക്കും യഥാകാലം അറ്റകുറ്റപ്പണികൾ ചെയ്യേണതാണ്.

4. നിലവിലുള്ള ഭവനനിർമ്മാണ പദ്ധതികൾക്കുള്ള ഗ്രാൻറ് വർദ്ധിപ്പിക്കണം.

5. കക്കൂസ്, വൈദ്യുതി, കുടിവെള്ളം എന്നീ അടിസ്ഥാന സൗകര്യങ്ങൾ കോളനികളിലും, മറ്റ് പിന്നോക്ക മേഖലകളിലും എത്രയും വേഗം എത്തിക്കേണ്ടതാണ്.

6. എല്ലാ വാർഡിലും നിശ്ചിത അനുപാതത്തിൽ അംഗൻ വാടികൾ അനുവദിക്കുകയും, സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ നടത്തുകയും, പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

7. പൊതുജനഅനാരോഗ്യം, പരിസരമലിനീകരണം, പകർച്ചവ്യാധികൾ, ലഹരി മുതലായവയ്ക്കെതിരെ ബോധവൽക്കരണം നടത്തുകയും, വിനോദത്തിനും, വിജ്ഞാനത്തിനും ഉതകുന്ന കുട്ടികളുടെ പാർക്കുകൾ സ്ഥാപിക്കുകയും ചെയ്യുക ഹെൽത്ത് സെൻററുകൾ, ഹോമിയോ ആശുപത്രി, മുതലായവ കാര്യക്ഷമമാക്കുകയും, വനിതാ വികസനത്തിനു വേണ്ട പദ്ധതികൾ ഡി.ഡബ്ലു.ആർ.സി.എ. സ്ഥാപിച്ച് നടപ്പിലാക്കുകയും, ചെയയേണ്ടതാണ്.

8. സാക്ഷരതാ പദ്ധതികൾ, പെൻഷനുകൾ, ഗ്രാൻറുകൾ, ക്ഷേമനിധികൾ മുതലായവ യഥാകാലം നടപ്പാക്കുകയും, ജനങ്ങൾക്ക് പ്രയോജനം ലഭ്യമാക്കാനുള്ള ക്രമീകരണം ഉണ്ടാക്കുകയും ചെയ്യുക.

## ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട് | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1-10 | 540 | 270 | 230 | 40 | 140 |

## കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

| കുട്ടികൾ | ബി.സി.ജി. | ഡിപി.റ്റി. | | | | പോളിയോ | | | | ഡി.റ്റി. | | | | മീസൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1 ഡി | 2 ഡി | 3ഡി | ബി.ഡി | 1ഡി | 2ഡി | 3ഡി | ബിഡി | 1ഡി. | 2ഡി | 3ഡി | ബിഡി | |
| 1 വയസിൽ താഴെ | 15 | 36 | 38 | 40 | | 36 | 38 | 40 | | | | | | 31 |
| 1-3 വയസ് താഴെ | | | | | 38 | | | | 38 | | | | | |
| 2-6 വയസ് | | | | | | | | | | 1 | 15 | | | |

### ടെറ്റനസ് ടോക്സോയിസ് (റ്റി.റ്റി.)

| ഗർഭിണികൾ | 1ഡി | 2ഡി | ബി.ഡി |
|---|---|---|---|
| | 22 | 24 | |

ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം 127

ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം 776

വിറ്റാമിൻ എ. തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം 175

ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം

വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം

## ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | ഇതിൽ എസ്.സി/ എസ്.ടി. കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ എസ്.സി/ എസ്.ടി. | സഹായം ലഭിച്ചതുവഴി ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| | 6800 | എസ്.സി.1700 | 865 | എസ്.സി. 410 | 1700 | 2840 |

## ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി

| വാർഡ് നമ്പർ | എ.ആർ.ഡി.പി. സർവ്വേ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ള വരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1-10 | 730 | 545 | 475 | പ്രസ്തുത ആളുകൾക്ക് സഹായം നല്കേണ്ടതാണ് |

## കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 83 | 68 | 53 | 52 | 4 | 4 | 2 | 1 |
| 1-3 വയസ്സ് | 152 | 136 | 120 | 103 | 15 | 13 | - | - |
| 3-6 വയസ്സ് | 174 | 136 | 124 | 117 | 10 | 10 | - | - |

1-ാം ഗ്രേഡ് - ലഘുവായ പോഷണക്കുറവുള്ളവർ

2-ാം ഗ്രേഡ് - മിതമായ പോഷണക്കുറവുള്ളവർ

3-ാം ഗ്രേഡ് - ഗുരുതരമായ പോഷണക്കുറവുള്ളവർ

## കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ (1995-1996)

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽക്കൂടുതൽ നില യുള്ള കെട്ടിടങ്ങളുടെ എണ്ണം | കോൺക്രീറ്റ് | മേൽപ്പുരയുടെ സ്വഭാവം ഒരുനിലയുള്ള കെട്ടിടങ്ങൾ ഓട് | ഓല | മറ്റുള്ളവ | വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം. |
|---|---|---|---|---|---|---|---|
| 1 | 638 | | 7 | 303 | 317 | 7 | 4 |
| 2 | 529 | 15 | 21 | 295 | 191 | 3 | 4 |
| 3 | 471 | 10 | 30 | 270 | 117 | 37 | 5 |
| 4 | 600 | 10 | 16 | 265 | 275 | 31 | 3 |
| 5 | 582 | 14 | 27 | 248 | 269 | 20 | 4 |
| 6 | 546 | 5 | 14 | 301 | 208 | 14 | 4 |
| 7 | 520 | 12 | 9 | 175 | 300 | 21 | 3 |
| 8 | 608 | 7 | 12 | 243 | 326 | 17 | 3 |
| 9 | 456 | 8 | 32 | 351 | 34 | 28 | 3 |
| 10 | 578 | 12 | 36 | 358 | 134 | 37 | 1 |

## 5(8)

# സംസ്കാരം

അളകാപുരം പോലെ പരിലസിക്കുന്നതെന്ന് വിശേഷിപ്പിക്കപ്പെട്ട തിവിതാംകൂറിൻെറ ഹൃദയ ഭാഗത്ത് ചങ്ങനാശേരിത്താലൂക്കിൻെറ തെക്കേയോരം ചേർന്ന് സ്ഥിതിചെയ്യുന്ന കരിമ്പുപനസം മുളകേലമിഞ്ചി കേരം കങ്ങുള്ളു തളിർ വെറ്റില ഏത്തവാഴകൾ തുടങ്ങിയവയാൽ നന്ദനാരാമത്തെ വെല്ലുന്ന സൗന്ദര്യം ഉൾക്കൊണ്ട രമ്യഭൂവായ ഒരു കൊച്ചു ഗ്രാമമാണ് പായൽപ്പാടും പായിപ്പാടുമെല്ലാമായി പുകൾകൊണ്ട പായിപ്പാട്. ഉണ്ണുനീലി സന്ദേശക്കാരൻ തൻെറ സന്ദേശവാഹനകന് സ്മരണകളുടെ മലർക്കാവുകൾതീർത്ത മനോഹരമായ പാതയൊരുക്കിയതും ഈ മനോജ്ഞമായ ഗ്രാമത്തിൻെറ വിരിമാറിലൂടെയാണ്. ഹരിതാഭമായ ചേലയുടുത്ത് നിത്യകന്യകയായി ക്കഴിയുന്ന ഈ നാടിൻെറ സൗന്ദര്യത്താലാകൃഷ്ടരായി പരിസരങ്ങളിൽ നിന്നും കുടികയറിപ്പാർത്തവരുടെ അനന്തരഗാമികളാണ് ഇന്നാട്ടുകാർ. വണിഗ്വരന്മാരായിരുന്ന കൊല്ലാപുരം ചെട്ടിമാർ വ്യവസായ കേന്ദ്രമായ കൊല്ലത്തെത്തുന്ന കാലത്തിനും മുൻപ് താമസത്തിന് തെരഞ്ഞെടുത്തത് ഈ ഗ്രാമമാണ്. വേദ മന്ത്രോച്ചാരണങ്ങളുടെ നാദമുഖരിതമായ ഇവിടുത്തെ ബ്രാഹ്മണ ഭവനങ്ങളിൽ നിന്നും ഉയർന്ന ഹവിർഗന്ധം കൊണ്ട് പവിത്രമാക്കപ്പെട്ട ഈ നാട്ടിൽ സാരസ്വതവാണിയായ സംസ്കൃതത്തിൻെറ പഠന നിർഘോഷം ഒരു കാലത്ത് എങ്ങുംമുഖരിതമായിരുന്നു. അക്കാലങ്ങൾ അസ്തമിച്ചെങ്കിലും മധുരസ്വപ്നമയം ഗതകാല സ്മരണകൾ അയവിറക്കിക്കഴിയുന്ന ഈ ഗ്രാമം വിദ്യാഭ്യാസ

ത്തിലും സംസ്ക്കാരത്തിലും ഉന്നതസ്ഥാനത്ത് ഇന്നും നിലനില്ക്കുന്നു.

മനനം മൂലം മനുഷ്യവർഗ്ഗം തലമുറകളായി സ്വാംശീകരിച്ച ഗുണവിശേഷങ്ങൾ ഉളവാക്കിയ അനുക്രമമായ മാറ്റമാണ് സംസ്കാരം. ഈ മാറ്റം ജീവിതത്തിൽ ഉളവാക്കിയ സ്വാധീനം അധീതി ബോധാചരണ പ്രചാരണങ്ങളിലൂടെ വളരുകയും മനന വിദ്യകൊണ്ട് ഉൽബുദ്ധരാകുകയും ചെയ്തു. അസൂയാവഹമായ നേട്ടങ്ങൾ കൈവരിക്കുവാൻ ഇന്നും ഈ ജനപദത്തിന് കഴിയുന്നുണ്ട്.

സ്വാതന്ത്ര്യ സമരത്തിൻെറ അലയടികൾ പ്രചോദനമായി ആവേശമായി മാറിയ കാലഘട്ടത്തിൽ കലാലയം വിട്ട് രാഷ്ട്രീയ രംഗത്തിറങ്ങി ഭാരത പതാകയേന്തി സമരം നയിച്ച് ബ്രിട്ടീഷ് സിംഹത്തിൻെറ കൊലപ്പല്ലെണ്ണാൻ കുതിച്ചവരിൽ ഒരുവനായിരുന്ന ശ്രീ. കെ.പി. ജോസഫ് വെട്ടികാടൻ നാടിൻെറ സാംസ്കാരിക ചരിത്രത്തിലെ പ്രാതഃസ്മരണീയനാണ്. രണ്ടു പ്രാവശ്യം പായിപ്പാട് പഞ്ചായത്തിൻെറ പ്രസിഡൻറ് പദം അലങ്കരിച്ച പ്രഥമ പൗരനായിരുന്നു അദ്ദേഹം. മദ്യവർജ്ജന പ്രസ്ഥാനത്തിൻെറ അനിഷേധ്യനേതാവും പണ്ഡിതനും പ്രൊഫസറും കവിയും ഉജ്വലവാഗ്മിയുമായ ശ്രീ. തൃക്കൊടിത്താനം ഗോപിനാഥൻ നായർ ആയിരുന്നു ഈ പഞ്ചായത്തിൻെറ പ്രഥമ സാരഥി. ശ്രീ. കെ.പി. ജോസഫിൻെറ സമ്രണ നിലനിർത്തുന്ന സാംസ്കാരിക കേന്ദ്രം, ശ്രീ. ബേബൻ വെട്ടിക്കാടൻ ചെയർമാനായുള്ള കെ.പി. ജോസഫ് വെട്ടിക്കാടൻ സ്മാരക ട്രസ്റ്റിൻെറ മേൽനോട്ടത്തിൽ നടത്തിവരുന്ന അനുസ്മരണാ പ്രഭാഷണങ്ങൾ, പുരസ്കാരം, പ്രസംഗ മത്സരങ്ങൾ, ഗണ്യമായതുകയ്ക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, ഇവയും നാട്ടിനൊരു നേട്ടമാണ്.

മത സൗഹാർദ്ദത്തിൻെറ പൊൻ നൂലിൽ 'സൂത്രേമണിഗണാ: ഇവ' വ്യത്യസ്ഥ ജാതി മത വിഭാഗങ്ങളെ കോർത്തൊരുക്കിയ പാരമ്പര്യമുള്ള ഈ നാട്ടിൽ ഇന്നോളം വർഗ്ഗീയമായ സംഘട്ടനങ്ങൾ ഉണ്ടായിട്ടില്ല, ഉണ്ടാകാനുള്ള സാധ്യതയും കുറവാണ്. പുണ്യപുരാതനമായ പുത്തൻകാവ് ക്ഷേത്രത്തിൽ തലമുറകളായി നിലനിന്നുപോന്നിരുന്ന തിരുവുത്സവമായ പടയണിയുടെ ഓരോ ചടങ്ങിലും വിവിധ ജാതികൾക്കും മതങ്ങൾക്കും പ്രത്യേകമായ അവകാശങ്ങൾപോലും നൽകിയിരുന്നു. തടികൊണ്ട് നിർമ്മിച്ച ഗംഭീരമായ എരിത്തിലിൽ അനേകം കാളകളുടെകമനീയമായ രൂപങ്ങളും ദേവീ ദേവന്മാരുടെ വിഗ്രഹങ്ങളും ഒരുക്കി ഉയർത്തി ക്ഷേത്രത്തിന് ചുറ്റും കെട്ടുകാഴ്ചയാടിയിരുന്നത് ഹൈന്ദവരും ക്രൈസ്തവരും ഇസ്ലാം സഹോദരങ്ങളും ഒന്നിച്ചായിരുന്നു. പെരുമാക്കന്മാരുടെ കാലത്തെത്തുടർന്ന് അംശാധികാരികൾ അധികാരം ഏറ്റെടുത്ത കാലയളവിലും ഇവിടെ മത സൗഹാർദ്ദം അഭംഗുരം കാത്തുസൂക്ഷിച്ചിരുന്നു. വർഗ്ഗീയമായ കിടമത്സരങ്ങളോ ലഹളകളോ ഇവിടെ ഇന്നോളം ഉണ്ടായിട്ടില്ല. തല

മുറകളിൽ നിന്നും തലമുറകളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്ന വീരോതിഹാസങ്ങളിലൂടെ ഐക്യവും സൗഭ്രാതൃത്വവും ഇവിടെ പരിരക്ഷിക്കപ്പെടുന്നു.

പരിപുഷ്കലമായ അൻപതു വർഷത്തെ പ്രവർത്തനം പിന്നിട്ട വൈ.എം.എ. സാംസ്കാരിക രംഗത്തിന് മുതൽ കൂട്ടാണ്. ഗ്രന്ഥശാലാ സംഘം ഗ്രാൻറുനൽകി പല പതിറ്റാണ്ടുകളായി പ്രോത്സാഹിപ്പിക്കുന്ന ഈ സ്ഥാപനത്തിൽ വായനശാലയും ഗ്രന്ഥശാലയും റിക്രിയേഷൻ ക്ലബും പ്രശംസനീയമായി പ്രവർത്തിച്ചു വരുന്നു. സ്വന്തമായി ആസ്ഥാനമുള്ള അനേകം സാസ്ക്കാരിക സംഘടനകൾ ഈ പ്രദേശത്തുണ്ട്. ശുചിത്വത്തിലും ഐക്യത്തിലും പ്രശ്സ്തിയാർജ്ജിച്ച നാലുകോടി യിലെ റജിസ്ട്രേഷനുള്ള കോളനി കോർഡിനേഷൻ ക്ലബിനും വിവിധ സാന്മാർഗ്ഗിക സാംസ്കാരിക പ്രവർത്തനങ്ങളിൽ മാതൃകയായ കോൺവൻറ് ജങ്ഷന് അടുത്തുള്ള ഐ.സി.ഡി.എസ്. കേന്ദ്രത്തിനും ആസ്ഥാനമുണ്ട്. പഴയ പഞ്ചായത്ത് ജങ്ഷനിലുള്ള 'സംസ്കാരയും' വർഷങ്ങളായി കലാ രംഗത്ത് തനതായ വ്യക്തിത്വം പുലർത്തി പ്രവർത്തിക്കുന്ന കളിയരങ്ങും മുക്കാഞ്ഞിരത്തിലുള്ള പ്രതിഭാ ആർട്ട്സ് ക്ലബും ഗണ്യമായി സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന വേദികളാണ്. കാർഡിൻെറ നേതൃത്വത്തിൽ പൂവത്ത് ഒന്നും രണ്ടും വാർഡുകളിലായി അഞ്ച് വികനസ സമിതികളും, മഹിളാ സമാജങ്ങളും, ബാലസമാജങ്ങളും പ്രവർത്തിക്കുന്നുണ്. പൂവത്തെ മറ്റൊരു സാസ്കാരിക സംഘടനയാണ് പൂവം ഫ്രണ്ട്സ് യൂത്ത് ക്ലബ്. അനേകം മഹിളാ സമാജങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 325-ാം നമ്പർ എസ്.എൻ.ഡിപി. ശാഖായോഗവും 3221- ാം നമ്പർ ശാഖായോഗവും അവയുടെ ആസ്ഥാനങ്ങളിൽ പൊതുവായനശാലയും ഗ്രന്ഥശാലയും പ്രവർത്തിപ്പിക്കുന്നുണ്ട്. പൂവം, ളായിക്കാട് വാർഡുകളിൽ സൗജന്യമായി കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നുണ്ട്. അഞ്ചാം വാർഡിലെ കോളനി കോർഡിനേഷൻ ക്ലബിലാണ് ജനവിദ്യാകേന്ദ്രം പ്രവർത്തിക്കുന്നത്. ഈ കേന്ദ്രത്തിൽ വായനശാലയും സാക്ഷരതാ ക്ലാസുകളും നടത്തുന്നുണ്ട്.

# 5 (9)

# വനിത

രാഷ്ട്ര പുനർ നിർമ്മാണ പ്രക്രിയയിൽ സ്ത്രീകൾക്ക് പുരഷന്മാർക്കൊപ്പം പ്രാധാന്യവും പങ്കാളിത്തവും ലഭിക്കേണ്ടതാണെന്നുള്ള ആവശ്യം ഉയർന്നു വരുന്ന ഈ കാലഘട്ടത്തിലും പായിപ്പട് ഗ്രാമത്തിലെ ബഹുഭൂരിപക്ഷം വനിതകൾക്കും ഇത് പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയുന്നില്ല. ഗ്രാമാന്തരീക്ഷത്തിൽ ഒതുങ്ങിക്കൂടി ഗാർഹിക വൃത്തികൾ മാത്രം ചെയ്തു കഴിയുവാനുള്ള പ്രവണത മാറ്റിയെടുക്കാൻ ഇന്നും കഴിഞ്ഞിട്ടില്ല. മതപരമായ വിലക്കുകളും അനുഷ്ഠാനങ്ങളും സ്ത്രീകളുടെ സാമൂഹിക സാംസ്കാരിക രംഗങ്ങളിലുള്ള പുരോഗതിക്ക് വിലക്ക് കല്പിക്കുന്നെന്നു ള്ള വിശ്വാസം ഇപ്പോഴും മാറിയിട്ടില്ല. തൊഴിൽ മേഖലകളിൽ പ്രവേശിക്കുവാനും വരുമാനമാർഗ്ഗങ്ങൾ തേടി ത്വരിത പ്രയാണം ചെയ്യുവാനുമുള്ള പ്രേരണ വനിതകളിൽ വേണ്ട വണ്ണം ഉടലെടുക്കുന്നില്ല. അവഗണനകൾക്ക് നേരെ പ്രതികരിക്കുവാനവർക്ക് കഴിയുന്നില്ല.

വിദ്യാഭ്യാസത്തിലും സാക്ഷരതയിലും ഇന്നാട്ടിലെ വനിതകൾ മുൻപന്തിയിലാണ്. ഗ്രാമത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാഭ്യാസ സാംസ്കാരിക മണ്ഡലങ്ങളിൽ അസൂയാവഹമായ പുരോഗതി നേടിയ ചങ്ങനാശേരിപ്പട്ടണത്തിന്റെ സാമീപ്യവും ക്രൈസ്തവ മിഷനറിമാരുടെ ഈരംഗത്തുള്ള സംഭാവനകളും ഇവിടുത്തെ വനിതകളുടെ വിദ്യാഭ്യാസ പുരോഗതിയെ കാര്യമായി സഹായിച്ചിട്ടുണ്ട്. ബിരുദ, ബിരുദാനന്തര

ബിരുദ ധാരിണികൾ ഈ ഗ്രാമത്തിൽ ധാരാളമുണ്ട്. വനിതകളുടെ ഇടയിൽ ഏതാനും എൻജിനിയറന്മാരും ഡോക്ടർന്മാരുമുണ്ടെന്നുള്ളത് ഒരു നേട്ടമാണ്. എന്നാൽ ഒരു നല്ല വിഭാഗം തൊഴിൽ മേഖലയിലും ഇതര രംഗങ്ങളിലും വേണ്ട വിധത്തിൽ പ്രവർത്തിക്കുവാൻ ആത്മവിശ്വാസമില്ലാതെ അകന്ന് നിൽക്കുന്നു

അവകാശങ്ങളെ ക്കുറിച്ചുള്ള അജ്ഞതയും അവനേടിയെടുക്കാനുള്ള പ്രതിബദ്ധതയും പ്രതികരണശേഷിയുമില്ലായ്മയും മാറ്റിയെടുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. എങ്കിൽ മാത്രമേ സ്ത്രീ വർഗ്ഗത്തിന്റെ അടിമത്തത്തിൽ നിന്നുള്ള മോചനം സാധ്യമാകയുള്ളു.

ഇതിലേക്ക് മഹിളാസംഘങ്ങളുടെ തീവ്രമായ പരിശ്രമം അത്യന്താപേക്ഷിതമാണ്.

ഈ പഞ്ചായത്തിൽ ഗൾഫ് മേഖലയിൽ ജോലിചെയ്യുന്ന വനിയകളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. ഉന്നതവിദ്യാഭ്യാസം നേടിയവർ ദാരിദ്ര്യ മേഖലയിൽ താഴെക്കഴിയുന്ന കുടുംബങ്ങളിലെ സഹോദരിമാരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്ത് പ്രവർത്തിക്കുന്നില്ലെന്നുള്ളത് ഖേദകരമായ വസ്തുതയാണ്. അദ്ധ്യാപന രംഗത്തും,ആതുരരംഗത്തും സാങ്കേതികരംഗങ്ങളിലും കുടുതൽ പ്രതിഭകളെ പ്രതീക്ഷിക്കാമെങ്കിലും ജനസാന്ദ്രതാനുസരണമായ ആസൂത്രിതമായ തൊഴിൽ പരവും വിദ്യാഭ്യാസപരവുമായ പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ല. എങ്കിലും അംഗൻവാടികൾ, നഴ്സറികൾ, വനിതാക്ഷേമ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വനിതകൾ ശ്രദ്ധേയമായ പങ്ക് വഹിക്കുവാൻ തുടങ്ങിയിരിക്കുന്നു.പാർലമെൻററി ജനാധിപത്യത്തേക്കുറിച്ച് ഇന്നാട്ടിലെ വനിതകൾക്ക് വേണ്ടുന്നത്ര പരിജ്ഞാനം ലഭിച്ചിട്ടില്ല. വനിതാ വാർഡുകളിലൂടെ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ, ഗ്രാമസഭമുതൽ പാർലമെൻറ് വരെ വനിതകളുടെ പ്രശ്നങ്ങൾ യഥാവസരം എത്തിക്കേണ്ടതിന്റെ ആവശ്യകത, തൊഴിൽരംഗത്ത് സേവനവേതനവ്യവസ്ഥകളിൽ തുല്ല്യപരിഗണന ലഭിക്കേണ്ടതിന്റെ പ്രാധാന്യം തുടങ്ങിയ കാര്യങ്ങളിൽ ബോധവൽക്കരണം ലഭിക്കാത്ത വനിതകൾക്ക് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരുത്തുവാനുള്ള പ്രയത്നങ്ങളിൽ പുരുഷന്മാരോടൊപ്പം നിന്ന് പ്രവർത്തിക്കുവാൻ കഴിയുന്നില്ല. ഇതിനാവശ്യമായ ബോധവൽക്കരണം വനിതകൾക്ക് നൽകേണ്ടതുണ്ട്.

ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനപരിപാടികളിൽ സ്ത്രീകൾക്കുള്ള പ്രാധാന്യം അവഗണിക്കാതിരിക്കുവാൻ സ്ത്രീകൾ തന്നെ ഉണർന്ന് പ്രവർത്തിക്കേണ്ടതുണ്ട്.

ഈഗ്രാമത്തിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്.

## പ്രശ്നങ്ങളും കാരണങ്ങളും

1. സാമൂഹ്യസേവനരംഗത്ത് സ്ത്രികൾ ധീരതയോടെ പ്രവർത്തനോത്സുകരായി രംഗത്തെത്തുന്നില്ല.

2. തൊഴിൽ രംഗത്ത് പ്രവർത്തിക്കാനാവശ്യമായ വിദ്യാഭ്യാസമോ ആവശ്യമായ ക്രിയാമാർഗ്ഗോപദേശങ്ങളോ ലഭിക്കുന്നില്ല.

3. തൊഴിൽ നിയമങ്ങളെക്കുറിച്ചുള്ള അജ്ഞതയും യഥാവിധമായ പരിരക്ഷലഭിക്കുകയില്ലെന്ന വിശ്വാസവും വനിതകളുടെ സാങ്കേതികരംഗത്തുള്ള പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നു.

4. തൊഴിൽ നിയമങ്ങളെക്കുറിച്ചും സ്വയം തൊഴിൽ നിയമങ്ങളെക്കുറിച്ചും സ്വയം തൊഴിൽ നേടാനും സാമ്പത്തിക സഹായം സർക്കാർ മേഖലയിൽ നിന്നും ആർജ്ജിക്കുവാനുമുള്ള അറിവ് പകർന്നു നൽകുവാനുതകുന്ന ഏജൻസികൾ വേണ്ടവണ്ണം പ്രവർത്തിക്കുന്നില്ല.

5. സഹായ പദ്ധതികൾ ഏതെല്ലാമാണെന്ന് സ്ത്രീകൾക്ക് നിശ്ചയമില്ലാത്തതാണ് നിലവിലുള്ള അവസ്ഥ.

6. തൊഴിലും തൊഴിലിനാവശ്യമായ വിഭവ സമാഹരണവും സാമ്പത്തിക സമാർജ്ജനവും ഉണ്ടാക്കുവാൻ പുരുഷന്മാരെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

7. വിദ്യാഭ്യാസവും ലോക പരിജ്ഞാനവുമില്ലാത്ത പുരഷന്മാർ സ്ത്രീകളെ അവരുടെ ഇച്ഛയ്ക്കൊത്ത തരത്തിൽ പ്രവർത്തിക്കുവാനോ മാന്യമായ തൊഴിലിലൂടെ ആദായം നേടുവാനോ സമ്മതിക്കുന്നില്ല.

8. അംഗൻവാടിപോലെയുള്ള രംഗങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് അർഹമായ അംഗീകാരമോ ന്യായമായ വേതനമോ സഹായമോ ലഭിക്കുന്നില്ല.

9. സ്ത്രീകളിൽ സമ്പാദ്യശീലം വളർത്തുവാനും ആരോഗ്യകരമായ ചുറ്റുപാടുകൾ ഗാർഹിക മേഖലയിൽ നിലനിർത്തുവാനും സന്തുഷ്ട കുടുംബം എന്ന ലക്ഷ്യം കൈവരിക്കുവാനുമുള്ള ആവശ്യമായ ബോധവൽക്കരണം ലഭിക്കുന്നില്ല.

**വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനുമുള്ള ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.**

1. ഗ്രാമ പഞ്ചായത്തിൻെറ നേതൃത്വത്തിൽ വിഭവ സമാഹരണം കണക്കിലെടുത്ത് സ്ത്രീകൾക്കുവേണ്ടി വാർഡുതലത്തിൽ തൊഴിൽ യൂണിറ്റുകൾ സ്ഥാപിക്കുകയും പരിശീലനപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

2. സേവന വേതന വ്യവസ്ഥകളിൽ പുരു

ഷനോട് തുല്യത്വം സ്ത്രീകൾക്കും നൽകുക.

3. തൊഴിൽ യൂണിറ്റുകൾ തുടങ്ങാനുള്ള സാമ്പത്തിക സഹായ മെത്തിക്കുവാൻ വാർഡുതല ഗ്രാമ സഭാ പ്രതി നിധികളും ഗ്രാമ പഞ്ചായത്ത് പ്രവർത്തകരും ഊർജ്ജ സ്വലമായി യത്നിക്കുക.

4. ഗൃഹ സദസ്സുകൾ വഴി വനിതകളിൽ സാക്ഷരതാ ,ശുചീകരണം, ആരോഗ്യ രക്ഷ , സമ്പാദ്യശീലം തുടങ്ങിയവയിൽ അറിവ് വളർത്തുക.

5. ദുർബല വിഭാഗങ്ങളിൽ പെടുന്നവരും അശരണരുമായ വനിതകൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ തുടങ്ങിയവ യഥാസവസരം ലഭ്യമാക്കാൻ ഗ്രാമ പഞ്ചായത്ത് മുൻപോട്ടു വരുക.

6. അംഗനവാടികളുടെ പ്രവർത്തനവും പോഷകാഹാര വിതരണവും മെച്ചപ്പെടുത്തുക.

7. വനിതാ ക്ഷേമ പ്രവർത്തനങ്ങളുടെ ആവശ്യകതയെക്കുറിച്ച് പുരുഷന്മാർക്ക് വേണ്ടി ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ച് ഉപഭോഗ വസ്തുക്കളുടെ സ്ഥാനത്ത് നിന്നും വനിതകളെ മോചിപ്പിക്കുക.

8. 14 വയസ്സു കഴിഞ്ഞ പെൺകുട്ടികൾക്ക് തൊഴിൽ പരിചയം നേടുന്നതിനുള്ള പരിശീലനം നൽകുകയും പഠനം പൂർത്തിയാകുന്ന മറയ്ക്ക് തൊഴിലവസരം ഉണ്ടാക്കി സാമ്പത്തിക സഹായം നൽകാൻ ഗ്രാമപഞ്ചായത്ത് തയ്യാറാകുക.

# വനിതാ ക്ഷേമം

## ആവശ്യങ്ങൾ

1. ആടുവളർത്തൽ, കോഴി വളർത്തൽ, തയ്യൽ പരിശീലന കേന്ദ്രം തുടങ്ങിയ ചെറുകിട സ്വയം തൊഴിൽ പദ്ധതികൾ അനുവദിക്കുക.

2. പദ്ധതികൾക്ക് ആവശ്യമായ വായ്പകൾ യഥാസമയം ലഭ്യമാക്കുക.

3. അടുക്കളത്തോട്ടത്തിനുള്ള സഹായം അനുവദിക്കുക.

4. വെള്ളക്കെട്ടുള്ള 1, 2, വാർഡുകൾക്കായി ഒരു പ്രൈമറി ഹെൽത്ത് സെൻറർ അനുവദിക്കുക.

5. അനുയോജ്യമായ സ്ഥലങ്ങളിൽ പാൽ ഉൽപ്പാദക സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

6. കൊച്ചുകുട്ടികൾക്കുവേണ്ടി ക്രഷ് അനുവദിക്കുക.

7. കൂടുതൽ അംഗൻവാടികൾ സ്ഥാപിക്കുകയും നിലവിലുള്ളവയ്ക്ക് കൂടുതൽ പ്രാഥമി

ക സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

8. സ്ത്രീകളോടുള്ള അവഗണനയ്ക്കും, സ്ത്രീപീഡനത്തിനും എതിരെയുള്ള നിയമ സഹായം മഹിളാ സംഘടനകൾ വഴി ലഭ്യമാക്കുക. എല്ലാ വാർഡിലും മഹിളാസംഘങ്ങൾ രൂപീകരിക്കുക.

9. പരമ്പരാഗത വ്യവസായം പുനരുദ്ധരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

10. സാമൂഹ്യ വിഷയങ്ങൾ ഉൾക്കൊള്ളുന്ന ബോധവൽക്കരണ ക്ലാസുകളും, സെമിനാറുകളും മഹിളാ സംഘടനകൾ വഴി സംഘടിപ്പിക്കുക.

11. നിർദ്ധനരായ പെൺകുട്ടികൾക്ക് വിവാഹ സഹായ ധനം അനുവദിക്കുക.

12. മദ്യ നിരോധനം ശരിയായ രീതിയിൽ നടപ്പാക്കുക.

13. ഗ്രാമ പഞ്ചായത്തിൽ നെയ്ത്തുയൂണിറ്റുകൾ അനുവദിക്കുക.

14. സാക്ഷരതാ പ്രവർത്തനം പുനരാവിഷ്കരിക്കുക.

## തൊഴിൽ എടുക്കുന്ന വനിതകളുടെ എണ്ണവും തൊഴിൽ വിവരണവും 1991 ലെ സെൻസസ് പ്രകാരം

| വാർഡ് | കൃഷിക്കാർ | കർഷകത്തൊഴിലാളികൾ | മൃഗസംരക്ഷണം | ഗൃഹോപകരണം റിപ്പയറിംഗ് | വീട്ടുപകരണങ്ങൾ ഒഴിച്ചുള്ള ഉപകരണങ്ങൾ | വ്യവസായം | ട്രാൻസ്പോർട്ട്,സ്റ്റോറേജ്, കമ്യൂണിക്കേഷൻ | മറ്റിനങ്ങൾ | മാർജിനൽ വർക്കേസ് |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 431 | - | - | 4 | 23 | | 45 | 1 |
| 2 | 1 | 134 | 1 | 5 | 8 | 3 | 1 | 31 | 23 |
| 3 | 9 | 49 | | 1 | 3 | 2 | 1 | 42 | |
| 4 | | 73 | 1 | | 9 | 1 | | 41 | 7 |
| 5 | | 33 | | 1 | 7 | 9 | 1 | 39 | 73 |
| 6 | | 65 | 1 | 1 | 4 | 3 | 1 | 30 | 5 |
| 7 | | 14 | 1 | 9 | 3 | | 45 | 1 | |
| 8 | 1 | 38 | | 4 | 1 | 4 | 2 | 28 | 4 |
| 9 | 2 | 28 | | | | 4 | | 34 | 5 |
| 10 | | 39 | | | 1 | 4 | 2 | 24 | 2 |

# 5(10)
# സഹകരണം

പ്രത്യേക നിയമങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയരായി വ്യക്തികൾ സംഘടിച്ച് പരസ്പരം സഹായിക്കുകയും സഹകരിക്കുകയും ചെയ്ത് സാമൂഹ്യ പുരോഗതി നേടുകയാണ് സാമൂഹ്യപ്രസ്ഥാനത്തിൻെറ ലക്ഷ്യം. കടക്കെണിയിൽ നിന്ന് കർഷകരെ രക്ഷിക്കുന്നതിന് 1904 ൽ ഭാരതത്തിലുണ്ടായ സഹകരണ സംഘ ആക്ടിൻെറ അടിസ്ഥാനത്തിൽ കാർഷിക വായ്പാ സംഘങ്ങൾ രൂപീകൃതമായതോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനം ശക്തി പ്രാപിക്കാൻ തുടങ്ങിയത്. സ്വാതന്ത്ര്യ സമ്പാദനത്തിന് ശേഷം കാർഷിക വ്യാവസായിക രംഗങ്ങൾക്ക് മുൻതൂക്കം കൊടുത്ത് സർക്കാരിൻെറ നിയന്ത്രണങ്ങൾക്ക് വിധേയമായി കേരളത്തിൽ 'പരസ്പര സഹായ സഹകരണ സംഘം' എന്ന പേരിൽ ഒരു പ്രസ്ഥാനം ആരംഭിച്ചു. ഇതിൻെറ വിജയകരമായ പ്രവർത്തനം ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാകുകയും എല്ലാ മേഖലകളിലേയ്ക്കും വ്യാപിക്കുകയും ചെയ്തു. സംസ്ഥാന സഹകരണ ബാങ്കുകൾ ജില്ലാ സഹകരണ ബാങ്കുകൾ, താലൂക്ക് സഹകരണ ബാങ്കുകൾ, പ്രാഥമിക ഗ്രാമീണ ബാങ്കുകൾ എന്നി തട്ടുകളിലേയ്ക്ക് വേർതിരിച്ച് പ്രവർത്തനം ആരംഭിച്ചതോടെ സഹകരണ മേഖലയിൽ വിപുലമായ മാറ്റങ്ങൾ ഉണ്ടായി. കേരളത്തിലുടനീളം സഹകരണ സംഘങ്ങൾ സ്ഥാപിതമായതോടെ കൂടുതൽ അംഗങ്ങളും പ്രവർത്തന മൂലധനവും , ചില സംഘങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങളും ഉണ്ടായി. കാർഷിക രംഗത്തെ ഉൽപാദകർക്ക് സാമ്പത്തിക സഹായവും വിപണനവും ലാഭവീതവും ലഭിക്കുന്ന സാഹച

കോട്ടയം ജില്ലാ സഹകരണ ബാങ്ക്, ചങ്ങനാശേരി അർബൻ സഹകരണ ബാങ്ക്, വാഴപ്പള്ളി റൂറൽ ഹൗസിങ്ങ് സഹകരണ സംഘം, കോട്ടയം കാർഷിക വികസന ബാങ്ക് എന്നിവയുടെ പ്രവർത്തന പരിധിക്കുള്ളിലാണ് പായിപ്പാട് പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്.

## സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

ഇന്നാട്ടിലെ രണ്ട് സഹകരണ ബാങ്കുകളും കാർഷിക മേഖലയിലും മറ്റ് വായ്പാ മേഖലകളിലും സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. കൊല്ലാപുരത്ത് പ്രവർത്തിച്ചിരുന്ന കൺസ്യൂമർ സഹകരണസ്റ്റോറും, പായിപ്പാട് പഞ്ചായത്ത്പടിയ്ക്കടുത്ത് പ്രവർത്തിച്ചിരുന്ന തീപ്പെട്ടി വ്യവസായ സഹകരണ സംഘവും ഇപ്പോൾ നിലവിലില്ല. പാറയ്ക്കൽ പടി കേന്ദ്രമായി പായിപ്പാടു കവലയ്ക്ക് സമീപം പ്രവർത്തിച്ചിരുന്ന മഹിളാ സഹകരണ സംഘം ഇപ്പോൾ പ്രവർത്തന ക്ഷമമല്ല. പായിപ്പാട് ഗവ. ഹൈസ്ക്കൂളിലും നാലുകോടി സെൻറ് ജോസഫ്സ് ഗേൾസ് ഹൈസ്ക്കൂളിലും ഓരോ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്കാവശ്യമായ നോട്ടുബുക്കുകൾ പുസ്തകങ്ങൾ മറ്റ് പാഠ്യോപകരണങ്ങൾ എന്നിവ ഈ സൊസൈറ്റികൾ വഴി വിതരണം ചെയ്യുന്നു. ഈ പഞ്ചായത്തിൽ 2, 3, 4, ഈ വാർഡുകൾക്ക് വേണ്ടി കിളിമലയിലും, 5, 6, 7 ഈ വാർഡുകൾക്കു വേണ്ടി പൊടിപ്പാറയിലും. 8, 9., 10 ഈ വാർഡുകൾക്ക്

ര്യമുണ്ടായപ്പോൾ ജനങ്ങൾക്ക് താല്പര്യം വർദ്ധിച്ചു. തുടർന്ന് ഭൂരിപക്ഷം സഹകരണ സംഘങ്ങളും കോടിക്കണക്കിന് മുലധനമുള്ള സഹകരണ ബാങ്കുകളായി മാറി. ഭൂവികസനം, ഭൂവിതരണം, ഉപഭോക്തൃരംഗം, ക്ഷീര വ്യവസായം, ഖാദി, പുസ്തക പ്രകാശനം തുടങ്ങിയ വിവിധ രംഗങ്ങളിൽ ഇപ്പോൾ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. ചുരുക്കത്തിൽ സഹകരണ പ്രസ്ഥാനം എത്താത്ത ജീവിത മേഖലകൾ ഇല്ലെന്ന് പറയാം.

പായിപ്പാട് ഗ്രാമത്തിൽ നാലുകോടി പ്രദേശം കേന്ദ്രമാക്കി 1928 ൽ ''പരസ്പരസഹായ സഹകരണ സംഘം'' എന്ന പേരിൽ ആദ്യത്തെ വായ്പാ സംഘം ഉടലെടുത്തു. 1963 ൽ ഈ സംഘം പായിപ്പാട് സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 1698 ആയി പ്രവർത്തന പുരോഗതി തേടി. സഹകരണ മേഖലയിൽ ഈ വിഭാഗത്തിൽ ആദ്യമായി റജിസ്റ്റർ ചെയ്ത ബാങ്ക് ഇതാണ്. 1951 ൽ പായിപ്പാട് പള്ളിക്കച്ചിറ കവല കേന്ദ്രമാക്കി ശ്രീ. സി.പി. നാരായണപിള്ള ചെങ്കിലാത്ത്, എം.കെ. കൃഷ്ണൻ മംഗലശേരി, പീലിപ്പോസ് കിഴക്കേക്കടവിൽ ഇവരുടെ നേതൃത്വത്തിൽ മറ്റൊരു പരസ്പര സഹായ സഹകരണ സംഘം കൂടി റജിസ്റ്റർ ചെയ്യപ്പെട്ടു. കാർഷിക വായ്പാ രംഗത്തും ഉപഭോക്തൃ സാധനങ്ങളുടെ വിതരണ രംഗത്തും പ്രവർത്തിച്ച ഈ സംഘം 1976 ൽ പായിപ്പാട് സെൻട്രൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ 3125 ആയി ഉയർത്തപ്പെട്ടു.

വേണ്ടി വെള്ളാപ്പള്ളിയിലും സഹകരണാടിസ്ഥാനത്തിൽ മൂന്ന് പാൽ സഹകരണ വിതരണ കേന്ദ്രങ്ങൾ കാര്യക്ഷമമായും ലാഭകരമായും പ്രവർത്തിക്കുന്നുണ്ട്. ഇവയിലൂടെ കന്നുകാലികൾക്കാവശ്യമായ കാലിത്തീറ്റയും വൈദ്യ സഹായവും ലഭ്യമാക്കുന്നു. എന്നാൽ പട്ടികജാതി വിഭാഗത്തിൽ പെട്ട ഗ്രാമവാസികളുടെ ഉന്നമനത്തെ ത്വരിതപ്പെടുത്തുന്നതിന് പട്ടികജാതി സഹകരണ സംഘം പ്രവർത്തിക്കുന്നില്ലെന്നുള്ളത് ഖേദകരമായ വസ്തുതയാണ്. റബ്ബർ സംഭരിച്ച് വില്പന നടത്തുന്ന രണ്ട് സഹകരണ സംഘങ്ങൾ നാലുകോടിയിലും പള്ളിക്കച്ചിറയിലും പ്രവർത്തിക്കുന്നുണ്ട്. കാർഷികോപകരണങ്ങൾ, കീടനാശിനികൾ വളം ഇവയും കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്.

## പ്രാഥമിക സഹകരണ ബാങ്കുകളും കാർഷിക മേഖലയും

**1. പായിപ്പാട് സെൻട്രൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ 3125**

പായിപ്പാട് പള്ളിക്കച്ചിറ കവല കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ ബാങ്കിന് 4000 അംഗങ്ങളും 6 ലക്ഷം രൂപയുടെ മൂലധനവുമുണ്ട്. കാർഷിക വയ്പ, വാഹന വായ്പ, ചിട്ടി, ഗൃഹോപകരണ വായ്പ, എന്നീ ഇനങ്ങളിൽ 70 ലക്ഷം രൂപാ ഇവിടെ നിന്നും വിതരണം ചെയ്തിരിക്കുന്നു. ഫാക്ട് വളം ഡിപ്പോ, റബ്ബർ സംഭരണ വിതരണം എന്നിവ ബാങ്കിൽ നിന്നും നടത്തി വരുന്നു. മതിപ്പുവില 20 ലക്ഷം വരുന്ന സ്ഥലവും കെട്ടിടവും ബാങ്കിന് സ്വന്തമായുണ്ട്.

**2. പായിപ്പാട് സർവീസ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ 1698, നാലുകോടി.**

നാലുകോടി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ ബാങ്കിൽ 2500 ൽ പരം അംഗങ്ങളുണ്ട്. 1963 ൽ കേരളത്തിലെ ആദ്യത്തെ കോ-ഓപ്പറേറ്റീവ് ബാങ്കായി റജിസ്റ്റർ ചെയ്ത ഇതിൻെറ പ്രവർത്തനം ഇടക്കാലത്ത് മന്ദീഭവിച്ചെങ്കിലും ഇപ്പോൾ നല്ല നലയിൽ തുടർന്നു വരുന്നു. കാർഷിക വായ്പയുൾപ്പെടെ വിവിധതരം വായ്പാ പദ്ധതികൾ നടപ്പിലാക്കുന്ന ഈ ബാങ്കിന് 8 സെൻറ് സ്ഥലവും അതിൽ നല്ലൊരു കെട്ടിടവുമുണ്ട്. ഇതിന് 20 ലക്ഷം രൂപാ മതിപ്പുവിലയുള്ള ആസ്തിയുണ്ട്. ഈ ബാങ്കിന് 30.6.96 ലെ ആഡിറ്റ് റിപ്പോർട്ട് അനുസരിച്ച് 339481 രൂപാ മൂലധനമുണ്ട്. വിവിധയിനം വായ്പകളിലായി ഈ വർഷം ഇതുവരെ 2467851 രൂപാ നൽകിയിട്ടുണ്ട്. ബാങ്കിൽ സ്ഥിരനിക്ഷേപം ഇനത്തിൽ ഇപ്പോൾ 623990 രൂപയുണ്ട്.

## ആവശ്യങ്ങൾ

1. ക്ഷീര വികസന സംഘങ്ങൾ വാർഡ് അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

2. സഹകരണ സ്ഥാപനങ്ങൾ ഇല്ലാത്ത വാർഡുകളിൽ സ്ഥാപിക്കുക.

3. വ്യവസായ രംഗത്തു കൂടുതൽ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക. ഉദാ. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം തുടങ്ങിയവ.

4. മത്സ്യ സമ്പത്ത് വിപണന കേന്ദ്രം ആരംഭിക്കുക.

5. റബ്ബർ ഉൽപാദക സഹകരണ സംഘം സ്ഥാപിക്കുക.

6. 25 സ്ത്രീകൾക്കുവീതം മുട്ടക്കോഴിവളർത്തുന്നതിനുള്ള സംഘങ്ങൾ സ്ഥാപിച്ച് കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി കൊടുക്കുക. (വനിത സഹകരണ സംഘം)

7. ഹൗസിംഗ് സഹകരണ സംഘങ്ങൾ കോപ്പറേറ്റീവ് തലത്തിൽ ആരംഭിക്കുക.

8. സഹകരണാടിസ്ഥാനത്തിൽ മരപ്പണി, പെയിൻറിംഗ്, ചിത്രമെഴുത്ത്, ഡ്രോയിംഗ്, ശിൽപ്പവേലകൾ അഭ്യസിപ്പിക്കുന്നതിന് റോമൻ ഫൈൻ ആർട്ട്സിൽ പരിശീലനം നൽകുവാൻ വേണ്ട ഉപകരണങ്ങളും ധനസഹായവും നൽകുക.

9. എല്ലാത്തരം കർഷകർക്കും ആവശ്യമായ വളങ്ങൾ വായ്പകൾ എന്നിവ സഹകരണാടിസ്ഥാനത്തിൽ ലഭ്യമാക്കുക.

10. കയർ സഹകരണ സംഘങ്ങൾ രൂപീകരിക്കുക. വിപണന സൗകര്യം ഏർപ്പെടുത്തുക.

11. മെഴുകുതിരി, കറിപൗഡർ, തുടങ്ങിയ കുടിൽ വ്യവസായങ്ങൾക്ക് സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

12. തീപ്പെട്ടി നിർമ്മാണ വ്യവസായം സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുക.

13. റബർപാൽ സംഭരണവും സംസ്കരണവും സഹകരണാടിസ്ഥാനത്തിൽ നടപ്പിലാക്കുക.

14. സഹകരണാടിസ്ഥാനത്തിൽ വനിതാ ഹോസ്റ്റലുകൾ സ്ക്കൂൾ എന്നിവ ആരംഭിക്കുക.

15. സഹകരണാടിസ്ഥാനത്തിൽ ബസ്സർവ്വീസ് ആരംഭിക്കുക.

16. ഈറ്റ , ചൂരൽ ഇവ ഉപയോഗിച്ച് കരകൗശല വസ്തുക്കളും നിത്യോപയോഗ സാധനങ്ങളും നിർമ്മിക്കുന്ന വിദഗ്ധതൊഴിലാളികൾക്ക് സഹകരണ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുകയും സാമ്പത്തിക സഹായം നല്കുകയും ചെയ്യുക.

## സഹകരണ സംഘങ്ങൾ സംബന്ധിച്ച്

| ക്രമനമ്പർ | ഇനം | പായിപ്പാട് സെൻട്രൽ സഹകരണബാങ്ക് | സർവ്വീസ് സഹകരണ ബാങ്ക് നാലുകോടി |
|---|---|---|---|
| 1 | സ്ഥാപന വർഷം | 1951 | 1928 |
| 2 | പ്രവർത്തന പരിധി | 6 മുതൽ 10 വരെ വാർഡുകൾ | 1 മുതൽ 6 വരെ വാർഡുകൾ |
| 3 | ആകെ അംഗങ്ങൾ | 4300 | 2133 |
| 4 | ഓഹരിവില | 10 | 10 |
| 5 | അംഗീകൃത ഓഹരി മൂലധനം | 50 ലക്ഷം | 20 ലക്ഷം |
| 6 | പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | 5 ലക്ഷം | 339481 |
| 7 | സർക്കാർ ഓഹരി | 1 ലക്ഷം | 1ലക്ഷം |
| 8 | പരമാവധി കടം എടുക്കാവുന്ന തുക | 5000/- | 25000 |
| 9 | പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപം | 70 ലക്ഷം | 623991 |
| | എ. സ്ഥിരം | 55 ലക്ഷം | 466251 |
| | ബി. ഹൃസ്വകാലം | 15 ലക്ഷം | 157740 |
| 10 | നൽകിയിട്ടുള്ള വായ്പകൾ | 60 സക്ഷം | |
| | 1 കാർഷിക വായ്പകൾ | 12 ലക്ഷം | 1390672 |
| | 2 ഗോൾഡ് ലോൺ | 40 ലക്ഷം | |
| | 3 സ്കീം മാറ്റിംഗ് ലോൺ | 5 ലക്ഷം | |
| | 4 കാർഷികേതര വായ്പകൾ | 3 ലക്ഷം | 1071979 |

## സഹകരണ സംഘങ്ങൾ സംബന്ധിച്ച്

| ക്രമ നമ്പർ | ഇനം | ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം കിളിമല പായിപ്പാട്. | പായിപ്പാട് ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം പൊടിപ്പാറ | ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം വെള്ളാപ്പള്ളി പായിപ്പാട് |
|---|---|---|---|---|
| 1 | സ്ഥാപനം | 1991 | 1992 | 1993 |
| 2 | ആകെ അംഗങ്ങൾ | 254 | 300 | 254 |
| 3 | ഒരു ദിവസംഭരിക്കുന്ന പാലിൻെറ അളവ് | 200 | 250 | 250 |
| 4 | ലാഭവിഹിതമായി അംഗങ്ങൾക്ക് ലഭിക്കുന്നത് | 65% | 65% | 65% |
| 5 | ആകെ ലാഭവിഹിതം | 30000 | 35000 | 26000 |
| 6 | ഒരു വർഷം ആകെ ബിസിനസ് നടക്കുന്നത് | | 7,82,537 | |
| 7 | ഒരു വർഷം ശേഖരിക്കുന്ന പാൽ | | .87,500 | |
| 8 | സ്വന്തമായി സ്ഥലവും കെട്ടിടവും | ഇല്ല | സ്ഥലം ഉണ്ട് | ഇല്ല |
| 9 | ജോലിക്കാരുടെ എണ്ണം | 2 | 2 | 2 |
| 10 | കന്നു കാലി വികസനത്തിന് വേണ്ടി ലഭിക്കുന്നത് | 10% | 10% | 10% |
| 11 | ജോലിക്കാരുടെ ബോണസ് | 10% | 10% | 10% |
| 12 | ദാന നിധി | 10% | 10% | 10% |
| 13 | സഹകരണ പ്രചരണത്തിൻ ചെലവ് | 5% | 5% | 5% |
| 14 | പശുക്കൾക്ക് സൗജന്യ ചികിത്സ ഉണ്ടോ എന്ന് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 15 | കന്നുകാലിത്തീറ്റ സൗജന്യ വിലയ്ക്ക് ലഭിക്കുന്നുണ്ടോ | ഉണ്ട് | ഉണ്ട് | ഉണ്ട് |

# 5(11)
# പട്ടികജ്ജാതി പട്ടികവർഗ്ഗം

പായിപ്പട് ഗ്രാമപഞ്ചായത്തിൽ കേരളത്തിന്റെ ഇതര ഭാഗങ്ങളിലെന്നപോലെ ചേരമർ സാംബവർ, വർണ്ണവർ, കാക്കാലർ, കുറവർ എന്നീ വിഭാഗങ്ങളും ജനസംഖ്യയിൽ ഒട്ടും കുറവല്ലാത്ത നിലയിൽ ഉൾപ്പെടുന്നു. ഇവരിൽ പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ എണ്ണം തുലോം കുറവാണ്. ആദിവാസി വിഭാഗത്തിൽപ്പെട്ട ഇവരുടെ ഗതകാല ജീവിത സംസ്ക്കാരത്തിൽ ഇവരുടെ ആരാധനാ മൂർത്തികൾ യക്ഷികൾ, ശക്തിസ്വരൂപിണിയായ ഭദ്രകാളി എന്നിവയായിരുന്നു. ഇവയുടെ പ്രതിഷ്ഠാസ്ഥാനങ്ങൾ ഗ്രാമത്തിന്റെ പല ഭാഗങ്ങളിലും ഇന്നും കാണുന്നുണ്ട്. പായിപ്പാട് ഗവ: ഹൈസ്ക്കൂളിനു സമീപത്തുള്ള യക്ഷിത്തറയും പതിനെട്ടിൽ തറവാട്ടുകാരുടെ പകയായ മറ്റൊരു യക്ഷിത്തറയും കാണപ്പെടുന്നു. ഈ യക്ഷിത്തറ പാട്ടുകളം എന്ന പേരിൽ അറിയപ്പെടുന്നു. ഇതുപോലെ വേഷ്ണാൽ ഭാഗത്തും, മാന്താനം സെറ്റിൽമെൻറു കോളനിയിലും ഓരോ ചെറു ക്ഷേത്രങ്ങളുണ്ട്. കൊടുങ്ങല്ലൂർ ഭദ്രകാളിയുടെ തേജസ്സാണ് ഈ തറകളിലെല്ലാം കുടികൊള്ളുന്നതെന്ന് വിശ്വസിക്കുന്നു. കെട്ടും കെട്ടി ശബരിമലയ്ക്ക് പോകുന്നതുപോലെ കൊടുങ്ങല്ലൂർ ദേവീ ദർശനത്തിനായി ഭരണി നാളിൽ ഇവിടെ നിന്നും ഭക്തന്മാർ പോകുന്നുണ്ട്. ഭദ്രകാളിപ്പാട്ടുപാടി ഈ തറകളിൽ കോലങ്ങൾ ഉറയുന്ന പതിവുണ്ടായിരുന്നു. യക്ഷിക്കോലം, പിശാചുകോലം ഭൈരവിക്കോലം, മറുതാക്കോലം തുടങ്ങിയ കോലങ്ങൾ പാട്ടുപാടി ഉറയുന്ന സ്ഥലമായതിനാലായിരിക്കാം ഈ തറകൾക്ക് പാട്ടുകളം എന്ന പേരു സിദ്ധിച്ചത്.

| 1991 ലെ സെൻസസ് പ്രകാരം | | |
|---|---|---|
| **പട്ടികജാതി പട്ടിക വർഗ്ഗം** | | |
| ആകെ ജനസംഖ്യ (പഞ്ചായത്ത് തലത്തിൽ) | പട്ടികജാതി | പട്ടികവർഗ്ഗം |
| ആകെ 21781 | 3085 | 7 |
| സ്ത്രീ 1543 | 1540 | 3 |
| പുരു 1549 | 1545 | 4 |
| ആകെ പട്ടികജാതി പട്ടികവർഗ്ഗം 3092 | | |

| പായിപ്പാടു ഗ്രാമപഞ്ചായത്തിന്റെ പട്ടികജാതി/പട്ടികവർഗ്ഗക്കുരുടെ വീടില്ലാത്തവരുടെ എണ്ണം | |
|---|---|
| വാർഡ് നമ്പർ | വീട് ഇല്ലാത്തവരുടെ എണ്ണം |
| 1 | 32 |
| 2 | 62 |
| 3 | 10 |
| 4 | 5 |
| 5 | 10 |
| 6 | 5 |
| 7 | 5 |
| 8 | 10 |
| 9 | 5 |
| 10 | 5 |

പട്ടികജാതി സെറ്റിൽ മെൻറു കോളനികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

## പായിപ്പാട് ഗ്രാമ പഞ്ചായത്ത് സെറ്റിൽ മെൻറുകോളനികൾ

| നമ്പർ | പേര് | വാർഡ് | വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | അറുനൂറിൽ ചിറ | 1 | 20 |
| 2 | പൂവം എ.സി കോളനി( സെറ്റിൽ മെൻറല്ല) | - | - |
| 3 | കോമങ്കേരിച്ചിറ | 2 | 13 |
| 4 | നക്രാൽ പുതുവൽ | 2 | 28 |
| 5 | മൂലേൽ പുതുവൽ | 2 | 19 |
| 6 | വേഷ്ണാൽ | 3 | 10 |
| 7 | മാന്താനം | 4 | 60 |
| 8 | കല്ലുപറമ്പ് | 5 | 15 |
| 9 | പ്ലാക്കുളം | 6 | 20 |
| 10 | മനയത്തുശേരി | 7 | 12 |
| 11 | തയ്യാട്ട് | 7 | 25 |
| 12 | മച്ചിപ്പള്ളി | 8 | 35 |
| 13 | അമ്മത്താൻ ചിറ | 8 | 24 |
| 14 | കോതചിറ | 9 | 32 |
| 15 | അടവിച്ചിറ | 6 | 15 |
| 16 | പളിക്കച്ചിറകുളം | 10 | 10 |
| 17 | മുക്കാഞ്ഞിരം | 10 | 35 |

പട്ടിക ജാതി പട്ടിക വർഗ്ഗ ത്തിൽപ്പെട്ടവർ അധികം പേരും കാർഷിക മേഖലയിൽ പണിയെടുക്കുന്നവരായിരുന്നു. കുടികിടപ്പവകാശം പോലും നിഷേധിക്കപ്പെട്ടിരുന്നവരായ ഇവർക്ക് ജന്മികുടിയാൻ സമ്പ്രദായം നൽകിയത് പീഡനങ്ങൾ മാത്രമായിരുന്നു. എന്നാൽ ഭൂനയ ബില്ലിൻെറ വരവോടുകൂടി ഇവർക്ക് തല ചായ്ക്കാനുള്ള മണ്ണ് കുടികിടപ്പവകാശം മൂലം ലഭിച്ചു. ചിലർക്ക് കൃഷി ഭൂമിയം കൈവശം വന്നു.

1991 ലെ സെൻസസ് പ്രകാരം പട്ടികജാതി പുരുഷൻമാർ 1545 ും സ്ത്രീകൾ 1540 ആണ്. പട്ടിക വർഗഗ്ം പുരഷന്മാർ 4ഉം സ്ത്രീകൾ 3 ഉം ഉണ്ട്. ഇത് ആകെ ജനസംഖ്യയുടെ 15 % ആണ്. കാർഷിക മേഖലയിലെ പണികൾ കൂടാതെ പ്ലാസ്റ്റിക്, ചൂരൽ ഈറ, തഴ, തുടങ്ങയവ കൊണ്ടുള്ള പണിയിലും ഏർപ്പെട്ടവരുണ്ട്.

കാർഷിക മേഖലയിൽ വിത്ത്, വളം കീടനാശിനി എന്നിവയുടെ വിലവർദ്ധനവും, അവിചാരിതമയുണ്ടാകുന്ന കൃഷിനാശവും പൊതുവിതരണ സമ്പ്രദായത്തിലെ വില വർദ്ധനവും കർഷകത്തൊഴിലാളികളെ കാർഷിക മേഖലയിൽ നിന്നും അകറ്റുന്നു. മറ്റുപണികൾക്ക് പോയാൽ കൂടുതൽ വേതനം ലഭിക്കുകയും ഇന്നത്തെ വില വർദ്ധനവിൽ പിടിച്ചു നിൽക്കാനും ആകുമെന്ന് അവർ പറയുന്നു. ഇവർ കാർഷിക മേഖലകളിൽ നിന്നും അകലുന്നതോടെ ഇവരുടെ ജീവിത ചര്യയ്ക്കുതന്നെ മാറ്റം സംഭവിച്ചിരിക്കുന്നു.

സമഗ്രമായ ഒരു സംരക്ഷിത കൃഷി വികസന പരിപാടി നടപ്പിലാക്കിയാൽ മാത്രമേ ഇവിടുത്തെ കർഷകരും കർഷകത്തൊഴിലാളികളും പ്രത്യേകിച്ച്പട്ടിക ജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരും രക്ഷപെടുകയുള്ളൂ.

## വിദ്യാഭ്യാസം

പൊതുവേ നിരക്ഷരർ കുറവാണെങ്കിലും ഈ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാനായിട്ടില്ല. 90 ൽ ആരംഭിച്ച സാക്ഷരതാ പ്രവർത്തനത്തിൽ ഇവരുടെ ഇടയിലെ നിരക്ഷരത 95 % വും പരിഹരിക്കാൻ കഴിഞ്ഞു.

പതിനേഴോളം സെറ്റിൽ മെൻറുകോളനികളിലും മറ്റ് പുറമ്പോക്കുകളിലും സ്വന്തം സ്ഥലമില്ലാത്തവർ പാർക്കുന്നു. സ്വന്തം സ്ഥലമുള്ള പട്ടികജാതി പട്ടികവർഗ്ഗക്കാർ 60 % ത്തോളം വരും. സാംസ്കാരിക രംഗത്ത് കുറേയൊക്കെ ഉന്നതി ഇവർ കൈവരിച്ചിട്ടുണ്ട്.

## പട്ടികജാതി /പട്ടികവർഗ്ഗം ആവശ്യങ്ങൾ

1. വീടില്ലാത്തവർക്ക് പുറമ്പോക്ക് ഭൂമി പതിച്ചു നൽകി വീടു നിർമ്മിച്ചു കൊടുക്കുക.

2. എല്ലാ വാർഡുകളിലും പട്ടികജാതി സെറ്റിൽമെൻറ് കോളനികളിൽ വെള്ളവും വെളിച്ചവും എത്തിക്കുക.

3. വെള്ളക്കെട്ടുള്ള പ്രദേശമായ ഒന്നും രണ്ടും വാർഡുകളിലെ സെറ്റിൽമെൻറ് കോളനികൾക്ക്‌വേണ്ടി പൊതുസ്ഥലമായ മൂലേപുതുവലിൽ പ്രീ പ്രൈമറി സ്ക്കൂൾ സ്ഥാപിക്കുക.

4. മൂലയിൽ, നക്രാ, കോമങ്കേരിച്ചിറ, അറുന്നൂറിൽചിറ ഇവ തമ്മിൽ ബന്ധിപ്പിക്കുന്ന പാലങ്ങൾ പണിയുക.

5. വെള്ളപ്പൊക്ക ദേശങ്ങളായ മൂലയിൽ, നക്രാൽ, കോമങ്കേരിച്ചിറ, അറുന്നൂറിൽച്ചിറ തുടങ്ങിയ സ്ഥലങ്ങളിലുള്ള സെറ്റിൽമെൻറ് കോളനി സ്ഥലം മണ്ണിട്ട് ഉയർത്തുക.

6. ടി . കോളനികളിൽ പട്ടയം ലഭിക്കാത്തവർക്ക് എത്രയും വേഗം പട്ടയം ലഭ്യമാക്കുക.

7. കക്കൂസ് ഇല്ലാത്ത കോളനി നിവാസികൾക്ക് കക്കൂസ് നിർമ്മിച്ചു കൊടുക്കുക.

8. പട്ടിക ജാതി സെറ്റിൽ മെൻറ് കോളനികളിൽ കമ്യൂണിറ്റി സെൻറർ പണിയുക.

9. നാടൻ കലകൾ പരിപോഷിപ്പിക്കുന്നതിന് ധന സഹായം അനുവദിക്കുക.

10. ഏ.സി. കോളനിയിലെ പാറയ്ക്കൽ കടവിൽ ഒരു കടത്തുവള്ളം അനുവദിക്കുക.

11. പട്ടികജാതി സെറ്റിൽമെൻറ് കോളനികളിൽ ലൈബ്രറികൾ സ്ഥാപിക്കുക.

12. പട്ടിക ജാതിക്കാർക്ക് സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

13. ഹരിജൻ സെറ്റിൽ മെൻറുകോളനികളിൽ ടി.വി. സെറ്റ് സ്ഥാപിക്കുക.

14. പട്ടികജാതി വീടുകൾക്ക് മെയിൻറനൻസ് ഗ്രാൻറ് അനുവദിക്കുക.

15. പട്ടികജാതിക്കാർക്ക് പബ്ലിക് ടെലഫോൺ ബൂത്ത് അനുവദിക്കുക.

16. പഞ്ചായത്തിൽ എസ്.സി., എസ്.റ്റി. ഐടിഐ. സ്ഥാപിക്കുക.

17. മത്സ്യ ബന്ധന/ഉഴവ് തൊഴിലാളികൾക്ക് അതിനാവശ്യമായ ഗ്രാൻറ് അനുവദിക്കുക.

18. പൊതു ശ്മശാനം അത്യാവശ്യമായും അനുവദിക്കുക.

19. പട്ടികജാതിക്കാരുടെ വിവിധ തൊഴിലുകൾക്ക് ക്ഷേമ നിധി രൂപീകരിക്കുക.

20. പരമ്പരാഗത തൊഴിൽ വികസനത്തിന് ആവശ്യമായ ധന സഹായം അനുവദിക്കുക.

21. ആടുമാടു, കോഴി , താറാവ് എന്നിവ

തൊഴിലടിസ്ഥാനത്തിൽ വളർത്തുന്നതിന് ധനസഹായം നൽകുക.

22. അംഗൻവാടികൾ ഇല്ലാത്ത കോളനികളിൽ അംഗൻവാടികൾ അനുവദിക്കുക.

23. കർഷകതൊഴിലാളികൾക്ക് കാർഷികോപകരണങ്ങൾ നൽകുക.

24. മുക്കാഞ്ഞിരം വെയിറ്റിംഗ് ഷെഡ്ഡിൽ നിന്നും തെക്കെപ്പുള്ളി റോഡ് വൈറ്റാടി പാലവുമായി ബന്ധിപ്പിക്കുക.

25. മരപ്പണി, കൊല്ലപ്പണി ചെയ്യുന്നവർക്ക് പഞ്ചായത്തിൽ നിനും ഉപകരണങ്ങൾ കൊടുക്കുക.

26. കോതചിറ പട്ടികജാതി മന്ദിരം മാന്താനം പട്ടികജാതി മന്ദിരം ഇവയുടെ പുനരുദ്ധാരണത്തിനാവശ്യമായ ധന സഹായം അനുവദിക്കുക.

27. ഈറ, ചൂരൽ തുടങ്ങിയവ ഉപയോഗിച്ച് തൊഴിൽ ചെയ്യുന്നവർക്ക് ധന സഹായം നൽകുക.

## ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | ഹരിജൻ കോളനികളുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം) | സൗജന്യ സ്ലാബിൽ വൈദ്യുതി. ഉപ. എണ്ണം. | പണം നൽകി വൈദ്യുതി കണ. ലഭിക്കുന്ന കുടും. എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 8 | അമ്മത്താൻ ചിറ | 19 | 1 | 18 |
| 7 | തൈയ്യാട് | 15 | - | 15 |
| 3 | എ.സി. കോളനി പൂവം | - | - | - |
| 4 | അറുനൂറിൽ പുതുവൽ | 13 | 13 | - |
| 5 | മൂലേൽ പുതുവൽ | 9 | 9 | - |
| 6 | നക്രാ പുതുവൽ 15 | 15 | 15 | - |
| 7 | വേഷ്ണാൽ | 8 | 2 | 6 |

# 5(12)
# വിഭവ സമാഹരണം

നമ്മുടെ പഞ്ചായത്ത് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി വ്യാവസായിക മേഖലയിലെ നിശ്ചലതയാണ്. വലിയ വ്യസായസ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല. നാലുകോടി കേന്ദ്ര മാക്കി ഒരു ചെറുകിട വ്യവസായ സ്റ്റേം പേരിനു ണ്ടെങ്കിലും വിഭവസമാഹരണത്തിന് വ്യവസാ യമേഖലയുടെ മുന്നേറ്റം ഉണ്ടയേ മതിയാകൂ. കാർഷിക രംഗം മൊത്തം മുരടിച്ച നിലയിലാണ്. കാർഷിക രംഗത്തുനിനും കർഷകർ പിന്മാ റിക്കൊണ്ടിരിക്കുന്നു. രാസവളങ്ങളുടെ വിലക്ക യറ്റം കാർഷിക രംഗത്തെ വിവിധ പ്രതിസന്ധി കൾ എന്നിവയാണ് കർഷകരെ കാർഷിക രംഗ ത്തു നിന്നും പിന്മാറ്റാനുള്ള കാരണം. ഈ പ്രശ് നങ്ങൾ പരിഹരിച്ച് കാർഷിക രംഗത്ത് മുന്നേറ്റമു ണ്ടാക്കിയാൽ വിഭവസമാഹരണം മെച്ചപ്പെടു ത്താൻ കഴിയും.

സർക്കാർ ഗ്രാൻറുകൾക്ക് ഭരണതലത്തിൽ ഉള്ളവരെ സ്വാധീനിക്കേണ്ട നിലമാറി ഒരു തരത്തി ലുമുള്ള വിവേചനവും ഇല്ലാതെ ഗ്രാൻറുകൾ പിരിക്കുന്ന മേഖലയിൽ വച്ചുതന്നെ ഗ്രാമ പഞ്ചാ യത്തുകൾക്ക് ലഭിക്കുവാൻ നിയമം ഉണ്ടാക്കണം. ഉദാ. സ്റ്റാമ്പ് ഡ്യൂട്ടി, വെഹിക്കിൾ ടാക്സ് തുട ങ്ങിയവ. ഗ്രാൻറുകളുടെ ശരിയായ വിനിയോഗം ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്.

പഞ്ചായത്തിലെ കച്ചവട സ്ഥാപനങ്ങളു ടെ സൈലൻസ് ഫീസു മുഴുവൻ ഈടാക്കുവാൻ

കച്ചവടക്കാരെ വിളിച്ചുകൂട്ടി ബോധവൽക്കരണം നടത്തി നികുതിയിനത്തിൽ ലഭിക്കുന്ന തുക പഞ്ചായത്തിലെ ക്ഷേമ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതു വഴി പഞ്ചായത്തിലെ ജനങ്ങൾക്കുതന്നെ പ്രയോജനപ്പെടുമെന്ന് മനസിലാക്കേണ്ടതാണ്.

ഇപ്പോൾ കെട്ടിട നികുതി ഈടാക്കുന്നത് അശാസ്ത്രീയമാണ്, നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം മാത്രമല്ല ആഡംബരത്വവും വിലക്കൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കിയാൽ കെട്ടിട നികുതിയിനത്തിൽ പഞ്ചായത്തിനു വിഭവ സമാഹരണം കൂട്ടുവാൻ സാധിക്കും.

നികുതി പിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ശക്തമാക്കി നികുതി പിരിക്കുന്ന വാർഡും, സ്ഥലവും സമയവും മുൻകൂട്ടി അറിയിക്കുകയും നികുതി കുടിശിക ഒഴിവാക്കുകയും ചെയ്യേണ്ടതാണ്. പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിലും, എയ്ഡ്സ് സ്കൂളുകളിലും മറ്റും ജോലി ചെയ്യുന്നവരിൽനിന്നും മാത്രമേ തൊഴിൽ നികുതി ലഭിക്കുന്നുള്ളൂ. എന്നാൽ ഇതര തൊഴിൽ മേഖലകളിൽപെട്ട തൊഴിലാളികളെ കൂടി ബോധവൽക്കരണം നടത്തി തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവന്ന് നികുതി വർദ്ധിപ്പിക്കുവാൻ സാധിക്കും. സിനിമാ തീയറ്റർ സ്ഥാപിക്കുവാനുള്ള ശ്രമങ്ങളെ പ്രോത്സാഹിപ്പിച്ചാൽ തീയറ്റർ മുഖേന നികുതി വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും.

നമ്മുടെ പഞ്ചായത്തിൽ രണ്ടു സഹകരണ ബാങ്കുകളും, ജില്ലാ കോപ്പറേറ്റീവ് ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കാത്തലിക് സിറിയൻ ബാങ്ക് എന്നിവയുടെ ഓരോ ശാഖയുമുണ്ട്. പക്ഷേ വായ്പകൾ കൊടുക്കുന്നത് വളരെ കുറവാണ് വായ്പാ പദ്ധതികൾ ഉദാരമാക്കുകയും യഥാകാലം വായ്പകൾ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 50 % എങ്കിലും പഞ്ചായത്തിൽ തന്നെ വായ്പയായികൊടുക്കേണ്ടതാണ്.

ഭൂമിയുടെ കിടപ്പ്, വിളകൾ, ആദായം തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഭൂ നികുതി നിർണ്ണയിച്ച്, അതു പിരിച്ചെടുക്കുന്നതിനുള്ള അധികാരം പഞ്ചായത്തുകളെ ഏൽപ്പിക്കണം. ഏക്കറിന് ഇരുപത്തി അഞ്ച് രൂപ പിരിച്ചെടുക്കേണ്ടതാണ് ഇതിൻെറ നിശ്ചിത ഭാഗം പഞ്ചായത്തിനും ബാക്കിയുള്ളത് സംസ്ഥാന റവന്യൂവിനും നൽകാൻ വ്യവസ്ഥചെയ്യേണ്ടതാണ്. ഈ നികുതിയും കെട്ടിട നികുതിയും ഒരേ സമയം പിരിക്കുന്ന ഏർപ്പാട് ഒഴിവാക്കണം. ഇതുമൂലം നികുതി പിരിവിൽ നിന്നും ജനങ്ങൾക്ക് ബുദ്ധിമുട്ട് പരമാവധി കുറയ്ക്കാൻ കഴിയും.

പഞ്ചായത്തിൻെറ പ്രധാന കേന്ദ്രങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചാൽ നല്ല വരുമാ

## ഗ്രാൻറ് വിവരങ്ങൾ

| അടിസ്ഥാന നികുതി | | | | | | | | |
|---|---|---|---|---|---|---|---|---|
| വി.ആർ.എം | എം.ഐ. | വി.റ്റി.സി. | 25 % | 75 % | സ്പെഷ്യൽ ഗ്രാൻഡ് | ജെ.ആർ.വൈ | അൺടൈഡ് ഫണ്ട് | ആകെ |
| രൂപ | രൂപ | രൂപ | രൂപ | രൂപ | രൂപ | രൂപ | രൂപ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | |
| തുക<br>21672 | 9050 | 152495 | 50000 | 102679 | | 386900 | 170840 | 89363 |

## പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

| വകുപ്പ് | തുക<br>പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
|---|---|---|---|
| 1 | 2 | 3 | 4 |
| മൃഗ സംരക്ഷണം | 1400 | | |
| ആരോഗ്യം | 79030 | | |
| കൃഷി | 319524 | | |
| പി.ഡബ്ല്യു.ഡി. | 7300 | | |
| ഹരിജനക്ഷേമം | 11385 | | |
| മറ്റുള്ളവ | 7191 | | |
| ആകെ | 125430 | | |

നം ഉണ്ടാക്കുവാൻ സാധിക്കും. ഇപ്പോൾ പഞ്ചായത്ത് ഓഫീസ് കെട്ടിടം ജീർണ്ണാവസ്ഥയിൽ ആയതിനാൽ അതു പൊളിച്ചു മാറ്റി ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പെടെ ഒരു ബഹുനില ക്കെട്ടിടം നിർമ്മിച്ച് വ്യവസായങ്ങൾ നടത്താൻ സൗകര്യം ഉണ്ടാക്കണം. കൂടാതെ പായിപ്പാട് കവലയിൽ ഒരു ബസ് സ്റ്റാൻറ് അത്യാവശ്യമാണ് ഇവസ്ഥാപിച്ചാൽ പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും.

ഇന്ദിരാ വികാസ് പത്രയുടെ പ്രയോജനം ജനങ്ങളെ മനസിലാക്കി വികാസ് പത്ര എല്ലാ കുടുംബങ്ങളിലും എത്തിച്ചാൽ അതുവഴി പഞ്ചായത്തുകൾക്ക് 25 % തുക നേട്ടമുണ്ടാക്കുവാൻ കഴിയും ആയതിന് പഞ്ചായത്തു സമിതി ഇടപെട്ട് വാർഡു സമിതിയുമായി ചേർന്ന് സമ്പാദ്യ നിക്ഷേപം വഴി പഞ്ചായത്തിന് വരുമാനം കൂട്ടുവാൻ സാധിക്കും. ബാങ്കുകളിൽ ഉള്ള ഫിക്സഡ് ഡിപ്പോസിറ്റുകൾ ഈ വികാസ് പത്രത്തിൽ നിക്ഷേപിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കണം.

പഞ്ചായത്തിലെ ഏറ്റവും പ്രധാന വിഭവം മനുഷ്യ വിഭവം തന്നെയാണ്. ഈ വിഭവം കക്ഷി രാഷ്ടീയത്തിന് അതീതമായി വിനിയോഗിക്കുന്നതിന് പഞ്ചായത്തു സമിതി തയ്യാറാകേണ്ടതാണ് ഇത് നമ്മുടെ നാടിൻെറ വികസനത്തിന് പുതിയ മാനം ഉണ്ടാക്കുന്നതാണ്. എല്ലാ ബഹുജന സംഘടനകളും ഒന്നായി നിന്ന് നമ്മുടെ നാടിൻെറ വളർച്ചയ്ക്കുവേണ്ടി മനുഷ്യ ശക്തി കൂട്ടായി സമാഹരിച്ച് ഉപയോഗപ്പെടുത്തി പഞ്ചായത്തിന് ലാഭം ഉണ്ടാക്കുവാൻ കഴിയും. കാർഷിക വ്യവസായിക വിഭവങ്ങൾ പഞ്ചായത്തിൻെറ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു ഏജൻസി വഴി സമാഹരിച്ച് ക്രയവിക്രയങ്ങൾ നടത്തുക വഴി സമ്പത്തിക സമാഹരണ മുണ്ടാക്കാൻ പഞ്ചായത്തിന് കഴിയുകയും ചെയ്യും.

## പൊതുവിതരണ സംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങൾ

| വർഷം | കാർഡുടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ (ക്വിൻറൽ) | | | | | | | | മണ്ണെണ്ണ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | എൻ. ഇ. | ഇ. | ആകെ | മേജർ | മൈനർ | ആകെ | അരി എല്ലാ ഇനവും | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പാമോയിൽ | ആകെ | പെർമിറ്റ് വഴിവിതരണം ചെയ്തത് | പെർമിറ്റുകളുടെ എണ്ണം | കാർഡ് വഴി വിതരണം ചെയ്തത് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 199192 | | | | | | | | | | | | | | | | |
| 199293 | | | | | | | | | | | | | | | | |
| 199495 | | | | | | | | | | | | | | | | |
| 1995-96 | 2088 | 2265 | 4353 | 17827 | 3489 | 21316 | 3150 | 3293 | 97 | 33 | 945 | - | - | 402 | 17955 | 116545 |

## വരവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| 1 | 2 | 3 | 4 |
| കെട്ടിട നികുതി | 300000 | 188000 | 112000 |
| സർവ്വീസ് ചാർജ്ജ് | 100000 | 48000 | 52000 |
| തൊഴിൽ നകുതി | 47000 | 46000 | 10000 |
| ചന്ത വരവ് | 61325 | 48790 | 12535 |
| ലൈസൻസ് ഫീസ് | 9685 | 6685 | 3000 |

## ചെലവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | തുക |
|---|---|
| 1 | 2 |
| ഭരണം | 248085.00 |
| പൊതുമരാമത്ത് | 42672.00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 21744.00 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 102554.00 |
| മറ്റുള്ളവ | 343788.25 |
| ആകെ | 758843.25 |

## പൊതു സാമ്പത്തിക നില

| | പൊതു കണക്ക് | മൂലധന കണക്ക് | കടംസംബന്ധിച്ച കണക്ക് |
|---|---|---|---|
| 1 | 2 | 3 | 4 |
| വരവ് | 1025201.30 | | |
| ചെലവ് | 758843.25 | | |

## പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് | | |
|---|---|---|---|---|
| | | ഗ്രാൻറ് തുക | പഞ്ചാ. ഫണ്ട് | ആകെ. |
| 1 | 2 | 3 | 4 | 5 |
| റോഡ് | | 32959 | 9713 | 42672 |
| ആകെ | | 32959 | 9713 | 42672 |

## കടത്ത് സംബന്ധിച്ച വിവരങ്ങൾ

| കടത്ത് പേര് | കടത്തിൽ നിന്നുള്ള വരുമാനം | മറ്റു വിവരങ്ങൾ |
|---|---|---|
| 1 | 2 | 3 |
| പുവം കോളനിക്കട് | 2300 | |

# അംഗൻ വാടികളിൽ നിന്ന് ശേഖരിക്കേണ്ട വിവരം

| | | | |
|---|---|---|---|
| 1) | പഞ്ചായത്തിലെ ആകെ ജനസംഖ്യ | : | 23176 |
| | പുരുഷൻന്മാർ | : | 11598 |
| | സ്ത്രീകൾ | : | 11578 |
| 2) | പട്ടികജാതി ജനസംഖ്യ | : | 3441 |
| | പട്ടികവർഗ ജനസംഖ്യ | : | 11 |
| 3) | അംഗൻവാടികളുടെ എണ്ണം | : | 21 |
| 4) | ഒരു വയസിന് താഴെ പ്രായമുള്ള കുട്ടികൾ | : | 302 |
| | 1-2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | : | 353 |
| | 2-3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | : | 338 |
| | 3-5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | : | 667 |
| 5) | വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം | : | 127 |
| | ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം | : | 38 |
| 6) | മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | : | 137 |
| 7) | കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ | : | 291 |
| 8) | ഒരുവയസ്സിന് താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം (95-96) | : | 3 |
| 9) | മരണങ്ങളുടെ എണ്ണം | : | 97 |
| 10) | അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | : | 476 |
| | അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | : | 38 |
| | അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | : | 35 |

**ജനന മരണ വിവരങ്ങൾ**

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1993-94 | 237 | 74 | - |
| 1994-95 | 280 | 63 | - |
| 1995-96 | 327 | 88 | - |

ള്ള തുക 72.9 ലക്ഷമാണ്. വികസനരംഗത്ത് ഇതൊരു കുതിച്ചുചാട്ടത്തിനു കാരണമാകും എന്നുറപ്പാണല്ലോ?

മനുഷ്യശരീരം ഒരു വലിയ യന്ത്രമാണ്. അടിസ്ഥാന ഘടകമായ കോശങ്ങളിൽ നിന്ന് കലകളും കലകളിൽനിന്നും അവയവങ്ങളും അവയവങ്ങളിൽനിന്ന് വ്യൂഹവും വ്യൂഹങ്ങളിൽനിന്നും ശരീരവും രൂപപ്പെടുന്നു. ഇവിടെ അടിസ്ഥാന ഘടകം കോശമാണ്. ഇതുപോലെ ഭരണയന്ത്രത്തിൻെറ അടിസ്ഥാന ഘടകമായ ഗ്രാമങ്ങളിൽ വികസനത്തിൻെറ പ്രാഥമിക പ്രക്രിയ ആരംഭിച്ച് ബ്ലോക്ക് ജില്ലാ സംസ്ഥാന രാഷ്ട്ര മേഖലകളിലേക്ക് വ്യാപിച്ചെങ്കിൽ മാത്രമേ പൂർണ്ണത കൈവരുകയുള്ളൂ. ഇതുകൊണ്ടാണ് ജനകീയാസൂത്രണം അടിത്തട്ടിൽനിന്നും ആരംഭിക്കണമെന്നത് സുചിന്തിതമായി തീരുമാനിക്കപ്പെട്ടത്.

ആസൂത്രണം അടിത്തട്ടിൽനിന്ന് മേൽപ്പോട്ടാവുന്നത് മൂലമുള്ള ജനാധിപത്യപരമായ നേട്ടങ്ങൾക്കൊപ്പമാണ് ഈ വികസനമുന്നേറ്റം നേടാനാവുന്നത്. ജനകീയാസൂത്രണം ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന ഒരു വിനോദ വേലയല്ല മറിച്ച് ജനോപകാരപ്രദമായ ജനകീയ പദ്ധതികൾ ശീഘ്രഗതിയിൽ ഫലപ്രദമായി നടപ്പാക്കാനുള്ള സാമൂഹ്യായുധമാണ്.

ഗ്രാമത്തിൻെറ സമഗ്രവികസനം സാക്ഷാൽക്കരിക്കേണ്ടതിൽ നാം പ്രതിജ്ഞാബദ്ധരാണ്. പ്രതിബദ്ധതയോടെയുള്ള പ്രവർത്തനം ഇക്കാര്യത്തിൽ നാം കാഴ്ച വയ്ക്കേണ്ടതാണ്. നമ്മുടെ പ്രതീക്ഷകളിൽ സ്വപ്നങ്ങളിൽ നിഴലിക്കുന്ന വാഗ്ദത്തഭൂമി നമ്മുടെ നാടുതന്നെയാണ്. 'മൃതോർമാ അമൃതം ഗമയാ' എന്ന പ്രപഞ്ചസത്യം തേടിയുള്ള യാത്രയിൽ ഗ്രാമത്തെ സ്വർഗ്ഗമാക്കിമാറ്റാൻ കഴിയണം. പ്രതികരണശേഷിയും പ്രതിബദ്ധതയും കൈമുതലാക്കി നിർമ്മാണ പ്രകീയയ്ക്ക് നാം സ്വയം സമർപ്പിതരാകേണ്ടതാണ്.

ഈ സമഗ്രവികസന രേഖയ്ക്ക് മാറ്റങ്ങളുടെ വേലിയേറ്റങ്ങളിൽ ഭരണമീമാംസകളുടെ പുനരാഖ്യാനങ്ങളിൽ കാലപ്പഴക്കംകൊണ്ട് നിറം മങ്ങിയേക്കാമെങ്കിലും ഇന്നലകളെ അപഗ്രഥിച്ച് നേട്ടങ്ങളെ ഉൾക്കൊണ്ട് ഇന്നിൻെറ വെളിച്ചത്തിൽ ചിന്തയുടെ ശാണൂപലത്തിൽ ഉരച്ച് മാറ്റു നിർണ്ണയിച്ച് നാളെയ്ക്കുവേണ്ടി സമർപ്പിക്കുകയാണ്.

**വെൺപാല ഗോപാലൻ**
**പഞ്ചായത്ത് പ്രസിഡൻറ്**

# ഉപസംഹാരം

നാളിതുവരെ നാം പിന്തുടർന്നുവന്ന വികസന സമ്പ്രദായം ഒരു സമഗ്ര വികസനത്തിന് വഴിതെളിച്ചില്ല. ഒരു ഭാഗം വികാസപരമായ പുരോഗതിയിലേക്ക് കടന്നപ്പോൾ മറുഭാഗം അധോഗതിയിലേക്ക് നീങ്ങുന്ന കാഴ്ചയും നമ്മുടെ കൺമുൻപിൽ ഉണ്ട്. വ്യവസായം ഒട്ടൊക്കെ പുരോഗതി പ്രാപിക്കുന്നുണ്ടെങ്കിലും കാർഷികമേഖല തളർന്നുകൊണ്ടിരിക്കുന്നത് ഇതിനുദാഹരണമാണ്. വികസന പ്രക്രിയയിൽ പിന്നോക്കം പോകാത്ത ഒരു സന്തുലിത വികസന സമ്പ്രദായമാണ് ഇനിയും നമുക്ക് വേണ്ടത്. ഇതിൽ ജനപങ്കാളിത്തം പരമപ്രധാനമാണ്.

അനേകം ഡിപ്പാർട്ടുമെൻറുകളായി തിരിച്ചിരിക്കുന്ന നമ്മുടെ ഭരണസമ്പ്രദായം പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടണമെന്ന ലക്ഷ്യത്തോടെ രൂപപ്പെടുത്തിയെങ്കിലും സങ്കുചിതത്വവും വിശാലവീക്ഷണമില്ലായ്മയും കൊടുകാര്യസ്ഥതയും വർദ്ധിച്ചതിനാൽ കാര്യക്ഷമത നഷ്ടപ്പെട്ട അവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നു. ഭരണപ്രക്രിയയുടെ ചക്രം തിരിക്കുന്ന ഇവർക്കാണ് ജനകീയാസൂത്രണ പരിപാടിയിൽ ഏറ്റവും കൂടുതൽ ബോധവൽക്കരണം വേണ്ടത്. ജീവനക്കാരെ ഒഴിച്ചു നിർത്തിക്കൊണ്ടുള്ള ഏതോ പരിപാടിയാണ് ജനകീയാസൂത്രണമെന്ന് ഇവർ കരുതുന്നു. ഈ നില മാറേണ്ടതാണ്.

ഏതൊരു വികസനത്തിനും ഫണ്ട് ആവശ്യമാണ്. മനുഷ്യവിഭവങ്ങൾ ഇവിടെ വേണ്ടുവോളമുണ്ട്. ലഭ്യമായ ഫണ്ടിൻെറ പരിമിതി കണക്കാക്കാതെ ജനപങ്കാളിത്തത്തോടെ കൂടുതൽ വിഭവ സമാഹരണം നടത്തി പരിപാടികൾ പൂർത്തീകരിക്കുമ്പോഴാണ് ജനകീയാസൂത്രണം സമ്പൂർണ്ണമാകുന്നുത്.

നടപ്പിലാക്കേണ്ട ഉപാധികളെ ഗ്രൂപ്പു ചർച്ചചെയ്ത് സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്തുന്നതിന് വിദഗ്ദ്ധ സമിതികൾക്കു കഴിയും. ഈ പദ്ധതികൾ നടപ്പിലാക്കാൻ ബഹുജനങ്ങളിൽനിന്നും ഫണ്ടു സമാഹരിക്കാൻ കഴിയണം. ചില പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിൽ ഇപ്പോഴും മേൽക്കാണിച്ച പ്രകാരം നടക്കുന്നുണ്ട്. പ്രോജക്റ്റ് തയ്യാറാക്കുന്നതിനും മറ്റും വിദഗ്ദ്ധരായിട്ടുള്ളവർ ഇവിടെ ഉണ്ട്. ഇവരുടെ മഹനീയ സേവനം നാടിൻെറ വികസനത്തിന് മുതൽക്കൂട്ടാണ്.

ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ചിരിക്കുന്ന ഈ അവസരത്തിൽ സർക്കാർ നൽകുന്ന 40% പദ്ധതിവിഹിതം തന്നെ കഴിഞ്ഞ കാലങ്ങളിലെ സാമ്പത്തിക നിലയേക്കാൾ വലിയ നേട്ടങ്ങൾക്ക് കാരണമാണ്. ഒൻപതാം പദ്ധതിക്കുള്ള ആകെ തുക 14,800 കോടി രൂപയാണ്. ഇതിൻെറ 40% എന്നാൽ 5,920 കോടി രൂപയാണ്. ഇതിൻെറ പകുതി 2,960 കോടി രൂപ ഗ്രാമപ്പഞ്ചായത്തുകൾക്ക് കിട്ടാനിടയുണ്ട്. ചുരുങ്ങിയത് 25% ജനവിഹിതം ലഭിക്കാനിടയാകും എന്ന് പ്രതീക്ഷിക്കണം. എങ്കിൽ പ്രതിവർഷം പഞ്ചായത്തിന് ലഭിക്കാനിടയു

## റിസോഴ്സ് പേഴ്സൺസ്

| | | |
|---|---|---|
| 1 | ഡോ: മാത്യു കുര്യൻ | .................. KRP |
| 2 | എം.എം. അൻസാരി | .................. KRP |
| 3 | സി.റ്റി. ഇസ്മായേൽ | .................. DRP |
| 4 | ജോസ് ഡി. പുത്തൻപറമ്പിൽ | .................. DRP |
| 5 | സുഭാഷ് എം.സി. | .................. DRP |
| 6 | ശശി കോട്ടപ്പുറത്ത് | .................. DRP |
| 7 | വറുഗീസ് തട്ടാരുപറമ്പിൽ | .................. DRP |
| 8 | റ്റി.പി. ഗോപാലൻ | .................. DRP |
| 9 | സി.കെ. തോമസ് | .................. DRP |

## തയാറാക്കിയവർ

ജോസ് കാവാലിക്കര ◆ പൊന്നമ്മ വറുഗീസ്
◆ പി.ഡി. കുഞ്ഞുമോൻ ◆ വി.റ്റി. പൊന്നപ്പൻ
◆ ബേബി ശാമുവൽ ◆ ഏലിയാമ്മ കുഞ്ഞുമോൻ
സിബി ജോസഫ് ◆ മോൻസി ജോസഫ്
◆ സി.എൻ. രാജമ്മ ◆ തോമസ് മാത്യു ◆ ടോം ദാസ്
◆ ആലീസ് വറുഗീസ് ◆ കുഞ്ഞമ്മ മത്തായി ◆ തോമസ്കുട്ടി തെക്കേൽ
◆ തോമസ് വറുഗീസ് ◆ റ്റി.എസ്. ശേഖരൻനായർ ◆ രമേശ് പ്ലാക്കുഴി
◆ മണിയമ്മ ആലംപറമ്പ് ◆ ജോർജ് ഐസക് ◆ പി.എം. മാത്യു
◆ അന്നക്കുട്ടി ജോസഫ് ◆ റ്റി.എ. ഹുസൈൻ ◆ കെ.റ്റി. ഫിലിപ്പോസ്
◆ മണിയമ്മ ഓമണ്ണിൽ ◆ ബിജു കുമാർ ◆ കെ.സി. കുട്ടൻ
◆ പി.ജെ. പത്രോസ് ◆ അനിജ ബിനുകുമാർ ◆ പി.എ. ഷംസുദ്ദീൻ
◆ പി.കെ. ചന്ദ്രശേഖരൻ നായർ

# ആതിരപൂക്കുന്ന താളം

ഇവിടെ മനുഷ്യന്റെ
ചിന്തയിൽ പൂക്കുന്ന
താളം ജനകീയ താളം
ആസൂത്രണത്തിൻ
പടവുകളിൽ, താഴെ
നിന്നുയർന്നീടുന്ന താളം.
താളം ജനകീയ താളം
താളമാസൂത്രണതാളം.
പുത്തൻ യുഗത്തിൽ
പിറവിക്കു കാഹള-
നാദമുതിർക്കുന്നതാളം
സങ്ക്രമത്തിൻ പുതു
വെട്ടം തെളിക്കുന്നൊ-
രാതിര പൂക്കുന്ന താളം
താളം ജനകീയ താളം
താളമാസൂത്രണതാളം
പോയ യുഗങ്ങളി-
ലെന്നന്നോയെൻ പൂർവ്വിക-
രൊന്നിച്ചു പാടിയതാളം
ആൽമരത്തറയി-
ലിരുന്നുവർ കാര്യങ്ങൾ
തീർപ്പുകൽപ്പിച്ചൊരു താളം
താളം ജനകീയ താളം
താളമാസൂത്രണതാളം
ഗാന്ധിതൻ മാനസ
സങ്കൽപ്പ പുഷ്പമായ്
വിടരാൻ കൊതിച്ചൊരുതാളം
കൈരളീമുറ്റത്തൊ
രായിരം ശാഖയിൽ
പൂവിരിഞ്ഞീടുന്ന താളം
താളം ജനകീയ താളം
താളമാസൂത്രണതാളം
എല്ലാം സുതാര്യമായ്
നമ്മുടെ കൺമുൻപിൽ
വെട്ടിത്തിളങ്ങുന്നതാളം
കേരളത്തിൻ പുത്തൻ
പാതയിൽ സൗഹൃദം
തോളോടുതോൾ ചേരും താളം
താളം ജനകീയ താളം
താളമാസൂത്രണതാളം

(വെൺപാല)